A1413

വിശപ്പുകൾ

ദാഹങ്ങൾ

നരേന്ദ്രനാഥ്

SAHITYA PRAVARTHAKA C.S. LTD.
KOTTAYAM

കടപ്പാടുകൾ

A/413
THE MAL...
MADRAS
62, SRINIVA...

ശ്രീ

(Malayalam)
Kadappadukal
Novel
KONNIYOOR R. NARENDRANATH, B. Sc., B. L.
All India Radio, Madras
First Published November 1957
Reprinted May 1960
Printed at
INDIA PRESS, KOTTAYAM
Price Rs. 2.00
Copyright
Ganga N. Nath
Publishers:
Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State
Sales Department:
NATIONAL BOOKSTALL
Kottayam Kerala State India

A
1020

കടപ്പാടുകൾ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്
ബി. എസ്സ്‌സി., ബി. എൽ.

THE MALAYALEE CLUB, MADRAS-31. 62, SRINIVASANAGAR.

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം
നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം
വില ക. 2.00

NATIONAL BOOK STALL SPCS LTD. KOTTAYAM

കോന്നിയൂർ നരേന്ദ്രനാഥിന്റെ

കൃതികൾ

കൽപ്പാട്ടുകൾ	(നോവൽ)
നമ്മുടെ ഭരണഘടന	(പഠനം)
വിശ്വദർശനം	,,
ആത്മമിത്രം	(ചെറുകഥകൾ)
ചക്രവാളത്തിനപ്പുറം	,,
ചരിത്രം ആവർത്തിക്കുന്നു	(ഏകാങ്കം)
വിവാഹത്തിനുശേഷം	,,
മനുഷ്യരാശിക്കുവേണ്ടി	,,
തെററിദ്ധാരണ നീങ്ങുന്നു	,,
പുതിയ വിത്ത്	,,
അണുക്കൾ കുടുംബത്തിൽ	(തർജ്ജമ)

S1004 B704 134/59-60 2-3000

ഒന്നാംപതിപ്പിന്റെ

മുഖവുര

ഏതാണ്ടു രണ്ടുകൊല്ലത്തോളമായി ഈ കഥ എഴുതിക്കഴിഞ്ഞിട്ടു്. പുസ്തകരൂപത്തിൽ ഇപ്പോഴെ പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചുള്ളു. എനിക്കു വേണ്ടപ്പെട്ട ചിലർ അച്ചടിക്കുന്നതിനുമുമ്പു് വായിച്ചുനോക്കിയിട്ടുണ്ടു്. അവരുടെ അഭിപ്രായംകൂടി മാനിച്ചാണു് ഇതു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ ഞാൻ തയ്യാറായിട്ടുള്ളതു്. മലയാളമനോരമ ദിനപ്പത്രത്തിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ടു്. അതു വായിച്ച പലരും പുസ്തകമാക്കേണ്ടതാണെന്നു നിർബ്ബന്ധിക്കുകയുമുണ്ടായി.

ഇതിലെ കഥാപാത്രങ്ങൾ എന്റെ ഭാവനാസൃഷ്ടികളാണു്. എങ്കിലും അവരൊക്കെ ജീവിതത്തിൽനിന്നും ആണു് ഈ കടലാസിലേക്കു കടന്നുവന്നിട്ടുള്ളതു്. ഇവരെത്തന്നെ തുടർന്നുള്ള ഒരു കഥയിൽ കൊണ്ടുവരുന്നതിനും ആഗ്രഹമുണ്ടു്. ഇടത്തരക്കാരുടെ ജീവിതത്തിൽനിന്നു ചില ചിത്രങ്ങൾ വായനക്കാർക്കു നൽകുവാനാണു് എന്റെ ശ്രമം. അതു സഫലമായെങ്കിൽ ഞാൻ വിജയിച്ചു. വിധിപറയേണ്ടതു നിങ്ങളാണു്.

തിരുവനന്തപുരം
25–11–'57

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

[illegible] CLUB, MADRAS-31. 63, SRINIVASANAGAR.

THE MALAYALEE CLUB, MADRAS-31. SRINIVASANAGAR
A11020

ഒന്നു്

"കൊച്ചുരാമൻ പോയോ?" കൃഷ്ണപ്പണിക്കർ മുറുക്കാൻ ഇടിക്കുന്നതിനിടയിൽ അല്പം ഉറക്കെ വിളിച്ചുചോദിച്ചു. ആരും അതിനു മറുപടി പറഞ്ഞില്ല. പണിക്കർ ഇടികല്ലിൽ ഇരിക്കുന്ന വെററിലക്കൂട്ടു് ഒന്നുകൂടി യോജിപ്പിച്ചു വായിൽ ഇട്ടു ചവച്ചുതുടങ്ങി. മുറുക്കാന്റെ സുഖംപിടിച്ചു് അല്പനേരം അയാൾ പുരയിടത്തിന്റെ കിഴക്കേ അതിരിൽ നില്ക്കുന്ന കമുകിൻകൂട്ടത്തിലേക്കു നോക്കിയിരുന്നു. അതിന്റെയെല്ലാം മണ്ട വാടിത്തുടങ്ങിയിട്ടുണ്ടു്.

ഇത്തവണത്തെ വേനൽ കഠിനമായിരുന്നു. പണിക്കർ ചിന്താപരവശനായി. അണിയണിയായി നിരന്നുനില്ക്കുന്ന ആ വൃക്ഷങ്ങളിലോരോന്നും അയാളുടെ കരലാളനങ്ങളേററു വളർന്നവയാണു്. അവയിലോരോന്നിനും അയാളെ അറിയാം. ഒരുവേള അയാൾ വിളിച്ചാൽ അവ വിളികേൾക്കുകപോലും ചെയ്തെന്നുവരാം. പണിക്കർ തന്റെ ബാല്യമിത്രങ്ങളെയെല്ലാം തിണ്ണയിലിരുന്നുകൊണ്ടു വീണ്ടും നോക്കി. അനന്തരം അല്പം ആയാസത്തോടെ ഒന്നു നീട്ടിത്തുപ്പി. വീണ്ടും ശബ്ദമുയർത്തി ചോദിച്ചു:

"അവൻ പോയോ, ആ കൊച്ചുരാമൻ..." അതിനു മറുപടികിട്ടാൻ അയാൾ അല്പമൊന്നു കാത്തിരുന്നു. പിന്നെയും നിശ്ശബ്ദത. അവിടെ മററൊരു മനുഷ്യജീവിയുമില്ലേ?

പണിക്കർ പതുക്കെ എഴുന്നേററു. പണ്ടത്തെപ്പോലെ നടുവു നിവരുന്നില്ല. ഇരുന്നുകഴിഞ്ഞാൽ പിന്നെ എഴുന്നേല്ക്കുക ഒരു വിഷമംപിടിച്ച കാര്യമാണു്. ആശിക്കുന്നമാതിരി അവനവന്റെ അവയവങ്ങൾ അനുസരിക്കാതെ വരുമ്പോഴാണു് പ്രായത്തിന്റെ കാര്യം ഓർമ്മിക്കുക.

നട്ടുവ്വതാങ്ങി അല്പം മുമ്പോട്ടു കുനിഞ്ഞു് എഴുന്നേററുനിന്നുകൊണ്ടു് പണിക്കർ ഒന്നുകൂടി മുററത്തേക്കു നീട്ടിത്തുപ്പി. ആ തുപ്പിന്റെതന്നെ ശക്തി കുറഞ്ഞിരുന്നു. മുറുക്കിച്ചുവന്ന തുപ്പലിന്റെ ചില തുള്ളികൾ ഇറയത്തുതന്നെ വീണു. പതുക്കെ നടന്നുചെന്നു കാലുകൊണ്ടു് അയാൾ അതു ചവിട്ടിത്തുടച്ചു. അവിടെനിന്നുകൊണ്ടു് അയാൾ ചോദിച്ചു:

"ആരാ, കൊച്ചുരാമനോടാ...ഞ്ഞേ?"

കണ്ണിനു നല്ല കാഴ്ചയില്ല. മുററത്തുകൂടി ഒരു നിഴൽ കടന്നുപോയതുപോലെ പണിക്കർക്കു തോന്നി. അയാൾ ചോദിച്ചു:

"കൊച്ചുരാമനാണോന്നു്?" പണിക്കർക്കു കുറച്ചു ദേഷ്യം വന്നു. ചോദിച്ചാൽ ആരെങ്കിലും മറുപടിപറയേണ്ടേ? ഇല്ലെങ്കിൽ ആർക്കാണു കോപമുണ്ടാകാത്തതു്?

"കൊച്ചുരാമാ...എടാ..."

"ഇതു ഞാനാ..." മുററത്തുനിന്നു മറുപടി ഉയർന്നു.

"ഞാനെന്നു പറഞ്ഞാൽ?"

"ഞാൻതന്നെ."

"കൊച്ചുരാമനോ?"

"ഇവിടെ കൊച്ചുരാമനേ ഒള്ളോ?"

"തറുതല പറയാതെ ആരെന്നു പറയരുതോ?"

"അച്ഛനു കൊച്ചുരാമന്റെ കാര്യമേ ഒള്ളു."

"എടാ, ആരാന്നു ചോദിച്ചാ, ഞാനാ ഞാനാ എന്നു പറഞ്ഞാ അറീന്നതെങ്ങനാ? ആരെന്നു പറയരുതോ?"

"കണ്ണു പൊടിഞ്ഞുപോയോ?"

"ഛരീ,തെമ്മാടി. എന്തും പറയാമെന്നോ എന്നോടെ..." പണിക്കർക്കു ദേഷ്യം അടക്കാൻ വയ്യാതായി.

"വയസ്സായെങ്കിലും വകതിരിവു വേണം."

"അല്ല! ആരാടായെന്നെയിപ്പം വകതിരിവു പഠിപ്പിക്കാൻ...അല്ല! ആരാ?"

"ഞാൻതന്നെ. അല്ല! ഒരു നൂറുവട്ടം ഇതുവഴി ഞാൻ നടന്നു. എന്നിട്ടും ആരാ ആരാന്നൊരു ചോദ്യം. മനസ്സിക്കിടക്കുന്നതേ തോന്നു. ഹൊ! ഒരു കൊച്ചുരാമനുമുണ്ടു്..."

"മനസ്സിക്കെടക്കുന്നതിനെന്താ കുററം?"

"മററുള്ളവരാരും ഇവിട്ടത്തെ അല്ല! ഒരു കൊച്ചുരാമൻ മാത്രമുണ്ട്. കൊച്ചുരാമനെന്തൊന്നായിത്ര വിശേഷം?"

"അതു നിന്നോടെ ചോദിച്ചോ? അല്ല ചോദിച്ചോ?"

"വയസ്സായെന്നുവച്ച് എന്തുവാകാമെന്നോ?"

"നീയൊക്കെ ഇതിനനുഭവിക്കുമെടാ; അനുഭവിക്കും." കോപംകൊണ്ട് പണിക്കരുടെ ശരീരമാസകലം വിറച്ചു. വിയർത്തു.

"അനുഭവിച്ചോളാം. അന്നാരും സഹായത്തിനുവേണ്ടാ."

"എടാ മൂട്ടമറക്കരുത്. സഹായത്തിനു വേണ്ടാപോലും! നീയൊക്കെ മുച്ചൂട്ടും തിന്നുന്നതു മററാരും കണ്ടവയല്ല. നന്ദിയില്ലാത്ത വർഗ്ഗങ്ങൾ."

"ഈ വർഗ്ഗത്തിൽപ്പെട്ടതല്ലേ. നന്ദികാണുവേല്ല."

"എന്തെടാ എൻെറ വർഗ്ഗത്തിനൊരു കൊറവ്?... അല്ല എന്താ?"—പണിക്കരിൽ കോപം ആളിക്കത്തുകയാണ്. എന്തു ചെയ്യണമെന്ന് അയാൾക്ക് ഒരു ലക്കം കിട്ടിയില്ല. സംസാരം വളരെ ഉച്ചത്തിലായി.

"എന്തിനായിപ്പിള്ളേരെയിങ്ങനിതുന്നു ചീത്ത പറേന്നോ?" ബഹളം കേട്ടിട്ട് ഉമ്മിണിയമ്മ അകത്തുനിന്നു ചോദിച്ചു.

"അവളും വന്നു. സെററു തെകച്ചായി. എനി നിങ്ങടെ നാടാ." പണിക്കർ ചൊടിച്ചുകൊണ്ടു പറഞ്ഞു.

"അല്ല അമ്മേ, ഇതുവഴി ആരുപോയാലും കൊച്ചുരാമനാന്നോടാ കൊച്ചുരാമനാന്നോടാ എന്നൊരു ചോദ്യമേയുള്ളു. ഇവിടെ വേറെ ആരുമില്ലേ? അതു ചോദിച്ചതിനാ ഈ ബഹളമെല്ലാം."

"നീയാന്നെങ്കി നീയാന്നങ്ങു പറഞ്ഞാ പോരേ്യാ?" പണിക്കർ ഒന്നടങ്ങിക്കൊണ്ടു പറഞ്ഞു.

"ഞാനാന്നു പറഞ്ഞാ, ശബ്ദം കേട്ടാലറിഞ്ഞുകൂടെ?"

"തറുതല പറയാതെ; പേരൊന്നു പറഞ്ഞാ നീ നിക്കുന്നിടം താണുപോമോ?"

"നോക്കണം! ഇങ്ങനൊക്കെ പിള്ളേരടട്ടത്തു പറഞ്ഞാ അവരു കോപിക്കാതിരിക്കുമോ?" ഉമ്മിണിയമ്മ പറഞ്ഞു.

"അവനെന്റെ വഗ്ഗം മോശമായിപ്പോയെന്നാണോ അതിനു പറയേണ്ടത്?" പണിക്കക്കു വീണ്ടും കോപം വന്നു.

"വയസ്സായി. കോപിച്ചോണ്ടിരുന്നാ, ആരും നോക്കാൻ കാണുവേല്ല." ഉമ്മിണിയമ്മ പതുക്കെയാണതു പറഞ്ഞതു്.

"ഞാൻ വയസ്സായതാ കുററമെല്ലാക്കും. ലോകത്തിലാരും വയസ്സാകുവേല്യോ?"

"വയസ്സാകും, എന്നാലും—" ഉമ്മിണിയമ്മ അതു പൂർത്തിയാക്കിയില്ല.

"കൊച്ചുരാമൻ രാവിലെ പള്ളിക്കൂടത്തി പോകുവേല്ലെന്നും പറഞ്ഞു കരഞ്ഞു കരഞ്ഞോണ്ടിരിക്കുന്നതു കണ്ടു. അവൻ പോയോ പോയോന്നെത്രതവണ ഞാൻ ചോദിച്ചു. ഞേഹേ! ആ നിൽക്കുന്ന തൂണുപോലും ഒന്നു മിണ്ടണം."

"തൂണു മിണ്ടുമോ?"

"പോടാ! പോടാ അവിടന്നു്! ഛോ!" പണിക്കർ ശക്തിയെല്ലാമെടുത്തു് ഒരാട്ടുകൊടുത്തു. "തറുതല പറയാനെ അവൻ പഠിച്ചിട്ടൊള്ളു."

"കൃഷ്ണൻകുട്ടീ! നീ മിണ്ടാതിരി." ഉമ്മിണിയമ്മ മകനെ വിലക്കി.

"ദെവസോം ദെവസോം രൂപാ വേണമെന്നു പറഞ്ഞാ ഞാനെവിടുന്നുണ്ടാക്കും?" പണിക്കർ വായിൽ കിടന്ന മുറുക്കാൻ തുപ്പി. "ശകലം കാലിപ്പോല വായിലിട്ടിട്ടു് ദെവസമെത്രയായി. ആ കൊച്ചുരാമൻ..."

"കൊച്ചുരാമന്റെ കാര്യം മാത്രം മതി. ഞാൻ കടയടച്ചിട്ടിട്ടു് ദിവസമെത്രയായി." കൃഷ്ണൻകുട്ടി പറഞ്ഞു. "ഇനി അതൊന്നു തൊറക്കണമെങ്കിൽ ഒരു നൂറു രൂപായെങ്കിലും വേണം. ഞാൻ ആരോടു പറയാനാ...ഇവിടെല്ലാവക്കും ഒരു കൊച്ചുരാമന്റെ കാര്യമേയൊള്ളു. ഞാനെവിടെയെങ്കിലും പോയേക്കാം."

"നീയെവിടെങ്കിലും പോകണമെന്നാരെങ്കിലും പറഞ്ഞോടാ? എഴുതാപ്പുറം വായിക്കുന്നതെന്തിനാ?" ഉമ്മിണിയമ്മ മകനെ ആശ്വസിപ്പിക്കുകയാണു്.

"എഴുത്തു പഠിക്കാത്തവൻ എഴുതാപ്പുറമേ വായിക്കുവെടീ! അവനു് എന്റെ വഗ്ഗത്തെക്കുറിച്ചാ ആക്ഷേപം! വല്ല

വിധോം ആ കൊച്ചുരാമനെയെങ്കിലും രണ്ടു വാക്കു പഠിപ്പിക്കാമെന്നുവച്ചാൽ... അതൊന്നും പറഞ്ഞാലൊക്കുവേല്ല. വരാനൊള്ളതൊക്കെ വന്നുതന്നെ തീരണം... കൊച്ചുരാമനിന്നു പള്ളിക്കൂടത്തിപ്പോയോ?''

''പോയി! കരഞ്ഞോണ്ടാ പോയെ.''

പണിക്കർ ദീഘനിശ്വാസം വിട്ടു. ''ഇനി എത്ര നാളു് ഒണ്ടെന്നാരു കണ്ടു ഇതൊക്കെ അനുഭവിക്കാൻ!''

''ഈ വേണ്ടാതീനം പറയുന്നതെന്തിനാ!'' ഉമ്മിണിയമ്മയ്ക്കു് അതു തീരെ സഹിച്ചില്ല.

''പറയാതൊക്കുമോ? ജീവിക്കാനൊക്കെ അറിഞ്ഞുവരുമ്പോ പോകാറാകും. പിന്നെ ആരു വിചാരിച്ചാലും ഒക്കുകേല.''

''ഇപ്പോ ആരു പോകുന്ന കാര്യമായിപ്പറേന്നെ? പോകുമ്പോ പോകും. അതിങ്ങനെ പറഞ്ഞോണ്ടിരിക്കണോ?'' ഉമ്മിണിയമ്മ പ്രായോഗികജീവിതവിജ്ഞാനിയെപ്പോലെ സംസാരിച്ചു. എങ്കിലും അവരുടെ തൊണ്ട ഇടറുന്നുണ്ടായിരുന്നു. അവരുടെ ജീവിതസഖാവു മരണത്തെക്കുറിച്ചു പരാതിപറയുന്നതു കേൾക്കുക അവക്കു വിമ്മിഷ്ടമായി തോന്നി. ഇന്നു് അവരുടെ ആശകളും പ്രതീക്ഷകളും രണ്ടുപേരെക്കുറിച്ചുമാത്രമല്ല. അവരുടെ ജീവിതം കൂടുതൽ സങ്കീർണ്ണമായിത്തീന്നിരിക്കുകയാണു്. സന്താനങ്ങളുടെ ഭാവി, അതാണിപ്പോഴത്തെ ഏറ്റവും പ്രധാനമായ പ്രശ്നം. മുമ്പു് നിത്യജീവിതത്തെ നേരിടുന്നതിനു വേണ്ടിയുള്ളതായിരുന്നു അവരുടെ പ്രവൃത്തികളെല്ലാം.

അവിടെ ഒരു നിശ്ശബ്ദത വ്യാപിച്ചു. പരസ്പരം പരിഭവിച്ചു പറഞ്ഞതൊക്കെ അവർ വിസ്മരിച്ചു. അവർ ഓരോരുത്തരും സ്വന്തം ചിന്താമണ്ഡലത്തിൽ തനിച്ചു സഞ്ചരിക്കുകയാണു്.

''നാളെയെങ്കിലും കൊച്ചുരാമനു രൂപാ കൊടുക്കണം.'' ഉമ്മിണിയമ്മ അവരുടെ ചിന്തകളെ മണ്ണിലേക്കു തിരിച്ചു കൊണ്ടുവന്നു.

''നാളെ ആകട്ടെ,'' അടുത്തിരുന്ന ഇടികല്ലു തുടച്ചു വൃത്തിയാക്കിക്കൊണ്ടു പണിക്കർ പറഞ്ഞു.

ഇന്നത്തേതൊന്നും പ്രതീക്ഷയ്ക്കനുസരണമായി നടക്കാത്തവക്കൊക്കെ അതല്ലേ പറയാനൊള്ളൂ. നാളെയെന്നൊന്നില്ലായിരുന്നെങ്കിൽ...! ഇന്നത്തെ ദുഃഖങ്ങൾക്കു് അർത്ഥമില്ലാതാകുമായിരുന്നു.

"കട തുറന്നില്ലെങ്കിൽ..." കൃഷ്ണൻകുട്ടി അവന്റെ ആശയം വ്യക്തമാക്കുകയാണു്; "നാണക്കേടാ."

"ഉം!..." പണിക്കർ മുറുക്കാനിടിച്ചുകൊണ്ടു മൂളി.

"കിട്ടാനുള്ളതൊന്നും കിട്ടുകയുമില്ല," കൃഷ്ണൻകുട്ടി തുടർന്നു.

"നീയൊന്നു സൂക്ഷിച്ചിരുന്നെങ്കിൽ...ഇത്രയും വെഷമമൊണ്ടാകുമാരുന്നോ?" ഉമ്മിണിയമ്മ മകനോടു ചോദിച്ചു.

"കച്ചോടം ചെയ്യുമ്പോ കടം കൊടുക്കാതൊക്കുമോ?"

"കടം കൊടുത്തതല്ല. കണ്ടമാനം കാണിച്ചതാ കുററം," പണിക്കർ ഇടയ്ക്കുകയറി പറഞ്ഞു.

"എന്തോന്നു കണ്ടമാനം കാണിച്ചു?"

"ഒന്നുമില്ലേടാ?"

"ഒന്നു കേക്കട്ടെ!"

"അതൊന്നും പറയാതിരിക്കവാ നല്ലതു്! എന്തോന്നിനും വീട്ടുകാരെ ബുദ്ധിമുട്ടിക്കാനെ നെനക്കറിയാവൂ. സൊന്തമായി രണ്ടു കാശൊണ്ടാക്കാൻ പഠിക്കണം. അതുണ്ടാകുമ്പഴേ പണത്തിന്റെ വെല അറിയൂ."

ഇടിച്ചുകൂട്ടിയ മുറുക്കാൻ വായിലൊതുക്കിക്കൊണ്ടു പണിക്കർ മിണ്ടാതിരുന്നു.

"എന്നും അച്ഛനുമമ്മേം കാണുവേല്ല മോനേ!" ഉമ്മിണിയമ്മ ഗുണദോഷിച്ചുകൊണ്ടു പറയുകയാണു്.

"ഉള്ള മാനോം മര്യാദേം സൂക്ഷിച്ചില്ലെങ്കി നാട്ടുകാരാട്ടിത്തൊടങ്ങും."

"ഈ മാനോം മര്യാദേം ആരു കളഞ്ഞെന്നാ പറേന്നെ?" കൃഷ്ണൻകുട്ടിക്കു ദേഷ്യംവന്നു.

"അതൊക്കെ തെളിച്ചു പറേണോടാ?" ഉയർന്നുവന്ന കോപം പണിക്കർ അടക്കിക്കളഞ്ഞു.

"അതുമിതും മനസ്സിവെച്ചോണ്ടു മുക്കുവീർപ്പിക്കുന്തെന്തിനാ?" കൃഷ്ണൻകുട്ടി പതുക്കെയാണതു പറഞ്ഞതു്. അവരുടെ

ആരോപണങ്ങൾ തുറന്നു നിഷേധിക്കാനുള്ള കരുത്തു് അവനു ണ്ടായിരുന്നില്ല.

"അത്യാവശ്യങ്ങൾ പറേമ്പോ തക്കുത്തരംപോലെ മററു വല്ലതും പറഞ്ഞാമതിയല്ലൊ. ഞാനെൻെറപാട്ടിനു പോയേക്കാം," കൃഷ്ണൻകുട്ടി അവിടെനിന്നു തിരിഞ്ഞുനടന്നു. അവൻ മുററത്തുനിന്നു പടിയിറങ്ങുന്നതു നോക്കി പണിക്കരും ഉമ്മിണിയമ്മയും മിണ്ടാതിരുന്നു.

"അച്ഛൻെറ തനി പകർപ്പുതന്നെ മോൻ. "പണിക്കർ അല്പമൊന്നു മന്ദഹസിച്ചുകൊണ്ടു് ഉമ്മിണിയമ്മയെ നോക്കി. പക്ഷേ, അവരുടെ മുഖത്തു മ്ലാനത തുടിച്ചുകൂടി നിന്നിരുന്നു. നോട്ടം അനന്തതയിലേക്കു് ഉറപ്പിച്ചതുപോലെ നിർന്നിമേഷമായിരുന്നു. അവരുടെ മനസ്സിൽക്കൂടി എന്തൊക്കെ വിചാരങ്ങളാണു കടന്നുപോയതു്? അവർ ഒന്നും മിണ്ടാതെ ഇരിക്കുകയാണു്. ഘനഗംഭീരമായ നിശ്ശബ്ദത. അതു കൂടുതൽ വികാരോദ്യോതകമായിട്ടാണു പണിക്കർക്കു് അനുഭവപ്പെട്ടതു്. ഒന്നിച്ചു ജീവിതം ആരംഭിച്ചതുമുതൽ പണിക്കർ അവരെ പഠിക്കുകയാണു്. എന്തും സഹിക്കാനുള്ള ആ കരളിൻെറ കരുത്തു്. എന്തും ഉള്ളിലൊതുക്കി നിശ്ശബ്ദയായി നീങ്ങാനുള്ള തന്റേടം. കുലീനത്വത്തിൻെറ ലക്ഷണമായ ശാന്തത. എല്ലാം അവരിൽ ഒത്തിണങ്ങിയിട്ടുണ്ടു്.

സാധാരണ നാട്ടുനടപ്പിനു വ്യത്യസ്തമായി അവരുടെ വിവാഹം നടന്നതു വളരെ അമാന്തിച്ചാണു്. അയാൾ ആശിച്ചതിനോട്ടു് അന്നത്തെ കാരണവർ അനുകൂലിക്കാത്തതുകൊണ്ടു് ഒന്നും വേണ്ടെന്നു വച്ചതായിരുന്നു. എന്നാൽ കാലക്രമത്തിൽ പണിക്കർ വിവാഹത്തിനു വിധേയനായി. എന്തുകൊണ്ടാണു് അതു സംഭവിച്ചതെന്നു് ഇന്നും പണിക്കർക്കു നിശ്ചയമില്ല. "ഒക്കെ വിധിപോലെ വരും"—അതാണു് അയാളുടെ മറുപടി. ചെയ്തതു് അബദ്ധമായിപ്പോയെന്നു് അയാൾക്കു വിശ്വാസമില്ല. ഭാര്യയോടൊരു വെറുപ്പുമൊട്ടില്ലതാനും. അവളെ കാണുമ്പോഴൊക്കെ വളരെ മതിപ്പു തോന്നിപ്പോകും. അത്രയ്ക്കു സാമർത്ഥ്യത്തോടെയാണു് ഇതുവരെ ആ കുടുംബം അവർ ഭരിച്ചുവന്നതു്.

"നീയെന്താണൊന്നും മിണ്ടാത്തതു്?" മുമ്പിൽ നിശ്ശബ്ദ

യായിഇരിക്കുന്ന ഉമ്മിണിയമ്മയെ നോക്കിക്കൊണ്ടു പണിക്കർ പതുക്കെ ചോദിച്ചു. ശാന്തമായിട്ടാണ് അയാളുടെ സംസാരം. മുററത്തേയ്ക്കു നീട്ടിത്തുപ്പി. അടുത്തിരുന്ന ഇടികല്ല് തിണ്ണയുടെ ഒരു കോണിലേക്കു നീക്കിവച്ചു. മൂലയിൽ ചാരിവച്ചിരുന്ന വടി കൈയിലെടുത്ത് അർത്ഥമില്ലാതെ തുടച്ചുതുടങ്ങി.

സമയം കുറച്ചു കഴിഞ്ഞു. അയാളുടെ വാക്കുകൾക്കു ഉത്തരമൊന്നും കിട്ടാത്തതുകൊണ്ട് ഉമ്മിണിയമ്മയിരുന്നിടത്തേയ്ക്കു തിരിഞ്ഞുനോക്കി. അവര് അവിടെ ഉണ്ടായിരുന്നില്ല. അയാളറിയാതെ അവിടെനിന്നെഴുന്നേററു പോയിക്കഴിഞ്ഞു.

പണിക്കർക്ക് അതൊരു ഞെട്ടലുണ്ടാക്കി. അയാൾ അതൊട്ടും പ്രതീക്ഷിച്ചതല്ല. അങ്ങേ അററം അസഹനീയമായ സന്ദർഭങ്ങളിൽ മാത്രമേ ഉമ്മിണിയമ്മ അങ്ങിനെ ചെയ്തിട്ടുള്ളു.

അയാളുടെ ഹൃദയത്തിൽ തീക്ഷ്ണമായ ചിന്തകൾ കിടന്നു പുകയുകയാണ്. എന്തെന്നില്ലാത്ത ഒരസ്വാസ്ഥത. അയാളെ എല്ലാവരും വെറുത്തുതുടങ്ങിയോ? വൃദ്ധനായാൽപ്പിന്നെ ഇതായിരിക്കും എല്ലാവരുടേയും അനുഭവം! അല്പകാലം മുമ്പുവരെ അയാളുടെ വാക്കുകൾ അവിടെല്ലാവർക്കും ഉത്തരവുകളായിരുന്നു. ഇന്ന് അതിൻെറ പിറകിലുള്ള ആജ്ഞാശക്തി എങ്ങനെ നഷ്ടപ്പെട്ടു? പണിക്കർക്ക് ഉത്തരമൊന്നും കിട്ടിയില്ല.

നീലാകാശത്തുകൂടി പതുക്കെ നീങ്ങുന്ന വെൺമുകിലുകൾ നോക്കി അയാൾ ആ വീടിൻെറ കോലായിൽ ഇരുന്നു. ദീർഘമായ ഒരു നിശ്വാസം അയാളിൽനിന്നുയന്നു. അതിൽ എന്തൊക്കെയോ വല്ലായ്മയുടെ അംശങ്ങൾ ലയിച്ചിരുന്നു.

കയ്യിലെടുത്തു കാര്യമില്ലാതെ താലോലിച്ചുകൊണ്ടിരുന്ന വടി ഊന്നി അയാൾ എഴുന്നേററുനിന്നു. നടുവിന് വല്ലാത്ത ഒരു വേദന. കാലുകൾ മരവിച്ചുപോയി. ഒന്നു നടക്കാൻ എത്ര പാട്! എങ്കിലും അയാൾ വടി ഊന്നി താങ്ങി ഇറയത്തുനിന്ന് മുററത്തിറങ്ങി ഉദ്ദേശമില്ലാതെ പടിനോക്കി നടന്നു.

രണ്ട്

വീട്ടിൽനിന്നു് പിണങ്ങിയിറങ്ങിയ കൃഷ്ണൻകുട്ടിക്കു് എന്തുചെയ്യണമെന്നു് ഒരു രൂപവും ഇല്ലായിരുന്നു. മുൻപും ഇങ്ങനെ എത്ര പ്രാവശ്യം ഇറങ്ങിത്തിരിച്ചിട്ടുണ്ടു്! അയാളുടെ കാര്യത്തിൽ അതൊരു സാധാരണ സംഭവമെന്നപോലെ ആയിത്തീർന്നിരിക്കുകയാണു്.

നേരം ഏതാണ്ടു് മദ്ധ്യാഹ്നത്തോടടുത്തിരുന്നു. നല്ല വെയിൽ. മഴയില്ലാതായിട്ടു് മാസമൊന്നോളമായി. എവിടെയും ജലക്ഷാമത്തിന്റെ ലക്ഷണങ്ങൾ പ്രകടമാണു്. മരുതും മരോട്ടിയും തേന്മാവുമെല്ലാം ഇലപൊഴിച്ചു നില്ക്കുകയാണു്.

കാററുകൊണ്ടു് മരക്കൊമ്പുകൾ ഉരഞ്ഞു് കൂടെക്കൂടെ ശബ്ദങ്ങൾ പൊങ്ങുന്നുണ്ടു്.

കൃഷ്ണൻകുട്ടി വടക്കെ ഏലായിലെ പാടത്തിന്റെ വരമ്പിൽക്കൂടി നടന്നു. കൊയ്ത്തുകഴിഞ്ഞ പാടത്തിൽ അങ്ങിങ്ങു് പശുക്കൾ മേയുന്നുണ്ടു്. കരയ്ക്കുള്ള മരച്ചുവടുകളിൽ കന്നുകാലിപ്പിള്ളേർ കിളിത്തട്ടുകളിക്കുന്നു. തെക്കേക്കര നിന്നു വടക്കോട്ടു പാടം കടന്നാൽ അവിടൊരു വലിയ മാവുണ്ടു്. മാമ്പഴക്കാലം. പിള്ളേർ അതിന്റെ ചുവട്ടിൽ മാമ്പഴംപെറുക്കാൻ കൂട്ടംകൂടിയിരിക്കുന്നു. കൃഷ്ണൻകുട്ടി അതിന്റെ ചുവട്ടിലെത്തി. അവിടെ അവരുടെ വിനോദങ്ങൾ കണ്ടുകൊണ്ടു് അല്പനേരം നിന്നു.

ആകാശം മുട്ടുന്ന മാവിന്റെ ശിഖരങ്ങളിൽ മാങ്ങാകൾ തൂങ്ങിക്കിടക്കുന്നു. കുലകളിൽ മുന്തിരിപോലെ നിറച്ചുപിടിച്ചിട്ടുണ്ടു്. നെയ്മാങ്ങാകൾ. ആ മാവു് അറിയാത്തവരാരുമില്ല. അടയ്ക്കാപോലെ ചെറുതാണിതിന്റെ മാമ്പഴം. എങ്കിലും അതു തേൻപഴമാണു്. ഒരിക്കൽ തിന്നാൽപ്പിന്നെ മറക്കാനൊക്കുകയില്ല. അക്കാരണത്താലാണു് നെയ്മാവു് എന്നു് അതിനു് നാട്ടുകാർ നാമകരണം ചെയ്തിരിക്കുന്നതു്.

അന്നുച്ചയ്ക്കു് അവിടെ നിന്നപ്പോൾ കഴിഞ്ഞകാലങ്ങളൊക്കെ കൃഷ്ണൻകുട്ടി ഓർമ്മിച്ചുപോയി. പാടത്തുനിന്നു് അവിടേക്കു വീശിയ കാറ്റേറ്റു് അയാളുടെ ശരീരം ഒന്നു തണുത്തു്

ആകപ്പാടെ രോമാഞ്ചമണിഞ്ഞു. സർവ്വവും മറന്നു് അയാൾ മാവിന്റെ തണലിൽ തകടിപ്പുറത്തു് ഇരിപ്പായി.

ആ മാഞ്ചുവട്ടിൽ ഒരു ബാലകേളി അരങ്ങേറുകയാണു്. ഒരു കൂട്ടർ കടലിനക്കരെനിന്നു് കാററിനെ വിളിച്ചുവരുത്തുവാൻ നീട്ടിപ്പാടുകയാണു്:

“കാറേറവാ—കടലേവാ...

കാററിൻപുറത്തെ...കൂനോവാ...” ഒരാൾ പാടിക്കൊടുത്തു; മറ്റുള്ളവർ ഒന്നിച്ചു് അതു് ഏററുപാടി. ആ കുട്ടി കാറ്റിനെ കെഞ്ചിവിളിക്കുകയാണു്. നെയ്മാവിന്റെ മണ്ടയിലെ കുലകൾ കുലുക്കി അവർക്കൊരു മാങ്ങാ കൊടുക്കാൻ! അതിന്നിടയിൽ ഒളിഞ്ഞുനിന്നു കല്ലെറിഞ്ഞു മററുള്ളവരെ കളിപ്പിക്കുന്ന പണിയും നടക്കുന്നുണ്ടു്. മാവിനു ചമ്മന്തികൊടുക്കാനാണു് പെൺകുട്ടികളുടെ ശ്രമമെല്ലാം. ചമ്മന്തി കൊടുത്താൽ മാവു് മാങ്ങാ കൊടുക്കുമെന്നാണു് അവരുടെ വിശ്വാസം. കുരുമുളകിന്റെ ഇല ഇറുത്തു് അതിൽ കല്ലുപൊട്ടിച്ചു് പൊതിഞ്ഞു് നീറിനെ പിടിച്ചുവച്ചു് ഇറച്ചിയാക്കി മാന്തടിയിൽ ഇടിച്ചുചേർത്താണു് അവർ മാവിനു ചമ്മന്തികൊടുക്കുന്നതു്. അതു കൊടുത്താലുടനെ നെയ്മാവു് മാങ്ങാ പൊഴിക്കുമെന്നുള്ളതിൽ അവക്കു് ഒരു സംശയവുമില്ല.

കൃഷ്ണൻകുട്ടി ഈ വിനോദങ്ങളെല്ലാം നോക്കിക്കൊണ്ടു പുൽമെത്തയിലിരിക്കുകയാണു്. അയാളുടെ ചിന്ത കാടുകയറാൻ തുടങ്ങി. കൊച്ചുപുരയ്ക്കലെ ലക്ഷ്മിയെ അയാൾ ഇങ്ങനെ ഈ മാവിൻചുവട്ടിൽവച്ചു് എത്രതവണ കല്ലെറിഞ്ഞു കളിപ്പിച്ചിട്ടുണ്ടു്! അവൾക്കു മാങ്ങാ സമ്പാദിച്ചുകൊടുക്കുവാൻ മററുള്ളവരുമായി എത്ര വഴക്കുണ്ടാക്കിയിട്ടുണ്ടു്!

അയാൾ ഓർമ്മിക്കുകയാണു്...

സമയം സായാഹ്നമാണു്. വളരെയേറെ കുട്ടികൾ ആ മാവിന്റെ ചുവട്ടിലുണ്ടു്. അവരൊക്കെ മത്സരിച്ചു മാമ്പഴം പെറുക്കാൻ ഒരുങ്ങിനില്ക്കുന്നു. കൃഷ്ണൻകുട്ടിയും കീവറീതും കൂടി വീഴുന്ന മാമ്പഴമെല്ലാം പെറുക്കിയെടുത്തു കൂട്ടിവച്ചു. മറ്റുള്ളവർക്കാർക്കുംതന്നെ അന്നു് അത്രയധികം മാമ്പഴം കിട്ടിയിട്ടില്ല. അവർ അവരുടെ വീതം പകുത്തുവച്ചു് അഹങ്കരിച്ചു് അവിടെ

നില്ക്കുകയാണ്. പലരും അതുവന്നു കൂടെക്കൂടെ അതിശയത്തോടെ നോക്കുന്നുമുണ്ട്.

മാമ്പഴമെല്ലാം മാവിൻെറ ചുവട്ടിൽ തടിയോട്ടുചേന്ന് ഉയന്നുനില്ക്കുന്ന വേരോട്ടു ചേത്ത് ഒതുക്കിവച്ചിട്ട് അവർ അവിടൊക്കെ നടന്നു.

ലക്ഷ്മി അവിടെ കൂട്ടിയിരുന്ന മാമ്പഴം കണ്ടു. ആരുടേതെന്നൊന്നും നോക്കാതെ അവൾ അതിൻെറ അട്ടക്കലെത്തി അവിടെ ഇരുന്നു. കൂട്ടത്തിൽനിന്ന് ഒന്നെടുത്ത് ഒരു കൂസലുമില്ലാതെ തീറ്റിതുടങ്ങി. ആദ്യം ആരും അതു കണ്ടില്ല. ഒന്നു കഴിഞ്ഞു. മറ്റൊന്നായി. കുറച്ചുകഴിഞ്ഞപ്പോൾ ഈ മോഷണം കീവറീതിൻെറ കണ്ണിൽപ്പെട്ടു. അവൻ അവിടെനിന്നുകൊണ്ട് വിളിച്ചുപറഞ്ഞു:

"കൃഷ്ണൻകുട്ടീ! നിൻെറ മാങ്ങായെല്ലാം തീന്നു. വല്ലതും മിച്ചംവേണേങ്കി ഓടിവായോ..." കൃഷ്ണൻകുട്ടി ഓടിയെത്തി. ഒരു കൂസലുമില്ലാതെ ലക്ഷ്മി ഇരുന്നു മാമ്പഴം തിന്നുകയാണ്. അവന് അതു കണ്ടപ്പോൾ ദേഷ്യംകൊണ്ട് വിറയൽവന്നു. അവൻ അലറി: "എടീ പെണ്ണേ! ആരു പറഞ്ഞു എൻ്റെ മാങ്ങായെടുക്കാൻ?"

ലക്ഷ്മി മിണ്ടിയില്ല. മാമ്പഴക്കളി കയ്യിൽക്കൂടി ഒലിക്കുന്നതു് നക്കിത്തുടച്ചുകൊണ്ട് അവൾ അവിടെ എഴുന്നേററു നിന്നു.

"പെണ്ണേ, എൻ്റെ മാങ്ങായെടുക്കാനാരു പറഞ്ഞെന്നു്?" കൃഷ്ണൻകുട്ടി കയ്യ് ഓങ്ങിക്കൊണ്ടു ചോദിച്ചു.

"ഉം! അടിച്ചും!" അവൾ തലകുലുക്കിക്കൊണ്ട് കൃഷ്ണൻകുട്ടിയെ നോക്കി. വീണ്ടും മാമ്പഴം തിന്നുന്നതിലായി അവളുടെ ശ്രദ്ധ.

"എന്തിനായെൻെറ മാങ്ങായെടുത്തെ?"

കൃഷ്ണൻകുട്ടി ഏതാണ്ടു തണുത്തുകഴിഞ്ഞതിനാൽ ലക്ഷ്മി പതുക്കെ ഒന്നും കൂട്ടാക്കാത്തതുപോലെ പറഞ്ഞു.

"തിന്നാൻ—" അവൾ കയ്യ്നക്കിത്തുടച്ചുകൊണ്ടിരുന്നു.

"ഞാൻ പെറുക്കിയതു നിനക്കു തിന്നാനാണോ?"

"ആ!" അവൾ ഒന്നും കൂട്ടാക്കിയില്ല.

"പെണ്ണിൻെറ ആത്തി കണ്ടില്ലേ്യാ?"

"ഇനി ഒരെണ്ണമെട്ടത്തേക്കരുതു് കേട്ടോ?"—കീവറീതു് ഇടങ്ങുകയറി ശാസിച്ചു.

"ഉം." ലക്ഷ്മി തലകുലുക്കി. കൃഷ്ണൻകുട്ടിയും കീവറീതും മിച്ചമുണ്ടായിരുന്ന മാമ്പഴം എണ്ണി തിട്ടപ്പെട്ടത്തി"പതിമൂന്നെണ്ണമൊണ്ടു്, കേട്ടോ?" കൃഷ്ണൻകുട്ടി പറഞ്ഞു. "നീയിവിടിരുന്നോ കാത്തോണ്ടു്. പോകുമ്പോ രണ്ടു മാങ്ങാ തരാം, കേട്ടോ?"

"ഉം." ലക്ഷ്മി തലകുലുക്കി ഒന്നു ചിരിച്ചു. അങ്ങനെ കൃഷ്ണൻകുട്ടിയും കീവറീതും കള്ളിയെത്തന്നെ കാവലാക്കിയിട്ടു മാങ്ങാപെറുക്കാൻ ഓടി.

ലക്ഷ്മി അവിടെ മാമ്പഴക്കൂമ്പാരത്തിൻെറ അട്ടത്തിരുപ്പായി. മാമ്പഴം ഓരോന്നായെട്ടത്തു് സുഖമായി അവൾ പിന്നെയും തിന്നുതുടങ്ങി. അല്പംകഴിഞ്ഞു് ഒരു പരിശോധനയ്ക്കായി കൃഷ്ണൻകുട്ടി അവിടെ എത്തി. അവനു് കലികേറി. ലക്ഷ്മി മാമ്പഴം മുച്ചൂട്ടം തിന്നുകയാണു്.

"നീ പിന്നേം തിന്നുവാന്നോ?" അവൻ കോപിച്ചുകൊണ്ടു ചോദിച്ചു. ലക്ഷ്മി മിണ്ടിയില്ല. അവൻ തുടന്നു: "തീററിപ്പണ്ടം."

"എന്നെ ചീത്ത പറഞ്ഞാലൊണ്ടല്ലോ!"

"പിന്നെന്തിനാ എൻെറ മാമ്പഴമിങ്ങനെ തിന്നുന്നെ?"

"മനസ്സൊണ്ടായിട്ടു്!"

"പോ പെണ്ണേ!" അവൻ കയ്യു് ഓങ്ങിക്കൊണ്ടു് പറഞ്ഞു.

"ഉം, അടിച്ചും!"

"ഹൊ! അടിച്ചാൽ...?"

"അപ്പൊക്കാണാം..." അവൾ കൈ നക്കി.

"ങാഹാ!"

"ങൂഹ്!"

"എന്നാ പിടിച്ചോ!"—ഠേ! അവൻ ഒരടികൊട്ടത്തു ലക്ഷ്മിയുടെ തുടയിൽ... ഒരു നിലവിളി... അവിട്ടണ്ടായിരുന്ന കുട്ടികളെല്ലാം അവരുടെ ചുററും കൂടി.

ലക്ഷ്മി നിലവിളിക്കുകയാണു്...

കൃഷ്ണൻകുട്ടി ഇതികർത്തവ്യതാമൂഢനായി അവിടെ നില്ക്കുകയാണു്. അവൻെറ ജീവിതത്തിലാദ്യമായിട്ടാണു് ഇങ്ങനെ

യൊരു വിഷമസന്ധിയിൽ അവൻ അകപ്പെട്ടിട്ടുള്ളതു്. ലക്ഷ്മിയുടെ നിലവിളി നിലയ്ക്കുന്നതിനുപകരം അതു കൂടിക്കൂടിവന്നു. അവളുടെ ചുററും മററുള്ള കുട്ടികൾ കൂടുന്തോറും അവളുടെ കരച്ചിലിൻെറ ശക്തി വദ്ധിച്ചു.

'അതൊന്നു നിന്നിരുന്നെങ്കിൽ...' എന്നു് കൃഷ്ണൻകുട്ടി പ്രാത്ഥിച്ചു. ഇതിനുമുമ്പും അവൻ കൂട്ടുകാരെ അടിച്ചിട്ടുണ്ടു്. അവനും അടി ഏററിട്ടുണ്ടു്. അന്നൊന്നും ഇങ്ങനെ ഒരു വിഷമാവസ്ഥ അവനുണ്ടായിട്ടില്ല. ഇതിൽനിന്നു രക്ഷപെട്ടുവാൻ ഒരു മാഗ്ഗവും കാണുന്നുമില്ല.

''പെണ്ണേ, ആ മാമ്പഴമൊക്കെ എടുത്തോ!''—അവൻ നിസ്സഹായനായി ഒടുവിൽ പറഞ്ഞു.

''എന്നേയടിച്ചേ...ച്ചേ...യേ...'' ലക്ഷ്മി ഏങ്ങിയേങ്ങിക്കരഞ്ഞതേയുള്ളു.

''എല്ലാമെടുത്തോ പെണ്ണേ, നിന്നു മോങ്ങാതെ!''—കൃഷ്ണൻകുട്ടി ധൈയ്യം അവലംബിച്ചുകൊണ്ടു പറഞ്ഞു. അവന്റെ സമാധാനക്കുറവു് മറയ്ക്കുവാൻവേണ്ടിയാണു് അത്രയും ഒരുവിധത്തിൽ പുറത്തുവിട്ടതു്.

''എനിക്കു വേണ്ടാ...എന്നെ അടിച്ചേ...യേ!''— അവൾ കരഞ്ഞുകൊണ്ടിരുന്നു.

അവിടെക്കൂടിയ കുട്ടികളൊക്കെ അതിനെക്കുറിച്ചു് ഓരോന്നു പറയാൻതുടങ്ങി.

''എന്താ അവിടെ...ങ്ങേ?''—അകലെ ഒരു ചോദ്യം കേട്ടു് അവരെല്ലാം അങ്ങോട്ടുനോക്കി. കൃഷ്ണപ്പണിക്കർ അവരുടെ നേക്കു തിരിഞ്ഞു് പാടത്തിൻെറ വരമ്പിൽ നില്ക്കുന്നു. കൃഷ്ണൻകുട്ടിയുടെ ഉള്ളിൽക്കൂടി ഒരു മിന്നൽ കടന്നുപോയി.

''എന്തെടാ അവിടെ? ആരാ കരേന്നെ?'' കുട്ടികളാരും ഒന്നും മിണ്ടിയില്ല. ലക്ഷ്മിയുടെ കരച്ചിൽ ഇരട്ടിയായി.

ആരും ഒന്നും പറയാൻ കൂട്ടാക്കാത്തതുകൊണ്ടു് പണിക്കർ അവരുടെ അടുക്കലേക്കു വന്നു.

''എന്തിനാ ലക്ഷ്മി കരേന്നെ? ങ്ങേ? തലയിൽ കല്ലോ വല്ലതും ആരേലും വലിച്ചെറിഞ്ഞോ?''

''ഇല്ല.'' അവിടെ നിന്നിരുന്ന കുട്ടികളിൽ ആരോ പറഞ്ഞു.

"പിന്നെ?"

ആരും മിണ്ടിയില്ല. കൃഷ്ണൻകുട്ടിയുടെ മുഖത്ത് രക്തമേയ മില്ല. എന്താണ് അടുത്തനിമിഷം സംഭവിക്കാൻ പോകുന്ന തെന്ന് അവനറിയാം. അച്ഛൻ അറിയാതെയാണ് അവൻ മാഞ്ചുവട്ടിൽ എത്തിയത്. വെളിയിലെങ്ങും ഇറങ്ങരുതെ ന്നായിരുന്നു അച്ഛൻെറ ആജ്ഞ.

"നീ കരയാതെ കാര്യം പറ." കണ്ണുതിരുമ്മിക്കരയുന്ന ലക്ഷ്മിയുടെ കൈയ്യു പിടിച്ചുകൊണ്ട് കൃഷ്ണപ്പണിക്കർ ചോദിച്ചു:

"അടിച്ചു—" ലക്ഷ്മി വിങ്ങിക്കരഞ്ഞു.

"ആര്?"

"കൃഷ്ണൻകുട്ടി."

"മാമ്പഴമെടുത്തേനാ..." കൃഷ്ണൻകുട്ടി ഇടയ്ക്കുകയറി പറഞ്ഞു.

"നീയാണോ അവളെ അടിച്ചെ?"

കൃഷ്ണൻകുട്ടി മിണ്ടിയില്ല. മററുള്ളവർ അവൻതന്നെയാണ് അടിച്ചതെന്നു പറഞ്ഞു. പണിക്കർ അവൻെറ കയ്യിൽ കടന്നു പിടിച്ചു. ലക്ഷ്മിയുടെ കരച്ചിൽ അടങ്ങി.

"എന്തിനാടാ അവളെ അടിച്ചത്?"

"എൻെറ മാമ്പഴമത്രയുമെടുത്തു തിന്നതെന്തിനാ?"

"എടാ, നിന്നോടു ഞാൻ പറഞ്ഞിട്ടില്ലെ മാഞ്ചുവട്ടിൽ പോകരുതെന്ന്? ഇല്ല്യോടാ?" കൃഷ്ണൻകുട്ടിയുടെ കൈയ്യു പിടിച്ചു വലിച്ചിഴച്ച് അടിക്കാനുള്ള കമ്പു തിരക്കിക്കൊണ്ട് പണിക്കർ പറഞ്ഞു: "പുസ്തകമെടുത്തുവച്ചു പഠിക്കണമെന്നു ഞാമ്പറഞ്ഞിട്ടു നീ...ഞാനൊന്നുറങ്ങിയ തരംനോക്കി...ഇങ്ങുപോന്നു...ഇവിടെ വന്ന്..." കൃഷ്ണൻകുട്ടിയെ വടി ഓങ്ങിക്കൊണ്ട്—"ഇവിടെ വന്ന് കുട്ടികളുമായി തമ്മിത്തല്ല്, അല്ല്യോ?"

"അയ്യോ! അച്ഛാ! അടിക്കല്ലേ! അടിക്കല്ലേച്ഛാ!" കൃഷ്ണൻകുട്ടി നിലവിളിച്ചുകൊണ്ടു യാചിച്ചു. എങ്കിലും അതിനിടയിൽ അവൻെറ തുടയിൽ നാലഞ്ചു പൊലിച്ചു.

"പോടാ...വീട്ടിപ്പോ!" തുടന്നു രണ്ടടിയും. "പോടാ, ഉം...പൊക്കോ..." അടി കൊണ്ടുകൊണ്ട് കൃഷ്ണൻകുട്ടി ഓടി.

അവൻെറ വെപ്രാളംപിടിച്ച ഓട്ടം കണ്ടപ്പോൾ അവിടെ ഉണ്ടായിരുന്ന കുട്ടികളെല്ലാം ചിരിച്ചു. അവക്ക വളരെ നേരമ്പോക്കതോന്നി.

"ലക്ഷ്മീ! ആ മാമ്പഴമൊക്കെ എടുത്തോ, എന്നിട്ട് വീട്ടിപൊയ്ക്കോ. ഞേ?" കൃഷ്ണപ്പണിക്കർ പറഞ്ഞതുപോലെ അവിടെ കിടന്നിരുന്ന മാമ്പഴമെല്ലാം എടുത്തുകൊണ്ട് അവൾ യാത്രയായി...

പൂർവ്വകാലസംഭവങ്ങൾ ഇങ്ങനെ സ്മരണയിലൂടെ കടന്നുപോകുന്നതിനിടയിൽ, കൃഷ്ണൻകുട്ടി ഇരിക്കുന്നതിനു് അടുത്തു് ഒരു മാമ്പഴം വീണു. അതു് എടുക്കാൻ കുട്ടികൾ ഓടിയെത്തിയ ബഹളം കേട്ടാണു് അവൻ സ്മരണയിൽനിന്നുണർന്നതു്. പാടത്തുനിന്നു വീശിയ തണുത്ത കാററു് അയാളെ ഒരു പുതിയ ലോകത്തിലേക്കുയർത്തി.

മനുഷ്യൻ ജനിക്കുകയും വളരുകയും മരിക്കുകയും ചെയ്യും. എങ്കിലും എന്നും ഈ ബാല്യവും അതിന്റെ നേരമ്പോക്കുകളും ഇങ്ങനെ അവിച്ഛിന്നമായി തുടൻുകൊണ്ടിരിക്കും. തലമുറകളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യതിയാനങ്ങളൊന്നും അതിനെ തുടച്ചു മാററുകയില്ല. വേഷക്കാർ മാറുമെങ്കിലും കളി അരങ്ങത്തു് അനശ്വരമായി തുടരുകയാണു്. ജീവിതം അങ്ങനെ ശാശ്വതീകരിക്കപ്പെടുകയല്ലേ?

ലക്ഷ്മിയെക്കുറിച്ചു് എത്രയെത്ര കഥകൾ കൃഷ്ണൻകുട്ടിയുടെ സ്മര്ണയിൽ തങ്ങി നില്ക്കുന്നുണ്ടു്. അയാളുടെ ജീവിതത്തിൽ ഏതെല്ലാം തരത്തിൽ എത്രയെത്ര ആളുകൾ കടന്നുവന്നിട്ടുണ്ടു്. എങ്കിലും ലക്ഷ്മിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇന്നും അയാൾക്കൊരു നൂതനാനുഭവം ഉണ്ടാകാറുണ്ടു്. അവൾ ഉൾപ്പെട്ട രംഗങ്ങളൊന്നും മങ്ങിയിട്ടില്ല; മാഞ്ഞിട്ടുമില്ല. അന്നു് ആ മാമ്പഴക്കേസ്സിൽ കൊണ്ട അടിയുടെ തഴമ്പു് ഇന്നും അയാളുടെ തുടയിൽ അവശേഷിക്കുകയാണു്. അയാൾ അറിയാതെ തുടയിൽ സ്പർശിച്ചുപോയി. ഒരു പുഞ്ചിരി അയാളുടെ മുഖത്തു പരന്നു മറഞ്ഞു.

അന്നു് അവനു കിട്ടിയ ശിക്ഷയുടെ പ്രത്യാഘാതങ്ങളെന്തൊക്കെയായിരുന്നു! അടികൊണ്ടു വീട്ടിലെത്തിയശേഷം

അവിടെയുണ്ടായ ഭൂകമ്പങ്ങളും അവൻ ഓർമ്മിച്ചു. കൃഷ്ണൻകുട്ടി വീണ്ടും സ്മരണകളിലേക്കു വഴുതി വീഴുകയാണ്...

അച്ഛന്റെ അടിയും കൊണ്ടുകൊണ്ട് അമ്മയുടെ മുമ്പിലെത്തിയപ്പോൾ അവൻ പൊട്ടിക്കരഞ്ഞുപോയി.

കൃഷ്ണൻകുട്ടിയുടെ അടക്കാൻമേലാത്ത കരച്ചിൽ കണ്ടപ്പോൾ ഉമ്മിണിയമ്മയുടെ ഹൃദയം നൊന്തു. ഒന്നൊന്നായി അവർ കാര്യം ചോദിച്ചുമനസ്സിലാക്കി. കരഞ്ഞും ഇടറിയും, തേങ്ങിയും ഒരുവിധത്തിൽ അവൻ സംഭവങ്ങൾ വിവരിച്ചു.

കൃഷ്ണൻകുട്ടിയുടെ തുടയിൽ അടിയേററ പാട്ട് തഴമ്പിച്ചിട്ടുണ്ട്. കരുനീലച്ചേമ്പിന്റെ തണ്ടുപോലെ ഉരുണ്ടുപൊങ്ങിയ പാടുകൾ ആ വെളുത്ത തുടയിൽ കണ്ടപ്പോൾ ആ മാതൃഹൃദയം വേദനിച്ചു. ഉമ്മിണിയമ്മയുടെ കണ്ണുകൾ നിറഞ്ഞു.

''ആരു ചെയ്യും ഈ കട്ടംകൈ?'' അവർ വേദനിച്ചു. ''മറ്റുള്ളോരെ കാണുമ്പോ കലികയറുമെങ്കിലും ഇങ്ങനെ ചതച്ചുകൊല്ലണമെന്നുണ്ടോ?'' മകനെ മുററത്തുനിറുത്തിയിട്ട് അവർ അകത്തേക്കു പോയി.

കരഞ്ഞു ക്ഷീണിച്ച കൃഷ്ണൻകുട്ടിയുടെ കണ്ണുകൾ തുടുത്തു വീർത്തിരുന്നു. ഒഴുകിയിറങ്ങിയ കണ്ണുനീർ ഉണങ്ങിയ പാടുകൾ നെഞ്ചിൽ കാണാൻ വിഷമമില്ല. കരച്ചിൽ മാറിയെങ്കിലും വിങ്ങലും വിമ്മിഷ്ടവും നിലച്ചുകഴിഞ്ഞിട്ടില്ല.

കയ്യിൽ എണ്ണക്കിണ്ണവുമായിട്ടാണു മുറ്റത്തേക്ക് ഉമ്മിണിയമ്മ വന്നത്, ''എനീം ആ പെണ്ണുള്ളടത്ത് നീ കളിക്കാൻ പോയേക്കരുത്'' എന്നു ശാസിച്ചുകൊണ്ട്. മറ്റാരോടോ ഉള്ള വൈരാഗ്യം തീർക്കാനെന്ന മട്ടിലാണ് അവരതു പറഞ്ഞത്. മകന്റെ തുടയിൽ അവർ എണ്ണ പുരട്ടിത്തുടങ്ങി. ''അവളവിടെങ്ങാനും വന്നാ ഒടനെ അവിടന്നു പൊയ്ക്കോണ്ണം!''

''ഉം.'' കൃഷ്ണൻകുട്ടി സമ്മതം മൂളി. ''അവളെന്റെ മാങ്ങായെല്ലാം തിന്നുകാണുമിപ്പോ.'' അവനു വീണ്ടും കരച്ചിൽ വന്നു.

''കരയാതിരി മോനേ!'' ഉമ്മിണിയമ്മ അടികൊണ്ട പാടുകൾ തടവിക്കൊണ്ടു പറഞ്ഞു.

''ആ പിള്ളേരൊക്കെ അച്ഛനെന്നെ അടിച്ചപ്പം നോക്കിച്ചിരിച്ചമ്മേ!'' കൃഷ്ണൻകുട്ടിയുടെ സങ്കടം അതോർമ്മിച്ചു

പ്പോൾ അടങ്ങാതായി. അവരുടെയൊക്കെ മുമ്പിൽ അവൻ ഇനി അന്തസ്സായി തലയുയർത്തി എങ്ങനെ നടക്കും? മാമ്പഴത്തിൻെറ കാര്യം ഓർമ്മിച്ചപ്പോൾ അവന്റെ വായിൽ വെള്ളം ഊറി. അതൊന്നും തിന്നാൻ ഇടയായില്ലല്ലോ. എല്ലാം ആ നന്ദികെട്ട പെണ്ണിൻെറ കയ്യിലും! എന്നെങ്കിലും അതിനു പകരം ചോദിക്കണമെന്നു് അവൻ ഉറച്ചു.

വെളിച്ചെണ്ണ പുരട്ടിക്കൊണ്ടിരുന്ന ഉമ്മിണിയമ്മ പിന്നൊന്നും മിണ്ടിയില്ല. മനസ്സിൽ എന്തോ കിടന്നു തിളയ്ക്കുന്നുണ്ടെന്നു് അവരുടെ മുഖം വിളിച്ചുപറഞ്ഞു. അധികമൊന്നും പുറത്തുപറയാത്തതാണു് അവരുടെ സ്വഭാവം. മകൻെറ കയ്യിലും മുഖത്തുമെല്ലാം എണ്ണ പുരട്ടിക്കഴിയാറായപ്പോൾ ഒരു കാലൊച്ച കേട്ടു് അമ്മയും മകനും തിരിഞ്ഞുനോക്കി. കൃഷ്ണപ്പണിക്കർ മുറ്റത്തു നില്ക്കുന്നു.

''പഠിക്കാൻ പറഞ്ഞാൽ പഠിക്കയില്ല. പിള്ളാരുമായി തമ്മിൽത്തല്ലാൻ പൊയ്ക്കൊള്ളും.'' പണിക്കർ ശാസനാരൂപത്തിൽ പറഞ്ഞു.

''മറ്റുള്ളോരെ കണ്ണിൽ കാണുന്നതു വിഷമമാണെങ്കി തല്ലിക്കൊന്നേക്കരുതോ? എന്തിനിങ്ങനെ ചതച്ചുവിടുന്നു?'' ഉമ്മിണിയമ്മ അടക്കാൻവയ്യാത്ത രോഷം പുറത്തുകാണിച്ചു.

''നീയും അവൻെറ പക്ഷത്തു നിന്നോ? പിന്നെ ചുമ്മാതാണോ മോൻ നന്നാകുന്നെ?'' പുച്ഛവും കോപവും കലന്ന സ്വരത്തിൽ കൃഷ്ണപ്പണിക്കർ പറഞ്ഞു.

''മോൻ ചത്താലും മററുള്ളവർ നന്നായാ മതിയല്ലോ?'' ഉമ്മിണിയമ്മയും അടങ്ങിയില്ല. ''വെറുപ്പുള്ളോരെ കണ്ടാൽ അറപ്പുവരും!...ഞാനൊന്നും പറയുന്നില്ല.''

''നിനക്കതൊക്കെ തോന്നുമെടീ.''

''തോന്നുന്നതു കുററമാണോ?'' അവരുടെ കണ്ണു നിറഞ്ഞു. ''അവടെ പെണ്ണായിട്ടല്ല്യോ!...എടുത്തു തലേവെച്ചോണ്ണും.''

ഇടിവെട്ടേററതുപോലെ പണിക്കർ സ്തംഭിച്ചുപോയി. അയാളുടെ മുഖത്തു രക്തമില്ലാതായി. ശരീരം തളന്നു. ആകപ്പാടെ വല്ലാത്ത ക്ഷീണം. നിന്നനിലയിൽ ഉമ്മിണിയമ്മയെ

അയാൾ തുറിച്ചുനോക്കി. എന്തു പറയാനാണെന്നറിയാതെ അയാൾ കിടന്നു തപ്പുകയാണ്.

"എന്താ വെറുങ്ങലിക്കുന്നെ? മറ്റാക്കും ഇതൊന്നും കണ്ടാ മനസ്സിലാകുവേല്ലെന്നു വിചാരിച്ചോ?" ഉമ്മിണിയമ്മയുടെ കണ്ണും ഇടറി. "കഴിഞ്ഞതൊക്കെക്കഴിഞ്ഞു. കൊച്ചുങ്ങളും മൂന്നുണ്ട്. എന്നാലെങ്കിലും പഴയതൊക്കെ വിട്ടുമെന്നു കരുതിയാ....അങ്ങനൊക്കെ കരുതുന്നതാ തെററ്." ഉള്ളുനൊന്താണ് അവർ അതു പറഞ്ഞുനിറുത്തിയതു്.

അകത്തു് അവരുടെ ആറുമാസം പ്രായമായ കുഞ്ഞ് ഉണർന്നു കരഞ്ഞു. "ഇത്ര ശത്രുതയുണ്ടായിരുന്നെങ്കി ഇതിനൊന്നും തുനിയെണ്ടാരുന്നു. അതാരുന്നു ഭംഗി." അവർ വെട്ടിത്തിരിഞ്ഞു് വീട്ടിനകത്തേക്കു പോയി, അകത്തു കരഞ്ഞ കുഞ്ഞിനെ എടുക്കാനെന്ന മട്ടിൽ...!

കൃഷ്ണപ്പണിക്കർ നിശ്ചലനായി നിന്നു. ഒന്നും ഉരിയാടാൻ അയാളുടെ നാക്കു പൊങ്ങിയില്ല. അവിടെ നടന്നതൊക്കെ കണ്ടും കേട്ടും നിന്നിരുന്ന കൃഷ്ണൻകുട്ടി, അമ്മ രംഗത്തുനിന്നു നിഷ്ക്രമിച്ചപ്പോൾ കിണററിൻകരയിലേക്കു നടന്നു. കോപിച്ചു നില്ക്കുന്ന അച്ഛന്റെ സന്നിധിയിൽ നില്ക്കുന്നതു്—അതും തനിച്ചുനില്ക്കുന്നതു്—അപകടമാണെന്നവനറിയാം.

പണിക്കർ നിന്നനില്പിൽ ഒന്നു ദീർഘമായി നിശ്വസിച്ചു. മരവിച്ചുപോയ ചേതന വീണ്ടെടുത്തുകൊണ്ടു് അയാൾ വീട്ടിന്റെ കോലായിലേക്കു കയറി. കഴുത്തിൽ ചുററി ഇട്ടിരുന്ന രണ്ടാംമുണ്ടു് അഴിച്ചു് തലയിൽ ഇട്ടു. അനന്തരം ഇറയത്തു് അങ്ങോട്ടും ഇങ്ങോട്ടും നടക്കാൻ തുടങ്ങി. ചൂടുപിടിച്ച മനസ്സിൽക്കൂടി കടന്നുപോകുന്ന ചിന്തകളെ എണ്ണിത്തിട്ടപ്പെടുത്തുകയാണയാൾ എന്നു തോന്നും ആ നടത്ത കണ്ടാൽ. അന്തമില്ലാത്ത അപരാധബോധംകൊണ്ടു വിമ്മിഷ്ടപ്പെടുന്ന മനസ്സും അസഹനീയമായ ആയിരം നൊമ്പരം ഏററ ഹൃദയവും അയാളെ അലട്ടുകയാണ്.

എത്ര നിസ്സാരമായ ഒരു കൃത്യമാണ് ഇന്നു് ഒരു കൊട്ടും പ്രശ്നമായി പരിണമിച്ചിരിക്കുന്നതു്!—അയാളുടെ ദാമ്പത്യജീവിതമാകെ ഉലച്ചു മറിക്കുവാൻ ഇടയുള്ള ഒരു കൃത്യമായി രൂപാന്തരപ്പെട്ടിരിക്കുന്നതു്!

എല്ലാം ഒരു പുതിയ അത്ഥത്തിൽ അയാൾ കാണുകയാണ്. ലക്ഷ്മി ആരുടെ കുട്ടി? അവളെ ആശ്വസിപ്പിക്കാനായിട്ടാണെങ്കിലും മകനെ ശാസിച്ചതു് അനുചിതമായിപ്പോയോ?

ലക്ഷ്മി ആരാണ്?...

ചക്രവാളത്തിനപ്പുറത്തുനിന്നു് ആരോ അയാളുടെനേക്ക് അടുത്തടുത്തു വരുന്നമാതിരി ഭൂതകാലസംഭവങ്ങൾ അയാളുടെ മുമ്പിലേക്കു നടന്നടുക്കുകയാണ്. ആ നാട്ടിലെല്ലാവക്കും അറിവുള്ള സംഭവങ്ങൾ.

ദേവകിയുടെ കുട്ടിയാണു ലക്ഷ്മി.

ഈ ദേവകി ആരു്?

അയാളുടെ ജീവിതവുമായി ഏററവും അധികം കെട്ടിപ്പിണഞ്ഞുകിടക്കുന്ന സ്ത്രീ അല്ലേ ദേവകി?

നാട്ടുകാർ പറഞ്ഞുപരത്തിയിട്ടുള്ള സംഗതികൾ കോത്തിണക്കിക്കൊണ്ടു കൃഷ്ണൻകുട്ടി ഇരുന്നു. പലപ്പോഴും ജീവിതം ഇങ്ങനെതന്നെ. അപ്രതീക്ഷിതമായി അടി ഏല്ക്കുമ്പോൾ മറന്നതു പലതും ഓമ്മിച്ചുപോകും.

ദേവകിയെ വിവാഹംചെയ്യാനായി പണിക്കർ സകലതും ഒരുക്കിയതല്ലേ? അവളെ വിട്ടു മററൊരുവളെ സ്മരിക്കുക കൂടിയില്ലെന്നു് അവളുടെ മുമ്പിൽവെച്ച് അന്നു് ആണയിട്ടതല്ലേ? അന്നു പടിഞ്ഞാറെ പുതിയകാവിൽ ഭഗവതിക്ഷേത്രത്തിലെ അണയാറായ ദീപംനോക്കി അഗ്നിസാക്ഷിയായി പ്രതിജ്ഞചെയ്തതല്ലേ?

അതെ.

എന്നിട്ടു്?...

എന്നിട്ടു് അതൊക്കെ തുടച്ചുമാററിയിട്ടു് മറെറാരദ്ധ്യായം തുടങ്ങിയതോ? കൃഷ്ണൻകുട്ടിയുടെ ഭാവനയിൽ ആ രംഗം തെളിഞ്ഞു.

പണിക്കർ അടുത്തിരുന്ന തട്ടം നീക്കിവച്ചു മുറുക്കി. അയാളറിയാതെയാണു് അതു ചെയ്തതു്; ഒരു സ്വപ്നാടനത്തിലെന്നപോലെ.

അയാൾ കിഴക്കെ പറമ്പിലേക്കു തുറിച്ചുനോക്കിക്കൊണ്ടിരിക്കുകയാണ്. അത്ഥമില്ലാത്ത നോട്ടം! അയാളുടെ കൺമുമ്പിൽ അവിടെ നില്ക്കുന്ന ഇലഞ്ഞിമരവും മററും തെളിഞ്ഞു.

കണ്ടു. അവയൊക്കെ അയാളുടെ അന്നത്തെ കർമ്മങ്ങൾക്കു സാക്ഷികളാണ്. ജീവിതത്തിനുതന്നെ പുതിയ അർത്ഥവും ആശയവും ഒക്കെ ഉണ്ടായതു് ആ മരച്ചുവട്ടിൽവച്ചല്ലേ? അവർ—പണിക്കരും ദേവകിയും—ഒന്നുചേർന്ന് ഒരായിരം രഹസ്യങ്ങൾ പരസ്പരം പകർന്നിട്ടുള്ളതു് ആ തരുക്കളെ തലോടിവരാറുള്ള മന്ദമാരുതനേററുകൊണ്ടല്ലേ?

അയാളുടെ ശരീരമാസകലം കോൾമയിർക്കൊണ്ടു.

"അമ്മാവന്റെ അറിവൊന്നുമില്ലാതെയാണു ദേവകി, ഞാനിതൊക്കെ നിന്നോടു പറയുന്നതു്." അതുവരെ അയാളെ ചാരിയിരുന്ന ദേവകി പിടഞ്ഞുമാറി.

"എന്നെ വഞ്ചിക്കരുതു്." അവൾ ഭയന്നുകൊണ്ടു പറഞ്ഞു.

പണിക്കർ മന്ദമായി പരിഹാസരൂപത്തിൽ ചിരിച്ചുകൊണ്ടു പറഞ്ഞു: "വഞ്ചിച്ചാലോ?"

"അതായിരിക്കും ഉദ്ദേശം." ദേവകി വളരെ ഗൗരവത്തോടുകൂടിയാണു സംസാരിച്ചതു്.

"ഇങ്ങോട്ടടുത്തിരിക്കു്, ഞാൻ പറയട്ടെ."

അവൾ അടുത്തിരുന്നില്ല.

അയാൾ അവളുടെ അടുത്തേക്കു നീങ്ങിയിരുന്നു.

"ഒന്നും വിചാരിക്കരുതു ദേവകി. എല്ലാം നേരെവരും."

അവൾ അതു വിശ്വസിച്ചില്ല.

"ഉം." ഒരു ദീർഘനിശ്വാസം മാത്രമായിരുന്നു അതിനുള്ള ഉത്തരം.

"ജീവിതത്തിൽ സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യും. മറെറാന്നും നോക്കിയല്ല ഇതു രണ്ടും നടക്കുന്നതു്." അയാൾ തുടർന്നു പറയുകയാണു്: "ആയിരുന്നെങ്കിൽ നാം തമ്മിലിങ്ങനെ ഒന്നിക്കുവാൻ എങ്ങനെ ഇടയാകുമായിരുന്നു?"

"അതുതന്നെയാണെന്റെ ഭയവും. അമ്മാവൻ ഇതിനനുവദിക്കുമെന്നു വിചാരിക്കുന്നോ?"

"ഇല്ല."

"പിന്നെ?" പ്രപഞ്ചത്തെ ഞെട്ടിക്കുന്ന ഒരു ചോദ്യമായിരുന്നു അതു്.

"പിന്നെ?" അവൾ അതു് ആവർത്തിച്ചു. അയാൾ മൂകനായി ആലോചനയിൽ മുഴുകി.

ദേവകി വിങ്ങിവിങ്ങിക്കരയുന്ന ശബ്ദമാണു് അയാളെ ചിന്തയിൽനിന്നു ഉണർത്തിയതു്.

"കരയാതിരിക്കു. എല്ലാം നേരെയാകും." അവളുടെ പുറം തലോടിക്കൊണ്ടു പണിക്കർ ആശ്വസിപ്പിക്കുകയാണു്. വിറയ്ക്കുന്ന അയാളുടെ കൈകൾക്കു് പിടയുന്ന ആ ഹൃദയത്തെ എങ്ങനെ സമാശ്വസിപ്പിക്കാൻ കഴിയും?

മങ്ങിയ നിലാവെളിച്ചത്തിൽ അവളുടെ മുഖത്തു രണ്ടു വെള്ളിച്ചാലുകൾ അയാൾക്കു കാണാൻകഴിഞ്ഞു. പണിക്കരും വല്ലാതെ വിവശനായിപ്പോയി. അവളുടെ കൈപ്പടങ്ങൾ തണുത്തിരുന്നു; നിർജ്ജീവങ്ങളെന്നപോലെ. അയാൾക്കു വല്ലാത്ത ഒരു ഭയം. ഒരു അപരിചിതയെ സ്പർശിച്ചാലെന്നപോലെ അയാൾ വിറയ്ക്കുകയാണു്. ഒന്നും പറയാനുള്ള ശക്തിയില്ല.

അന്നു് അവർ പിരിഞ്ഞുപോകുമ്പോൾ അവൾ അയാളെ നോക്കിയില്ല; യാത്ര ചോദിച്ചതുമില്ല.

കരഞ്ഞുകൊണ്ടു് അവൾ പോയി.

അയാൾ അതു നോക്കി എത്രനേരം ഇരുന്നിരിക്കും?

ആ അദ്ധ്യായം അങ്ങനെ അവസാനിച്ചു...

പണിക്കർ തട്ടത്തിൽനിന്നു വെററില കൈയിലെടുത്തു് നെടുതായി ഒന്നു നിശ്വസിച്ചു. കഴിഞ്ഞകാലത്തെ രംഗങ്ങൾ കൃഷ്ണൻകുട്ടി ഭാവനയിൽ സൃഷ്ടിക്കുകയായിരുന്നു.

അന്നു പിരിഞ്ഞ ആത്മാക്കൾ അവരവരുടെ മാത്രമായ ജീവിതം ആരംഭിച്ചു. അവർ അന്യരായി.

ആർക്കും അകററാൻ കഴിയാത്തതെന്നു് അന്നു കരുതിയിരുന്ന പണിക്കരുടെ സ്നേഹബന്ധം അങ്ങനെ തകർന്നുപോയി.

ആരാണു കുററക്കാർ? അതിനൊരു വിധിയെഴുതിയിട്ടിനിയെന്തു ഫലം? കുററക്കാരെ കണ്ടുപിടിച്ചതുകൊണ്ടു് കഴിഞ്ഞതൊക്കെ തിരുത്തപ്പെട്ടുമോ? അവർ അന്നത്തെപ്പോലെ ഇന്നും അയൽക്കാരാണു്. അവരവരുടെ ജീവിതം നയിക്കുന്ന രണ്ടു് അപരിചിതരായ അയൽക്കാർ.

പണിക്കർ മുറുക്കി നീട്ടിയൊന്നു തുപ്പി. അയാളുടെ

മുമ്പിൽ മുററത്തു കൃഷ്ണൻകുട്ടി കളിച്ചകളി ഓർമ്മിച്ചു. തുമ്പിയെ പിടിച്ചു്, അതിൻെറമേൽ നൂലുകെട്ടി, അതിനെ പറപ്പിക്കു ന്ന കളി! എന്തൊരു വിനോദം! ഇതിനുമുമ്പു് അവനതു ചെ യ്യാൻ തുനിയുമ്പോഴൊക്കെ പണിക്കർ തടഞ്ഞിട്ടുണ്ടു്. ഇന്നു് അയാളും അതു നോക്കിനില്ക്കുകയാണു്; തടയണമെന്നുള്ള തോന്നലില്ലാതെ. ഒരുപക്ഷേ, ഇങ്ങനെതന്നെയല്ലേ ജീവിതം വിധിയുടെ വിനോദമായിത്തീരുന്നതു്? ആരുടേയോ അദൃശ്യ മായ വിനോദങ്ങളായിരിക്കാം ഇവിടത്തെ ഈ വേദനക ളൊക്കെ!

പണിക്കർ കോലായിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തി ക്കൊണ്ടിരുന്നു. സ്വപ്നലോകത്തിൽനിന്നു് അയാൾ ഭൂമിയിൽ ഇപ്പോൾ ഉറച്ചുനില്ക്കുകയാണു്. അയാളുടെ കഴിഞ്ഞകാല ത്തെ കഥകളൊക്കെ ഉമ്മിണിയമ്മയ്ക്കും അറിയാം. അയാൾ ഒന്നും മറച്ചുവച്ചിട്ടുമില്ല. അതിനു ശ്രമിച്ചിട്ടുമില്ല. ഇന്നു് അ തൊരു പുതിയ സരണിയിലേക്കു പ്രവേശിച്ചിരിക്കുകയാണു്. അയാൾ അതിനെക്കുറിച്ചായിരിക്കും ചിന്തിക്കുന്നതു്.

ലക്ഷ്മിയെ ഉപദ്രവിച്ചതിനു കൃഷ്ണൻകുട്ടിയെ ശിക്ഷിച്ചതു തെററായിപ്പോയോ? ഒരിക്കലുമില്ല. ഒരുപക്ഷേ, അതൊരു തെററുതന്നെയാകട്ടെ. എന്നാൽ അതിനു് അപ്രതീക്ഷിതമായ വ്യാഖ്യാനമുണ്ടാകുമെന്നു് അയാൾ കണ്ടതല്ല. അയാളുടെ ബു ദ്ധിയിൽ അങ്ങനെയൊരു ചിന്ത കടന്നുവന്നതേയല്ല. ഭാര്യ അങ്ങനെ വ്യാഖ്യാനിച്ചപ്പോൾ അടിയേററവനെപ്പോലെ അ നങ്ങാതായിപ്പോയതു് അതുകൊണ്ടുതന്നെ. അയാളുടെ ഭൂതകാ ലജീവിതവും ഈ നിസ്സാരസംഭവവും തമ്മിൽ ബന്ധിച്ചുവ്യാ ഖ്യാനിച്ചാൽ അതിൽ തെററില്ല. സാമാന്യബുദ്ധിയുള്ള ഏ തൊരാളിനും അതിൽ അസാമാന്യമായി ഒന്നും തോന്നുകയി ല്ല. അയാളുടെ ഭാര്യയും അതുതന്നെയാണു ചെയ്തിരിക്കുന്നതു്. കുററം കെട്ടപാട്ടം അയാൾക്കു കുട്ടംബത്തോടല്ല, കഴിഞ്ഞുപോ യ കാമിനിയോടാണു് എന്നല്ലേ ഉമ്മിണി പറഞ്ഞതിൻെറ ആന്തരാർത്ഥം?

ഇങ്ങനെ മുമ്പോട്ടുപോയാൽ അയാളുടെ ജീവിതം—സ ർവ്വവും ഭദ്രമെന്നു കരുതിയിരുന്ന ജീവിതം—തകർന്നു തരിപ്പണ മാകുകയില്ലേ? കഴിഞ്ഞുപോയ മധുരസ്മരണകളെപ്പോലെ?

കൃഷ്ണൻകുട്ടിയും കൊച്ചുകല്യാണിയും സന്ധ്യക്കു രാമനാമം ചൊല്ലാൻ നിലവിളക്കിനടുത്തു നിരന്നിരുന്നു. എന്നും സന്ധ്യക്കു് അമ്മയുമൊത്താണു് അവരവിടെ കൂടാറുള്ളതു്. ഇന്നു് അവിടെ ഉമ്മിണിയമ്മയില്ല.

പണിക്കർ അസ്വാസ്ഥനായി മുറ്റത്തിറങ്ങി ഉലാത്തി.

കൊച്ചുകല്യാണിയും കൃഷ്ണൻകുട്ടിയും കുറച്ചുനേരം നാമം ചൊല്ലി. വിളക്കിനടുത്തു പറന്നുകൂടുന്ന പ്രാണികളെ കൃഷ്ണൻകുട്ടി പിടിച്ചു പരിശോധിക്കുകയാണു്. കൊച്ചുകല്യാണി അപ്പോഴപ്പോൾ അതു വിളിച്ചുപറഞ്ഞു. അമ്മയും അച്ഛനും മറ്റും അവരുടെ വിക്രിയകളെ ശ്രദ്ധിക്കുന്നില്ലെന്നായപ്പോൾ ആ നേരമ്പോക്കിൽ അവക്കു് രണ്ടുപേക്കും ശ്രുദ്ധാന്തി വർദ്ധിച്ചു.

അല്പനേരം അങ്ങനെ കഴിഞ്ഞു. അവർ രണ്ടു പേരും അത്താഴം കഴിക്കാൻ അകത്തു് അടുക്കളയിൽ അമ്മയുടെ അടുത്തേക്കു പോയി.

പണിക്കർ അന്നു് അത്താഴം കഴിച്ചില്ല. ആരും അയാളെ അതിനായി ക്ഷണിച്ചുമില്ല...

ഏതാണ്ടു പതിനഞ്ചു സംവത്സരങ്ങൾക്കുമുമ്പുണ്ടായ ആ സംഭവങ്ങളുടെ അനന്തരഗതികളൊന്നും കൃഷ്ണൻകുട്ടിയുടെ സ്മരണമണ്ഡലത്തിൽ ഇന്നു തെളിയുന്നില്ല. ആ കോളിളക്കങ്ങളൊന്നും അവൻെറ മാതാപിതാക്കന്മാരുടെ ദാമ്പത്യത്തെ തകിടംമറിച്ചു തകത്തില്ലെന്നുമാത്രം അവനോർമ്മയുണ്ടു്.

അതിനുശേഷം കാലം എത്ര കഴിഞ്ഞു! ലോകം എത്ര മാറി! രംഗത്തുണ്ടായിരുന്നവക്കൊക്കെ എന്തു പരിവർത്തനം വന്നു!

ഇന്നു ലക്ഷ്മി ഒരു യുവതിയാണു്. ആരേയും ആകർഷിക്കത്തക്ക രൂപലാവണ്യം ഒത്തിണങ്ങിയ ഒരു കന്യക. അവൾ ഇന്നു പട്ടണത്തിൽനിന്നു മടങ്ങിയെത്തുമെന്നു കൃഷ്ണൻകുട്ടിക്കറിയാം. കഴിഞ്ഞപ്രാവശ്യം പിരിഞ്ഞതിൽപ്പിന്നെ അവൾ വളരെ മാറിക്കാണും. ആക്കും വന്നുചേരാവുന്ന മനോഗതിയുടെ മാററം അവളിൽ കടന്നുകൂടുകയില്ലെന്നു് ആരറിഞ്ഞു?

ക്രിസ്തുമസ്സ് അവധികഴിഞ്ഞു തിരിച്ചു പോകുന്നതിനുമുമ്പാണു് അവർ തമ്മിൽ അവസാനമായി കണ്ടതു്. ആ അവധിക്കാലത്തു് അനുദിനമെന്നോണം അവർ തമ്മിൽ കാണാറു

ണ്ടായിരുന്നു. പണിക്കർ അതൊക്കെ പലപ്പോഴും അറിഞ്ഞിട്ടുണ്ട്. അന്നൊക്കെ വിലക്കിയിട്ടുമുണ്ട്. എന്നാൽ അതിൽനിന്നൊഴിഞ്ഞുമാറാൻ കൃഷ്ണൻകുട്ടിക്കു കരുത്തുണ്ടായിട്ടില്ല. അന്യരുടെ വിപരീതമനോഭാവം ആണ് അവരുടെ പരസ്പരബന്ധത്തിന് ഇത്ര ബലം ഉണ്ടാക്കിയതു്. പ്രതിബന്ധങ്ങൾ വളരുമ്പോൾ സ്നേഹബന്ധം മുറുകുന്നതും സാധാരണമാണല്ലോ.

കാളേജ് അവധികഴിഞ്ഞു. അട്ടത്ത ദിവസം ലക്ഷ്മി പട്ടണത്തിലേക്കുപോകും. തലേന്നുരാത്രിയിൽ അവർ തമ്മിലൊന്നിച്ചുകൂടി. ആരുമാരുമറിയാതെ അദ്ധരാത്രിയോട്ടുകൂടിയാണു് ആ സന്ദർശനം നടന്നതു്.

അസ്തമിക്കാറായ ചന്ദ്രന്റെ അതിലോലമായ വെളിച്ചത്തിൽ രണ്ടാത്മാക്കൾ ഇലഞ്ഞിമരച്ചുവട്ടിലിരുന്നു കോൾമയിർക്കൊള്ളുകയാണു്.

"ഇനി എന്നു കാണും?" തന്റെ നെഞ്ചിലേക്കുചാരിയിരിക്കുന്ന ലക്ഷ്മിയുടെ തലയിൽ തലോടിക്കൊണ്ടു് കൃഷ്ണൻകുട്ടി നെടുവീർപ്പിട്ടു.

"ഇതു ചോദിക്കാൻ ഈ അദ്ധരാത്രിയിൽ...ഈ കുററിരുട്ടത്തു്..." ലക്ഷ്മി മധുരമായി മന്ദഹസിച്ചുകൊണ്ടു നിവർന്നിരുന്നു.

"ഈ കെടാവിളക്കുള്ളപ്പോൾ അന്ധകാരമുണ്ടോ?"

"അമ്മ അറിഞ്ഞാൽ..." ലക്ഷ്മി ഭയപ്പെട്ടതാനെന്നപോലെ പറഞ്ഞു.

"അവരാരും അറിയുന്നില്ലെന്നായിരിക്കും വിചാരം!"

"അറിയാമോ?"

"തീച്ചയായിട്ടും. അച്ഛൻ എന്നെ ആയിരംവട്ടം വിലക്കിയിട്ടുണ്ടു്."

"ഉണ്ടോ?"

"ഉണ്ടു്." കൃഷ്ണൻകുട്ടി മൂകനായി.

ഒന്നുരണ്ടു നിമിഷങ്ങൾ കഴിഞ്ഞു.

"എന്താ ഒന്നും മിണ്ടാത്തതു?" ലക്ഷ്മി അയാളെ കുലുക്കിക്കൊണ്ടു ചോദിച്ചു.

"ഒന്നുമില്ല. ആരു വിലക്കിയാലും ലക്ഷ്മി വിലക്കാതിരുന്നാൽ ഈ ആനന്ദം തുടൎന്നു നിൽക്കും."

അവർ എഴുന്നേററു.

"എന്തിനിങ്ങനെ ഭയപ്പെടുത്തുന്നു?" ലക്ഷ്മി കലമ്പി.

"എന്തോ? എനിക്കു മററാരെയും ഭയമില്ല; ലക്ഷ്മിയെ ഒഴിച്ച്..." കൈയിൽ ഇരുന്നിരുന്ന ലക്ഷ്മിയുടെ കൈപ്പടങ്ങൾ അവൻ അമർത്തി.

"എന്നെ ഇതുവരെയും വിശ്വാസമില്ലേ? ഈ അർദ്ധരാത്രിയിലും വെളുപ്പാൻ രാവിലെയും ഒന്നുമൊന്നും നോക്കാതെ ഇറങ്ങിവന്നാലും..."

"എന്നാലും എനിക്കു വിശ്വാസമാകുന്നില്ല. ഇതിൻെറയൊക്കെ അപ്പുറത്താണെൻെറ ഭയം. നീ എൻേറതായിത്തീരുമ്പോൾ മാത്രമേ ഈ ഭയം അവസാനിക്കൂ." കൃഷ്ണൻകുട്ടി ദീഘമായി നിശ്വസിച്ചു. "നീ പോകുന്നതു് പുതുമയും പ്രത്യേകതയും ഉള്ള ഒരു ലോകത്തിലേക്കാണു്. പഴയതൊക്കെ വെട്ടെന്നു വിസ്മരിക്കാൻ പ്രേരണ നൽകുന്ന ഒരു ലോകത്തിലേക്കു്."

"ആയിരിക്കാം. എങ്കിലും അങ്ങു് എന്നും എൻേറതായിരിക്കും...എന്നും." അവൾ കൃഷ്ണൻകുട്ടിയുടെ മാറിലേക്കു് തല ചായ്ച്ചുനിന്നു. അവളുടെ തുടിക്കുന്ന കപോലങ്ങളിൽ ആയിരംവട്ടം ചുംബിക്കണമെന്നവനു തോന്നി. അവൻ അവളെ മാറോട്ടു് അമർത്തിപ്പിടിച്ചുകൊണ്ടു് സകലതും വിസ്മരിച്ചുനിന്നു.

"ഈ വാക്കുകൾ എന്നും കേട്ടാൽ മതി." അവൻ പതുക്കെ പറഞ്ഞു.

അന്നു് അവർ പിരിഞ്ഞപ്പോൾ ചന്ദ്രൻ പടിഞ്ഞാറെ തെങ്ങിൻതോപ്പുകൾക്കപ്പുറത്തു് മറഞ്ഞു കഴിഞ്ഞിരുന്നു...

ആ സ്മരണയിൽ കൃഷ്ണൻകുട്ടിയുടെ ശരീരം കോരിത്തരിച്ചു. എത്ര സമയം അങ്ങനെ ഇരുന്നെന്നു് അവനു നിശ്ചയമുണ്ടായിരുന്നില്ല.

കാളേജ് അടച്ചു് ഇന്നു് അവൾ വന്നിരിക്കും. എത്രനാളായി തമ്മിലൊന്നു കണ്ടിട്ടു്! അവളെ കാണാൻ തീരുമാനിച്ചുകൊണ്ടു് കൃഷ്ണൻകുട്ടി ഇരുന്നിരുന്ന പുൽത്തകിടിയിൽനിന്നെഴുന്നേററു. അവിടെനിന്നു നോക്കിയാൽ പാടത്തിനക്കരെ മരങ്ങളുടെ ഇടയിൽക്കൂടി ലക്ഷ്മിയുടെ വീടു കാണാം. അതിൻെറ മുററത്തു് ഉണക്കാൻ നിവർത്തിട്ടിരുന്ന സാരിയും മററും കാററിൽ പാറിക്കളിക്കുകയാണു്.

മാഞ്ചുവട്ടിൽ ബാലികാബാലന്മാരുടെ ബഹളം അപ്പോഴും അടങ്ങിയിട്ടില്ല. ആഹ്ലാദവും അധികപ്രസംഗവും ഒത്തിണങ്ങിയാൽ ബഹളത്തിനെന്താണു കുറവു്?

നെയ്മാവിന്റെ ചുവട്ടിൽനിന്നും നേരെ കിഴക്കോട്ടുള്ള വഴിയിൽക്കൂടി വെയിലിൻെറ ചൂടൊന്നും വകവയ്ക്കാതെ കൃഷ്ണൻകുട്ടി നടന്നു. ഏതാണ്ടു് അരനാഴിക നടന്നപ്പോൾ അയാൾ പാടം കുറുകെ കടന്നു ലക്ഷ്മിയുടെ വീടു നില്ക്കുന്ന പറമ്പിനു സമീപം എത്തി. അവിടെനിന്നു നോക്കിയാൽ കൊച്ചുപുരയ്ക്കലെ മുററം നന്നായിട്ടു കാണാം. അടുക്കളയുടെ ഭാഗത്തു പുക ഉയരുന്നുണ്ടു്. അവൻ അങ്ങോട്ടു നോക്കിക്കൊണ്ടു് അല്പനേരം നിന്നു; വൃന്ദാവനത്തിൽ രാധയെ കാത്തുനിൽക്കുന്ന ഗോപാലനെപ്പോലെ. മുററത്തെ അയയിൽ കിടന്നു തത്തിക്കളിക്കുന്നുണ്ടു് സാരികൾ. അവൾ മടങ്ങി എത്തിയിട്ടുണ്ടു്—തീർച്ച.

കൃഷ്ണൻകുട്ടി വീടു ലക്ഷ്യമാക്കി നടന്നു.

മൂന്നു്

തനിക്കു താങ്ങായ വടിയും ഊന്നി പണിക്കർ പാടത്തിൻ കരവരെ എത്തി. വേനലിൻെറ കാഠിന്യംകൊണ്ടു് പാടമൊക്കെ വിണ്ടുകിടക്കുകയാണു്. കൊയ്ത്തു കഴിഞ്ഞിരുന്നു. നെല്ലു കൊയ്തതിനുശേഷമുള്ള കുററികൾമാത്രം അവിടെ അവശേഷിച്ചിട്ടുണ്ടു്. വരമ്പത്തു് പറ്റുടകപ്പുല്ലോ മറ്റു വല്ല പച്ച്ച്ചെടികളോ പിടിച്ചുനില്ക്കുന്നിടത്തല്ലാതെ മറ്റൊരിടത്തും ഹരിതാഭയില്ല. അങ്ങുമിങ്ങും നിന്നു മേയുന്ന പശുക്കളും കന്നുകളും മററൊന്നിലും ശ്രദ്ധിക്കാതെ ആഹാരം അകത്താക്കുന്ന ഒരേ ഒരു ആവേശത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. പാടത്തിൻെറ കിഴക്കു് അകലെ ഉയർന്നുനില്ക്കുന്ന കുന്നിൻപുറങ്ങളിലെ വന്മരങ്ങളൊക്കെ ഇലപൊഴിച്ചു നിൽക്കുന്നു. മഴയുള്ള കാലത്തു അവിടം മരതകക്കുന്നുപോലെയാണു തോന്നുക. ഇന്നു് അങ്ങുമിങ്ങും ഗജവീരന്മാർ നിൽക്കുന്ന മാതിരി എഴുന്നു കാണപ്പെടുന്ന പാറക്കൂട്ടങ്ങൾ തെളിഞ്ഞു മുഴച്ചു കാണുന്നുണ്ടു്. ചെമ്പിച്ച നിറമല്ലാതെ മറ്റൊരു നിറവുമില്ലവിടെ. ഇലയില്ലാതെ പൂത്തു

നിൽക്കുന്ന ഇലവിൻമരങ്ങളിടയ്ക്കിടെ നിൽക്കുന്നുണ്ട്. യോഗിമാരുടെ കാവിവസ്ത്രം ഉണക്കാൻ നിവർത്തിയിട്ടിരിക്കുകയാണെന്നു തോന്നും അകലെനിന്നു നോക്കുമ്പോൾ.

പണിക്കർ അതൊക്കെ അവിടെ നിന്നുകൊണ്ടു യാതൊരു അർത്ഥവുമില്ലാത്ത മട്ടിൽ നോക്കി. അയാൾ നിന്നിരുന്ന പറമ്പിലെ അടയ്ക്കാമരങ്ങളും തെങ്ങിൻതൈകളും വല്ലാതെ വാടിയിട്ടുണ്ട്. അയാളുടെ ജീവിതത്തിന്റെ നല്ലൊരു ഭാഗം അവയുടെ ശുശ്രൂഷയ്ക്കായിട്ടാണു വിനിയോഗിച്ചിട്ടുള്ളതു്. ആണ്ടുതോറും അനുഭവപ്പെടുന്ന ജലക്ഷാമത്തിൽ ചില നഷ്ടങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും ഇതുപോലെ ഓർമ്മയിലൊരിക്കലും അവ വാടി ക്ഷീണിച്ചു കണ്ടിട്ടില്ല. ആവുന്നകാലത്തു് വേനലിനു വയലിൽ കുഴിയെടുത്തു് അവിടെനിന്നു വെള്ളംകോരി അയാൾ അതിനെല്ലാം തളിച്ചിട്ടുണ്ട്. ഇന്നു് അതിനൊന്നിനും ശക്തിയില്ല. വേണ്ടതു ചെയ്യാനുള്ള വഴി അറിയാം. സൗകര്യവുമുണ്ട്. പക്ഷേ, നിർവ്വഹിക്കാനുള്ള ശക്തിയില്ലെങ്കിൽ എന്തു ഫലം? കൺമുമ്പിൽ കിടന്നു് എല്ലാം നശിക്കുന്നതു കാണുമ്പോൾ കരളു നോവുമെന്നുമാത്രം.

ആദായമെടുക്കാൻ വകയുള്ളവയൊക്കെ ഇങ്ങനെ വരണ്ടു നശിക്കുന്നതു തടയാൻ തന്റെ മക്കൾക്കു കഴിയുകയില്ലേ? പിന്നെ എന്തുകൊണ്ടു് അവരതിനു തുനിയുന്നില്ല?

“അനുഭവിക്കാൻ യോഗംവേണം,” അയാൾ പതുക്കെ വിരസതയോടെ പിറുപിറുത്തു. “ഇല്ലെങ്കിൽ ഇങ്ങനെയൊക്കെ നശിക്കും.”

മണ്ണിൽപ്പിറന്ന അയാൾ മണ്ണിൽ വേലചെയ്തു ജീവിച്ചുവനാണു്. കാടുപിടിച്ചു് കരടിയും കാട്ടുപോത്തും കാട്ടാനയും കൂട്ടംകൂട്ടമായി കഴിഞ്ഞിരുന്ന കുന്നിൻപുറങ്ങൾ അവരുടെ പ്രയത്നത്താലാണു് നയനാനന്ദകരങ്ങളായ കൃഷിഭൂമികളായി രൂപാന്തരപ്പെട്ടതു്. പറ്റംപറ്റമായി പന്നികൾ കൂത്താടിയിരുന്ന ചതുപ്പുനിലമാണു് ഇന്നു മുത്തു വിളയുന്ന പാടമായി പരിണമിച്ചിരിക്കുന്നതു്. കാരണവർ അക്കഥകളൊക്കെ കൊച്ചുനാളിൽ കൃഷ്ണപ്പണിക്കരോടു് അഭിമാനത്തോടുകൂടി പറഞ്ഞിട്ടുണ്ടു്. പ്രയത്നികളുടെ ആ പരമ്പര തന്നോടുകൂടി അവസാനിക്കുവാൻ പോകുകയാണോ? അയാളുടെ സന്താനങ്ങളോ?

ആൺമക്കളിൽ കൃഷ്ണൻകുട്ടിയും കൊച്ചുരാമനും പ്രയത്നിക്കാനുള്ള ശേഷിയുള്ളവരല്ലേ? എന്നാൽ മണ്ണിൻെറ മണം അവക്കു പിടിക്കാത്തതെന്തുകൊണ്ടു്? മണ്ണിനോടു കൂറില്ലാത്തതു് എന്തുകൊണ്ടു്? അയാൾ അവരെ വളത്തിയതു് അയാൾ വളന്ന മാതിരിയല്ലേ? അയാളെ കാരണവർ അദ്ധ്വാനിക്കാനാണു് ആദ്യംമുതൽ ശീലിപ്പിച്ചതു്. കുട്ടിയായിരുന്ന കാലംതൊട്ടു് ആ പാടത്തിൻെറ ചരിത്രവുമായി അയാൾ ബന്ധപ്പെട്ടു. അന്നു മുതൽ അടുത്ത കാലംവരെ അവിടെ നടന്നിട്ടുള്ള എല്ലാ വേലകളിലും പണിക്കർ പങ്കാളിയായിരുന്നിട്ടുണ്ടു്. അതിലെങ്ങും ഒരഭിമാനക്ഷയവും അയാൾക്കു തോന്നിയിട്ടില്ല.

എന്നാൽ അയാൾ കഴിഞ്ഞാലുള്ള തലമുറയോ? പണിക്കർ ഇന്നുമാത്രമല്ല ഇതൊക്കെ ആലോചിച്ചിട്ടുള്ളതു്. മക്കൾ വളന്നു് അവനവൻെറ കാര്യം നേടാൻ ശേഷി സമ്പാദിച്ച നാൾതൊട്ടു് അയാൾ ചിന്തിക്കുന്നതാണു്. എന്താണു പ്രയത്നത്തോടു് ഈ വെറുപ്പു്?

കൃഷ്ണൻകുട്ടിയും കൊച്ചുരാമനും ഇന്നും അയാൾക്കൊരു ഭാരമാണു്—കൊച്ചുകല്യാണിയെ ഗോപാലപിള്ള വിവാഹംചെയ്തു കൊണ്ടുപോയതുകൊണ്ടു് ആ കടപ്പാടു കുറഞ്ഞിട്ടുണ്ടു്. ഭാരമായിത്തീരാൻ ഇടയുള്ളതു പെണ്ണായിരിക്കുമെന്നാണു് ആദ്യം അയാൾ വിചാരിച്ചിരുന്നതു്. എന്നാൽ ഇന്നു നേരെ മറിച്ചാണു് അനുഭവം. പണിക്കക്കു് അയാളുടെ മക്കളുടെ പ്രായമായിരുന്ന കാലത്തു് ആരെങ്കിലും അയാളെക്കുറിച്ചു് ഇന്നു് അയാൾ വിചാരിക്കുന്നരീതിയിൽ ആലോചിച്ചു വിമ്മിഷ്ടപ്പെട്ടിട്ടുണ്ടോ? സ്വന്തം കാലിൽ നില്ക്കാനുള്ള ശേഷി അയാൾക്കു് അന്നുമുതലേ ഉണ്ടായിരുന്നില്ലേ? കൊച്ചുകുമാരക്കുറുപ്പാശാൻ നല്ലതുപോലെ അയാൾക്കു പഠിപ്പും അറിവും നല്കിയിട്ടില്ലേ? അയാളായിരുന്നില്ലെ ആശാൻെറ ഏററവും മിടുക്കനായ ശിഷ്യൻ? അന്നു് അയാൾ എത്ര ശൃംഗാരശ്ലോകങ്ങൾ നിർമ്മിച്ചിട്ടുണ്ടു്! ഇന്നും ഒന്നോർമ്മിച്ചാൽ അവ തോന്നാതിരിക്കുകയില്ല.

കൃഷ്ണൻകുട്ടിയാണെങ്കിൽ തുടങ്ങിയ പഠിത്തം പൂർത്തിയാക്കിയിട്ടില്ല. ആറാംഫാറത്തിൽ മൂന്നുവട്ടം തോററു പിന്മാറി. വിദ്യാഭ്യാസവും ജീവിക്കാനുള്ള മാർഗ്ഗവും അവനു് അഭിമാ

നിക്കത്തക്കതായിട്ടില്ല. പൊതുവെ അവർ വളരെ സമ്പന്നരാണോ ഇന്നു്? അതല്ലതാനും. വീടുവച്ചു കഴിഞ്ഞുകൂടാനുള്ള സ്ഥലം ഉണ്ടു്. പാട്ടംപിടിച്ചു കൃഷിചെയ്താൽ പട്ടിണിയില്ലാതെ കിടക്കാം. എന്നാൽ അങ്ങനെ തൊഴിൽചെയ്യുന്നതു് അഭിമാനകരമല്ലെന്നാണു കൃഷ്ണൻകുട്ടിയുടെ മനോഭാവം. പുരയിടത്തിലെ രണ്ടുമൂന്നുകൊല്ലത്തെ കുരുമുളകിന്റെ പണം മുഴുവൻ മുടക്കി ഒരു കടയിട്ടുകൊടുത്തതു് അതുകൊണ്ടാണു്. കടയിൽ ഇരുന്നു കാര്യംനോക്കിയാൽ കഴിഞ്ഞുകൂടാനുള്ള വക കിട്ടുമെന്നു കരുതിയാണു് അങ്ങനെ ചെയ്തതു്. കലപ്പ പിടിക്കുന്നതും കന്നിനെ വളർത്തുന്നതും കുറച്ചിലാണെങ്കിലും കച്ചോടംചെയ്യുന്നതു് അഭിമാനകരമാണെന്നാണു് അവൻെറ വിചാരം. എന്നാൽ അതെങ്കിലും നേരെ കൊണ്ടുപോയോ? അതൊട്ടില്ലതാനും. രക്ഷപ്പെടുന്ന ലക്ഷണവുമില്ല. കടംകൊടുത്തു കണ്ടോരൊക്കെ കൊണ്ടുപോയിട്ടു് കട പൂട്ടിയിട്ടു. അതു തുറന്നിട്ടെത്ര ദിവസമായി? അതു പറഞ്ഞപ്പോൾ അവൻ കലമ്പിപ്പിരിഞ്ഞതു കണ്ടില്ലേ?...

"എന്തുചെയ്യാം! തലേലെഴുത്തു തുത്താൽ മായുമോ!" പണിക്കർ പിറുപിറുത്തുകൊണ്ടു് കുരുമുളകുകൊടി പടന്നുകയറിക്കിടന്നിരുന്ന പേഴമരത്തിൻെറ ചുവട്ടിലെ ഉണ്ടപ്പാറയിൽ ഇരുന്നു. മക്കളെക്കുറിച്ചു് ആലോചിക്കുന്തോറും അയാൾ അന്തമില്ലാത്ത അന്ധകാരത്തിലേക്കു് ആഴുകയാണെന്നു തോന്നി. എന്നാൽ ഒന്നും ആലോചിക്കാതൊക്കുമോ? സാദ്ധ്യവുമല്ല.

കൊച്ചുരാമനാണെങ്കിൽ ഇനിയും പഠിത്തം തീർന്നിട്ടില്ല. ഇക്കൊല്ലം ആറാംഫാറത്തിലാണു്. എങ്ങനെയെങ്കിലും ഒന്നു ജയിച്ചെങ്കിൽ...വളരെ സമർത്ഥനൊന്നുമല്ല. എങ്കിലും അവനു പഠിക്കാൻ ചൂടുണ്ടു്. പഠിക്കാതിരുന്നാൽ ഗതിയൊന്നുമില്ലെന്നവനറിയാം. അവൻ പാസ്സാകാതിരിക്കുകയില്ല.

ഇന്നുരാവിലെ അവനു കൊടുക്കാൻ എട്ടണ എടുക്കാനില്ലായിരുന്നു. പള്ളിക്കൂടത്തിൽ ആണ്ടവസാനത്തിലുള്ള 'കാപ്പികുടിക്കും പടമെടുപ്പിനും' മററുമാണു്. മററുള്ളവരെപ്പോലെ അവനും അതിലൊക്കെ പങ്കുകൊള്ളാനാശയില്ലേ? അതിലൊക്കെ അവൻ സഹകരിക്കേണ്ടേ? എന്നാൽ അതിനു കൊടു

ക്കാൻ പണമെവിടെ? അതിനെക്കുറിച്ചു വിചാരിച്ചപ്പോൾ പണിക്കരുടെ ഹൃദയം പതറി.

ആവശ്യത്തെക്കുറിച്ച് അറിവില്ലാഞ്ഞിട്ടോ ആഗ്രഹമില്ലാഞ്ഞിട്ടോ അല്ല അന്നു രാവിലെ കൊച്ചുരാമൻെറ കരച്ചില് കണ്ടുകൊണ്ടു് അയാൾ കുത്തിയിരുന്നതു്. ഒരിക്കലും അനാവശ്യമായി പണം കളഞ്ഞിട്ടുള്ളവനല്ല പണിക്കർ. എന്നിട്ടും എത്ര വിഷമം! എത്ര ദാരിദ്ര്യം? ഭാഗംവച്ചു പിരിയുന്നതിനു മുമ്പ് ഇങ്ങനെയൊരു വിഷമം അയാൾ അറിഞ്ഞിരുന്നില്ല. ആവശ്യമെന്തുണ്ടെങ്കിലും അമ്മാവനെ അറിയിക്കും. അതിന് ഉടനെ പരിഹാരവും കാണും. കണക്കുപറഞ്ഞു വാങ്ങുന്ന ഏർപ്പാടില്ല. അന്നൊക്കെ അവരുടെ കുടുംബം ആ ഗ്രാമത്തിലെ പ്രധാനപ്പെട്ട ഒന്നായിരുന്നു. നല്ല ധനശേഷിയുള്ള വളരുന്ന കുടുംബം. ആൾബലവും സമ്പത്തും ഒത്തിണങ്ങിയ തറവാട്. എന്നാൽ ഭാഗംവച്ചു പിരിഞ്ഞപ്പോൾ കഷ്ടിച്ച് അഷ്ടിക്കുള്ള വക കിട്ടി ഓരോരുത്തക്കും. അവരൊക്കെ സമ്പന്നരുടെ നിലയിൽനിന്നു് സാധാരണക്കാരുടെ ഇടയിലേക്ക് ഇറങ്ങിനിന്നു. എങ്കിലും അഭിമാനവും ആഭിജാത്യവും അന്തസ്സും കുറയ്ക്കാനൊക്കുമോ? ആഭിജാത്യവും ദാരിദ്ര്യവും തമ്മിൽ പൊരുത്തപ്പെടുത്തുക പാടുതന്നെയെന്നു് പണിക്കക്കു ബോദ്ധ്യമായി. അതിനുമുമ്പ് അവരെക്കാൾ നിസ്സാരരായിരുന്ന പലരും ഇന്നു വളരെ മെച്ചപ്പെട്ട നിലയിലാണ്. പഴയ രീതിയിൽ ആരും അയാളോടു പെരുമാറുന്നുമില്ല. സമ്പത്തില്ലാത്തവരെ സമാദരിക്കേണ്ട ആവശ്യം ഇന്നത്തെ ലോകത്തിലില്ല.

മനംതകക്കുന്ന ചിന്തകൾ പലതും അയാളുടെ ഉള്ളിലൂടെ കടന്നുപോയി. ആലോചിച്ചതുകൊണ്ടു് ഒന്നിനുമൊരുപശാന്തി കണ്ടെത്താൻ സാധിക്കയില്ലെന്നു് അയാൾക്കറിയാം. ഭാവിയെക്കുറിച്ച് എന്തിനിത്ര വിഷമിക്കണം? വരാനുള്ളതൊന്നും വഴിയിൽ തങ്ങാൻപോകുന്നില്ല. പിന്നെ അതിനെക്കുറിച്ചു ചിന്തിച്ചിട്ടെന്തുഫലം?

ആശ്വസിക്കാനുള്ള വഴി വല്ലതും ഈ ചിന്തകൊണ്ടു് പണിക്കർ കണ്ടെത്തിയോ?

അയാൾ അവിടെനിന്നെഴുന്നേററു. എന്തു ചെയ്യണമെന്നു് ഒരു ലക്ഷ്യവുമില്ല. എങ്ങോട്ടു പോകണമെന്നുമില്ല.

എവിടെത്തിരിഞ്ഞാലും ആശ്വാസത്തിന്ന വഴിയുമില്ലെന്ന് തീർച്ച.

അവിടെ നിന്നുകൊണ്ടു് പണിക്കർ കിഴക്കോട്ടുനോക്കി. അകലെ കൃഷ്ണൻകുട്ടി തെക്കോട്ടു നടക്കുന്നതു് അയാളുടെ കണ്ണിൽപ്പെട്ടു. അവൻ അതുവഴി എവിടെപ്പോകുന്നു? അതു ദേവകിയുടെ വീടല്ലേ? അങ്ങോട്ടെന്തിന്ന പോകണം? അവിടെ പോകരുതെന്നു് എത്രവട്ടം അയാൾ അവനെ ശാസിച്ചിട്ടുണ്ടു്!

പണിക്കർ കോപംകൊണ്ടു വിറച്ചു് അങ്ങോട്ടു തുറിച്ചുനോക്കി. എന്തുചെയ്യണമെന്നറിയാതെ അയാൾ വിഷമിച്ചു.

നാലു്

സൂര്യൻ പടിഞ്ഞാട്ടു ചാഞ്ഞുകഴിഞ്ഞിരുന്നു. കാററു് മരക്കൊമ്പുകൾ പിടിച്ചുലയ്ക്കുന്നുണ്ടു്. മുറ്റത്തിനടുത്തു നിന്നിരുന്ന ഇലഞ്ഞിമരം പൂമഴപെയ്യുകയാണു്. അന്തരീക്ഷത്തിലെങ്ങും അതിൻെറ പുതുമണം നിറഞ്ഞുനിൽക്കുന്നു.

പാടത്തിനക്കരെയുള്ള പുലയമാടങ്ങളിലെ പൂവൻകോഴികളുടെ കൂവലുകളും കാക്കയുടെ കൂടെക്കൂടെയുള്ള കരച്ചിലും ഇടയ്ക്കിടെ നിശ്ശബ്ദതയെ ഭേദിക്കുന്നുണ്ടു്. ഇണക്കുരുവികളും പഞ്ചവർണ്ണക്കിളിയും ഓലോഞ്ഞാലിയും വെയിലിൽനിന്നൊഴിഞ്ഞു് മഞ്ചാടിമരത്തിലും കിഴക്കു നിൽക്കുന്ന വരിക്കപ്ലാവിലും ചാടിക്കളിച്ചുകൊണ്ടിരിക്കുന്നു.

കൃഷ്ണൻകുട്ടി വീട്ടുമുററത്തു് കയറിയപ്പോൾ വീട്ടിനുള്ളിൽ നിന്നു് ലോലമായ ഒരു ഗാനധാര ഒഴുകിവന്നു് അയാളുടെ കണ്ണുങ്ങളിൽ പതിച്ചു; കിന്നരസ്ത്രീകളുടെ ഗാനംപോലെ!

അകത്തു്, വീട്ടിനുള്ളിൽ ലക്ഷ്മി പതുക്കെ പാടുന്നുണ്ടു്. എന്തോ ജോലിയിലിരിക്കുകയാണു് എന്നു് അയാൾ ഊഹിച്ചു. അവിടെ കടന്നുചെന്നു് അതിന്ന വിരാമമിടാൻ അയാൾ ഭയപ്പെട്ടു. ആ മധുരഗാനം അവസാനിച്ചാൽ ആസ്വദിച്ചാനന്ദിക്കാനുള്ള അവസരം നഷ്ടമാകയില്ലേ? മുററത്തിൻെറ നടുക്കു് എത്തിയ അയാൾ നിശ്ശബ്ദനായി വീടിൻെറ പൂമുഖത്തു് കടന്നുനിന്നു. ഒന്നും മിണ്ടാതെ അവിടെ അങ്ങനെ അയാൾ

ശ്രദ്ധിച്ചുകൊണ്ടു നിന്നു. അയാളുടെ ശരീരം രോമാഞ്ചംകൊണ്ടു മൂടി. ഇതിനുമുമ്പും ലക്ഷ്മിയുടെ പാട്ട് ഒളിഞ്ഞുനിന്നുകൊണ്ട് അയാൾ ശ്രദ്ധിച്ചിട്ടുണ്ട്. അന്നൊരിക്കൽ...അതൊരോണക്കാലത്താണ്. പശുക്കുട്ടിയെ പച്ചപ്പുല്ലുപറിച്ച് തീറ്റിച്ചുകൊണ്ട് അവൾ പറമ്പിൻെറ പടിഞ്ഞാറെ അതിരിൽ നിൽക്കുമ്പോൾ ആ ഗാനധാര കാതുകളിൽ ഊറിവീണു. അധികപ്രസംഗി പശുക്കുട്ടി കുത്താടി ഓടിയില്ലായിരുന്നെങ്കിൽ ആത്തിതീരുന്നതുവരെ അയാൾക്ക് അന്ന് അതു് ആസ്വദിക്കുവാൻ കഴിഞ്ഞേനെ. അതിനുശേഷം ഇന്നാണ് ആ സൗഭാഗ്യം കൈവന്നതു്.

അകത്തു മുറിയിൽ അവൾ പുസ്തകങ്ങൾ പൊടിതട്ടി അടുക്കിവച്ചുകൊണ്ടിരിക്കുകയാണ്. അതിൻെറ ഇടയിലാണ് ഈ മൂളിപ്പാട്ട്.

പാട്ട് അവസാനിച്ചു. വീണ്ടും അതുണ്ടാകുമെന്നു കരുതി അയാൾ കാത്തുനിന്നു. ഇല്ല. കൃഷ്ണൻകുട്ടി പതുക്കെ ഒന്നു ചുമച്ചു. ചുമ വന്നിട്ടല്ല, ആളുണ്ടെന്നറിയിക്കാൻ.

ലക്ഷ്മി മുറിയുടെ അകത്തുനിന്ന് വാതിലിൽക്കൂടി തല പുറത്തുകാണിച്ച് കിഴക്കുവശത്തേയ്ക്കു നോക്കി. നട തുറക്കാൻ കാത്തുനിൽക്കുന്ന ഭക്തൻെറ മാതിരി അവിടേയ്ക്കു നോക്കിനിന്നിരുന്ന അയാളുടെ നേത്രങ്ങൾ അതുകണ്ടു് വികസിച്ചു. അറിയാതെ അയാൾ പുഞ്ചിരിച്ചു. അവൾ തല പെട്ടെന്ന് അകത്തേക്ക് വലിക്കുകയും ചെയ്തു.

നീണ്ട നിശ്ശബ്ദത.

അഴകുള്ള ലക്ഷ്മിയുടെ ആനനം ധ്യാനിച്ച മനസ്സിലുറപ്പിച്ചുകൊണ്ടു് കൃഷ്ണൻകുട്ടി അങ്ങനെ നിന്നു. അകത്തുനിന്ന് ലക്ഷ്മി പുറത്തേക്കിറങ്ങിയതുമില്ല.

"അമ്മയില്ലേ?" അവസാനം കൃഷ്ണൻകുട്ടിയാണ് അവിടത്തെ നിശ്ശബ്ദത ഭേദിച്ചതു്.

അകത്തുനിന്ന് അതിനു മറുപടിയൊന്നുമുണ്ടായില്ല.

അല്പംകൂടി അയാൾ കാത്തുനിന്നു. എന്നിട്ട് വീണ്ടും ചോദിച്ചു: "അമ്മയില്ലേ ഇവിടെ?"

"ഇല്ല." അകത്ത് ഒരു മണികിലുക്കം.

"എവിടെപ്പോയി?"

THE MALAYALEE CLUB,
MADRAS-31.
A/1020
62, SRINIVASANAGAR.

"ഇപ്പോൾ വരും."

"ലക്ഷ്മി എപ്പോൾ വന്നു?"

"ഇന്നലെ."

"പരീക്ഷ?"

"കഴിഞ്ഞു."

ഇനി എന്താണു പറയുക? കൃഷ്ണൻകുട്ടി പരുങ്ങലിലായി. കാര്യമാത്രപ്രസക്തമായ സംഭാഷണം വരുത്തുന്ന വിന.

അവളെന്തുകൊണ്ടാണ് തന്റെ മുമ്പിലേയ്ക്കു വരാത്തതു്? എന്തിനിത്ര മടി? മുമ്പു കണ്ടിട്ടില്ലാത്ത ഈ മട്ടൊക്കെ എന്നുണ്ടായി? വിചാരങ്ങൾക്കു വിരാമമിട്ടിട്ട് അയാൾ അവിടെ നിന്നുകൊണ്ടുതന്നെ ചോദിച്ചു: "കാളേജൊക്കെ പൂട്ടിയോ?"

"പൂട്ടി."

"അവധിയാണോ?"

"അവധിക്കല്ലെ കാളേജു പൂട്ടു."

കൃഷ്ണൻകുട്ടി ഇളിഭ്യനായി. അയാളുടെ പച്ചച്ചിരി ആരും കണ്ടിരിക്കയില്ലെന്നയാൾ സമാധാനിച്ചു.

വീണ്ടും നിശ്ശബ്ദത.

എന്താണ് സംസാരം തുടരുവാനുള്ള മാർഗ്ഗം? അവിടെ കിടന്നിരുന്ന തട്ടുകെട്ടത്തിട്ട് അയാൾ അവിടെ ഇരുന്നു. ലക്ഷ്മിയെ കാണാൻ കൊതിച്ചാണ് അവിടെ വന്നിരിക്കുന്നതു്. തന്റെ മുമ്പിലേയ്ക്കിറങ്ങാൻ മടിക്കുന്ന അവളോട്ട് എങ്ങനെ അതു തുറന്നുപറയും? അകത്തെ ആവേശം അടക്കാനും മേല.

അയാളൊന്നു നിശ്വസിച്ചു.

"എങ്ങനെയൊക്കെയിരിക്കുന്നു കച്ചവടം?—" അപ്രതീക്ഷിതമായിരുന്നു ആ ചോദ്യം. അതിനെക്കുറിച്ച് അവൾ അന്വേഷിക്കാറുണ്ടെന്ന് അറിഞ്ഞിരുന്നെങ്കിൽ അയാൾ അതു് പതിന്മടങ്ങു മെച്ചമായി നടത്താൻ ശ്രമിക്കുമായിരുന്നു. അവളുടെ അന്വേഷണത്തിന് അത്രമാത്രം അമിതപ്രധാന്യം അയാൾ നൽകീട്ടുണ്ട്. ലക്ഷ്മി തന്നെക്കുറിച്ച് ചിലപ്പോഴെങ്കിലും ഓർമ്മിക്കാറുണ്ട്. ഇല്ലെങ്കിൽ ഇതു ചോദിക്കാനിടയില്ല. മിന്നൽ മാതിരിയാണ് ഇത്രയും വിചാരങ്ങൾ അയാളുടെ മനസ്സിൽക്കൂടി കടന്നുപോയതു്.

"ഒരുവിധമൊക്കെ നടക്കുന്നു." കൃഷ്ണൻകുട്ടി മനഃപൂർവ്വമാ

ണതു പറഞ്ഞതു്. വാസ്തവം മറച്ചുവെച്ചുകൊണ്ടുള്ളതായിരുന്നു ആ പ്രസ്താവന എന്നയാൾക്കറിയാം. കരുതിക്കൂട്ടിത്തന്നെയാണു് അതു നടത്തിയതും. അയാൾക്കു് പുരോഗതിയില്ലെന്നു് എങ്ങനെ അവളുടെ മുൻപിൽ ഏററുപറയും!

"ഞാൻ ഇന്നലെ ഇങ്ങോട്ടു പോന്നപ്പോൾ അവിടെ നോക്കി. കട അടച്ചിരുന്നു," അവൾ വീണ്ടും പറഞ്ഞു, കൃഷ്ണൻകുട്ടിയുടെ ഹൃദയത്തിൽ ആശ്വാസം നിറഞ്ഞു തുളുമ്പി. അവൾക്കു് അയാളെക്കുറിച്ചു് ശ്രദ്ധയുണ്ടെന്നല്ലേ അതിൻെറ അർത്ഥം? അതെ!

"ഇന്നലെ നേരത്തെ കട അടച്ചിട്ടു് ഒരത്യാവശ്യക്കാര്യത്തിനു പോയി." ഒരു കള്ളം പറഞ്ഞാൽ പിന്നെ നില്ക്കണമെങ്കിൽ തുടർച്ചയായി കള്ളം പറയാതൊക്കുമോ?

ലക്ഷ്മി മുറിക്കുള്ളിൽനിന്നു പുറത്തിറങ്ങി നിന്നു. അഴകേറിയ ചികുരഭാരം ചീകിയൊതുക്കി പിന്നി പിറകോട്ടിട്ടിരിക്കുകയാണു്. ഒതുങ്ങാത്ത അളകങ്ങൾ ലലാടത്തിൽ തരംഗങ്ങൾപോലെ താളം വയ്ക്കുന്നു. എന്തെന്നില്ലാത്ത ഒരു വശ്യതയുണ്ടു് അവളുടെ മുഖത്തിനു്. വളഞ്ഞ രേഖകൾപോലെയുള്ള പുരികങ്ങൾക്കു താഴെ തിളങ്ങുന്ന കൺമണികൾ. രക്തച്ഛവി വീശിയ കപോലങ്ങൾ. പവിഴത്തോടിണങ്ങുന്ന അധരം. എല്ലാം അണിയിച്ചൊരുക്കി നിത്തിയിട്ടുണ്ടു്.

കൃഷ്ണൻകുട്ടി തൻെറ മുമ്പിൽ നില്ക്കുന്ന ആ സൗന്ദര്യധാമത്തെ കണ്ണിമയ്ക്കാതെ നോക്കി. അവൾ മാറിയിരിക്കുന്നു! മുൻപൊരിക്കലും ഇത്രമാത്രം അഴകു് അവളിൽ അയാൾ ദർശിച്ചിട്ടില്ല. ആകാരസൗഷ്ഠവം ഒത്തിണങ്ങി, യൗവനത്തിലേക്കു പ്രവേശിച്ചു കഴിഞ്ഞിരുന്ന അവൾ ജീവിതത്തിലേക്കുള്ള ഏററവും തികഞ്ഞ ഒരു ക്ഷണമായി അങ്ങനെ അണിഞ്ഞു നിൽക്കുകയാണു്. താരുണ്യത്തിൻെറ തികവിൽനിന്നു് സൗകുമാര്യത്തിൻെറ തങ്കരശ്മികൾ ചുററും ചൊരിയുന്നതുപോലെ കൃഷ്ണൻകുട്ടിക്കു തോന്നി. അവളുടെ ചുററും ഒരു ദേവലോകം തങ്ങിനില്ക്കുകയാണു്. ആ അന്തരീക്ഷത്തിൽ അല്പനിമിഷം നിൽക്കുക ഒരു സായൂജ്യമാണു്.

"എന്താ, ഒന്നും മിണ്ടാത്തതു്?" അതു കേട്ടാണു് കൃഷ്ണൻ

കുട്ടി ദിവാസ്വപ്നത്തിൽനിന്നുണൎന്നതു്. അതു തുടൎന്നു നിന്നിരു ന്നെങ്കിൽ, എന്നയാൾ ആശിച്ചുപോയി.

"ഒന്നുമില്ല. ഞാൻ ചിലതൊക്കെ ചിന്തിച്ചു നിന്നു പോയി."

"ഓഹോ!" മണികിലുക്കംപോലെ ലക്ഷ്മി ചിരിച്ചു.

"എന്തായിരുന്നു ചിന്ത?"

"എന്തോ, എനിക്കുതന്നെ നിശ്ചയമില്ല."

"കൊള്ളാം!" അവൾ പരിഹസിക്കുന്ന മട്ടിൽ പറഞ്ഞു. "പഴയ കിറുക്കൊന്നും മാറിയിട്ടില്ലേ?"

"ലക്ഷ്മിയുടെ മുൻപിൽ എനിക്കു് എന്നും കിറുക്കുതന്നെ."

ലക്ഷ്മി ലജ്ജിച്ചു തലതാഴ്ത്തി. അവൾ പഴയ കഥകളൊക്കെ ഓൎമ്മിച്ചുപോയി.

ബാല്യകാലസുഹൃത്തുക്കളായിട്ടാണു് അവർ വളൎന്നുവന്നതു്. താരുണ്യം തഴുകിത്തലോടി അവളൊരു സുന്ദരിയായി മാറിയപ്പോഴും പഴയ സ്വാതന്ത്ര്യങ്ങളൊന്നും വെട്ടിക്കുറച്ചില്ല. അന്നുവരെ അവൾക്കുണ്ടായിരുന്ന മനോഭാവത്തിനു് മാററം സംഭവിച്ചു. കൃഷ്ണൻകുട്ടി അതിരുകവിഞ്ഞു് അതുമിതും പറയാറുള്ളതൊന്നും അവൾ തടഞ്ഞില്ല. കേൾക്കുമ്പോഴൊക്കെ പ്രതിഷേധിച്ചെങ്കിലും അതൊരുപചാരത്തിനുവേണ്ടി മാത്രമായിരുന്നു. അവൾക്കു് അതെല്ലാം കേൾക്കുന്നതു് ആനന്ദമാണു്. ഒരിക്കിളിയാണു്.

"ഞാൻ പറഞ്ഞിട്ടുള്ളതു മറന്നിട്ടില്ലേ!"

ലക്ഷ്മി തലതാഴ്ത്തി മൂകയായി നിന്നു.

"അതാവൎത്തിക്കാനാണു് ഞാനിങ്ങോട്ടു വന്നതു്."

അവൻ സ്വാതന്ത്ര്യത്തോടെ ഉറപ്പിച്ചു പറഞ്ഞു.

"അതൊന്നും പറയേണ്ട ചേട്ടാ!" അവൾ അകത്തേക്കു പോകാൻ തിരിഞ്ഞു.

"നിൽക്കു."

"എനിക്കൊന്നും കേൾക്കണ്ട."

"ലക്ഷ്മീ!"

"എനിക്കിതിനൊന്നും സ്വാതന്ത്ര്യമില്ല."

"സ്വാതന്ത്ര്യമോ?"

"അതെ."

"ഇപ്പോഴിങ്ങനെ തോന്നാൻ?"

"അറിയാറാകുമ്പോഴല്ലെ എല്ലാം ശരിക്കു കാണുന്നതു്."

"ഇവിടാക്കെങ്കിലും മാററം വല്ലതുമുണ്ടോ?"

"ഇല്ലായിരിക്കും... പക്ഷേ..."

"നിനക്കു് മാററം..."

"അതൊന്നും ചോദിക്കാതിരിക്കു."

"എനിക്കീ ജീവിതത്തിൽ എന്തെങ്കിലും ആശയുണ്ടെങ്കിൽ... അതു്..." കൃഷ്ണൻകുട്ടി യാചനാരൂപത്തിൽ ലക്ഷ്മിയെ നോക്കി.

"നേരമ്പോക്കു മതിയാക്കൂ."

"നേരമ്പോക്കല്ല. നേരാണു്." അവൾ വഴതിമാറുകയാണെന്നു കൃഷ്ണൻകുട്ടിക്കു തോന്നി. വല്ലാത്ത ഭയം അയാളുടെ ഹൃദയത്തിൽ തിങ്ങിക്കൂടി. അയാൾ പ്രതീക്ഷിച്ചിരുന്ന മാറ്റങ്ങൾ ലക്ഷ്മിയിൽ കണ്ടുതുടങ്ങുകയാണോ? കേവലം ഗ്രാമീണനായ തന്നെപ്പറ്റി അഭിമാനിക്കത്തക്കതായി എന്തുണ്ടു്? അതാണോ അവൾ സൂചിപ്പിക്കുന്നതു്?

"എൻെറ സകല ആശകളും..." അയാൾ യാചിച്ചു.

"ഈ ആശകൾ എങ്ങും കൊണ്ടെത്തിക്കുകയില്ല... അതൊക്കെ വിടൂ. നമുക്കു് മററു വല്ലതും സംസാരിക്കാം."

"എനിക്കിതേയുള്ളൂ..."

"കുട്ടിക്കാലത്തെ വിനോദങ്ങൾ ഗൗരവത്തോടെ എടുക്കരുതു്. അതു നമ്മെ എങ്ങും എത്തിക്കുകയില്ല."

"ഇല്ലായിരിക്കും. പക്ഷേ, അതിൻെറ പിറകേ പോകാനാണെനിക്കിഷ്ടം. ഇഷ്ടമല്ല ലക്ഷ്യംതന്നെ."

"ഇത്ര ലഘുവായി സംസാരിച്ചുകളയാനുള്ളതാണോ ജീവിതലക്ഷ്യം!" ലക്ഷ്മി ലഘുവായി ചിരിച്ചു. അയാളുടെ ഗൗരവത്തിനൊരു അയവുവരുത്താൻവേണ്ടിയുള്ള ഒരുപായമായിട്ടാണു് അവൾ അതു പ്രയോഗിച്ചതു്.

"ഞാൻ പറയുന്നതൊക്കെ വളരെ ഉത്തരവാദിത്വത്തോടുകൂടിത്തന്നെയാണു് ലക്ഷ്മീ! എന്തുകൊണ്ടാണിത്ര നിസ്സാരമായി സംസാരിക്കുന്നതു്?"

"ഇതു ഗൗരവമായി ചിന്തിക്കണമെന്നു് എനിക്കുദ്ദേശ

മിപ്പോഴില്ല. ഇഷ്ടപ്പോഴിപ്പെട്ടന്നുമില്ല.'' അവൾ ഖണ്ഡിതമായി പറഞ്ഞു.

''പലപ്പോഴം ഇഷ്ടപ്പെട്ടിട്ടൊന്നുമല്ല ജീവിതത്തിൽ ചില തീരുമാനങ്ങൾ എടുക്കുന്നതു്. അതു നമ്മെ ഇരുത്തി എടുപ്പിക്കുന്നതാണു്.''

''നമുക്കു മററു കാര്യങ്ങളെക്കുറിച്ചു സംസാരിക്കാം.''

''എനിക്കു മറെറാന്നുമില്ല.''

ലക്ഷ്മി തിരിഞ്ഞു മുറിക്കകത്തേക്കു നടന്നു. ശോകമൂകനായി കൃഷ്ണൻകുട്ടി അവിടെയിരുന്നു.

മരക്കൊമ്പുകൾ ഉരുമ്മിയുയരുന്ന ശബ്ദങ്ങളും ദലമർമ്മരങ്ങളും ആ അന്തരീക്ഷത്തിൽ തിങ്ങിനിന്നു. മഞ്ചാടിമരത്തിൻെറ ശിഖരങ്ങൾ കുലുക്കിക്കൊണ്ടു കാററുവീശി. അതിന്റെ തുഞ്ചത്തു തൂങ്ങിക്കിടന്നിരുന്ന മഞ്ചാടിപ്പയറുകൾ പിരിഞ്ഞു പൊട്ടി. മുത്തുപോലെ ചുവന്ന കുരുക്കൾ മുററത്തു തെറിച്ചു വീണു. അവിടൊക്കെ രക്തബിന്ദുക്കൾ കിടക്കുന്നതുപോലെ കൃഷ്ണൻകുട്ടിക്കു തോന്നി.

അയാൾ തട്ടുക്കിൽനിന്നെഴുന്നേററു മുററത്തേക്കിറങ്ങി. ഇറങ്ങിനടന്ന കാലൊച്ച കേട്ടു് അകത്തുനിന്നുകൊണ്ടു് ലക്ഷ്മി വിളിച്ചുപറഞ്ഞു: ''അമ്മ വന്നിട്ടു പോയാൽമതി.''

ഇത്ര നിർദ്ദയമായി തന്നോടു് അവൾ സംസാരിക്കുമെന്നു് കൃഷ്ണൻകുട്ടി വിചാരിച്ചിരുന്നില്ല. കഴിഞ്ഞതൊക്കെ തുത്തുതുടച്ച മാതിരിയല്ലേ അവൾ കരുതുന്നതു്. അയാളുടെ ഹൃദയം തകരുന്നതുപോലെ തോന്നി. തൻെറ ഹൃദയരക്തം ചിന്നിച്ചിതറിക്കിടക്കുന്നതായിരിക്കും ഈ മഞ്ചാടിമുത്തുകൾ... പിഞ്ചുകുട്ടിയെപ്പോലെ അയാൾ അതോരോന്നും പെറുക്കി എടുത്തുതുടങ്ങി. ഒരുപക്ഷേ, ഇനി അവളെ തനിക്കു തിരിച്ചു കിട്ടുകയില്ലായിരിക്കും. തൻെറ വേദനകൾ അറിയിക്കാൻ അവൾ അവസരം ഉണ്ടാക്കുകയുമില്ല. വീണ്ടും മഞ്ചാടിമുത്തിലേക്കായി അയാളുടെ ശ്രദ്ധ. കൊച്ചുകുട്ടികളായിരിക്കുമ്പോൾ അവരൊന്നിച്ചാണു് അതു പെറുക്കിയെടുത്തു കളിച്ചിരുന്നതു്. ലക്ഷ്മിയുടെ തലമുടി വളരാൻ, അതു പെറുക്കി ആറന്മുള ക്ഷേത്രത്തിൽ വഴിപാടായി കൊടുക്കാൻ, അന്നു് അവൻ എത്ര ശുഷ്കാന്തി കാണിച്ചിരുന്നു!

മുററത്തുനിന്നു് അതു പെറുക്കിയെടുക്കുന്നതിനിടയിൽ അയാൾ ചോദിച്ചു: "അമ്മ എവിടെ പോയിരിക്കുന്നു?"

"പുതിയകാവിൽ, വഴിപാടു നടത്താൻ." അകത്തുനിന്നുകൊണ്ടു് ലക്ഷ്മി പറഞ്ഞു.

"വിശേഷം?"

"പൂരമൊക്കെ അടുത്തില്ലേ?"

കെട്ടുകാഴ്ചയും താലപ്പൊലിയുമൊക്കെ കാണാൻ അവർ എത്ര പ്രാവശ്യം ഒന്നിച്ചുപോയിട്ടുള്ളതാണു്! അതിനെക്കുറിച്ചുള്ള ചിന്തകൾ കൃഷ്ണൻകുട്ടിയുടെ ഹൃദയത്തിൽ പതഞ്ഞുപൊങ്ങാൻ തുടങ്ങുകയാണു്. ശോകഭാരം കൂടാതിരിക്കാൻ അയാൾ അതൊക്കെ തടയാൻ ശ്രമിച്ചു. ഇനി ഇവിടെ നിന്നാൽ ഇതിനൊന്നും ഒരന്തമില്ലെന്നു വരും.

"ഞാനിറങ്ങുന്നു ലക്ഷ്മി," അയാളുടെ കണ്ഠം ഇടറുന്നുണ്ടായിരുന്നു.

"ഇത്ര തിടുക്കമെന്താ?"

"കാര്യമുണ്ടു്."

"എന്നെ തെററിദ്ധരിക്കരുതു്." അതു വെറും ഉപചാരത്തിനുവേണ്ടി മാത്രമായിരുന്നു ലക്ഷ്മി പറഞ്ഞതു്.

"ഞാനോ...?"

"വല്ലതും കടന്നു പറഞ്ഞിട്ടുണ്ടെങ്കിൽ..."

"പരിഭവമൊട്ടുമില്ല."

"അറിയിക്കാനുള്ളതു പറയാതിരുന്നാൽ..."

"തെററുതന്നെ ആയിരിക്കും. ഞാൻ ഇറങ്ങുന്നു."

ഇനി അവിടെ കാലുകുത്തേണ്ടിവരുമെന്നു് അയാൾ കരുതിയില്ല. യാത്രാനുമതിക്കുവേണ്ടി കാത്തുനില്ക്കാതെ അയാൾ നടന്നു. അയാൾ പടിവിട്ടിറങ്ങിപ്പോയതുനോക്കി അവൾ പൂമുഖത്തേക്കു നീങ്ങിനിന്നു. നടന്നുമറയുന്നതുവരെ തട്ടിയിൽ പിടിച്ചുകൊണ്ടു് അവൾ അവിടെ നിന്നു. എന്തിനെന്നവൾക്കു നിശ്ചയമില്ല. അവളുടെ ദൃഷ്ടിയിൽനിന്നു വിട്ടപ്പോൾ അറിയാതെ ഒന്നു നിശ്വസിച്ചു. ആ ദയനീയമായ നടത്തം കണ്ടപ്പോൾ അറിയാതെ ഒരു മൂകത അവളുടെ ഹൃദയത്തിലും മൂടൽമഞ്ഞുപോലെ പരന്നു.

ലക്ഷ്മി തിരിഞ്ഞു മുറിയിലേക്കുനടന്നു. ഒരു കൈ മഞ്ചാടി

മുത്തുകൾ അവിടെ തട്ടകത്തിൽ ഇരിക്കുന്നു—കൃഷ്ണൻകുട്ടി ഇരുന്നിരുന്ന തട്ടകത്തിൽ. അയാൾ അതു പെറുക്കി അവിടെ വച്ചതാണു്. കാലുകൊണ്ടു് അവൾ മുററത്തേക്കു് അതു തൊഴിച്ചെറിഞ്ഞു. മുററത്തെ മണലിൽ അതു ചിതറി വീണു.

അവൾ മുറിയിൽ കടന്നു പഴയ രീതിയിൽ പുസ്തകങ്ങൾ പൊടിതട്ടി അടുക്കുന്ന പണിയിൽ ഏർപ്പെട്ടു.

അവളിരുന്ന മുറിയിൽനിന്നു് ഒരു ഗാനം പുറത്തേക്കുവന്നു് അലയടിച്ചു. ആദ്യത്തെ പ്രസന്നതയും പ്രസരിപ്പും അതിനില്ലായിരുന്നു. അത്യന്തം ശോകപൂർണ്ണമായിരുന്നെങ്കിലും മാധുര്യമേറിയതുതന്നെ.

അഞ്ചു്

ഇറങ്ങിയപ്പോൾ ഉണ്ടായിരുന്നതിൽ കവിഞ്ഞുള്ള കോപത്തോടുകൂടിയാണു് കൃഷ്ണപ്പണിക്കർ മടങ്ങിയെത്തിയതു്. പ്രാതലും തയ്യാറാക്കി ഉമ്മിണിയമ്മ കാത്തിരിക്കുകയായിരുന്നു. ഇറയത്തിരുന്നുകൊണ്ടു്, പണിക്കരുടെ വരവു കണ്ടപ്പോൾത്തന്നെ എന്തോ തകരാറുണ്ടെന്നു് അവൾക്കു തോന്നി. അങ്ങനെയുള്ളപ്പോൾ അങ്ങോട്ടു കയറി ഒന്നും പറയാതിരിക്കുന്നതാണു് ഉത്തമമെന്നു് അനുഭവം അവരെ പഠിപ്പിച്ചിട്ടുണ്ടു്. പിന്നെ പ്രായം ചെല്ലുന്തോറും ശുണ്ഠിയും കൂടിവരുമല്ലോ. അതുകൊണ്ടൊക്കെ പണിക്കർ പടികയറി ഇറയത്തു് തട്ടുക നീക്കിയിട്ടു് ഇരുന്നിട്ടും ഉമ്മിണിയമ്മ ഒന്നും മിണ്ടിയില്ല.

"ഇവനൊന്നും നന്നാകത്തില്ലെടീ!" പണിക്കരാണു് ആദ്യം സംസാരിച്ചതു്. "അതിനൊള്ള ലക്ഷണമൊക്കെയാ ഇതെല്ലാം."

"എന്തോന്നൊക്കെ?" ഉമ്മിണിയമ്മയ്ക്കു് ഒന്നും മനസ്സിലായില്ല.

"ഇല്ലെങ്കിൽ ഞാനന്നേയവനോടെത്ര പറഞ്ഞതാ ഈ കൊള്ളരുതാഴ്മയ്ക്കൊന്നിനും പോകരുതെന്നു്?" കുറച്ചു കോപത്തോടെയാണു് പണിക്കർ അതു പറഞ്ഞതു്.

''ഇതാരുടെ കാര്യമാ?'' ഉമ്മിണിയമ്മ കുറെ ഉറക്കെയാണു ചോദിച്ചതു്.

''നിന്റെ മോന്റെ, അല്ലാതാരുടെ? തിളയ്ക്കുന്ന എണ്ണയിൽ കുമള പൊട്ടുന്ന മാതിരിയാണു് അയാളുടെ അധരങ്ങളിൽക്കൂടി ഈ വാക്കുകൾ പുറത്തുവന്നതു്. അവജ്ഞയും അടക്കുവാൻ വയ്യാത്ത രോഷവും അതിൽ അമന്നിരുന്നു.

''മക്കളു് അനുസരണക്കേടു കാണിക്കുന്നതിനു് എന്നോടെന്തിനാ മൂക്കു വീർപ്പിക്കുന്നെ!''

''നിന്നോടിവിടാരാണ്ടു മൂക്കു വീർപ്പിച്ചോ?'' പണിക്കർ തെല്ലൊന്നടങ്ങി. ഉള്ളിൽ തങ്ങിനില്ക്കുന്ന വെറുപ്പെല്ലാം പുറത്തുപോരുന്നതിനു കിടന്നു വിങ്ങുകയാണു്. ''അവനു വല്ല കാര്യവുമുണ്ടോ അവിടെ കേറിപ്പോയിട്ടു്? അല്ല, ഒണ്ടോ?''

''എവിടെപ്പോയെന്നു പറഞ്ഞേ.''

''ആ കൊച്ചുപുരയ്ക്കൽ.''

ഉമ്മിണിയമ്മയ്ക്കു് കാര്യമെല്ലാം വ്യക്തമായി. ആരെക്കുറിച്ചാണു് പണിക്കർ പറയുന്നതെന്നും അയാൾ ഇത്രയധികം കോപിക്കുന്നതെന്തിനാണെന്നും അവൾക്കു ബോദ്ധ്യമായി. ആയിരംവട്ടം കൃഷ്ണൻകുട്ടിയെ തടഞ്ഞിട്ടുള്ള കാര്യമാണു്. അനുസരിക്കാനവനെന്താണിത്ര മടി?

''ആ പെണ്ണിന്നലെ വരുന്നതു ഞാൻ കണ്ടു.''

''പള്ളിക്കൂടമൊക്കെ അടച്ചാല്യ് പിന്നെ പിള്ളാരു വീട്ടിൽ വരാതൊക്കുമോ? നമ്മോടു് അവജ്ഞയുള്ളിടത്തു സഹകരിക്കുന്നതു നല്ലതാണോ?''

''എന്നോടെന്തിനാ ചോദിക്കുന്നെ? അവനോടു പറയണം.''

''നേരാ. പറയാത്ത കുറമാ. അവനവന്റെ അന്തസ്സു നോക്കാതിരുന്നാ...''

''വരുന്നതൊക്കെ അനുഭവിക്കുകയേയുള്ളു.'' ഉമ്മിണിയമ്മ അതു പറഞ്ഞുകൊണ്ടു്, അടുക്കളഭാഗത്തേക്കു പോയി.

കൃഷ്ണപ്പണിക്കർ നെഞ്ചിൽക്കൂടി ഒലിച്ചിറങ്ങിയ വിയർപ്പു് വിരലുകൊണ്ടു വടിച്ചു് തെറിപ്പിച്ചു. പ്രായംകൊണ്ടു ജരാനരകൾ ബാധിച്ച ചുളുങ്ങിത്തുടങ്ങിയ വിളറിയിട്ടുള്ള അയാളുടെ മാറിടം ഇങ്ങനെ വിയർക്കുക പതിവില്ല. അകവും

പുറവും ഒരുപോലെ ഉദ്ദേശിക്കുമ്പോൾ അതുണ്ടാകുക സാധാരണംമാത്രം.

കൃഷ്ണൻകുട്ടിയും ലക്ഷ്മിയും തമ്മിൽ ഉള്ള അടുപ്പത്തെക്കുറിച്ച് പണിക്കർ ഇന്നു് ഇത്ര വൈരാഗ്യം കാണിക്കുന്നതിനു കാരണമുണ്ടു്.

അവരുടെ മമതയെ സംബന്ധിച്ചു് വിവരങ്ങൾ പണിക്കർ അറിഞ്ഞപ്പോൾ അതു തടയാൻ നോക്കി. അവരുടെ വേഴ്ച കൂടുതൽ രഹസ്യമായിത്തീൎന്നു. പരസ്പരം പ്രേമബദ്ധരായവരെ വേർപെടുത്തുന്നതു വേദനയേറിയ കാൎയ്യമാണെന്നു പണിക്കർക്കറിയാം. അതിനു ശ്രമിക്കുന്ന ആളിനും അതിന്റെ ഫലം അനുഭവിക്കുന്നവൎക്കും എല്ലാം ഒരുപോലെ വിമ്മിഷ്ടമുള്ള സംഗതിയാണതു്. അയാളുടെ അനുഭവങ്ങളും അങ്ങനെ തന്നെ. ജീവിതസായാഹ്നത്തിലെത്തിയിട്ടുള്ള അയാൾക്കു തന്നെ, പഴയ സംഭവങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇപ്പോഴും എന്തു വേദനതോന്നാറുണ്ടു്! അയാളുടെ വിവാഹജീവിതം ഒരു പരാജയം ആയിട്ടല്ല. അതൊരു പരാജയമാണെന്നു് ഒരിക്കലും അയാൾക്കു പറയാൻ കഴിയുകയില്ല. അസുഖകരങ്ങളായ അനുഭവങ്ങളൊന്നും അയാൾ അനുഭവിക്കേണ്ടിവന്നിട്ടില്ല. സ്നേഹംനിറഞ്ഞ ഒരു ഭാൎയ്യ. ഉമ്മിണിയമ്മ ഇന്നും അയാളെ ദൈവത്തെപ്പോലെ വിചാരിക്കുന്നു; ശുശ്രൂഷിക്കുന്നു; സ്നേഹിക്കുന്നു. അവൾകാരണം കയ്പുകളൊന്നും കണ്ണുമടച്ചു് അയാൾക്കു വിഴുങ്ങേണ്ടിവന്നിട്ടില്ല. എങ്കിലും ആദ്യകാലത്തെ അയാളുടെ സ്മരണകൾ ഉണരുമ്പോൾ ശോകം അയാളെ ആവരണം ചെയ്യാറില്ലേ? അതു നിഷേധിക്കുവാൻ അയാൾക്കു കഴിവില്ല.

പണിക്കർ അതിനെക്കുറിച്ചു പലപ്പോഴും സന്ദർഭങ്ങളിൽ വിചാരിച്ചിട്ടുണ്ടു്. അയാൾക്കു് അനുഭവപ്പെട്ട ദാമ്പത്യത്തെ അപേക്ഷിച്ചു്, ദേവകിയുമായുള്ള ജീവിതം കൂടുതൽ സുഖകരമാകുമായിരുന്നോ? എന്തോ? മറുപടി കിട്ടാത്ത പ്രശ്നങ്ങളായിട്ടാണു് അയാൾക്കതൊക്കെ തോന്നിയിട്ടുള്ളതു്. സ്വാധീനമാകാത്തതെല്ലാം കൂടുതൽ കാമ്യമായിത്തോന്നാം. മനുഷ്യന്റെ മനോഗതി അതാണല്ലോ.

തനിക്കനുഭവപ്പെട്ടിട്ടുള്ള വേദനകൾ കൃഷ്ണൻകുട്ടിക്കുണ്ടാ

കരുതെന്നു കരുതിയാണ് പണിക്കർ ആദ്യം അവനെ വിരോധിച്ചതു്. അയാളുടെ അനുശാസനങ്ങൾക്കു വഴങ്ങുകയില്ലെന്നു കണ്ടപ്പോൾ പണിക്കർ അവരെ വിവാഹബന്ധത്തിൽ ഏൎപ്പെടുത്താമെന്നു കരുതി ആരും അറിയാതെ ഒരു ആലോചന നടത്തി.

പണിക്കർ ആ സംഭവം സ്മരണയിൽ കാണുകയാണു്...

• മുപ്പത്തിനാലു വർഷങ്ങൾക്കുശേഷം പണിക്കർ അന്നാദ്യമായിട്ടാണു കൊച്ചുപുരസ്സൽ കാലുകുത്തുന്നതു്. അയാൾക്കു് പ്രായം ഇന്നു് അറുപത്തെട്ടു കഴിഞ്ഞിരിക്കുന്നു. അന്നു് ഇരുപത്തിയെട്ടും. ദേവകിയെ അവസാനമായി ഒന്നു കണ്ടതു് ആ രാത്രിയിലായിരുന്നു. കാരണവർ അയാളുടെ ആശയാനുകൂലം കാണിക്കാത്തതുകൊണ്ടു് ആറുകൊല്ലം ആ വൈരാഗ്യംകൊണ്ടു വിവാഹത്തിനു വിധേയനാകാതെ കഴിഞ്ഞു. അതിനുശേഷമാണു് ഉമ്മിണിയമ്മയുമായുള്ള വിവാഹം. പണിക്കർ അതൊക്കെ വിചാരിച്ചുകൊണ്ടു മുററത്തേക്കു കയറി. വളരെ പരിമിതങ്ങളായ ചുററുപാടുകൾ. വളന്നു പന്തലിച്ചു് മുററത്തിന്റെ കിഴക്കേ മൂലയ്ക്കു നില്ക്കുന്ന മഞ്ചാടിമരം അന്നില്ലായിരുന്നു. മറെറാരു മാററവും പുതുമയും അവിടെ കണ്ടില്ല. ആകപ്പാടെ ഒന്നു നോക്കിയപ്പോൾ അയാളുടെ ഹൃദയം ശക്തിയായി തുടിക്കാൻതുടങ്ങി. അതിന്റെ പ്രതിധ്വനി അവിടെല്ലാം വ്യാപിക്കുന്നുണ്ടെന്നു പണിക്കൎക്കു തോന്നി.

വടി ഇടിച്ചു് ഇടിച്ചു് അയാൾ പൂമുഖത്തെത്തി. അവിടെ തൂക്കിയിരുന്ന തട്ടിയിൽ പിടിച്ചു താങ്ങിക്കൊണ്ടു് ഇറയത്തു കയറി. വെയിലത്തു നടന്നുവന്നതുകൊണ്ടു് അകത്തുള്ളതൊന്നും അല്പനേരത്തേക്കു കാണാൻ കഴിഞ്ഞില്ല.

അയാൾ ഇറയത്തുതന്നെ ഇരുന്നു.

കണ്ണു തെളിഞ്ഞപ്പോൾ അയാളെ നോക്കിക്കൊണ്ടു് സമീപത്തിൽ ദേവകി നില്ക്കുന്നതാണു കണ്ടതു്. അയാൾ ചെറുതായി ഒന്നു ഞെട്ടി. ഹൃദയം കൂടുതൽ വേഗത്തിൽ തുടിച്ചു. തളർച്ച ബാധിക്കുന്നതുപോലെ ഒരു തോന്നൽ. ഒന്നും പ്രകടമാകരുതെന്നു് അയാൾ മനഃപൂർവ്വം കരുതി പെരുമാറി.

പടിക്കൽ പണിക്കരുടെ നിഴൽ കണ്ടപ്പോൾ ദേവകി പൂമുഖത്തേക്കു വന്നതാണു്. അയാളുടെ വരവുനോക്കി അവൾ

അവിടെ നിൽക്കുകയായിരുന്നു. മുപ്പത്തിനാലു വർഷങ്ങൾക്കു മുമ്പാണു് അവൾ അയാളെ നേരിട്ടൊന്നു നോക്കിയതു്. അന്ന യാൾ യുവകോമളനായിരുന്നു. ഇന്നു് കാലം കശക്കിപ്പിഴി ഞ്ഞെടുത്ത ഒരു വൃദ്ധൻ.

അവക്കു രണ്ടുപേക്കുംതന്നെ എന്തെല്ലാം വ്യത്യാസങ്ങൾ വന്നിട്ടുണ്ടു്. അയാൾ ഒരു കുടുംബത്തിന്റെ കേന്ദ്രം. അവൾ ഒരു വിധവ. അവർ ആശിച്ചതെല്ലാം വെറും അത്ഥമില്ലാശ്ശ കൾ. ആരുടെയും ആശാനൈരാശ്യങ്ങളെ ഗണ്യമാക്കാതെ അതൊക്കെ സംഭവിച്ചു.

ദേവകിയുടെ ഭത്താവു മരിച്ചിട്ടു പതിമ്മൂന്നുകൊല്ലം കഴി ഞ്ഞിരിക്കുന്നു. ലക്ഷ്മിക്കു് അന്നു് ഏഴു വയസ്സുണ്ടു്. ഇന്നു മക ളുമായി ജീവിതം നയിക്കുന്ന ദേവകിയുടെ മിത്രങ്ങൾ പൂവ്വകാ ലസ്മരണകൾ മാത്രമാണു്.

പണിക്കരും ദേവകിയും പരസ്പരം നോക്കി. അവരുടെ കണ്ണുകൾ നിറഞ്ഞു. തോളിൽ കിടന്നിരുന്ന തോത്തുകൊണ്ടു ദേ വകി അശ്രുകണങ്ങൾ തുടച്ചു. നിയന്ത്രിച്ചിട്ടും നിൽക്കാതെ പുറത്തുവന്ന കണ്ണുനീർ അറിയാതിരിക്കാൻ പണിക്കർ പതു ക്കെ തലതിരിച്ചു വെളിയിലേക്കു നോക്കിയിരുന്നു.

നീണ്ട നിശ്ശബ്ദത.

എത്ര ഭാരമേറിയ അന്തരീക്ഷം! അതിൽ ഇങ്ങനെ അ ന്തമില്ലാതെ ഇരുന്നാൽ ശ്വാസംമുട്ടി മരിച്ചുപോകുമെന്നു തോന്നി.

"ഞാൻ വന്നതു്..." പണിക്കരുടെ അധരങ്ങൾ ചലി ച്ചു. ദേവകി അനങ്ങിയില്ല.

"ഞാൻ...വന്നതു്..." ശക്തി സംഭരിച്ചുകൊണ്ടു് അ യാൾ തുടന്നു. തുടങ്ങാനുണ്ടായിരുന്ന വിമ്മിഷ്ടം തീന്നപ്പോൾ അറിയിക്കാനുള്ള ആശയങ്ങൾ പുറത്തുവന്നു. "ഞാൻ വന്നതു് ഒരു കായ്യം പറയാനാണു്."

"കായ്യം പറഞ്ഞിട്ടു് അന്നു പോയതല്ലേ?" ഗൽഗദത്തോ ടെ ദേവകി സംസാരിച്ചു, "അതിൽപിന്നെ..."

ഇടിയേറ്റപോലെ പണിക്കർ നിശ്ചേതനനായിപ്പോയി.

"അതിൽപിന്നെ പറയാനുള്ളതു് ഇപ്പോഴായിരിക്കും ഉ ണ്ടായതു്." ഗൽഗദത്തിൽ മുങ്ങിപ്പൊങ്ങിവന്നിരുന്ന അവ

ളുടെ വാക്കുകളിൽ അവജ്ഞയായിരുന്നു അധികമുണ്ടായിരുന്നതു്. അവൾ ഒരു വശത്തേക്കു നോക്കിക്കളഞ്ഞു.

"കഴിഞ്ഞതൊക്കെ കഴിഞ്ഞു." അയാൾ പതുക്കെ പറഞ്ഞു.

"എനിക്കു് ഒന്നും കഴിഞ്ഞിട്ടില്ല." ദേവകിയുടെ ഇടയ്ക്കു കയറിയുള്ള മറുപടി അയാളെ നിശ്ശബ്ദനാക്കി. "ആണുങ്ങൾക്കു് എല്ലാം മറക്കാനൊക്കും; അവൾക്കാവശ്യമില്ലാത്തതു്." ദേവകി ഉറപ്പിച്ചാണു പറഞ്ഞുനിറുത്തിയതു്.

"ഇനിയും അതൊക്കെ പറഞ്ഞിട്ട കാര്യമില്ല." പണിക്കരുടെ വിറയ്ക്കുന്ന ചുണ്ടുകളിൽനിന്നു വാക്കുകൾ അടന്നുവീണതു് അയാൾ അറിയാതെയാണു്.

"കാര്യമില്ലായിരിക്കും. എങ്കിലും ഓർമ്മിക്കാതിരിക്കുന്നതെങ്ങനെ?"

"രണ്ടുപേരും രണ്ടു ജീവിതങ്ങൾ..."

"എനിക്കു മററു നിവൃത്തിയില്ലാതെവന്നിട്ടാണു്..."

"ആയിരിക്കാം. എങ്കിലും ഇനിയൊന്നും മറിച്ചെഴുതാൻ സാദ്ധ്യമല്ല..."

"മറിച്ചെഴുതണമെന്നു പക്ഷമില്ല...ആശയുമില്ല." സഗൽഗദം ദേവകി പറഞ്ഞു.

വീണ്ടും നിശ്ശബ്ദത. ഭാരമേറിയ നിശ്ശബ്ദത. പൂമുഖത്തിൻെറ തട്ടിൽനിന്നു് ഒരു പല്ലി പിടിവിട്ടു നിലത്തുവീണു. അവരുടെ മുമ്പിൽ സൗരയൂഥത്തിനപ്പുറത്തുനിന്നെവിട്ടുന്നോ ഒരു നക്ഷത്രം അടന്നു ഭൂമിയിൽ പതിച്ചമാതിരി അതിൻെറ ശബ്ദം അവിടെ പ്രതിധ്വനിച്ചപോലെ തോന്നി. പണിക്കരും ദേവകിയും അതിനെ അർത്ഥമില്ലാതെ നോക്കിക്കൊണ്ടിരുന്നു. അല്പനേരം അനങ്ങാതെ കിടന്നിട്ടു് ആ പല്ലി ഓടിപ്പോയി.

"ഇതുപോലെയാണു എൻെറ ജീവിതം," ഒരു നെടുവീർപ്പോടെ ദേവകി ഒടുവിൽ പറഞ്ഞു, "ആശകളിൽനിന്നു നിലംപതിച്ച ഞാൻ മരിച്ചില്ല. നിലത്തുതന്നെ മറെറാരു ജീവിതം ആരംഭിച്ചു." ദേവകി തിരിഞ്ഞു മുറിയിലേക്കു പോയി. പണിക്കരും അയാളുടെ ചിന്തകളും തനിച്ചായി.

പണിക്കരുടെ ശ്രദ്ധ ഒന്നിലും ഉറച്ചുനില്ക്കുന്നില്ല. ദേവകി പറഞ്ഞ വേദനിപ്പിക്കുന്ന വാക്കുകൾ അയാളെ വല്ലാതെ ഉല

ച്ചിട്ടുണ്ട്. സമാധാനം പറയാൻ യാതൊന്നുമില്ല. ന്യായാധിപന്റെ മുമ്പിൽ നില്ക്കുന്ന അയാളെ നോക്കി സർവ്വപ്രപഞ്ചവും വിരൽചൂണ്ടിക്കൊണ്ടു പറയുകയാണ്, 'കുററവാളി', 'കുററവാളി' എന്നു്! ഒരിക്കൽ ചെയ്തുപോയ അപരാധം അനുദിനം അനുധാവനംചെയ്യുമെന്നു് അയാൾ പഠിച്ചു. പക്ഷേ, ഇതുകൊണ്ടെന്തു പ്രയോജനം? ഇനി അതറിഞ്ഞതുകൊണ്ടു് എന്തു പരിഷ്കാരം വരുത്താനൊക്കും അയാളുടെ ജീവിതത്തിൽ? സായാഹ്നസമയത്തു് സകലതിനേയും അന്ധകാരം അനുനിമിഷം ആവരണംചെയ്തുകൊണ്ടിരിക്കുമ്പോൾ, ദിവസമെല്ലാം വെറുതേപോയെന്നറിയുന്നതുകൊണ്ടെന്തു ഫലം?

ഒരു പിഞ്ഞാണക്കപ്പു നിറച്ചു മോരുംവെള്ളം പണിക്കരുടെ അരികിൽകൊണ്ടുവച്ചിട്ടു് ദേവകി മാറിനിന്നു. അയാൾ അതെടുത്തു് ഒററ ശ്വാസത്തിനു കുടിച്ചു. ഹൊ! എന്തൊരാശ്വാസം! നല്ലതുപോലെ പുളിച്ച മോരു് പണ്ടേ അയാൾക്കു് അമൃതാണു്.

"ഒന്നാന്തരം," ചുണ്ടിൽ പററിപ്പിടിച്ചിരുന്ന അവശിഷ്ടങ്ങൾ നക്കിത്തുടച്ചുകൊണ്ടു് അയാൾ പതുക്കെപ്പറഞ്ഞു.

"ഇനി വന്ന കാര്യം പറയണം," ദേവകി കാര്യത്തിലേക്കു കടന്നു.

"ലക്ഷ്മി പള്ളിക്കൂടത്തിൽ പോയിരിക്കുകയല്ലേ?"

"അതെ."

"ഇവിടെ മററാരുണ്ടു് കൂട്ടിനു്?"

"കൂട്ടിനുണ്ടായിരുന്നവരൊക്കെ പോയി." ഒരു ദീർഘനിശ്വാസം. "ജോലിക്കൊരു പെണ്ണുണ്ടു്—ജാനകി."

"തനിച്ചിങ്ങനെ തുടരണോ?"

"ആശയുണ്ടായിട്ടാണോ ഇതൊക്കെ..."

"ലക്ഷ്മി പഠിക്കുന്നതു് ഉദ്യോഗത്തിനൊന്നും പോകാനല്ലല്ലൊ. അവൾക്കേതാണ്ടൊക്കെ പ്രായവുമായില്ലേ?'.

"അതൊക്കെ അവളുടെ ഇഷ്ടം."

"എങ്കിലും നമ്മളു ചിലതൊക്കെ പറയാൻ കടപ്പെട്ടവരല്ലേ? അതുപോലെ കല്യാണ..."

"ഞാനതൊന്നും പറഞ്ഞിട്ടില്ല. അവളുടെ അച്ഛൻ

ജീവിച്ചിരിക്കുമ്പോൾ അവളെ കോളജിൽ പഠിപ്പിക്കണമെന്നു പറയാറുണ്ടായിരുന്നു.''

''കൃഷ്ണൻകുട്ടിയും അവളും തമ്മിൽ...''

''ഇഷ്ടമാണെന്നും മററും ഞാൻ അറിഞ്ഞിട്ടുണ്ടു്. തടഞ്ഞിട്ടുമുണ്ടു്. എന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ വളരെ ഉപദേശിച്ചുനോക്കിയിട്ടുണ്ടു്.''

''നമുക്കുണ്ടായ വിഷമതകൾ മററുള്ളവരുടെ ഇടപെടൽകൊണ്ടല്ലേ. നാം അനുഭവിക്കാൻ ഇടയായ വേദനകൾ അവക്കുണ്ടാകാതിരിക്കാൻ നാം വിചാരിച്ചാൽമതി.''

''കഴിഞ്ഞ കഥകൾ പുതിയ തലമുറയിലും ആവത്തിക്കപ്പെട്ടുകയില്ലെന്നാരു കണ്ടു?''

''ആവത്തിക്കപ്പെടാനിടവരുത്തരുതെന്നു് അപേക്ഷിക്കാനാണു ഞാൻ വന്നതു്. അവരൊന്നിച്ചു ജീവിക്കുന്നതിനു് ഒരുക്കാം...''

''വേണ്ട. അതൊന്നും വേണ്ട.''

''അവർ വിവാഹിതരായി ജീവിക്കുന്നതു കാണാൻ ഇടയായാൽ...''

''വിവാഹമോ? അവർ തമ്മിലോ?''

''അതെ! അതെനിക്കു പൂണ്ണസമ്മതമാണു്. ഇവിടത്തെ അഭിപ്രായം അറിയാൻ...അതിനുവേണ്ടി ശ്രമിക്കാനാണു ഞാൻ വന്നതു്.''

''ഒരിക്കലും ഞാനതിനു സമ്മതിക്കുകയില്ല.''

''നാം തമ്മിൽ നടക്കാതിരുന്നതു് അവർ തമ്മിൽ നടന്നാൽ, കഴിഞ്ഞ തെററിനു തിരുത്താകയില്ലേ?''

''ഇല്ല,'' ദേവകി വളരെ തന്റേടത്തോടെയാണതു് നിഷേധിച്ചതു്.

''ദേവകി അതിനനുകൂലിക്കുകയില്ലേ?''

''ഇല്ല.''

പണിക്കർ ആലോചനയിലായി. അതിനെക്കുറിച്ചു് ഇനി വാദിച്ചിട്ടു് ഫലമില്ലെന്നയാൾക്കു തോന്നി. ദേവകി ഇത്ര നിഷേധിച്ചു് സംസാരിക്കുമെന്നു കരുതിയതല്ല.

''എന്നോടുള്ള വൈരാഗ്യമാണോ?''

"ആണെങ്കിലും അല്ലെങ്കിലും അവളെ വിവാഹം ചെയ്യാൻ നല്ല ആളെ കിട്ടും."

പണിക്കർ ഞെട്ടി.

ലക്ഷ്മി സുന്ദരിയാണ്. വിദ്യാഭ്യാസമുള്ളവളാണ്. സമ്പന്നയുമാണ്. അവളെ വിവാഹം ചെയ്യാൻ ആളുകൾ ഓടി എത്തും.

കൃഷ്ണൻകുട്ടിയോ? മറ്റുള്ളവർ ആശിക്കത്തക്കതായി അവനെന്തുണ്ട്? സ്വന്തമായിട്ടൊരു തൊഴിലുണ്ടോ? മുതലുണ്ടോ? വിദ്യാഭ്യാസമുണ്ടോ? പഴയ കുടുംബമാണ്. ആഭിജാത്യവും അന്തസ്സും മാത്രം മുതലുള്ളതുകൊണ്ട് ഒരു നല്ല വരനാകുമോ? സ്വന്തം നിലയിൽ ഒരു കുടുംബം പുലർത്താൻ കഴിവുണ്ടോ?

എങ്കിലും തന്റെ മുഖത്തുനോക്കി അടിച്ചതുപോലെ ദേവകി അതു പറഞ്ഞപ്പോൾ പണിക്കർക്ക് വല്ലാത്ത വിഷമം തോന്നി. അയാളുടെ അഭിമാനം ആകപ്പാടെ ക്ഷതപ്പെട്ടതുപോലെ തോന്നി.

"അപ്പോൾ ഈ വിവാഹത്തിനു ദേവകിക്കിഷ്ടമില്ല?" അയാൾ ആവർത്തിച്ചു ചോദിച്ചു.

"ഇല്ല. ഞാനിരിക്കുമ്പോൾ എന്റെ അനുവാദത്തോടും അംഗീകാരത്തോടും ഇതു നടക്കുകയില്ല." അവളുടെ പരമ്പരാഗതമായ കുലീനത്വം തെളിഞ്ഞു കാണത്തക്കവണ്ണമായിരുന്നു ദേവകി അതു പറഞ്ഞുനിറുത്തിയതു്.

"ഞാൻ ഇറങ്ങട്ടെ," പണിക്കർ തട്ടിൽനിന്നെഴുന്നേററു. അടുത്തുവെച്ചിരുന്ന വടിയും എടുത്തുകൊണ്ട് അയാൾ മുററത്തിറങ്ങി. ദേവകി ഒന്നും പറഞ്ഞില്ല. അയാളുടെ പോക്കു നോക്കിക്കൊണ്ട് അവൾ ഇറയത്തു തട്ടിയിൽ പിടിച്ചുകൊണ്ടു നിന്നു...

ഈ ചിത്രങ്ങളൊക്കെ പണിക്കരുടെ ഹൃദയത്തിൽ ഇന്നലെ നടന്നമാതിരി ജീവൻപ്രാപിച്ചു തെളിഞ്ഞു.

അന്ന് അയാൾ എടുത്ത പ്രതിജ്ഞയാണ് കൃഷ്ണൻകുട്ടി കൊച്ചുപുരയ്ക്കൽ കാലുകുത്തിക്കൂടായെന്ന്. അയാളുടെ അന്തസ്സിന്റെ പേരിൽ, അഭിമാനത്തിന്റെ പേരിൽ അവൻ അവിടെ കയററരുതു്. ആ ആജ്ഞ നിഷേധിക്കുന്നതു് അയാളുടെ സകലതും നിഷേധിക്കുന്നതിനൊപ്പമാണ്. അന്ന് അയാൾ

കൃഷ്ണൻകുട്ടിയെ ശാസിച്ചു. പക്ഷേ, ആ ശാസന അവനെന്തുകൊണ്ട് അനുസരിക്കുന്നില്ല? അതു നിഷേധിച്ചു ലക്ഷ്മിയുമായി എത്ര പ്രാവശ്യം അവൻ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്? ഇന്നിതാ അവൻ അങ്ങോട്ടു കയറുന്നതു് കണ്ണുകൊണ്ടുതന്നെ കണ്ടിരിക്കുന്നു. അയാൾ ജ്വലിക്കാതിരിക്കുന്നതെങ്ങനെ?

ഇറയത്തിരുന്നുകൊണ്ടു് അയാൾ വീണ്ടും വിയർപ്പുതുള്ളികൾ വിരൽകൊണ്ടു വടിച്ചുകളഞ്ഞു. തട്ടിയിൽ കിടന്നിരുന്ന തോർത്തുമുണ്ടു് ആകപ്പാടെ ശരീരം തോർത്തി. ഉഷ്ണം ശമിക്കാൻ അതുകൊണ്ടുതന്നെ വീശിക്കൊണ്ടു കിഴക്കോട്ടുനോക്കിയിരുന്നു.

"പ്രാതല്ല് വിളമ്പി." ഉമ്മിണിയമ്മയുടെ സംസാരം കേട്ടാണു് അയാൾ ഉണർന്നതു്.

നിഴൽകൊണ്ടു കിഴക്കേമുററം മൂടിക്കഴിഞ്ഞു. നാലുമണിയോളമായിരിക്കണം. പത്തുമണിയോടുകൂടി അവിടെ അവർ വല്ലതും കഴിച്ചതാണു്. അവരുടെയെല്ലാം ശ്രദ്ധ മററു പൊള്ളുന്ന പ്രശ്നങ്ങളിലായിരുന്നു. വിശപ്പും ക്ഷീണവുമൊന്നും പണിക്കർ അറിഞ്ഞില്ല. അതിനെക്കാൾ തീക്ഷ്ണമായ കാര്യങ്ങൾ കരളിൽകിടന്നു പൊരിയുമ്പോൾ വിശപ്പും ദാഹവുമൊക്കെ എവിടെ?

വാതംകൊണ്ടു് നേരെ നിവരാത്ത മുട്ടുകൾ താങ്ങിപ്പിടിച്ചുകൊണ്ടു് പണിക്കർ ഉമ്മിണിയമ്മയെ പിൻതുടർന്നു് അടുക്കളയിലേക്കു സാവധാനത്തിൽ നടന്നു.

ആറു്

മുററത്തു നടക്കുന്ന കാലൊച്ചകേട്ടു് ദേവകി അകത്തുനിന്നു വെളിയിലേക്കു നോക്കി.

"ആരാ?"

"അറിയാത്തവരാണു്."

"ഇങ്ങോട്ടടുത്തുവന്നാട്ടെ," ദേവകി മുററത്തുനിന്നിരുന്നവരെ സൂക്ഷിച്ചു പരിശോധിച്ചു. മുമ്പെങ്ങും കണ്ടു പരിചയമുള്ളവരാരുമല്ല.

"സൂക്ഷിച്ചുനോക്കേണ്ട. അമ്മ ഞങ്ങളെ അറിയുകയില്ല." അവിടെ നിന്നിരുന്നവരിൽ ഒരാൾ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഇങ്ങോട്ടു കയറിയിരിക്കാം," ദേവകി സ്നേഹപൂർവ്വം അവരെ പൂമുഖത്തേക്കു ക്ഷണിച്ചു. ആഗതന്മാർ രണ്ടുപേരും അവിടെ കയറി നിവർത്തിട്ട പുല്പായയിൽ ഇരുന്നു.

"എവിടുന്നാ?" ദേവകി ചോദിച്ചു.

"ഇവിടത്തുകാരൊന്നുമല്ല. ഇന്നലെ ഈ നാട്ടിലെത്തിയതാണ്. പോകുന്നതിനു മുമ്പ് ഇങ്ങോട്ടൊന്നു വന്നെന്നേയുള്ളു."

പൂമുഖത്ത് ആളുകളുടെ സംസാരംകേട്ട് ആരാണെന്നറിയാൻ അകത്തുനിന്ന ലക്ഷ്മി പുറത്തുവന്നു.

"എന്താ കാര്യം?" ദേവകി ആഗതരോട്ട് കുശലം പറഞ്ഞു.

"അമ്മയേയും ലക്ഷ്മിയേയും കണ്ടു് ചിലതു സംസാരിക്കാമെന്നു കരുതി." രംഗത്തു വന്നുനിന്ന ലക്ഷ്മിയെ നോക്കിക്കൊണ്ടാണ് അയാൾ സംസാരിച്ചതു്. സുമുഖനായ യുവാവാണ് അതു പറഞ്ഞതു്. അയാളോടൊത്തുണ്ടായിരുന്ന മറേറ ആൾ സ്നേഹിതനായിരിക്കണം.

"ഇതെൻറ സ്നേഹിതനാണ്. ഈ നാടൊക്കെ അറിയാവുന്നവനാണ്."

"എന്താ പേരു്?"

"ഇയാളുടെ പേരു് രാമചന്ദ്രൻ." കൂട്ടുകാരന്റെ തോളിൽ തട്ടിക്കൊണ്ടു് അയാൾ പറഞ്ഞു. "എന്നെ ലക്ഷ്മി കേട്ടിട്ടുണ്ടായിരിക്കും." ലക്ഷ്മിയുടെ നേക്ക് ഒരു നോട്ടം എറിഞ്ഞിട്ട് അയാൾ ഒന്നു പുഞ്ചിരിച്ചു.

"ലക്ഷ്മി അറിയുമോ മോളെ?" ദേവകി ലക്ഷ്മിയോടു തിരിഞ്ഞു ചോദിച്ചു.

"അറിയാമമ്മേ," ചെറുതായി ലജ്ജിച്ചുകൊണ്ടു ലക്ഷ്മി തല കുനിച്ചു.

നാടകരംഗത്തു നല്ല പേരുള്ള സോമനെ അറിയാത്തവർ ചെറുപ്പക്കാരുടെ ഇടയിൽ കുറവാണ്. ലക്ഷ്മിയും അയാളെ കേട്ടറിഞ്ഞിട്ടുണ്ടു്. അയാളുടെ പടങ്ങൾ പല പ്രസിദ്ധീകര

ണങ്ങളിലും കണ്ടിട്ടുണ്ട്. അടുത്തു കണ്ടിട്ടില്ലെങ്കിലും അയാളെ നല്ല പരിചയം ഉള്ളതുപോലെ തോന്നി.

ചുരുണ്ട തലമുടി ഭംഗിയായി ചീകി ഒതുക്കിവച്ചിട്ടുണ്ട്. തിളക്കമുള്ള കണ്ണുകൾക്കു നല്ല പ്രകാശം തോന്നിക്കും. രക്തപ്രസന്നത കളിയാടുന്ന മുഖം. മാർബിൾപ്രതിമകളിൽ കൊത്തിവച്ചിട്ടുള്ളമാതിരി അഴകുള്ള നീണ്ട നാസിക. അതിനു താഴെ ഭംഗിയായി വെട്ടി നിറുത്തിയിട്ടുള്ള മേൽമീശ. ആകാരമൊത്ത ശരീരം. പരിഷ്കാരമുള്ള അംഗചേഷ്ടകൾ. യുവാവായ സോമൻ സുന്ദരനാണെന്നു് ഒററ നോട്ടത്തിനു് ആരും സമ്മതിക്കും.

കഴിഞ്ഞ രാത്രിയിൽ സോമൻെറ കമ്പനിക്കാരുടെ നാടകം ആ ഗ്രാമത്തിലെ ചന്തക്കു സമീപം ഉള്ള കൊട്ടകയിൽ നടന്നിരുന്നു. അതു കാണാൻ ദേവകിയും ലക്ഷ്മിയും പോകുകയും ചെയ്തു. വളരെയധികം ആളുകൾ തടിച്ചുകൂടിയിരുന്നു.

നാടകത്തോടു വല്ലാത്ത ഭ്രമമാണു ലക്ഷ്മിക്കു്. സോമൻെറയും കൂട്ടുകാരുടെയും നാടകം അവിടെ ഉണ്ടെന്നറിഞ്ഞപ്പോൾ അപൂർവ്വമായി ആ ഗ്രാമത്തിൽ വന്നുചേർന്ന സന്ദർഭം പാഴാക്കരുതെന്നു ലക്ഷ്മി വിചാരിച്ചു. അമ്മയെ നിർബന്ധിച്ചു് അതു കാണാൻ നേരത്തെ കൊട്ടകയിലെത്തി. മുൻവരിയിൽത്തന്നെ ഇരുപ്പു പിടിക്കുകയും ചെയ്തു. മകളുടെ വല്ലാത്ത നിർബന്ധം കൊണ്ടാണു ദേവകി അതിനു തുനിഞ്ഞതു്. പോരെങ്കിൽ മകളുടെ ആശകൾ അവൾക്കു് ഉത്തരവുകളാണുതാനും.

"ഇന്നലത്തെ നാടകത്തിനു് ഇവരെല്ലാമായിരുന്നമ്മേ." ലജ്ജ അടക്കിക്കൊണ്ടു ലക്ഷ്മി അമ്മയെനോക്കി പറഞ്ഞിട്ടു് ഒന്നു മന്ദഹസിച്ചു.

"ഓഹോ. നാടകത്തിൽ വരുന്നോരെ പിന്നെ വെറുതെ കണ്ടാൽ ഞാൻ തിരിച്ചറിയത്തില്ല," ദേവകി പറഞ്ഞിട്ടു ചിരിച്ചു.

"എന്നും വേഷംകെട്ടി നടക്കുന്നവരെ വേഷമില്ലാതെ കണ്ടാൽ അറിയാൻ വിഷമംതന്നെ." സോമൻ പൊട്ടിച്ചിരിച്ചു. അവരെല്ലാം ആ ചിരിയിൽ പങ്കുകൊണ്ടു.

"പിന്നെ ഞങ്ങളൊക്കെ നാട്ടുമ്പുറത്തുകാരുമല്ലേ?" ദേവകി പറഞ്ഞു.

"വന്ന കാര്യം പറയൂ സോമാ," രാമചന്ദ്രൻ പതുക്കെ സോമനെ ഓർമ്മപ്പെടുത്തി. നേരമ്പോക്കു പറഞ്ഞുകൊണ്ടിരുന്നാൽ ഒരന്തവുമില്ലെന്നു രാമചന്ദ്രനറിയാം.

"ഞങ്ങൾ വന്ന കാര്യം..." സോമൻ തുടങ്ങി.

"പറയണം..." ദേവകി അറിയാനുള്ള അത്യാശയോടെ പറഞ്ഞു.

"ഞങ്ങളുടെ നാടകത്തിനു പുതിയതായി ചിലരെയൊക്കെ എടുക്കണമെന്നുണ്ട്. അതിൽ ചേരാൻ ലക്ഷ്മിക്ക് ആശയും സമ്മതവുമുണ്ടെങ്കിൽ...സൗകര്യമുണ്ട്..."—അപ്രതീക്ഷിതമായിരുന്നു അതു്. ദേവകി ഭിത്തിയിൽ ചാരിനിന്നിരുന്ന മകളെ നോക്കി.

"കാളേജിൽ ലക്ഷ്മി അഭിനയിച്ച ചില നാടകങ്ങൾ കാണാൻ എനിക്കു സാധിച്ചിട്ടുണ്ട്. നല്ല കലാബോധമുള്ള ലക്ഷ്മിയെപ്പോലെയുള്ളവരെയാണു ഞങ്ങൾക്കാവശ്യം," സോമൻ പുഞ്ചിരിച്ചുകൊണ്ടാണു പറഞ്ഞതു്.

"കാളേജിൽവച്ച് അവളു നാടകം കളിച്ചോ? നേരാണോ മോളെ?"

ദേവകി ഇതുവരെ അറിഞ്ഞിരുന്നില്ല. ലക്ഷ്മി മനഃപൂർവ്വം പറയാതിരുന്നതുമാണ്.

"ഒന്നാംതരമായിരുന്നു ലക്ഷ്മിയുടെ അഭിനയം," സോമൻ ഇടയ്ക്കുകയറി പറഞ്ഞു.

"വാസ്തവമാണ്. പലരും പറഞ്ഞു." രാമചന്ദ്രൻ സോമനെ തെളിവുസഹിതം പിൻതാങ്ങി.

ലക്ഷ്മി ലജ്ജകൊണ്ടു തലതാഴ്ത്തി നിന്നു. അവരുടെ പുകഴ്ത്തൽ കേട്ട് അവൾ അഭിമാനിച്ചു. അതു പുറത്തു വ്യക്തമാക്കിയില്ലെന്നുമാത്രം.

"അന്നുമുതൽ വിചാരിക്കുന്നതാണ് ഇപ്പോൾ പറഞ്ഞ കാര്യം ഒന്നന്വേഷിക്കണമെന്നു്. ഇന്നലെ നാടകത്തിനു കൊട്ടകയിൽ ലക്ഷ്മിയെ കണ്ടപ്പോൾ തിരക്കി. അങ്ങനെ ഇവിടെ എത്തിയതാണ്." സോമൻ ആകർഷകമായ വിധത്തിലാണു സംസാരിച്ചതു്. അയാളുടെ ചേഷ്ടകൾക്കും അംഗവിക്ഷേപങ്ങൾക്കുപോലും ഒരു അഴകുണ്ട്.

"ഇതൊക്കെ പ്രധാനപ്പെട്ട കാര്യങ്ങളല്ലേ," ദേവകി പറഞ്ഞു. ദേവകി ചെറുതായി പതറുന്നുണ്ടായിരുന്നു.

"ഒട്ടും ധിറുതിയില്ല. ആലോചിച്ച് അറിയിച്ചാൽ മതി." സോമൻ ഇടയ്ക്കുകയറി തിട്ടുക്കത്തിൽ തിരുത്തി.

"എന്നാണെങ്കിലും ഞങ്ങൾക്കു സമ്മതമാണു്." രാമചന്ദ്രൻ ചിരിച്ചു.

"അവൾ പഠിച്ചുകൊണ്ടിരിക്കുകയല്ലേ?"

"അതിനെന്തു്? നല്ല ഭാവിയുള്ള തൊഴിൽ."

"വളരെ പഠിപ്പിച്ചു മിടുക്കിയാക്കണമെന്നായിരുന്നു അവളുടെ അച്ഛന്റെ ആശ."

"അന്തസ്സും പേരും ആദായവും ഒരുപോലുള്ള തൊഴിലിൽ സന്ദർഭം കിട്ടുന്നതു വളരെ വിരളമാണു്. ലക്ഷ്മിയുടെ അഭിപ്രായം എന്താണു്?"

അവൾ ലജ്ജിച്ചു തല താഴ്ത്തി ചിരിച്ചുകൊണ്ടു നിന്നതേയുള്ളു.

"സമയംപോലെ ആലോചിച്ചു തീരുമാനിക്കുക. ഈ നാട്ടിൽ വന്നപ്പോൾ ഇവിടെവന്നു ക്ഷണിക്കണമെന്നു തോന്നി."

സോമനും രാമചന്ദ്രനും എഴുന്നേററു.

"ഞങ്ങൾ ഇറങ്ങട്ടെ. ഇതാ ഈ മേൽവിലാസത്തിൽ അറിയിച്ചാൽ മതി."

ഒരു തുണ്ടുകടലാസ് സോമൻ കീശയിൽനിന്നെടുത്തു ദേവകിയുടെ കൈയിൽ കൊടുത്തു. "എന്നാൽ..." തൊഴുകൈയോടെ അവർ യാത്രപറഞ്ഞു.

സോമൻ കൊടുത്ത കടലാസുതുണ്ടു് അമ്മയുടെ കൈയിൽനിന്നു ലക്ഷ്മി വാങ്ങി വായിച്ചു; "മാസ്റ്റർ സോമൻ, ജനതാ നാടകഅക്കാഡമി, കോട്ടയം."

"ഇതാരാ മകളെ ഇവരു്?" കടലാസു നോക്കിക്കൊണ്ടിരുന്ന ലക്ഷ്മിയോടു ദേവകി ചോദിച്ചു.

"വല്യ ആളാണു്. ഇവരുടെ നാടകങ്ങളാണു് ഏററവും പ്രസിദ്ധിയുള്ളതു്. അദ്ദേഹം ഒന്നാന്തരം നടനാണു്."

"ആരു്?"

"സോമൻ എന്ന ആളു്."

"ഓഹോ. ഈ നാടകമൊന്നും നമുക്കു ചേർന്നതല്ല മോളെ. നാട്ടനീളെ നടക്കാൻ മാനമൊള്ളോരാരും പോകത്തില്ല"—ദേവകി നേരത്തെ അഭിപ്രായം രേഖപ്പെടുത്തി. അതു കരുതിക്കൂട്ടി ചെയ്തതുമായിരുന്നു. മകളുടെ മനോഭാവം സ്പഷ്ടമാകുന്നതിനു മുമ്പായിരിക്കുന്നതു നന്നായിരിക്കുമെന്നു വിചാരിച്ചു.

"ഇപ്പോഴങ്ങനെയൊന്നുമല്ലമ്മേ. നല്ല വീട്ടും വിലയുമുള്ളവരാണ് അധികവും ഇന്നു നാടകത്തിനിറങ്ങുന്നെ," ലക്ഷ്മി സാവധാനത്തിൽ അമ്മയുടെ അഭിപ്രായത്തെ ഖണ്ഡിച്ചു.

"എന്തായാലും ഇവരുമൊക്കെ ഒന്നിച്ചുള്ള പെരുമാററമായിരിക്കുമല്ലോ." ദേവകി പറഞ്ഞു.

"അതൊക്കെ അവനവൻെറ നിലയും മനോഭാവവും പോലെ ഇരിക്കും. ചീത്തയാകാനുള്ളത് എവിടെ ആയാലും ചീത്തയാകും."

"നമുക്കു നന്നല്ല മോളെ ഇതൊന്നും."

ലക്ഷ്മി ഒന്നും മിണ്ടിയില്ല. ഒരിക്കലും ദേവകി ഇങ്ങനെ മകളുടെ കാര്യത്തിൽ ഒരു തീരുമാനമെന്ന നിലയിൽ പറഞ്ഞിട്ടില്ല. ഉപദേശിച്ചിട്ടുമില്ല.

ലക്ഷ്മിക്ക് ഒരു നടിയുടെ ജീവിതം വളരെ ആകർഷകമായി തോന്നി. അതിനുള്ള സന്ദർഭം ഉണ്ടായല്ലോ എന്നോർത്ത് അവൾ ആഹ്ലാദിച്ചതാണ്. അതെല്ലാം അമ്മയുടെ ആനുകൂല്യമില്ലായ്മമൂലം അവസാനിച്ചേക്കുമെന്ന് അവൾ ഭയപ്പെട്ടു. അവളുടെ മുഖത്തെ പ്രസന്നത മാഞ്ഞു് ശോകച്ഛായ അതിൽ വീശിത്തുടങ്ങി.

മകളുടെ ഭാവവ്യത്യാസം കണ്ടുകൊണ്ടുതന്നെയാണു ദേവകി അവിടെ ഇരുന്നതു്. മുമ്പൊരിക്കലും അമ്മയും മകളും തമ്മിൽ ഇങ്ങനെ ഒരു അഭിപ്രായഭിന്നതയിൽ എത്തിച്ചേർന്നിട്ടില്ല. ഒരുപക്ഷേ, ലക്ഷ്മി അവളെ അനുസരിക്കാതിരുന്നാൽ...

"എന്താ മകളെ നീയൊന്നും മിണ്ടാത്തതു്?" ഒടുവിൽ ദേവകി മകളെനോക്കി ചോദിച്ചു.

"ഞാൻ പറയുന്നതൊന്നും ഇഷ്ടമില്ലെങ്കിൽ മിണ്ടാതിരിക്കുന്നതല്ലേ നല്ലതു്." നീരസത്തോടെയാണു ലക്ഷ്മി അതു പറഞ്ഞതു്:

"നീ പറയുന്നതെന്തെങ്കിലും ഞാൻ തടഞ്ഞിട്ടുണ്ടോ മോളേ?"

"എനിക്കെന്തിഷ്ടമാണിതു്!"

"ഇഷ്ടംമാത്രം നോക്കിയാൽ മതിയോ? നമ്മുടെ നാട്ടിൽ നാടകക്കാരെന്നു പറഞ്ഞാൽ, എന്തു നാണക്കേടാ മോളേ."

"എല്ലാം മറ്റുള്ളവരുടെ അഭിപ്രായം നോക്കിയിട്ടാണോ ചെയ്യുന്നതു്? ലോകരെയൊക്കെ തൃപ്തിപ്പെടുത്താൻ ആക്കു സാധിക്കും?"

"നീയൊന്നു നല്ലതുപോലെ ആലോചിച്ചുനോക്കു്."

"എനിക്കൊന്നുമാലോചിക്കാനില്ല. ഞാനെന്നും ലോകം കാണാതെ ഇവിടെക്കിടന്നു നശിക്കണം."

"നീ നശിക്കുന്നതു് എനിക്കിഷ്ടമാണോ?"

"എന്തോ എനിക്കറിഞ്ഞുകൂടാ. അമ്മയെവിട്ടു ഞാൻ പോകരുതെന്നൊരു വിചാരമല്ലേ ഉള്ളൂ?"

"മക്കൾ അമ്മയുടെ അടുത്തുണ്ടായിരിക്കണമെന്നാശിക്കുന്നതു തെററാണോ?"

"തെററല്ല. എന്നാൽ അതു് അവരുടെ ഉയൎച്ചയ്ക്കു് തടസ്സമായാലോ?"

"ഉയൎച്ചയ്ക്കു് ഒരിക്കലും അവരെതിരല്ല മോളേ. നല്ലതെന്നു് അവക്കുതോന്നുന്നതു് ചെയ്യുന്നെന്നേയുള്ളൂ."

"ഇതൊക്കെ സ്വാൎത്ഥം ആണു്."

"ആയിരിക്കും." ദേവകിയുടെ കണ്ഠം ഇടറി. മക്കളെ മടിയിലിരുത്തി വളൎത്തുന്നതു് സ്വാൎത്ഥമായിരിക്കും. അറിഞ്ഞുകൊണ്ടു് ആപത്തിൽ ചാടാൻ അനുവദിക്കാത്തതു് സ്വാൎത്ഥമായിരിക്കും. അവൾ ആലോചിച്ചു. "ഒരമ്മയുടെ സ്വാൎത്ഥത്തിനു് അപകടമൊന്നും വരികേല മകളെ," വേദനിച്ചാണു് ദേവകി അതു പറഞ്ഞതു്. അവരുടെ നയനങ്ങൾ നിറഞ്ഞു. ചുണ്ടുകൾ വിറച്ചു. അമൎത്തിയിട്ടു് അടങ്ങാത്ത ഗൽഗദം വാക്കുകളെ തടഞ്ഞു.

ഭാവിയെക്കുറിച്ചു് അമ്മയും മകളും തമ്മിൽ ആദ്യമായിട്ടാണു വിവാദമുണ്ടാകുന്നതു്. രണ്ടു തലമുറകളുടെ അഭിപ്രായങ്ങൾ തമ്മിൽ പൊരുത്തപ്പെടാതെ വരുമ്പോൾ രണ്ടുകൂട്ടരും ഒരുപോലെ വേദനിച്ചുതുടങ്ങും. ഹൃദയത്തോടു് ലയിച്ചു ചേൎന്നി

ട്ടുള്ള പലതും പാടെ പിഴുതു മാറ്റാനുള്ള ശ്രമത്തിൽ വിമ്മിഷ്ടമുണ്ടാകുന്നതു് സാധാരണംതന്നെ. ആ പിഴുതുമാററലിൽ ഹൃദയത്തിൻെറ ചില അംശങ്ങൾതന്നെ പറിഞ്ഞുപോയെന്നുവരും. യാഥാസ്ഥിതികത്വത്തിൽനിന്നുള്ള പുതിയ പിറവിയിൽ യാഥാസ്ഥിതികത്വം തന്നെ നശിച്ചെന്നുവരും. വിത്തിൽനിന്നു ചെടി മുളയ്ക്കുമ്പോൾ വിത്തു് ഇല്ലാതാകുന്നതുപോലെ. പക്ഷേ, അതൊരു രൂപാന്തരപ്പെടൽ മാത്രമാണെന്നു കരുതിയാൽ വേദന വളരെ ഒഴിവാക്കാനൊക്കുകയില്ലേ? എന്നാൽ ആരും ആ വീക്ഷണകോണിൽനിന്നു് അതു ദർശിക്കാറില്ല.

മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത, പരിചയിച്ചിട്ടില്ലാത്ത രണ്ടുപേരുടെ വരവു് ദേവകിയുടെ ജീവിതത്തിൽ വലിയൊരു വിടവുണ്ടാക്കുവാൻ പോകുകയാണെന്നു് അവർ ഭയപ്പെട്ടു. ശാന്തമോഹനമായ അവരുടെ ജീവിതത്തിലേക്കു്—പരസ്പരബന്ധത്തിലേക്കു്—എന്തിനു് ഇവർ കടന്നുവന്നു?

ലക്ഷ്മി ദേവകിയിൽനിന്നു് അകലുകയാണു്. അങ്ങനാകന്നു് അവൾ വേർപിരിഞ്ഞാൽ? ദേവകിക്കു് അതു ചിന്തിക്കുവാൻ മേലാ. ആശയും നിരാശയും വേദനയും വിമ്മിഷ്ടവും അവർ ആവശ്യത്തിലധികം അനുഭവിച്ചിട്ടുണ്ടു്. കലഹങ്ങളൊക്കെ അടിഞ്ഞുതാണു്, അവരുടെ ജീവിതം ഒന്നു തെളിഞ്ഞിരിക്കുകയായിരുന്നു. വിധിവൈപരീത്യങ്ങളെല്ലാം വിസ്മരിക്കുവാൻ ഇടയാക്കിയതു് ലക്ഷ്മിയാണു്. നിരാശയുടെ വേലിയേററത്തിലൊന്നും അവർ തകരാതിരുന്നതു് ലക്ഷ്മിമൂലമാണു്. ഇന്നു് അവരുടെ ജീവിതം ഉറച്ചുനില്ക്കുന്നതു് ആ കേന്ദ്രത്തെ ആശ്രയിച്ചുതന്നെ. എന്നാൽ ഇന്നിതാ ആ കേന്ദ്രംതന്നെ ഇളകി അകലുന്നു. അവരെ അന്ധകാരം ആവരണം ചെയ്യുവാൻ പോകുകയാണോ?

എന്തു സാഹസംചെയ്തും ലക്ഷ്മിയെ അവർ വീണ്ടെടുക്കും. സ്വന്തമായി സംരക്ഷിക്കും. സ്വാർത്ഥതയായിരിക്കും. ആ സ്വാർത്ഥതയില്ലെങ്കിൽ അവൾ ഇല്ലാതാകും.

ദേവകി തിരിഞ്ഞുനോക്കിയപ്പോൾ ലക്ഷ്മിയെ അവിടെ കണ്ടില്ല. ഭയംകൊണ്ടു് അവരുടെ ഹൃദയം തുടരെ തുടിച്ചു. ആപത്തുകൾ എത്ര പെട്ടെന്നാണു വന്നുചേരുന്നതു്? അല്പം

മുൻപുവരെ ഇങ്ങനെ എന്തെങ്കിലും പ്രതീക്ഷിച്ചോ, സ്വപ്നത്തിൽപോലും?

ലക്ഷ്മിയുടെ അച്ഛൻ ഉണ്ടായിരുന്നെങ്കിൽ ഉത്തരവാദിത്വത്തിൽനിന്നു ദേവകിക്കു രക്ഷപെടാമായിരുന്നു. അവൾക്ക് ആരുടെ സഹായം ഉണ്ട്? ഇതുവരെ ഇങ്ങനെ ഒരു നിസ്സഹായാവസ്ഥ ദേവകി അറിഞ്ഞിട്ടില്ല. മകൾ നാടകക്കാരിയായി ജീവിക്കുവാൻ അനുവദിക്കുക! ഇല്ല, അതു സാദ്ധ്യമല്ല. നല്ല കുടുംബജീവിതം നയിച്ച് സുഖമായി കഴിഞ്ഞുകൂടുന്നതല്ലാതെ മറെറാന്നും ദേവകിക്ക് ഭാവനചെയ്യാൻതന്നെ കഴിയുന്നില്ല. ആവശ്യത്തിനുള്ള വകയുള്ളവർ ഇങ്ങനെ അലഞ്ഞു തിരിയുകയോ? നാലുപേർ കേട്ടാൽ എന്തു പറയും?

കൊടുംകയത്തിലെ ചുഴിയിൽവീണാൽ രക്ഷപെടുന്നതിനായി ഓലത്തുരുമ്പും അന്വേഷിക്കുമെന്ന മാതിരി ദേവകി ഇതിൽനിന്ന് കരകയറുവാൻ ഉപായങ്ങൾ തേടുകയാണ്. ഒരാശ്രയത്തിന് ആരുടെ സഹായം നേടാൻ സാധിക്കും?

ദേവകിയുടെ മനസ്സിൽ പെട്ടെന്നൊരു ചിന്ത ഉദിച്ചു, തീരെ അപ്രതീക്ഷിതമായി. കൃഷ്ണപ്പണിക്കർ രണ്ടുകൊല്ലം മുമ്പ് അവിടെ വന്നിരുന്നത് അവർ ഓർമ്മിച്ചു: അയാൾ അന്നു അവളുടെ മുമ്പിൽ സമർപ്പിച്ച വിവാഹാലോചന; എത്ര ആശയോടെയായിരുന്നു പണിക്കർ അന്ന് ആ അഭിപ്രായം അറിയിച്ചത്. എന്നാൽ അവർ അതു നിഷേധിച്ചില്ലേ? അത് തെററായിപ്പോയെന്ന് ദേവകിക്കു തോന്നി. അത് അന്നു നടന്നിരുന്നെങ്കിൽ... അന്ന് കൃഷ്ണൻകുട്ടിയുമായുള്ള വിവാഹത്തിന് അധികമൊന്നും ആകർഷകത്വം അവർ കണ്ടില്ല. ഇന്ന് അതു മാത്രമാണ് ഒരു രക്ഷാമാർഗ്ഗം.

അതിരില്ലാത്ത ആശയോടെ അവർ അതിനെപ്പററി ചിന്തിച്ചു. പണിക്കരെ അതിനു സമ്മതമാണെന്ന് അറിയിച്ചാലോ? അയാൾക്ക് അതിന് അന്നുണ്ടായിരുന്ന ആഗ്രഹം ഇന്നും ഉണ്ടായിരിക്കുകയില്ലേ?

ലക്ഷ്മിക്കും കൃഷ്ണൻകുട്ടിക്കും പരസ്പര ഇഷ്ടത്തിന് കുറവുണ്ടോ? വിലക്കി നിറുത്തിയിരിക്കയാണെങ്കിലും അവർ നിർവ്വിഘ്നം അതു പുലർത്തുന്നില്ലേ? പക്ഷേ, പണിക്കരെ ഇത്ര അമാന്തിച്ചറിയിച്ചാൽ അയാൾ സ്വീകരിക്കുമോ?

വെറുപ്പോടെ ഇറങ്ങിപ്പോയ പണിക്കരുടെ രൂപം ദേവകിയുടെ മനസ്സിൽ തെളിഞ്ഞുപൊങ്ങി. യാത്രപോലും പറയാതെ പിണങ്ങിപ്പോയ പണിക്കർ ഇന്നു് ഇതിനു് സമ്മതിക്കുമോ?

ഇതു നടന്നില്ലെങ്കിൽ...'' ദേവകിക്കു് അതു വിചാരിക്കുവാൻ വയ്യ. മകളെ ഈ ഭ്രമത്തിൽനിന്നു വീണ്ടെടുക്കുവാൻ മറെറാരു വഴിയുമില്ല... അവൾ തന്നിൽനിന്നകലാതിരിക്കാൻ തൻെറ അഭിമാനംപോലും ബലികഴിച്ചു് പണിക്കരെ സമീപിക്കുവാൻതന്നെ ദേവകി ഉറച്ചു.

പൂമുഖത്തു നിന്നു് ദേവകി എഴുന്നേററു നടന്നു ലക്ഷ്മിയുടെ മുറിയിൽ ചെന്നു. അവൾ മേശമേൽ ചാഞ്ഞു കമിഴ്ന്നുകിടന്നു കരയുകയാണു്. വിങ്ങിവിങ്ങിക്കരയുകയാണു്. മാതൃഹൃദയത്തിനു് അതു കണ്ടുകൊണ്ടുനിൽക്കുവാൻ കഴിഞ്ഞില്ല. ദേവകി ലക്ഷ്മിയുടെ സമീപത്തുചെന്നു് അവളുടെ പുറം തലോടിക്കൊണ്ടു് വിളിച്ചു:

“മക്കളെ!''

കരഞ്ഞതല്ലാതെ ലക്ഷ്മി തിരിഞ്ഞുപോലും നോക്കിയില്ല.

''എല്ലാം ആലോചിക്കുന്നതിനുമുമ്പു് ഇങ്ങനെ കലമ്പിയാലോ?'' ഗൽഗദത്തോടെ മകളുടെ തലമുടി തലോടിക്കൊണ്ടു് ദേവകി പറഞ്ഞു. ഉത്തരമൊന്നും ഉണ്ടായില്ല. ലക്ഷ്മിയുടെ വിങ്ങിക്കരച്ചിൽമാത്രം അവിടെ പ്രതിധ്വനിച്ചു.

ഏഴു്

''എടീ കൊച്ചുരാമൻ ജയിച്ചു.'' തട്ടുകളിൽനിന്നെഴുന്നേററുകൊണ്ടു് കൃഷ്ണപ്പണിക്കർ ഇറയത്തുനിന്നു വിളിച്ചു പറഞ്ഞു.

''ജയിച്ചോ?'' അകത്തു് അട്ടുക്കളവശത്തുനിന്നുകൊണ്ടു് ഉമ്മിണിയമ്മ സന്തോഷത്തോടെ ചോദിച്ചു. അവർ ഇറയത്തേക്കു വന്നു.

''ദൈവാധീനം. മാതേരപ്പൂപ്പനു് ഇന്നൊരു നെയ്‌വിള

ക്കു് കൊളുത്തണം.'' ഇറയത്തെത്തിയ ഉമ്മിണിയമ്മ ഉത്സാഹത്തോടെ ഒരഭിപ്രായപ്രകടനം നടത്തി.

''നാട്ടിലെ പിള്ളേരുക്കൊക്കെ നാളത്തന്നെ ഒരു തേച്ചുകുളി സദ്യയും വേണം,'' വീശുപാള വീശിനടന്നുകൊണ്ടു് പണിക്കർ പറഞ്ഞു. ''നല്ല രണ്ടു പായിസ്സോം നിറച്ചു് ഊണും.''

''ഇന്നു നൈവിളക്കും.''

''എന്നീം അവൻ അവൻെറ പാട്ടു നോക്കിക്കൊള്ളും.'' പണിക്കർ തന്നത്താനെ ആശ്വസിച്ചു. ''വല്ലവിധോം ഇതൊന്നു കടന്നുകൂടിയാൽ വല്ലവഴിക്കും അവൻ പൊയ്ക്കോള്ളു മല്ലോ.''

''ഇവിടെ വല്ല ഗുരുത്വോമുള്ളതു് അവനേയൊള്ളു.'' ഉമ്മിണിയമ്മ ആത്മഗതത്തിൻെറ മട്ടിൽ പറഞ്ഞു.

''അതാരാ പടികേറി വരുന്നെ?'' പടിക്കലേക്കു് സൂക്ഷിച്ചുനോക്കിക്കൊണ്ടു പണിക്കർ ചോദിച്ചു: ''കൊച്ചുരാമനാണോ?''

''ആണെന്നാ തോന്നുന്നെ,'' ഉമ്മിണിയമ്മ അങ്ങോട്ടു നോക്കിക്കൊണ്ടു പറഞ്ഞു. ഈ സമയംകൊണ്ടു കൊച്ചുരാമൻ മുററത്തെത്തിക്കഴിഞ്ഞു.

ആഹ്ലാദംകൊണ്ടു് കൊച്ചുരാമൻെറ മുഖം വികസിച്ചു പ്രസന്നമായിരുന്നു. ഇറയത്തുകയറി ഉടുപ്പു് ഊരിക്കൊണ്ടു് അവിടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

''മോനെ! ജയിച്ചു അല്ലേ?'' പണിക്കർ ചിരിച്ചുകൊണ്ടാണു് ചോദിച്ചതു്. അതു് അവൻതന്നെ പറയുന്നതു കേൾക്കാനുള്ള കൗതുകം കൊണ്ടുതന്നെയാണു് പണിക്കർ അതു പറഞ്ഞതു്.

''ജയിച്ചച്ഛാ,'' കൊച്ചുരാമൻ ഊരിയ ഉടുപ്പു് തട്ടിയിൽ ഇട്ടു.

''അവനു് കൊറച്ചു് വെള്ളം വല്ലതും കൊടെടീ.'' പണിക്കർ ഉമ്മിണിയമ്മയോടായി പറഞ്ഞു. ഉമ്മിണിയമ്മ അകത്തേക്കു പോയി.

''ആരൊക്കെ ജയിച്ചു മോനേ!'' പണിക്കർ കുശലം പറയുകയാണു്,

നാല്പത്തിമൂന്നുപേരു്. ഏഴുപത്താറു ചേന്നതാ. കാഞ്ഞിര

ത്തിൻമൂട്ടിലെ പുരുഷോത്തമനും കോയിക്കലേത്തെ കുമാരുവും എല്ലാം തോററു.''

''ങ്ടാ! തോറേറാ? അധികപ്രസംഗവുംകൊണ്ട് നടക്കുന്നോരൊക്കെ തോക്കും. നിൻെറ സാറമ്മാരെന്തു പറഞ്ഞു?''

''വിശേഷിച്ചൊന്നും പറഞ്ഞില്ല. കാളേജിൽ പോന്നോരൊക്കെ നേരത്തെ സർട്ടിഫിക്കററ് വാങ്ങിച്ച് അപേക്ഷിക്കണം ഇല്ലെങ്കിൽ താമസിച്ചുപോകും എന്നാ ശങ്കരപ്പിള്ള സാർ പറഞ്ഞത്.''

''ങ്ടാഹാ! നമുക്കിനി കാളേജിലൊക്കെ പോകാൻ വഴിയൊണ്ടോ?'' കൊച്ചുരാമൻ ഒന്നും മിണ്ടിയില്ല.

''മറെറന്നാള് നിൻെറ ചേട്ടത്തി വരുമെന്നല്ല്യോ എഴുത്ത്? പണമില്ലാതെ ഇറങ്ങിത്തിരിച്ചാൽ പിന്നെ വിഷമമായിരിക്കും. നീയെന്തു പറയുന്നു?'' കൊച്ചുരാമൻ മറുപടിയൊന്നും പറഞ്ഞില്ല.

''കൊച്ചുകല്യാണിയുടെ കടിഞ്ഞൂൽ പേറല്ല്യോ. അതിനു നമ്മള് വല്ലതും ചെയ്തില്ലെങ്കിൽ ഗോപാലപിള്ളയ്ക്ക് എന്തു തോന്നും? അതിനൊക്കെ കൊറെ പണമാകും. കൃഷ്ണൻകുട്ടിയുടെ കടയുമൊന്നു തൊറക്കണം.'' പണിക്കർ തൻെറ പ്രാരബ്ധത്തിൻെറ പട്ടിക അഴിച്ചുനിരത്തി.

''പാട്ടുപെട്ടു പഠിച്ചാൽ വല്ല ഫലവും കാണും. എന്നാലും എന്തെങ്കിലുമൊരു വഴിയും കാണാതിറങ്ങിത്തിരിച്ചാൽ...'' അടുത്തിരുന്ന ഇടികല്ലു നീക്കിവച്ച് പണിക്കർ അതു തുടച്ചു വൃത്തിയാക്കി. ചുണ്ണാമ്പു പുരട്ടിയ വെററിലയും പാക്കും അതിൽവച്ചു. കൊച്ചുരാമൻ അടുത്തുചെന്ന് അതു നീക്കിവച്ച് ഇടിച്ചു.

''ആവുന്ന കാലത്തായിരുന്നെങ്കിൽ വല്ലതുമൊന്നു നോക്കാമായിരുന്നു. ഇപ്പോ...''

''വല്ല തൊഴിലും കിട്ടുമോയെന്ന് നോക്കാമച്ഛാ,'' കൊച്ചുരാമൻ ഇടയ്ക്ക് കയറി പറഞ്ഞു, ''തിരുവനന്തപുരത്തുപോയി ഒന്നു ശ്രമിക്കാം.''

''അതുതന്നെ കൊള്ളാം മോനേ.'' മകൻെറ അഭിപ്രായഗതി അറിഞ്ഞപ്പോൾ പണിക്കർക്ക് ആശ്വാസം തോന്നി.

''ഇതാ ഇതു തിന്നിട്ടു മുറുക്കിയാൽ മതി.'' ഉമ്മിണിയമ്മ

ഒരു ഇല നിറച്ച് പഴുത്ത ഓമയ്ക്കാ ചെത്തിമുറിച്ചതു് അവരുടെ മുമ്പിൽ കൊണ്ടുവെച്ചു.

''തിന്നോ മോനേ.'' പണിക്കർ കൊച്ചുരാമനെ നോക്കി പറഞ്ഞു.

''കൊച്ചുരാമനോടു ചോദിക്കുവാരുന്നു, ഇനി എന്താ ചെയ്യേണ്ടതെന്നു്.'' നടന്ന സംഭാഷണത്തിൻെറ രത്നച്ചുരുക്കം പണിക്കർ ഉമ്മിണിയമ്മയെ നോക്കി അറിയിച്ചു. അവർ ഓമയ്ക്കാ തിന്നുകൊണ്ടിരുന്നു. ഉമ്മിണിയമ്മ അഭിപ്രായമൊന്നും പറഞ്ഞില്ല. ഇത്തരം കാര്യങ്ങളൊക്കെ അച്ഛനും മക്കളുംതന്നെ തീരുമാനിക്കുന്നതാണ് നല്ലതെന്നു് അവർ വിശ്വസിച്ചു.

''അവനു് പഠിക്കണമെന്നു കാണും.'' ചെറുതായി നെടുവീർപ്പിട്ടുകൊണ്ടു് ഉമ്മിണിയമ്മ ഊഹം പുറത്തറിയിച്ചു. ''ഭാഗം വയ്ക്കുന്നതിനുമുമ്പ് വല്യകാറണോരുള്ളപ്പഴായിരുന്നെങ്കി സാധിച്ചേനെ. ഇനി ഇതൊന്നും നമ്മുടെ കാലത്തു നടക്കുമോ?''

അവർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ കൃഷ്ണൻകുട്ടി ഇറയത്തെത്തി. അവൻെറ മുഖം മ്ലാനമാണു്. ഉറക്കമിളച്ചമാതിരി. കണ്ണുകൾ വീർത്തു തടിച്ചു ചുവന്നിരിക്കുന്നു. എന്തെന്നില്ലാത്ത ഒരു അസ്വസ്ഥത അവൻെറ ഉള്ളിൽ കിടന്നു തിളയ്ക്കുന്നുണ്ടെന്നു സ്പഷ്ടമാണു്. അവൻ രംഗത്തുവന്നപ്പോൾ അവിടം നിശ്ശബ്ദമായി. അവിടെ കിടന്നിരുന്ന പുല്ലുപായ് നീക്കിയിട്ടു് അവൻ ഭിത്തിചാരി അവിടെ ഇരുന്നു.

''കൊച്ചുരാമൻെറ കാര്യം പറയുവാരുന്നു മോനെ,'' വളരെ സ്നേഹത്തോടുകൂടിയാണു് പണിക്കർ സംസാരിച്ചതു്. രണ്ടുവാക്കുകൂടി പഠിക്കണമെന്നു് അവനു് ആശയുണ്ടു്. പക്ഷേ, അതിനൊക്കെ നമ്മുടെ ഇന്നത്തെനിലയ്ക്കു സാധിക്കുമോ.''

കൃഷ്ണൻകുട്ടിയെ ഉന്നംവച്ചാണു് അത്രയും അയാൾ പറഞ്ഞതു്. പക്ഷേ, അവൻ അതൊന്നും ശ്രദ്ധിക്കാത്ത മട്ടിൽ അവിടെ കുനിഞ്ഞിരുന്നതേയുള്ളു. ശോകഭാരംകൊണ്ടു് അമന്നിരിക്കുന്ന മട്ടിലായിരുന്നു അവൻെറ ഇരുപ്പു്.

''വല്ല തൊഴിലും കിട്ടുമോയെന്നു് അറിയാൻ തിരുവനന്ത

പുറത്തു പോകണമെന്നാ അവൻെറ പക്ഷം,'' പണിക്കർ തുടൎന്നു.

''യാത്രച്ചെലവിനുള്ള പണം കിട്ടിയാൽ ഞാൻ അവിടെ ചെന്നു് എന്തെങ്കിലും കണ്ടുപിടിച്ചുകൊള്ളാമച്ഛാ,'' കൊച്ചുരാമൻ പതുക്കെ പറഞ്ഞു.

വിജയം വന്നാലും പ്രശ്നങ്ങളൊന്നും ഒടുങ്ങാറില്ല. അവ കൂടുതൽ സങ്കീൎണ്ണങ്ങളായിത്തീരുന്നതേയുള്ളു. ഇല്ലെങ്കിൽ ആ കൊച്ചുകുടുംബത്തിൽ അല്പനേരം മുമ്പു കളിയാടിയിരുന്ന ആ ഹ്ലാദം എങ്ങനെ മങ്ങി?

''ഈ നാടുവിട്ടു പോയാൽ നമ്മുടെ അന്തസ്സിൻെറ ഭാരം ഇല്ലാതാകും. ജീവിക്കാനുള്ള തൊഴിലെന്തെങ്കിലും കണ്ടുപിടിക്കാൻ ദുരഭിമാനം തടസ്സമാകുകയില്ല,'' കൃഷ്ണൻകുട്ടി ഒടുവിൽ സംസാരിച്ചു.

അങ്ങനെ അവരെല്ലാംകൂടി അധികനേരം കൊച്ചുരാമൻെറ ഭാവിപരിപാടികളെക്കുറിച്ചു ചർച്ചചെയ്തു. ഒടുവിൽ അവനെ തിരുവനന്തപുരത്തിനു് അയയ്ക്കുകയാണു നല്ലതെന്ന തീൎമാനത്തിലെത്തി. അപരിചിതമായ ആ നഗരത്തിലെത്തിയാൽ അവിടെയുള്ള അനവധി അനാഥരുടെ ഇടയിൽ അവനും കലൎന്നുചേരും. ആരും അവൻെറ കുലത്തെയോ കുറവുകളെയോ അറിയാൻ ഇടയാകുകയില്ല.

കൊച്ചുരാമനെ പട്ടണത്തിൽ അയയ്ക്കാനുള്ള വഴിയെന്താണു്? അതായി പണിക്കരുടെ പിന്നത്തെ പ്രശ്നം. രണ്ടു ദിവസം കഴിഞ്ഞാൽ കൊച്ചുകല്യാണി പ്രസവത്തിനു് എത്തും. അവളെത്തിയാൽ അവളുടെ ആവശ്യത്തിനുള്ള അല്ലലായി. പ്രസവച്ചെലവിനുള്ള തുക പണിക്കർ കണ്ടിരുന്നതു് പാടത്തിൻകര പുരയിടത്തിലെ കുരുമുളകിലാണു്. അതു വിററാൽ അമ്പതു രൂപയോളം കിട്ടുമെന്നാണു് അയാളുടെ പ്രതീക്ഷ. കൊച്ചുകുഞ്ഞുമാപ്പിളയെ വിളിച്ചു് മുളകു കൊടുക്കാമെന്നുള്ള വ്യവസ്ഥയിൽ പണം വാങ്ങാമെന്നു് ഇന്നലെ പണിക്കർ വിചാരിച്ചതാണു്. ഇന്നു പുതിയ ഒരത്യാവശ്യം ഉണ്ടാകുമെന്നു വിചാരിച്ചതല്ല. കൊച്ചുരാമനെ അപരിചിതമായ അന്യനാട്ടിൽ അയയ്ക്കുന്നതിനു കുറഞ്ഞതു് ഇരുപതു രൂപയെങ്കിലും വേണം.

"കൊച്ചുരാമൻ വടക്കേക്കര കൊച്ചുകുഞ്ഞിനെ ഒന്നു വിളിച്ചോണ്ടുവാ," പണിക്കർ മുറുക്കാൻ വായിലിട്ടിട്ടു പറഞ്ഞു.

കൃഷ്ണൻകുട്ടിയുടെ ഇരുപ്പുകണ്ടു് ഉമ്മിണിയമ്മയ്ക്കു് വിഷമം തോന്നി. അവനു മുമ്പുണ്ടായിരുന്ന പ്രസന്നതയൊന്നും ഈയിടെ നാലഞ്ചുദിവസങ്ങളായിട്ടില്ല. വല്ലാത്ത ഒരു ചിന്താഭാരം അവൻെറ പെരുമാററത്തിലുണ്ടു്. ധിക്കാരത്തോടുള്ള പെരുമാററവും തണുത്തിരിക്കുന്നു. ശാന്തതയും ശോകഭാവവുമാണു് അവൻെറ പെരുമാററത്തിൽ അധികവും നിഴലിച്ചു നില്ക്കുന്നതു്.

"മോനെ, നീ വല്ലതും കഴിച്ചോ?" കൃഷ്ണൻകുട്ടിയോടായി അവർ ചോദിച്ചു.

"കഴിച്ചമ്മേ," തല ഉയർത്താതെ പതുക്കെ കൃഷ്ണൻകുട്ടി ഉത്തരം പറഞ്ഞു. കൊച്ചുരാമൻ തട്ടിയിൽ കിടന്ന ഉടുപ്പെടുത്തു ശരീരത്തിട്ടു.

"ഞാനങ്ങോട്ടു പോയിട്ടുവരാമച്ഛാ." കൊച്ചുരാമൻ ഇറങ്ങിപ്പോയി. ഉമ്മിണിയമ്മ അടുക്കളെവശത്തേക്കും യാത്രയായി.

ഇറയത്തു് പണിക്കരും കൃഷ്ണൻകുട്ടിയും തനിച്ചായി.

അല്പനേരത്തേക്കു് അവർ ഒന്നും സംസാരിച്ചില്ല. ജീവിതം അത്രമാത്രം ക്ലേശപൂർണ്ണമായി തോന്നിയിട്ടില്ല ഇതിനു മുമ്പൊരിക്കലും. ഭാരങ്ങൾ ഒന്നിനൊന്നിനു് ഏറിവരികയാണു്. പ്രയത്നിക്കുവാനുള്ള ശേഷി പണിക്കരെ പുറംതള്ളിയിരിക്കുകയുമാണു്.

"പണം കിട്ടാനുള്ളതു വല്ലതും നീ അന്വേഷിച്ചോ മോനെ?" പണിക്കർ പതുക്കെ ചോദിച്ചു.

"ഒന്നും കിട്ടുന്നതിനിടയില്ലച്ഛാ,"—കൃഷ്ണൻകുട്ടി മറുപടി പറഞ്ഞു. "ഇനി അതൊന്നും കരുതിക്കൊണ്ടിരിക്കേണ്ടാ." അവൻ തല ഉയർത്തി വെളിയിലേക്കു നോക്കി.

"പിന്നെ എന്തുചെയ്യാനാ?" പണിക്കർ മകൻെറ അലക്ഷ്യമായിക്കിടക്കുന്ന തലമുടിയിൽ കണ്ണുറപ്പിച്ചുകൊണ്ടു ചോദിച്ചു.

"ഞാൻ കുറെ പാട്ടം പിടിക്കാമെന്നു തീരുമാനിച്ചച്ഛാ."—ആ വാക്കുകൾ പണിക്കർക്കു് ഒരു ഞെട്ടലുണ്ടാക്കി.

അന്നുവരെ എന്തെങ്കിലും കാര്യം സ്വന്തമായി ചെയ്യണമെന്ന് അവൻ പറഞ്ഞിട്ടില്ല. തികഞ്ഞ ഗൗരവത്തോടെയാണ് അതു പറഞ്ഞതെന്ന് കൃഷ്ണൻകുട്ടിയുടെ മുഖഭാവം വിളിച്ചുപറഞ്ഞു. "ഞാനിന്നുവരെ നിങ്ങൾക്കൊരു ബാദ്ധ്യതയായിരുന്നു. മേലിൽ സഹായിച്ചില്ലെങ്കിലും ഭാരമായിത്തീരാതെ എന്റെ കാര്യമെങ്കിലും ഞാൻ നോക്കിക്കൊള്ളാം."

അത്ഭുതകരമായ വ്യതിയാനമാണ് കൃഷ്ണൻകുട്ടിയിൽ പണിക്കർ ദർശിച്ചത്. അയാളുടെ ഹൃദയം തെല്ലൊന്നു തണുത്തു. അപ്രതീക്ഷിതമായി കിട്ടിയ നിധിയെന്നവണ്ണം വാത്സല്യത്തോടെ മകനെ അയാൾ നോക്കി ഇരുന്നു. താന്തോന്നിയായി, തന്നിഷ്ടംപോലെ നടന്നു തനിക്കും മററുള്ളവക്കും ഒരു ഒഴിയാത്ത ബാധയായിത്തീരുമെന്നു കരുതിയിരുന്നവൻ അദ്ധ്വാനിച്ചു ജീവിക്കമെന്നു തീരുമാനം ചെയ്യുന്നതു കാണുമ്പോൾ ഒരു പിതാവിനുണ്ടാകുന്ന ആനന്ദം പണിക്കർ സ്വയം അനുഭവിച്ചു.

ദേവകിയുടെ വീട്ടിൽ, നിരോധിച്ചിരുന്നതു വകവയ്ക്കാതെ കൃഷ്ണൻകുട്ടി പോകുന്നതു കണ്ട ദിവസം—അതായതു് ആറു ദിവസങ്ങൾക്കു മുമ്പ്—രാത്രിയിൽ മകനെ നിഷ്ഠുരുണം ശാസിച്ചതെല്ലാം പണിക്കർ ഓർമ്മിച്ചു. അന്നെന്തൊക്കെയാണു പറഞ്ഞതു്! പിതാവിന്റെ നിലപോലും വിസ്മരിച്ചു് എന്തൊക്കെ ശകാരവാക്കുകൾ പുറത്തെറിഞ്ഞു. സകല ദൈവങ്ങളെയും പിടിച്ചു ശപിച്ചു. ഇതെല്ലാം മകന്റെ മനസ്സിൽ കൊണ്ടിരിക്കും. ഇല്ലെങ്കിൽ അവനിങ്ങനെ മാറുമോ?

പരദൈവങ്ങളെ പരഃശതം പ്രാവശ്യം പണിക്കർ സ്മരിച്ചു. "ഭഗവാന്റെ അനുഗ്രഹമില്ലെങ്കിൽ നല്ല ബുദ്ധി ആർക്കും തോന്നുകയില്ല." അയാൾ മാതേരപ്പൂപ്പനെ ധ്യാനിച്ചുകൊണ്ടു മനസ്സിൽ പറഞ്ഞു.

"അച്ഛനുമമ്മയും വിലക്കുന്നതൊന്നും ഇനി ഞാൻ ചെയ്യുകയില്ല. ഞാനിന്നുവരെ ചെയ്തതൊക്കെ ക്ഷമിക്കണം." നിറകണ്ണുകളോടെയാണ് കൃഷ്ണൻകുട്ടി യാചിച്ചതു്.

പണിക്കർക്ക് എന്തെന്നില്ലാത്ത ഒരസ്വാസ്ഥ്യത. വാക്കുകളൊന്നും പുറത്തു വരുന്നില്ല. അയാൾ ആകെയൊന്നു വിറച്ചുപോയി. മകന്റെ മാനസാന്തരം കണ്ടു ചേതനകൾ തളന്നു

പോയി. ആഹ്ലാദമോ, അസ്വാസ്ഥ്യതയോ, എന്താണതെന്ന് ഒരു തിട്ടവുമില്ല. ഇതൊക്കെ അപ്രതീക്ഷിതങ്ങളായ സംഭവങ്ങളല്ലേ? സ്വന്തം അപരാധങ്ങൾ സ്വയം ഏററുപറഞ്ഞു മകൻ മാപ്പിനു യാചിക്കുക. അത്രമാത്രം കഠിനമായ കുററം എന്തു ചെയ്തു? യുവസഹജമായ ചില ചാപല്യങ്ങൾക്കു വിധേയനായി കാട്ടുകയറുന്നതു സാധാരണമല്ലേ?

"ഒന്നുമില്ല മകനെ. ഞാൻ പറഞ്ഞതൊക്കെ നിങ്ങളുടെ നന്മക്കു്, നിങ്ങളെ വേദനിപ്പിക്കാൻ എനിക്കു കഴിയുമോ?" പണിക്കർ വികാരവിവശനായി കൃഷ്ണൻകുട്ടിയെ സമാധാനിപ്പിച്ചു.

രംഗം വീണ്ടും നിശ്ശബ്ദമായി. ഒന്നും ഉരിയാടാതെ അവർ പ്രതിമകൾപോലെ അവിടെ ഇരിക്കയാണു്.

എട്ട്

മീനവെയിലിൽ മാനമെല്ലാം തെളിഞ്ഞു. പുതിയകാവിലെ പൂരമായി. മഴക്കാറുകൊണ്ടു മാനം കറുക്കുന്നതിനുമുമ്പ് പൂരമൊക്കെത്തീരണമെന്നാണു ഭഗവതിയുടെ അരുളപ്പാടെന്നാണു് നാട്ടുകാരുടെ വിശ്വാസം. എങ്കിലും കെട്ടുകാഴ്ച എടുത്തുവന്നു് കിഴക്കേനടയിൽ നില്ക്കുമ്പോൾ മഴ ചാറണമത്രെ; വിയർത്തുനിൽക്കുന്ന എടുപ്പുകാരുടെ മെയ്യും മനവും തണുപ്പിക്കാൻ! ഭഗവതിയുടെ തീർത്ഥംതളിക്കൽ മുടങ്ങാതുണ്ടാകുകയും ചെയ്യാറുണ്ടു്.

വിശാലമായ പാടത്തിന്റെ പടിഞ്ഞാറെക്കോണിലാണ് ആ കൊച്ചു ഭഗവതിക്ഷേത്രം. ആ ഗ്രാമത്തിന്റെ അധിനായികയാണവിടത്തെ ദേവി. പാടം അണിഞ്ഞൊരുങ്ങി കണിച്ചുടിനിൽക്കുമ്പോൾ ദേവി അവിടെ ഉലാത്താനിറങ്ങാറുണ്ടത്രെ. കൊയ്ത്തുകഴിഞ്ഞാൽ ആദ്യത്തെ കതിർക്കററ കർഷകർ ദേവിക്കായി ഒഴിഞ്ഞുവയ്ക്കും. ജാതിമതഭേദങ്ങളൊന്നും നിനയ്ക്കാതെ ഇന്നും അതു തുടരുന്നുണ്ടു്. ഗ്രാമജീവിതത്തിന്റെ ആണിക്കല്ലാണു് അവിടത്തെ ആ ദേവീക്ഷേത്രം.

മീനക്കൊയ്ത്തുകഴിഞ്ഞ പാടം വെള്ളംവലിഞ്ഞു

വയൽപോലെ കിടക്കുന്നു. പൂരത്തിനു കൂട്ടുന്ന കാണികളും അവരെ അവിടേക്ക് ആകർഷിക്കുന്ന കാഴ്ചകളും കളികളും മറ്റും അണിഞ്ഞൊരുങ്ങുന്നതു് അവിടെയാണു്. കരക്കാർ ഓരോ ചടങ്ങുകളെങ്കിലും അവതരിപ്പിക്കണമെന്നാണു് ആചാരം. പരമ്പരയായി അനുവർത്തിച്ചുവരുന്ന ആ നിയമം ആരും ലംഘിക്കാറില്ല. പടേണിയുടെ കാലം കഴിഞ്ഞു. അടുത്ത കാലം വരെ ഉണ്ടായിരുന്ന ആ ഏർപ്പാടു് ഇന്നില്ല. അതുപോലെ മലയരും വണ്ണാൻമാരും കൂട്ടംതിരിഞ്ഞു കെട്ടിപാച്ചിൽ നടത്തിവന്നു. എത്ര ഉത്സാഹത്തോടെയായിരുന്നു അവർ അതു ചെയ്തുവന്നതു്. കുറവരും പുലയരും പാക്കനാരുടെ കഥ പാടിയാടിക്കളിച്ചു് രസിച്ചും രസിപ്പിച്ചും ആൾക്കൂട്ടത്തെ ആകർഷിക്കാറുണ്ടായിരുന്നു. ഇതൊക്കെ ഇന്നു് ഏതാണ്ടു പഴയകഥകളായി പരിണമിച്ചിരിക്കുകയാണു്. അതൊക്കെ തീരാനഷ്ടങ്ങളായി പഴമക്കാർ കൂടാറുള്ളപ്പോൾ പറയാറുണ്ടു്. ആയിരമായിരം കാണികളുടെ മുമ്പിൽ വേഷംകെട്ടി കണിശമായ കാൽച്ചുവടോടെ മുമ്പോട്ടുകയറുന്ന വേലകളി ഇതുവരെ മുടങ്ങിയിട്ടില്ല. പടിഞ്ഞാറു സൂര്യൻ ചായുമ്പോൾ, കോവിലിന്റെ കിഴക്കേമുറ്റത്തു് കുറച്ചു മുമ്പിലായി അണിചേർന്നു അങ്കംവെട്ടിക്കയറുന്ന കളിക്കാരുടെ ആഭരണങ്ങളിൽ ചെങ്കനൽപ്രഭതട്ടിത്തെളിഞ്ഞു തിളങ്ങുന്നതു കാണാൻ എത്ര ഗ്രാമീണരാണു തടിച്ചുകൂടാറുള്ളതു്! കളരിപ്പണിക്കരുടെ കൊട്ടുകേട്ടാൽ അങ്ങുമിങ്ങും അലസമായിരുന്നു വെടിപറയുന്നവരടക്കം എല്ലാവരും അമ്പലമുററത്തെത്തുകയായി. കെട്ടുകാഴ്ചകളെടുക്കാനുള്ള കൊട്ടും ആർപ്പുവിളിയും ആരംഭിക്കുമ്പോൾ വേലകളി സമാപിക്കും. കായശേഷിയുള്ളവരൊക്കെ കുളി തേവാരങ്ങൾ കഴിഞ്ഞു ചന്ദനക്കുറിയുമിട്ടു് കെട്ടുകാഴ്ചകൾ തോളിലേററി ക്ഷേത്രത്തിന്റെ സമീപത്തേക്കു നീങ്ങുമ്പോൾ രംഗം സജീവമായിക്കഴിയും. ചുമട്ടുകാരെ ചൂട്ടുപിടിപ്പിക്കാൻ മററുള്ളവരുടെ പ്രോത്സാഹനശബ്ദങ്ങൾ അവിടെങ്ങും തിർതല്ലുന്നു. കാളയും കുതിരയും മാത്രമല്ല എരുത്തിലോടെ കാളയും തേരും എല്ലാമുണ്ടു്. രണ്ടുമൂന്നാഴ്ചക്കാലത്തെ നിരന്തരപരിശ്രമത്തിൻെറ ഫലമാണിതെല്ലാം. കാഴ്ചകൾ കാണാൻ തടിച്ചുകൂടുന്നവരുടെ എണ്ണം നോക്കിയാൽ ഈ പരിശ്രമങ്ങൾക്കു ഫലമുണ്ടെന്നു വ്യക്തമാണു്.

സാവധാനത്തിൽ അമ്പലമുററത്തേക്ക നീങ്ങുന്ന കാഴ്ചകൾ ഏതാണ്ടൊരു മണിക്കൂറുകൊണ്ടേ അവിടെ എത്തിച്ചേരു. ദേവിക്ക കാണത്തക്കവണ്ണം അതെല്ലാം കിഴക്കവശത്തു നിരത്തിവയ്ക്കുന്നു. ചെണ്ടമേളവും ആർപ്പുവിളികളും അല്പനേരത്തേക്ക് ആകാശം തകത്ത് അവിടെ കേൾക്കാം.

നേർച്ച കൊണ്ടുവരുന്നവരെല്ലാം നേരത്തെ കോവിലിലെത്തി നടത്തണം. സാധാരണയായി ഉച്ചപ്പൂജയ്ക്കുമുമ്പേ വഴിപാട്ടുകളെല്ലാം കഴിക്കണമെന്നാണു നിയമം. ഉണ്ണികളുണ്ടാകാൻ ഉയിരുകത്തുന്ന ദമ്പതിമാർ ഉരുളി കമിഴ്ത്തണം. ദേവിക്ക പാവകൾ കാഴ്ചവയ്ക്കണം. വെള്ളനിവേദ്യവും ചക്കരപ്പായസവും അവിടെ അതിനായി കൂടാറുള്ള ഉണ്ണിക്കോരമ്മാക്കൊക്കെ വീതിച്ചുകൊടുക്കണം. അവിടെ ആരോടും ഇല്ലെന്നൊരുകാര്യം പറഞ്ഞുകൂടാ. അമ്പലത്തിലെ അമ്മയ്ക്ക് അതിഷ്ടമല്ല.

സന്ധ്യയായാൽ പ്രധാനമായ വഴിപാട്ട താലപ്പൊലിയാണ്. അവർ ശ്രീകോവിലിനുചുററും പ്രദക്ഷിണം ചെയ്യുന്നതു് ഒരു കാഴ്ചയാണ്. അനേകം സ്ത്രീകൾ ഒന്നുചേന്ന് ഉടുത്തൊരുങ്ങി സവ്വാഭരണവിഭൂഷിതകളായി, തേച്ചുമിനുക്കി തങ്കംകണക്കെ തിളങ്ങുന്ന തളികകളിൽ അരി, പൂക്കല, പൂവ് തുടങ്ങിയവ ഒരുക്കി കൊളുത്തിയ ദീപവും കൈയിലേന്തി ആർപ്പുവിളിച്ചും കുരവയിട്ടും വാദ്യഘോഷത്തോടുകൂടി മന്ദം മന്ദം ശ്രീകോവിലിനെ ചുററുന്ന കാഴ്ച കാണുമ്പോൾ അവിടെ കൂടാറുള്ളവരെല്ലാം ഭഗവതിയെ സ്തുതിച്ച് ഉച്ചത്തിൽ ഭക്ത്യാദരങ്ങൾ വെളിപ്പെടുത്തുന്നു.

ദീപാരാധനസമയത്താണ് ഏററവും ആൾത്തിരക്ക്. പൂരത്തിൻെറ പൊൻവിളക്ക് തൊഴാതിരിക്കുന്നതു് പാപമെന്നാണ് അവിടത്തെ വിശ്വാസം. ഓമ്മയുള്ള കാലംതൊട്ട് പണിക്കർ അവിടത്തെ ചടങ്ങുകളൊന്നും വിടാറില്ല. പങ്കെടുക്കേണ്ടതിൽ പങ്കുകൊണ്ടും മററുള്ളവയിൽ സഹകരിച്ചും അയാൾ ആഘോഷങ്ങളിൽ ലയിക്കാറുണ്ട്. ഇന്നുവരെ അതിനൊരു മുടക്കം സംഭവിച്ചിട്ടില്ല.

ദീപാരാധന കഴിഞ്ഞു് ആളുകൾ അമ്പലത്തിനകത്തുനിന്നു വെളിയിലേക്ക് ഇറങ്ങിത്തുടങ്ങി. ചിലരൊക്കെ തെക്കേ നടയിൽ ആരംഭിച്ച പാഠകം കേൾക്കാനായി പോകുന്നു.

മററുചിലർ മടങ്ങാനുള്ള ഒരുക്കവും. പിരിഞ്ഞുപോയവരെ വിളിച്ചുചോദിക്കുന്ന ബഹളം ഒരിടത്തു്. വിളക്കു കത്തിക്കാനും തിരികൊളുത്താനുമുള്ള ഉത്തരവും മററുചിലടത്തു്. തള്ളുകൊണ്ടു് തിരിഞ്ഞുനിന്നു തമ്മിൽ പരാതിപാസാക്കുന്ന ബഹളം അങ്ങനെ. അല്പം മുമ്പു് അച്ചടക്കത്തോടെ ഒതുങ്ങിയടങ്ങിനിന്നിരുന്നവർതന്നെയാണു് ആൾക്കൂട്ടമെന്നു് ആരും വിശ്വസിക്കയില്ല അവിടത്തെ കോലാഹലം കണ്ടാൽ.

ആളുകളുടെ തള്ളും ഇടിയും ഏററു് കൃഷ്ണപ്പണിക്കർ ബഹളത്തിൽനിന്നു പുറത്തുവന്നു. ആളുകളധികം ഇല്ലാത്ത ഒരു ഒഴിഞ്ഞ കോണിലേക്കു് അയാൾ നീങ്ങിനിന്നു. അവിടെ വെളിച്ചം അധികം ഇല്ല. മുൻവശത്തെ വെളിച്ചം ഭിത്തിയുടെ നിഴൽകൊണ്ടു് അവിടെ പതിക്കുന്നില്ല. ആ കോണിൽ ഉണ്ടായിരുന്ന കൽവിളക്കിലൊരു തിരി കത്തുന്നുണ്ടു്. അതിൻെറ വെളിച്ചമേ അവിടെയുള്ളു.

കൈയിൽ കരുതിയിരുന്ന ചൂട്ടുകററ കൽവിളക്കിനടുത്തു ചെന്നു പണിക്കർ കത്തിച്ചുതുടങ്ങി. ചൂട്ടിൻെറ കെട്ടയച്ചു് കത്തിച്ചിട്ടു് തിരിച്ചുപോകാനായി അയാൾ തിരിഞ്ഞു. എരിയുന്ന ചൂട്ടിൻെറ വെളിച്ചത്തിൽ ദേവകി അയാളുടെ അടുത്തു നില്ക്കുന്നതാണു് അയാൾ കണ്ടതു്.

ഏകാഗ്രചിത്തയെപ്പോലെ, തന്നെ തുറിച്ചുനോക്കി നിന്നിരുന്ന ദേവകിയെ കണ്ടപ്പോൾ പണിക്കർ അല്പമൊന്നു പരുങ്ങി. തികച്ചും അപ്രതീക്ഷിതമായുള്ള കണ്ടുമുട്ടൽ. ദേവകിയും കരുതിയതല്ല. മനസ്സിൽ തോന്നിയ അസ്വസ്ഥത അടക്കി പഴയനില വീണ്ടെടുക്കുവാൻ ചില നിമിഷങ്ങൾതന്നെ രണ്ടുപേർക്കും വേണ്ടിവന്നു. ആ സമയമത്രയും ചൂട്ടിൻെറ വെളിച്ചം ശരിപ്പെടുത്തുന്ന മട്ടിൽ പണിക്കർ അതിൽ എന്തൊക്കെയോ ചെയ്തുകൊണ്ടിരുന്നു.

"നടക്കാം," അയാൾ പറഞ്ഞു. "താമസമുണ്ടോ?"

"ഇല്ല," ശാന്തഗംഭീരയായി ഒരു ചഞ്ചലതയും ഇല്ലാതെയാണു് ദേവകി സംസാരിച്ചതു്.

"കൂടെ?" പണിക്കർ ചോദിച്ചു.

"ആരുമില്ല."

"തനിച്ചാണോ വന്നതു്?"

"അതെ."

"മകൾ?"

"വന്നില്ല."

ഇനി എന്താണ് സംസാരിക്കുക? അവർ പതുക്കെ നടന്നു. രണ്ടുപേർക്കും പഴയ വേഗമൊന്നുമില്ല. ഇടത്തുകൈയിലെ വടി ഇടിച്ചുകൊണ്ടു് വലത്തുകൈയിൽ എരിയുന്ന ചൂട്ടം വീശി മുമ്പെ പണിക്കരും പിമ്പെ ദേവകിയും നടന്നു. ആൾത്തിരക്കിലുള്ളവരാരുംതന്നെ അവരെ ഗൗനിച്ചില്ല. അവരെല്ലാം ആഘോഷചടങ്ങുകളിൽ അടിമുടി ആമഗ്നരായിരിക്കുകയാണു്.

നടന്നു നടന്നു് പണിക്കരും ദേവകിയും ആൾത്തിരക്കു വിട്ടു് വെളിസ്ഥലത്തായി. അകലെ അമ്പലത്തിലെ ബഹളങ്ങളും മററും കുറഞ്ഞിട്ടില്ല.

"തനിച്ചെന്താ രാത്രിയിൽ ഇറങ്ങിയതു്?" പണിക്കർ സംസാരിച്ചു.

"താങ്ങില്ലാത്തവൾക്ക മററു വല്ല വഴിയുമുണ്ടോ?" പണിക്കക്കു് ഒരു വീഴ്ച്ചമുട്ടൽ. അതു മറയ്ക്കുവാൻ അയാൾ ചോദിച്ചു: "മകളെക്കൂടി?"

"ഉം," ഒരു നീണ്ട ദീർഘനിശ്വാസം വിട്ടിട്ടു് ദേവകി തുടന്നു: "അവൾ വരുന്നില്ലെന്നു പറഞ്ഞു. എനിക്കാണെങ്കിൽ ദേവിയോടു പറയാൻ പല ആവലാതിയുമുണ്ടുതാനും. അതുകൊണ്ടു തനിച്ചാണെങ്കിലും വരാമെന്നു കരുതി." ദേവകിയുടെ മനസ്സിൽ പല ചിന്തകൾ തങ്ങിനില്ക്കുകയാണു്, മുമ്പൊരിക്കലും അവളുടെ സംസാരത്തിൽ ഇങ്ങനെ ഒരു ശോകഭാവം കലന്നിരുന്നില്ല. ചഞ്ചലതയും ബലഹീനതയും ഇല്ലതാനും. തികഞ്ഞ ഗൗരവം. അവരുടെ വിചാരം മുഴുവൻ മകളെക്കുറിച്ചായിരുന്നു. വളരെ അപ്രതീക്ഷിമായിരുന്നു ഈ കൂട്ടിമുട്ടൽ. പണിക്കരോടു പറയണമെന്നു വിചാരിച്ചിരുന്നതു പലതും അവർ ഓർമ്മിച്ചു. മകളെക്കുറിച്ചു് ഓർമ്മിച്ചപ്പോൾ വല്ലാത്ത വിമ്മിഷ്ടം. രണ്ടാഴ്ചയ്ക്കു മുമ്പു് സോമനും കൂട്ടുകാരനും അമ്മയ്ക്കും മകൾക്കും ഇടയിൽ വന്നുകേറിയുണ്ടാക്കിയ കുരുക്കുകൾ അഴിക്കാനുള്ള ശ്രമത്തിൽ പരിപൂൎണ്ണമായി ഏർപ്പെട്ടിരിക്കുകയായിരുന്നു ദേവകി. അന്നത്തേതിൽ പിന്നെ മകൾ അമ്മയോടു

മിണ്ടിയിട്ടുപോലുമില്ല. ദേവകിയുടെ സ്നേഹപൂർണ്ണമായ പെരുമാററങ്ങളും ശ്രദ്ധകളും മകളുടെ നിർബ്ബന്ധബുദ്ധിക്കു ഒരു പരിഹാരമായില്ല. ഈ നിലയിൽ അവർ എത്രനാൾ ഇങ്ങനെ കഴിഞ്ഞുകൂട്ടും? തൻെറ ജീവിതസായാഹ്നത്തിലെ ഏകാവലംബം ലക്ഷ്മിയാണു്. അവൾ തന്നെ ശത്രുവായി പരിഗണിക്കുക. അതും സഹിക്കാം. കുലീനക്കു ചേരാത്ത ഒരു തൊഴിലിൽ മകൾ ചെന്നിറങ്ങി സർവ്വരും പുച്ഛിക്കുന്നതു കേൾക്കാൻ ഇടവരുക. അതൊട്ടും സഹിക്കാവുന്ന കാര്യമല്ല. അതിൽനിന്നു രക്ഷപെടുവാൻ ദേവകീകണ്ട മാർഗ്ഗം—അതു് അവളുടെ ഹൃദയത്തിൽ പൊങ്ങിനില്ക്കുകയാണു്. ഒരിക്കൽ നിരസിച്ച ആ വിവാഹാലോചനയോടു് താൻ ഇന്നു് അനുകൂലിക്കുന്നെന്നു പണിക്കരോടു പറയുക, അതെങ്ങനെ? തൻെറ അഭിമാനം മാററിവച്ചിട്ടു് അതൊന്നു് ആവർത്തിച്ചു് ചോദിച്ചാലോ? അതിൻ്റെ ഫലം?...പണിക്കർ അതു നിരസിച്ചാലോ? അയാൾ അപഹസിച്ചാലോ? ഈ ചിന്തകൾ സൃഷ്ടിച്ച ചുഴിയിൽ കിടന്നു ദേവകി കറങ്ങുകയാണു്. ഇക്കഴിഞ്ഞ രണ്ടാഴ്ച മുഴുവൻ ചിന്തിച്ചിട്ടും ഒരു രക്ഷാമാർഗ്ഗം അവൾ കണ്ടെത്തിയില്ല. പണിക്കരോടു നേരിട്ടു തൻ്റേടമായി ചോദിച്ചുകളയാമെന്നു ചിലപ്പോൾ തീരുമാനിക്കും. അടുത്ത നിമിഷത്തിൽ അതിനുള്ള ശക്തി നശിക്കും. അങ്ങനെ ഇന്നുവരെ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടുനിന്നു.

ചൂട്ടും തെളിച്ചുകൊണ്ടു തൻെറ മുമ്പേപോകുന്ന പണിക്കരെ അവൾ കൂടെക്കൂടെ തല ഉയർത്തി നോക്കിക്കൊണ്ടിരുന്നു. തൻെറ ജീവിതത്തിലേക്കു പുതിയൊരു വെളിച്ചം കൊണ്ടുവന്നു് അയാൾ തന്നെ രക്ഷിക്കുമോ? തൻ്റെ ജീവിതത്തിൽ ആദ്യം വെളിച്ചം കൊളുത്തിയിട്ടു്, അതണച്ചു തന്നെ അന്ധകാരത്തിലേക്കു പിടിച്ചു തള്ളിയ അയാളെ അതുപോലൊരു വെളിച്ചത്തിനായി എങ്ങനെ സമീപിക്കാനൊക്കും? തൻെറ പുത്രൻെറ ഭാവിയെക്കുറിച്ചു ചിന്തിച്ചിട്ടു് അതു ഭാസുരമാക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ ആശകൊണ്ടായിരിക്കുകയില്ലേ അന്നു പണിക്കർ തന്നെ സമീപിച്ചതു്? അതുപോലെ തൻെറ ജീവിതാംശമായ ലക്ഷ്മിക്കുവേണ്ടി എന്തുകൊണ്ടു് അയാളെ അവൾക്കു സമീപിച്ചുകൂടാ? എന്നാൽ

ഉദ്ദേശിക്കുന്ന കാര്യം സാധിച്ചില്ലെങ്കിൽ...വീണ്ടും ദേവകിയുടെ മുമ്പിൽ വലിയ ഒരു 'എങ്കിൽ' എഴുന്നേററുനിന്നു പല്ലിളിച്ചു. അതിനെക്കുറിച്ചു വിചാരിച്ചപ്പോൾ അവളുടെ ശരീരം ബലഹീനതകൊണ്ടു വിറച്ചു.

"കൃഷ്ണൻകുട്ടി..." ദേവകി രണ്ടും നിശ്ചയിച്ചുകൊണ്ടു തുടങ്ങിയെങ്കിലും വാചകം പൂർത്തിയാക്കാൻ കഴിയാതെ വിമ്മിഷ്ടപ്പെട്ടു.

"കൃഷ്ണൻകുട്ടി വന്നിട്ടില്ല. അവൻെറ അനിയത്തി പ്രസവത്തിന്നു വരുമെന്നു് അറിയിച്ചിരുന്നതുകൊണ്ടു് അമ്പലത്തിൽ വന്നില്ല. വീട്ടിലാരെങ്കിലും വേണ്ടേ?"

"കല്യാണിക്കുട്ടിയിന്നു വരുമോ?"

"ഇന്നു വരുന്നെന്നെഴുത്തയച്ചിരുന്നു. നേരത്തെ വരാനിരുന്നതാ. അന്നു വന്നില്ല."

"ലക്ഷ്മിയെ ഇനി പഠിപ്പിക്കണമെന്നു് എനിക്കു വിചാരമില്ല."

"അതെന്താ?" തീരെ താല്പര്യമില്ലാത്ത മട്ടിലാണു് പണിക്കർ അതു ചോദിച്ചതു്. അയാളുടെ വാക്കുകൾ നീരസത്തിൽ നനഞ്ഞിരുന്നെന്നു ദേവകിക്കും തോന്നി. എങ്കിലും അവർ അതൊന്നും കൂട്ടാക്കിയില്ല.

"ഇനി മററു വല്ലതും നോക്കിയാൽ... ഉം... എനിക്കും വയസ്സായി, അവളൊരു നെലയിൽ ഇരിക്കുന്നതു കാണാൻ ആശയുണ്ടു്."

"ഓഹോ. വല്ല നല്ല ആലോചനകളും..." അയാൾ മനഃപൂർവ്വമായിട്ടാണതു പറഞ്ഞതു്. ചൂട്ടിൻെറ വെളിച്ചം വീശിത്തെളിച്ചു.

"നമ്മളൊക്കെ വിചാരിക്കുന്നതു നല്ലതല്ലാതിരിക്കുമോ," ചഞ്ചലത മറയ്ക്കാൻ ശ്രമിച്ചുകൊണ്ടു ദേവകി മറുപടി പറഞ്ഞു.

"എവിടുന്നാ ആലോചന?"

എന്തു പറയണമെന്നറിയാതെ അവർ വിഷമിച്ചു. "കാളേജിൽ പഠിച്ചു പാസ്സായതുകൊണ്ടു നമുക്കു് ഒരു പ്രത്യേക ഗുണമൊന്നുമുദ്ദേശിക്കുന്നില്ല," അവർ പണിക്കരുടെ വാക്കുകൾ കേൾക്കാത്തഭാവത്തിൽ സംസാരിച്ചു.

"അതെ, ഉദ്യോഗത്തിനു പോണില്ലെങ്കിൽ പിന്നെ!"

"അതുതന്നെ ഞാനും വിചാരിച്ചിരിക്കുന്നതു്. ആവശ്യത്തിനുള്ള അറിവുണ്ടായിട്ടുണ്ട്. അതുമതി. ഇനി മററു കാൎയ്യങ്ങളൊക്കെ..."

"അതുതന്നെ നല്ലതു്."

"അന്നു കൃഷ്ണൻകുട്ടിയുടെ കാൎയ്യം പറഞ്ഞതു്..." ദേവകി ഇത്രയും പറഞ്ഞിട്ടു നിറുത്തി. പണിക്കരുടെ മനോഭാവം അറിയാൻ കാത്തു. അയാൾ ഒന്നും മിണ്ടിയില്ല. അപ്രതീക്ഷിതമായിരുന്നു ഇതു്. അയാളുടെ മുഖം കനത്ത ചിന്തകൾകൊണ്ടു മൂകമായി. അരനിമിഷം അങ്ങനെ കഴിഞ്ഞു.

പണിക്കർ അവർ പറഞ്ഞതു ശ്രദ്ധിച്ചില്ലെന്ന മട്ടിൽ ദേവകി അതാവൎത്തിച്ചു: "കൃഷ്ണൻകുട്ടിയുടെ കാൎയ്യംതന്നെ."

"കൃഷ്ണൻകുട്ടിയുടെ കാൎയ്യമോ?" ഘനഗംഭീരസ്വരത്തിൽ പണിക്കർ ചോദിച്ചു.

"അതെ," ദേവകി ഒട്ടും കുലുങ്ങാതെ പറഞ്ഞു. "അന്നു പറഞ്ഞ കാൎയ്യം ഞാൻ മറന്നില്ല. അതേക്കുറിച്ചു് ആലോചിച്ചു്..."

"അതിനു രണ്ടുകൊല്ലം വേണ്ടിവന്നോ?"

"അതിനുശേഷം ലക്ഷ്മിക്കു പ്രായമായി."

"അന്നും അവൾക്കു വിവാഹപ്രായമെത്തിയെന്നാണു് എന്റെ ഓൎമ്മ."

"എങ്കിലും ഇന്നാണു് വിവാഹത്തിന്റെ ആവശ്യം എനിക്കു തോന്നുന്നതു്..."

"ഓഹോ!"

"അതിനെക്കുറിച്ചു് ഒന്നുകൂടി... ആലോചിക്കാൻ."

"ഞാൻ ആ ആഗ്രഹം അന്നേ വിട്ടതാണു്." പരുഷമായിരുന്നു അയാളുടെ വാക്കുകൾ.

"എന്നാൽ... ഞാൻ... അതു വിട്ടിട്ടില്ലെന്നോൎമ്മിപ്പിക്കുകയായിരുന്നു."

"വളരെ അമാന്തിച്ചുപോയി."

"അവൾക്കും കൃഷ്ണൻകുട്ടിക്കും യാതൊരു മാററവും ഈ അമാന്തംമൂലം ഉണ്ടായിട്ടില്ല.

"ഇല്ലെന്നാരറിഞ്ഞു?"

"എനിക്കറിയാം."

"തെററു്, അതു് തെററാണു്." പണിക്കരുടെ വാക്കുക ളിൽ കോപം കലന്നിരുന്നു. "ഇന്നു കൃഷ്ണൻകുട്ടി എൻെറ വാക്കു ധിക്കരിക്കയില്ല."

അല്പനേരം നിശബ്ദരായി അവർ നടന്നു. അവസാനം പണിക്കർ തന്നെയാണു മൗനം ഭഞ്ജിച്ചതു്. "അന്നു് എന്നെ അപമാനിച്ചു. ഞാനതൊരിക്കലും പൊറുക്കുകയില്ല. മുമ്പു ഞാൻ ചെയ്ത തെററുകൾ തിരുത്താൻ അവസാനമായി നട ത്തിയ ഒരു ശ്രമമായിരുന്നു അതു്—ഞാൻ ദേവകിയോടു ചെ യ്ത തെററു്."

"അതു് ഇനിയും തിരുത്താവുന്നതേയുള്ളു. ആ വിശ്വാസം കൊണ്ടാണു് ഇന്നിതു പറയാൻ ഞാൻ തയ്യാറായതു്." ദേ വകിയുടെ കണ്ഠം ഇടറി. "ഒരു തലമുറ ചെയ്ത തെററു് അടുത്ത തലമുറയിലെങ്കിലും തിരുത്തട്ടെ." നടന്നുകൊണ്ടിരുന്ന പണി ക്കർ നിന്നു. അയാൾ തിരിഞ്ഞു നോക്കി. ദേവകിയുടെ കണ്ണു കൾ നിറഞ്ഞുനിന്നിരുന്നതു് ചൂട്ടിൻെറ വെളിച്ചത്തിൽ തിള ങ്ങിക്കണ്ടു.

അങ്ങു് അകലെ ക്ഷേത്രത്തിലെ ദീപമാലകൾ കണ്ണുചിമ്മു ന്നു. ആകാശത്തു് എണ്ണമില്ലാത്ത താരങ്ങളും. ഒരായിരം ആത്മാക്കൾ അവരെ ആവേശത്തോടെ നോക്കുന്നതുപോലെ പണിക്കർക്കു തോന്നി. എന്തിനിങ്ങനെ വിഷമങ്ങൾ മനുഷ്യ നെ പിന്തുടരുന്നു? വേണ്ടെന്നു വിചാരിച്ച സകല വിമ്മിഷ്ട ങ്ങളിൽനിന്നും ഒഴിഞ്ഞുമാറാമെന്നു കരുതിയാലും അവ നിര ന്തരം പിൻതുടരുകയാണു്. ഇതിനൊരന്തവുമില്ലല്ലോ? പഴയ തൊക്കെ കൂടെക്കൂടെ ഇങ്ങനെ ചികഞ്ഞെടുത്തണിഞ്ഞുകൊ ണ്ടു് ഭൂതകാലം എന്തിനിങ്ങനെ മനുഷ്യനെ അനുഗമിക്കുന്നു. നിത്യമായ വേദനയുടെ നിഴലുപോലെ.

"ഞാനിന്നു് അവസാനമായി ചോദിക്കുന്നതാണു്. എന്റെ ഭാവിയെപ്പററിയല്ല, എൻെറ മകളുടെ ഭാവിയെക്കുറിച്ചാണു്. ഇന്നത്തെ തീരുമാനം അവളുടെ ജീവിതത്തെ സമൂലം ബാധി ക്കും. ഞാനന്നു വേദനകൊണ്ടു് വല്ലതും പറഞ്ഞുപോയിരിക്കും. എല്ലാം മറക്കണം. പൊറുക്കണം. എൻെറ മകൾക്കുവേണ്ടി ഞാൻ യാചിക്കുന്നു. ഒരിക്കൽ എൻെറ ജീവിതത്തിനുവേണ്ടി

കെഞ്ചിയതുപോലെ.'' ദേവകിക്ക് ഇരിക്കണമെന്നു തോന്നി. അവരുടെ ചുററിലും അസഹനീയങ്ങളായ ആയിരം സംഭവങ്ങൾ പൈശാചനൃത്തംവെയ്ക്കുന്നതായി അവക്കു തോന്നി.

ഈ വിവാഹം നടന്നില്ലെങ്കിൽ ലക്ഷ്മി അവരെ ഉപേക്ഷിച്ചേക്കും. മകളുടെ നിർബ്ബന്ധബുദ്ധിയുടെ മുമ്പിൽ ഒരു മാതാവിന്റെ ആശകളും പ്രതീക്ഷകളും അഗണ്യങ്ങളായി തിരസ്കൃതങ്ങളാകും. ദുരന്തങ്ങളെല്ലാം ഉടലെടുത്തു് അവളെ നശിപ്പിക്കും.

തൻെറ അപരാധത്തിനു പ്രതിവിധി ആവശ്യപ്പെട്ടുകൊണ്ടു് ഭൂതകാലം മുമ്പിൽ നില്ക്കുന്നതായിട്ടു പണിക്കക്കു തോന്നി. സകല ദുരഭിമാനങ്ങളും തള്ളിനീക്കി അന്നു് അവസാനമായി ഒരുപശാന്തിവരുത്തുവാൻ ശ്രമിച്ചതാണു്. അതെല്ലാം താറുമാറായിപ്പോയി. ഇന്നു ദേവകിയോടു് എന്തു മറുപടിപറയും? എന്തുചെയ്യണമെന്നറിയാതെ പണിക്കർ കുഴങ്ങി. അയാളുടെ ശരീരമാകെ വിറച്ചു. ബലഹീനത ശരീരത്തിനും മനസ്സിനും ഒന്നുപോലെ ബാധിച്ചിരിക്കുകയാണു്.

''വരു നടക്കാം,'' ഒരു കൊച്ചു കുഞ്ഞിനെപ്പോലെ പണിക്കർ പതുക്കെ പറഞ്ഞു. ചൂട്ടിൻെറ പ്രകാശം തെളിച്ചിട്ടു് അയാൾ തിരിഞ്ഞുനടന്നു.

''പറയു! ഇതിനൊരു മറുപടി പറയു.'' ദേവകിയുടെ ഒതുങ്ങിനിന്നിരുന്ന വികാരങ്ങൾ കരച്ചിലായി പൊട്ടിപുറത്തുവന്നു.

''ജീവിക്കാനുള്ള മാർഗ്ഗമൊന്നും കൃഷ്ണൻകുട്ടിക്കില്ല,'' പണിക്കർ പറഞ്ഞു.

''അതിനുള്ള സമ്പാദ്യം ലക്ഷ്മിക്കുണ്ടു്. അതിനു വിഷമിക്കേണ്ടിവരുകയില്ല.''

പണിക്കർ അതിനൊരു മറുപടിയും പറഞ്ഞില്ല. ഈ ബന്ധത്തെക്കുറിച്ചു് ദേവകി ഇത്ര തീക്ഷ്ണമായി വാദിക്കുന്നതെന്തുകൊണ്ടെന്നു് അയാൾക്കു മനസ്സിലായില്ല. അയാൾ ആലോചിച്ചുകൊണ്ടിരുന്നു. ഒരുതരത്തിൽ നോക്കിയാൽ ഇതു് ആശിക്കത്തക്ക ബന്ധംതന്നെ. ''എന്തെങ്കിലും പറയണം...'' ദേവകി ആവത്തിച്ചു നിർബന്ധിച്ചു.

''എൻെറ തെററുകൾ ഇതുകൊണ്ടു തീരുമെ...''

"തീരും...ഞാൻ ആശിച്ചതു് ഇതെങ്കിലും സാധിക്കട്ടെ." ദേവകി യാചനാസ്വരത്തിൽ പറഞ്ഞു. "മറെറാന്നും എനിക്കീ ജന്മത്തിൽ ആവശ്യപ്പെടാൻ ഉണ്ടാകുകയില്ല."

ദേവകിയുടെ വാക്കുകൾ പണിക്കരെ വല്ലാതെ ഉലച്ചു. മുമ്പൊരിക്കൽ ഇങ്ങനെയൊരു ദശാസന്ധിയിൽ അയാൾ ഒരു തീരുമാനം ചെയ്തതാണു്. അയാളുടെ ജീവിതത്തിനു ബാഹ്യമായി അതുകൊണ്ടൊരു തകരാറും ഉണ്ടായിട്ടില്ല. എങ്കിലും ഇന്നും അതിൻെറ കൂർത്ത നഖങ്ങൾ അയാളുടെ കരളിനെ ചീന്തിക്കീറാറുണ്ടു്. ആ തീരുമാനത്തോടെ മറെറാരു ജീവിതം ഉലഞ്ഞു കരിഞ്ഞെങ്കിലും പിന്നെയെങ്ങനെയോ അതു തളിരണിഞ്ഞു.

പണിക്കരുടെ ശരീരമാകെ വിയർത്തു. ചൂട്ടിൻെറ പ്രകാശത്തിൽ വിയർപ്പുതുള്ളികൾ തിളങ്ങി. ജരകൾ ബാധിച്ച നെററിയിൽനിന്നു വിയർപ്പു് കുഴിഞ്ഞ കവിളുകളിലേക്കു് ഒലിച്ചിറങ്ങി.

"എനിക്കു വിരോധമില്ല."—ഒടുവിൽ പണിക്കരുടെ അധരങ്ങൾ അനങ്ങി.

പിന്നെ അവർ രണ്ടുപേരും സംസാരിച്ചില്ല. പറയേണ്ടതു പറഞ്ഞുകഴിഞ്ഞു. കേൾക്കേണ്ടതു കേൾക്കുകയും ചെയ്തു. പിന്നെ എന്തു പറയാൻ?

അനുവാദം അറിയിച്ചതിനു ശേഷമാണു് അതിന്റെ ഗൗരവത്തെക്കുറിച്ചു് പണിക്കർക്കു പൂർണ്ണബോധം ഉണ്ടാകാൻ തുടങ്ങിയതു്. ഇതു സ്വപ്നത്തിൽപ്പോലും പ്രതീക്ഷിച്ചതല്ല. എന്തുകൊണ്ടാണു് ദേവകി ഇത്ര നിർബ്ബന്ധം ഇക്കാര്യത്തിൽ ഇപ്പോൾ കാണിക്കുന്നതു്. സോമൻെറയും മററും വരവു് അയാൾ അറിഞ്ഞിട്ടില്ല. ഒരിക്കൽ തന്നെ അവഹേളിച്ചു് ആട്ടിയിറക്കിയവൾ അതേ കാര്യത്തിനുതന്നെ കൈക്കുമ്പിളുമായി നിൽക്കുകയാണു് ഇപ്പോൾ.

മറെറാരു സംഗതികൂടി പണിക്കരെ വല്ലാതെ അലട്ടി. ഒരിക്കൽ അതിശക്തിയായി പ്രതിഷേധിച്ചിട്ടുള്ള ഒരു കാര്യത്തിനു വേണ്ടിത്തന്നെ കൃഷ്ണൻകുട്ടിയോടു് എങ്ങനെ ഇപ്പോൾ ഉപദേശിക്കും. ദേവകിയോടു നടത്തിയ വിവാഹാലോചന

യെപ്പററി കൃഷ്ണൻകുട്ടിയോട്ട് ഒരക്ഷരം അന്നു പറയാതിരുന്നതു് ഒരനുഗ്രഹമായി അയാൾക്കു തോന്നി.

എങ്ങും ഒരെത്തും പിടിയും കിട്ടാതെ പണിക്കർ ഉഴലുകയാണു്.

ദേവകിക്കു് ഇന്നും തൻെറമേലുള്ള സ്വാധീനമല്ലേ ഇതിനൊക്കെ കാരണം? അവളെ താൻ വഞ്ചിച്ചതല്ലേ ഇതിനെല്ലാം അടിസ്ഥാനം? അതു പരിഹരിക്കേണ്ടതു് തൻെറ കത്തവ്യമല്ലേ? അല്ലെന്നു നിഷേധിക്കാൻ കഴിയുമോ? തല ചുററുന്നതുപോലെ പണിക്കക്കു തോന്നി. സഹിക്കാനാവാത്ത ഉഷ്ണം. കാലു കുഴയുന്നമാതിരിയുള്ള ക്ഷീണം.

ചിന്തകൾ കിടന്നു വിങ്ങുന്ന മനസ്സുമായിട്ടാണു് പണിക്കർ ദേവകിയുടെ മുമ്പേ നടന്നതു്. വീശിത്തെളിക്കുന്ന ചൂട്ടിന്റെ വെളിച്ചത്തിൽ ഇടയ്ക്കിടെ തെളിയുന്ന രണ്ടു മനുഷ്യരൂപങ്ങൾ അന്ധകാരത്തിലൂടെ അങ്ങനെ നടന്നുപോയി.

ഒൻപതു്

"അമ്പലത്തിൽ പോയില്ലേ?" നീണ്ട നിശ്ശബ്ദതയ്ക്കു ശേഷം കൃഷ്ണൻകുട്ടി ചോദിച്ചു.

"ഇല്ല. അമ്മ പോയിരിക്കയാണു്." ലക്ഷ്മി മറുപടി പറഞ്ഞു.

"എന്താ പോകാഞ്ഞതു്?"

"പോയില്ല."

"ഒരു പൂരത്തിനും പോകാതിരുന്നിട്ടില്ലല്ലോ; പിന്നെ ഈ പ്രാവശ്യം?"

"എന്നും പോകുന്ന ആൾ ഒരിക്കൽ പോകാതിരുന്നാൽ കുഴപ്പമൊന്നും വരാനില്ല."

"എന്നും പോകുന്ന ആൾ പോകാത്തതുകൊണ്ടു ചോദിച്ചതാണു്."

ഉത്തരമൊന്നുമില്ല.

"എന്താ പോകാഞ്ഞതു്?" ലക്ഷ്മി ചോദിച്ചു.

"ഇങ്ങോട്ടു പോന്നതുകൊണ്ടു്; രണ്ടും എനിക്കൊന്നുപോലെയാണു്."

"അതെന്താ?"

"രണ്ടിടത്തും പ്രാൎത്ഥനകൊണ്ടു ഫലമില്ല."

ലക്ഷ്മി ചിരിച്ചു.

"പിന്നെ ഇങ്ങോട്ടു പോന്നതു്?" ലക്ഷ്മി കളിയാക്കുന്ന മട്ടിൽ ചോദിച്ചു. കൃഷ്ണൻകുട്ടി നിശ്ശബ്ദനായി. ഒരുനിമിഷം കഴിഞ്ഞു് അയാൾ പറഞ്ഞു: "എന്തുകൊണ്ടു വന്നെന്നെനിക്കു നിശ്ചയമില്ല." ലക്ഷ്മി വീണ്ടും ചിരിച്ചു. കൃഷ്ണൻകുട്ടി മുഖത്തുനോക്കി. അവൾ വല്ലാതെ വാടിയിട്ടുണ്ടു്. നല്ല മ്ലാനതയുമുണ്ടു മുഖത്തു്. അയാൾ തുടൎന്നു: "എനിക്കറിയാവുന്ന രണ്ടു പേർ ഇവിടെ വന്നിരുന്നെന്നറിഞ്ഞു."

ലക്ഷ്മി ഞെട്ടി.

"വാസ്തവമാണോ?" പരീക്ഷിക്കാനെന്ന മട്ടിൽ അയാൾ ചോദിച്ചു.

"രണ്ടാഴ്ചമുമ്പു്, ഒരു ദിവസം സന്ധ്യയോടടുത്തു്."

ലക്ഷ്മിയുടെ മുഖം വെളുത്തുവിളിച്ചു. ഒരു അസഹ്യത അവളിൽ കാണപ്പെട്ടു. അവൾ ചോദിച്ചു: "അതെങ്ങനെയറിഞ്ഞു?"

"ഞാനാണു് അവൎക്കു വഴി പറഞ്ഞുകൊടുത്തതു്. എന്റെ കടയുടെ മുമ്പിലിരിക്കുമ്പോൾ അവർ അതുവഴി വന്നു. വഴിചോദിക്കുന്നവൎക്കു അതു പറഞ്ഞുകൊടുക്കണ്ടേ?"

"അവർ ഇവിടെ വന്നിരുന്നു. അമ്മയോടു വളരെനേരം സംസാരിച്ചു."

"ഓഹോ."

"നേരത്തെ അവരെ അറിയുമോ?"

"അറിയാം. അമ്മ ആദ്യമാണു് കാണുന്നതു്. നാടകത്തിനു ഇവിടെ വന്നപ്പോൾ ഇങ്ങോട്ടു കയറിയതാണു്. അവരെ... അറിയുമോ?"

"അറിയും; നല്ലതുപോലെ. രണ്ടുപേരെയും... പ്രത്യേകിച്ചു് സോമനെ."

"എങ്ങനെയാണു് ആളുകൾ?" ലക്ഷ്മിയുടെ അധരങ്ങ

ളിൽ ഒരു കുസൃതിച്ചിരി തത്തിക്കളിച്ചതു് കൃഷ്ണൻകുട്ടി കണ്ടു. "ആളുകളെക്കുറിച്ചുള്ള അഭിപ്രായം?"

"വളരെ മോശമാണു്." തികഞ്ഞ ഗൗരവത്തോടെയാണു് കൃഷ്ണൻകുട്ടി സംസാരിച്ചതു്.

"അസൂയകൊണ്ടാണോ?" ലക്ഷ്മി ഏറുകണ്ണിട്ടുനോക്കി.

"എനിക്കോ?"

"അതെ."

കൃഷ്ണൻകുട്ടി പുച്ഛിക്കുന്ന മട്ടിൽ ലഘുവായി ചിരിച്ചു.

"വിവാഹാലോചനയ്ക്കല്ല വന്നതു്," ലക്ഷ്മി പറഞ്ഞു.

"ദൈവാധീനമായി." നിന്ദാസ്തുതി ലക്ഷ്മിക്കു മനസ്സിലായെന്നു കൃഷ്ണൻകുട്ടി വിശ്വസിച്ചു. "പിന്നെ?"

"വെറുതെ!" ലക്ഷ്മിയുടെ ലഘുവായുള്ള സംഭാഷണരീതി കൃഷ്ണൻകുട്ടിക്കു വളരെ അരോചകമായി തോന്നി. അതു തുടരാതിരിക്കുന്നതാണു് ഉത്തമമെന്നു അയാൾ കരുതി. "ഞാൻ എല്ലാം അറിഞ്ഞിട്ടുണ്ടു്. അയാൾതന്നെ എന്നോടെല്ലാം പറയുകയുംചെയ്തു. നാടകക്കാരിയായിക്കഴിയുന്നതു ലക്ഷ്മിക്കു യോജിച്ചതാണോ? പ്രത്യേകിച്ചു സോമന്റെകൂടെ? ഇതു പറയാൻ മാത്രമാണു ഞാൻ വന്നതു്."

"വന്നതു നന്നായി..."

"പക്ഷേ, പറഞ്ഞതു് നന്നായില്ലായിരിക്കാം."

"പിന്നെ എന്തിനതു എഴുന്നള്ളിച്ചു?" ലക്ഷ്മിയുടെ മുഖം ചുവന്നു.

"രണ്ടാഴ്ചയായി ഞാൻ പിൻമാറാൻ ശ്രമിക്കുകയായിരുന്നു.

"അതു വിജയിച്ചില്ലേ?"

"ഇല്ല. കർത്തവ്യബോധം എന്നെ ഇതിനു പ്രേരിപ്പിച്ചു."

"എന്തു കർത്തവ്യബോധം?" കോപംകൊണ്ടു് ലക്ഷ്മി വിറച്ചു. അവൾ മുഖം തിരിച്ചു് ഒരു വശത്തേക്കു നോക്കിയിരുന്നു.

രണ്ടുപേരും ഒരു വിഷമസന്ധിയിലെത്തിച്ചേർന്നതുപോലെ നിശ്ശബ്ദരായി. അങ്ങനെ ചില നിമിഷങ്ങൾ കടന്നുപോയി.

അന്തിവെളിച്ചം അണയാൻ തുടങ്ങുകയാണു്. മാനത്തു

ചെമ്മേഘങ്ങൾ അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു. പടിഞ്ഞാറെ ക്ഷേത്രത്തിലെ കെട്ടുകാഴ്ചകൾ എടുത്തുകൊണ്ടുള്ള ഘോഷയാത്രയുടെ ബഹളങ്ങൾ ഒരാരവംപോലെ കേട്ടുതുടങ്ങി. എങ്കിലും അവരെ ആവരണം ചെയ്തിരുന്ന അന്തരീക്ഷം മൂർഛരിച്ചു നിൽക്കുകയാണ്. മറെറാന്നിനും അതിനൊരു അയവു വരുത്തുവാൻ സാധിച്ചില്ല.

"ഒരു ബാല്യസ്നേഹിതൻെറ കർത്തവ്യബോധം എന്നുമാത്രം ധരിച്ചാൽ മതി." കൃഷ്ണൻകുട്ടിയുടെ ദയനീയങ്ങളായ വാക്കുകൾ നീണ്ട നിശ്ശബ്ദത ഭേദിച്ചു.

"അതിനു നന്ദി!" രൂക്ഷമായി, ലക്ഷ്മി പറഞ്ഞു.

ഇഷ്ടംപോലെ മാത്രമേ ചെയ്യൂയുള്ളുവെന്നെനിക്കറിയാം. എങ്കിലും സോമനെ എനിക്കറിവുള്ള സ്ഥിതിക്കു ഞാൻ പറഞ്ഞില്ലെങ്കിൽ തെററായിരിക്കും." അയാൾ പതുക്കെയാണ് സംസാരിച്ചതു്.

"തെററും ശരിയും—" പല്ലുകടിച്ചുകൊണ്ടു് ലക്ഷ്മി പറഞ്ഞു.

"അതൊക്കെ അവസാനമേ അറിയൂ. പിന്നെ അറിഞ്ഞിട്ടു ഫലവുമില്ല."

"ഞാനൊരു കൊച്ചുകുഞ്ഞല്ല."

"അല്ല. ആരും ഒരു കൊച്ചുകുഞ്ഞിനേക്കാൾ ചിന്തിക്കാത്ത ചില സന്ദർഭങ്ങളുണ്ടാകാം."

"അഭിനയം ഞാനേററവുമധികം ഇഷ്ടപ്പെടുന്ന ഒരു കാര്യമാണ്. ഈ സന്ദർഭം പുറംകൈകൊണ്ടു തള്ളിക്കളയാൻ എനിക്കു സാധിക്കയില്ല. ആരുടേയും ഉപദേശം എനിക്കാവശ്യമില്ല." ഗതിമുട്ടി പറയുന്നമാതിരിയാണ് ലക്ഷ്മി സംസാരിച്ചതു്. അവളുടെ കണ്ണുകൾ നിറഞ്ഞു ധാരധാരയായി ഒഴുകി. അവൾ വിങ്ങിവിങ്ങി കരഞ്ഞുതുടങ്ങി. "എല്ലാവരും എനിക്കെതിരു്. എന്നുമെന്നും ഞാൻ ഇവിടെ കിടന്നു നരകിച്ചു നശിക്കണം."

"നശിക്കുന്നതു കാണരുതെന്നുള്ളതുകൊണ്ടാണ്."

"എൻെറ മുമ്പിലിങ്ങനെ ശാസനാദണ്ഡമായി എല്ലാവരും നില്ക്കുന്നതു്? എനിക്കിതു സഹിക്കാൻ വയ്യാ." കൈകൾ

കൊണ്ടു മുഖം പൊത്തി കുനിഞ്ഞിരുന്നു് അവൾ കരഞ്ഞു. "സകലതിന്നും എന്നെ സഹായിച്ചിരുന്ന അമ്മപോലും...എനിക്കെതിരു്." അവൾ അവിടെനിന്നു പ്രതിഷേധരൂപത്തിൽ എഴുന്നേററു പോയി. കൃഷ്ണൻകുട്ടിക്കു് ഇരുന്ന നിലയിൽനിന്നു് അനങ്ങാൻ തോന്നിയില്ല.

ജീവനിൽ ജീവനായി ലക്ഷ്മിയെ അയാൾ കരുതുന്നുണ്ടു്. അതു വിലക്കപ്പെട്ടിട്ടുള്ള കാര്യവുമാണു്. ആശകളെല്ലാം തകരുന്നതല്ലാതെ, തളിക്കുന്നില്ലെന്നുള്ളതു പരമാർത്ഥം തന്നെ. എങ്കിലും അവൻെറ ഹൃദയത്തിൽനിന്നു് ആ മമതാബന്ധം മായിച്ചുകളയാൻ കഴിയുന്നില്ല. ലക്ഷ്മി അയാളുടേതായിത്തീരുമെന്നുണ്ടായിരുന്ന പ്രതീക്ഷകളൊക്കെ അസ്തമിച്ചുകഴിഞ്ഞു. എങ്കിലും തൻെറ ആരാധനാവിഗ്രഹമായിരുന്ന ഒരുവൾ അപവത്തിലേക്കു നീങ്ങുന്നതു കാണുമ്പോൾ ആപൽസൂചന നൽകാതിരിക്കുന്നതിന്നുള്ള മനക്കരുത്തും വൈരാഗ്യബുദ്ധിയും കൃഷ്ണൻകുട്ടിക്കുണ്ടായിരുന്നില്ല. രണ്ടാഴ്ചയോളം ഗൗരവമായി ചിന്തിച്ചശേഷമാണു് അവൻ ലക്ഷ്മിയുടെ മുമ്പിലെത്തിയതും.

സമയം സന്ധ്യയാകാറായി. അയാൾ എഴുന്നേററു് പടിക്കലേക്കു നടന്നു. അങ്കണംവിട്ടു പടി ഇറങ്ങുമ്പോൾ ആ വീട്ടിൻെറ ഇറയത്തു് അന്ധകാരം വ്യാപിച്ചിരുന്നു. സാധാരണ ഈ സമയത്തു് അവിടെ കാണപ്പെടാറുള്ള കൈത്തിരി കത്തിയിരുന്നില്ല. അയാളുടെ ഹൃദയത്തിലെന്നവണ്ണം അവിടെയും ഇരുട്ടുമാത്രം ചുരുണ്ടുകൂടി.

പത്തു്

ദേവകി മടങ്ങി വീട്ടിലെത്തിയപ്പോൾ ഏതാണ്ടു് ഏഴരനാഴികയോളം ഇരുട്ടിയിരുന്നു. പടിക്കലെത്തിയപ്പോൾ പൂമുഖത്തെങ്ങും ഒരു വെളിച്ചവും കണ്ടില്ല. എല്ലാവരും ഉറക്കമായാലല്ലാതെ പൂമുഖത്തെ തൂക്കുവിളക്കു് അണയാറു പതിവില്ല. സന്ധ്യനേരത്തു വീട്ടിൽ മൂശേട്ട വ്യാപിക്കാതിരിക്കേണ്ടതു് ഒരത്യാവശ്യമായി അവർ കരുതുന്നുണ്ടു്. അമ്പലത്തിലേക്കു്

പോകുമ്പോൾ ജോലിക്കാരി കൊച്ചിനോട്ട് ഏർപ്പാട്ട ചെയ്തിരുന്നതുമാണു വിളക്കു കത്തിക്കണമെന്നു്.

ദേവകി പടികയറുമ്പോൾ അട്ടക്കളയിൽ മാത്രമേ അനക്കമുണ്ടായിരുന്നുള്ളു. ലക്ഷ്മിയുടെ ഭാവവ്യത്യാസങ്ങൾ പ്രകടമായ നാൾ തൊട്ടു് ആ വീട്ടു് ഉറക്കമാണു്. അധികം സംസാരങ്ങളൊന്നും അവിടെ കേൾക്കാറില്ല. സന്ധ്യയായാൽ രാമായണപാരായണം നിത്യവും അവിടെ മുമ്പു മുഴങ്ങിയിരുന്നു. അക്ഷരശുദ്ധിക്കു കോട്ടംതട്ടാതെ ആകർഷകമായവിധം ലക്ഷ്മി അതു വായിക്കുന്നതു കേട്ടുകൊണ്ടു് ഭസ്മവും നെററിയിൽ പൂശി ദേവകി ആ പൂമുഖത്തിരിക്കുകയാണു പതിവു്. ഈശ്വരവിശ്വാസിയായിരുന്ന ദേവകി മകളിലും അതിൻെറ അംശങ്ങൾ കലത്താൻ മനഃപൂർവ്വം ശ്രമിച്ചിരുന്നു.

പുണ്യദിവസമായ പൂരത്തിനുപോലും ഈ മ്ലാനത ആ വീട്ടിൽ കടന്നുകൂടിയതു വിചാരിച്ചപ്പോൾ ദേവകിക്കു രോഷത്തേക്കാൾ കൂടുതൽ ശോകമാണുണ്ടായതു്. തന്നെ അലട്ടിക്കൊണ്ടിരുന്ന അതിപ്രധാനമായ പ്രശ്നത്തിനു് ഒരു പോംവഴി കണ്ടെത്തിയ നിമിഷംമുതൽ ദേവകിയുടെ ഹൃദയം ആഹ്ലാദപൂർണ്ണമായി. അതിൽ മതിമറന്നു മടങ്ങുകയുമായിരുന്നു. ലക്ഷ്മിക്കു കൃഷ്ണൻകുട്ടിയോട്ടു നേരത്തെ മമതയുണ്ടെന്നു് അവർ ധരിച്ചിട്ടുണ്ടു്. അതിനാൽ കൃഷ്ണൻകുട്ടിയുമായുള്ള വിവാഹം ലക്ഷ്മി സ്വാഗതംചെയ്യുമെന്നു വിശ്വസിച്ചു. അത്യാഹ്ലാദത്തോടൊന്നും അവൾ സ്വീകരിച്ചില്ലെങ്കിൽത്തന്നെ വിപരീതഭാവം കാണിക്കുകയില്ലെന്നു തീർച്ചയാണു്. ജീവിതത്തിലൊരു കൂട്ടുകാരനുണ്ടായാൽ തികഞ്ഞ ഉത്തരവാദിത്വം താനേ വന്നുകൊള്ളും. താന്തോന്നിയായി തന്നിഷ്ടം കാണിക്കാതെ ഒതുങ്ങി ജീവിക്കുവാൻ പഠിക്കും. സർവ്വോപരി നാടകത്തിലേക്കു് അവൾക്കുണ്ടായിട്ടുള്ള അഭിനിവേശം അസ്തമിക്കും. തൻെറ ജീവിതസായാഹ്നത്തിൽ സകല ആശകളുടെയും കേന്ദ്രമായ ലക്ഷ്മി ഗൃഹലക്ഷ്മിയായി സുഖജീവിതം നയിക്കുന്നതു കണ്ടുകൊണ്ടു ജീവിതം അവസാനിപ്പിക്കാം.

ഇങ്ങനെ ആറായിരം സുന്ദരസ്വപ്നങ്ങൾ ഭാവനയിൽ ദർശിച്ചുകൊണ്ടാണു് ദേവകി പണിക്കരോടൊത്തു് അമ്പലത്തിൽനിന്നു മടങ്ങിയതു്. അറിയേണ്ടതു് അറിഞ്ഞുകഴിഞ്ഞ

തിൽപ്പിന്നെ അവർ ഒന്നും സംസാരിച്ചില്ല. രണ്ടുപേരും അവരവരുടെ ചിന്താമണ്ഡലത്തിൽ വിഹരിക്കുകയായിരുന്നു.

"പെണ്ണേ!" മുററത്തു നിന്നുകൊണ്ട് ദേവകി വിളിച്ചു. അടുക്കളയിൽ ഒരു പെൺകുട്ടി വിളികേട്ടു. "ഇങ്ങോട്ടു വാ." ദേവകി പൂമുഖത്തേക്കു നടന്നു. കൊച്ചു കടലസ്സാവിളക്കും കൈയിൽ പിടിച്ചുകൊണ്ടു ജോലിക്കാരി പെൺകുട്ടി അവരുടെ മുമ്പിലെത്തി.

"വിളക്കു കത്തിച്ചില്യോ?"

"കത്തിച്ചില്യോ?"

"നീ എന്നോട്ടു ചോദിക്കുവാണോ?"

"കൊച്ചമ്മ ഇവിടിരിക്കുവാരുന്നു. ഞാൻ നെനച്ചു, കത്തിച്ചുകാണുമെന്ന്."

"അവളെവിടെ?"

"നേരത്തെ അത്താഴോം കഴിച്ചേച്ചു കെടന്നൊറക്കമായി."

"ഉറക്കമായോ?"

"ഓഹോ! എപ്പൊഴേ! ചെന്നു വിളിക്കരുതെന്നും പറഞ്ഞു."

"കൊള്ളാം. സന്ധ്യത്തിരി കൊളുത്താതേയുമായോ?"

ദേവകി പൂമുഖത്തേക്കു കയറി നിലവിളക്കിലെ തിരി കൊളുത്തി. "ഭഗവതീ! ദേവീ!" അവർ കൈകൂപ്പിക്കൊണ്ടു കണ്ണുമടച്ചു ധ്യാനിച്ച് അരനിമിഷം നിന്നു.

"പൂരത്തിനു നെയ്‌വിളക്കേ ഇവിടെ കൊളുത്തിയിട്ടുള്ളു. ഇന്നു തിരിപോലും ഇല്ലാതായി. വേണ്ടതു വേണ്ടപ്പോൾ ചെയ്യില്ലെങ്കിൽ...എല്ലാം അനുഭവിച്ചേ ഒക്കൂ." ദേവകി ദീർഘനിശ്വാസത്തോടെ നിറുത്തി. അവർ ലക്ഷ്മിയുടെ മുറിയുടെ സമീപത്തേക്കു നടന്നു. അതു് അടച്ചിട്ടിരുന്നു; അകത്തു വെളിച്ചമില്ല. "മോളേ, ലക്ഷ്മീ! ലക്ഷ്മീ!"—ഒരനക്കവുമില്ല.

"കൊച്ചമ്മേ വിളിക്കരുതെന്നു പറഞ്ഞു." അടുക്കളെയിൽനിന്നു ജോലിക്കാരി പെൺകുട്ടി വിളിച്ചുപറഞ്ഞു. ദേവകി നടന്ന്, ലക്ഷ്മി സാധാരണ പൂമുഖത്ത് ഇരുന്നു വായിക്കാറുള്ള മേശയുടെ അടുത്തെത്തി, കൈയിൽ ഉണ്ടായിരുന്ന പ്രസാദം അതിൻെറ പുറത്തുവച്ചു. "പൂരത്തിൻെറ പ്രസാദം തൊടാതി

ഉന്നിട്ടില്ല, ഇന്നുവരെ...അതും ഇന്ന മുടക്കി—'' ആത്മഗതം പോലെയാണ് ദേവകി അതു പറഞ്ഞതു്. കുങ്കുമവും ചന്ദനവും പ്രസാദവും പൂക്കളും ഇലയിൽ ഒന്നിച്ച് മേശപ്പുറത്തു വച്ചിട്ട് ദേവകി അടുക്കളവശത്തേക്കു നടന്നു. ''നാളെ എടുത്തു തൊട്ടോട്ടെ'' എന്നു് അവർ ആശ്വസിച്ചു.

അടുത്ത ദിവസങ്ങളിലൊരിക്കലും ദേവകിക്ക് ഇത്രമാത്രം പ്രസന്നത തോന്നിയിട്ടില്ല. താനാഗ്രഹിച്ച മാതിരി സംഗതികൾ വരുന്നതുകൊണ്ടുള്ള സന്തോഷമായിരുന്നു. പണിക്കരിൽനിന്നു വിചാരിച്ചിരുന്ന വൈഷമ്യങ്ങളൊന്നും ഉണ്ടായില്ല. ഇനി മകളെ മയക്കിയെടുത്തു മംഗളമായി കാര്യങ്ങൾ നടത്താമെന്നുള്ള മുഷ്ക്ക് അവരിൽ മുന്തിനിന്നു.

അത്താഴവും കഴിഞ്ഞു് ഉമ്മറപ്പടിയിൽ ഇരുന്നിരുന്ന പഴയ മൂക്കുകണ്ണാടിയും എടുത്തു് ദേവകി പൂമുഖത്തു് എത്തി. നിലവിളക്കിൻെറ മുൻപിൽ തടുക്കിട്ട് അവർ രാമായണവായന തുടങ്ങി.

അമ്പലത്തിലെ ആഘോഷങ്ങളുടെ ബഹളങ്ങൾ അന്തരീക്ഷത്തിൽ അടങ്ങിയൊതുങ്ങി. പകരം കേളികൊട്ടിൻെറ പ്രതിധ്വനി അവിടെങ്ങും മുഴങ്ങുകയാണ്. ഏതാണ്ട് അർദ്ധരാത്രിയോടടുത്തിരിക്കും ദേവകി രാമായണം അടച്ചുവച്ചപ്പോൾ. അവരുടെ അടുത്തു കൂക്കം വലിച്ചുറങ്ങിക്കൊണ്ടിരുന്ന വേലക്കാരിപ്പെണ്ണിനെ വിളിച്ചുണർത്തി അവളുറങ്ങാറുള്ള സ്ഥലത്തേക്കു പറഞ്ഞയച്ചു. നിലവിളക്കിൻെറ തിരി അണച്ചിട്ടു കൊളുത്തിയ കടലാസ്സുവിളക്കുമായി ദേവകി ചാവടിയിലേക്കു കയറി. ഉറങ്ങിയാൽ വിളിക്കുന്നതു സാധാരണ വെറുപ്പാണ് ലക്ഷ്മിക്ക്. കലമ്പിക്കഴിയുമ്പോൾ പറയാനുമില്ല. അതുകൊണ്ട് അതിനൊന്നും തുനിയാതെ അവൾ ചാവടിയിലെ കട്ടിലിൽ മെത്ത വിരിച്ച് കിടപ്പായി.

ദേവകിക്ക് വേഗം ഉറക്കം വന്നില്ല. അവരുടെ ബുദ്ധിയിൽക്കൂടി ആവശ്യമുള്ളതും ഇല്ലാത്തതുമായി കണക്കില്ലാതെ ചിന്തകൾ കടന്നുപോയി. ലക്ഷ്മിയുടെ അച്ഛൻ ജീവിച്ചിരുന്നെങ്കിൽ ഇന്നെന്തു് ആശ്വാസമാകുമായിരുന്നു. പണിക്കരുമായുള്ള മമതാബന്ധം പൊട്ടിത്തകർന്നതിനുശേഷം ഏഴുകൊല്ലത്തോളം കഴിഞ്ഞാണ് അവർ ഗോവിന്ദക്കുറുപ്പിനെ കല്യാ

ണം കഴിച്ചതു്. പുതിയ ദാമ്പത്യം എങ്ങനെ സാദ്ധ്യമായിത്തീരുമെന്നു് ദേവകിക്കു് ഒരു തിട്ടവും ആദ്യം ഉണ്ടായിരുന്നില്ല. എങ്കിലും പ്രവൃത്തിക്കച്ചേരിയിലെ അക്കൗണ്ടന്റിനെ ഭർത്താവായി അവളുടെ കാരണവർ കണ്ടുപിടിച്ചപ്പോൾ വിരോധമൊന്നും പറഞ്ഞില്ല. കഴിഞ്ഞ കാലങ്ങളെല്ലാം അപ്പാടെ മറന്നിട്ടു് ഒരു പുതിയ ജീവിതം ആരംഭിച്ചു. എങ്കിലും കൂടക്കൂടെ അവളെ പൂർവ്വകാലസംഭവങ്ങൾ വേദനിപ്പിച്ചുകൊണ്ടിരുന്നു. പുറത്തൊന്നും അതു കാണിച്ചിട്ടില്ലെന്നു മാത്രം.

ദേവകിയുടെ ദാമ്പത്യം ശോകപൂർണ്ണമായിരുന്നെന്നു പറഞ്ഞുകൂടാ. സാധാരണയിൽ കവിഞ്ഞുള്ള വിദ്യാഭ്യാസം അവൾക്കു ജീവിതനിരാശകളെ സമചിത്തതയോടെ നേരിടുന്നതിനുവേണ്ട ശേഷി ഉണ്ടാക്കിക്കൊടുത്തു. ആശാന്മാരുടെ ശിക്ഷണമാണു്; പള്ളിക്കൂടങ്ങളിലെ ആഴമില്ലാത്ത അഭ്യാസമായിരുന്നില്ല അവൾക്കു സിദ്ധിച്ചതു്. കാരണവരുടെ അതിരുകവിഞ്ഞുള്ള വാത്സല്യം ആണു് അതിനിടയാക്കിയതും.

സ്വഭർത്താവിന്റെ ഇച്ഛാനുസരണം അവൾ സകലതും പ്രവർത്തിച്ചു. ഗോവിന്ദക്കുറുപ്പും ബഹുമാനത്തോടും മതിപ്പോടും അവളോടു പെരുമാറി. കഴിഞ്ഞ കാലങ്ങളെപ്പററിയൊന്നും അയാൾ തിരക്കിയിട്ടില്ല. അയാളോടു് ആരുമൊട്ടു പറഞ്ഞിട്ടുമില്ല. ആദ്യത്തെ വർഷംതന്നെ അവക്കു് ഒരു മകളുണ്ടായി. അതാണു് ലക്ഷ്മി. കുറുപ്പുതന്നെയാണു് അവൾക്കു് ആ പേരു് ഇട്ടതു്. കുഞ്ഞിനെ കാണാൻ കാരണവക്കു സാധിച്ചെങ്കിലും അധികം താമസിയാതെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

ഗോവിന്ദക്കുറുപ്പു് വലിയ കുടുംബത്തിലൊന്നും പിറന്ന ആളല്ല. വളരെ ചെറുപ്പത്തിലേ അയാളുടെ മാതാപിതാക്കന്മാർ മരിച്ചു. വലിയ സ്നേഹമോ വാത്സല്യമോ ഇല്ലാത്ത കാരണവരുടെകൂടെ കുറെക്കാലം കഴിച്ചു. സ്വന്തം ശ്രമംകൊണ്ടു് ഒരു ജോലിയുണ്ടാക്കി. അങ്ങനെ ആരോടും അധികമൊന്നും കടപ്പെടാതെ ജീവിച്ചുവന്നു. ആയിടയ്ക്കാണു് ദേവകിയുടെ അമ്മാവൻ അയാളെ പരിചയപ്പെട്ടതു്. കുറുപ്പു് സ്ഥലംമാറി ആ ഗ്രാമത്തിൽ എത്തിയതാണു്. നല്ല കുടുംബത്തിൽനിന്നു് ഒരാലോചന വന്നപ്പോൾ കുറുപ്പു് അതിനു സമ്മതം മൂളി.

അങ്ങനെയാണ് അയാൾ ദേവകിയുടെ പാണിഗ്രഹണം നടത്തിയത്. വിവാഹം നടന്നപ്പോൾ രണ്ടുപേക്കും പ്രായം വളരെ ചെന്നിരുന്നു.

ലക്ഷ്മിക്ക് ഏഴുവയസ്സുള്ളപ്പോൾ കുറുപ്പു മരിച്ചു. അതു് സംഭവിക്കുമെന്ന് ആരും വിചാരിച്ചതല്ല. ന്യൂമോണിയായായിരുന്നു രോഗം. ആദ്യം വെറും പനിയായിരിക്കുമെന്നു കരുതി മരുന്നു ചെയ്തു. കഷായവും ഗുളികയുംകൊണ്ടു് കുറവൊന്നും കാണാതിരുന്നപ്പോൾ ഡാക്ടരെ വിളിച്ചു. പക്ഷേ, വളരെ താമസിച്ചുപോയി. ഡാക്ടരുടെ ചികിത്സ മുഴുമിക്കുന്നതിനു സാധിച്ചില്ല. അതിനുമുമ്പ് കുറുപ്പു മരിച്ചു. ദേവകിക്ക് അയാളോടു തോന്നിയിരുന്ന സ്നേഹബന്ധത്തിന്റെ ഏതാണ്ടൊരു രൂപം അവൾ തന്നെ അറിഞ്ഞതു് അന്നാണ്. വേർപാടുണ്ടായപ്പോഴാണ് അതുമൂലം സംഭവിച്ച വിടവിന്റെ ഭയങ്കരത അവൾ അറിയുന്നതു്.

ആ അത്യാഹിതത്തെ തികഞ്ഞ ധീരതയോടെ തന്നെ ദേവകി നേരിട്ടു. തനിക്കൊരിക്കലും സുഖപൂർണ്ണമായ ജീവിതം പാടില്ലെന്നായിരിക്കും നിയതിയുടെ നിശ്ചയം. അല്ലെങ്കിൽ ആരംഭത്തിലെല്ലാം സുഖസുന്ദരമായി കാണപ്പെടുന്നതു് തെല്ലിടകൊണ്ടു് തട്ടിത്തകരുന്നതെന്തുകൊണ്ടു്?

ലക്ഷ്മിയെ ഉന്നതവിദ്യാഭ്യാസം ചെയ്യിക്കണമെന്നു കുറുപ്പ് ഏററവും അധികം ആശിച്ചിരുന്നു. ദേവകിയോടു് അവളുടെ ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ അറിയിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അതെല്ലാം സാധിതപ്രായമാക്കുന്നതിനു മുമ്പ് അയാൾ രംഗം വിടേണ്ടിവന്നു. അയാളുടെ ആശകൾ നിറവേററുവാൻ ദേവകി വേണ്ടതു് ആത്മാർത്ഥതയോടെ ചെയ്യുകയായിരുന്നു. ഇപ്പോൾ ഇതാ ആരും ഒരിക്കലും വിശ്വസിക്കാത്ത മട്ടിൽ സംഭവങ്ങൾ കുട്ടിക്കുഴഞ്ഞിരുന്നു. പൊടുന്നനെ ലക്ഷ്മിയുടെ ജീവിതത്തിൽ കടന്നുവന്ന വിഷമപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽത്തന്നെ കുറുപ്പിന്റെ ആശകൾ സഫലീകരിക്കുവാൻ സാദ്ധ്യതയുണ്ടോ?

കാളേജിൽ പഠിക്കുവാൻ പോയതിൽപ്പിന്നെ ഒരിക്കലും കണ്ടിട്ടില്ലാത്ത തൻേറടവും മററുള്ളവരോടു് അവജ്ഞയും ലക്ഷ്മിയുടെ പെരുമാററത്തിൽ ദേവകി കാണുകയുണ്ടായി.

സ്നേഹപൂർവ്വം പലപ്പോഴും അവർ ഉപദേശിച്ചു നോക്കിയിട്ടുണ്ട്. ചെറുപ്പത്തിൻെറ തിളപ്പായിരിക്കുമിതൊക്കെയെന്നുമാത്രം അവർ സമാധാനിച്ചു.

കൃഷ്ണൻകുട്ടിയുമായുള്ള വിവാഹബന്ധത്തിന് ലക്ഷ്മി സമ്മതിക്കുമോ? അവൾ അതിൻെറ സൂചന ഏതു രീതിയിൽ സ്വീകരിക്കും. അതിൻെറ നാനാവശങ്ങളെക്കുറിച്ചും ദേവകി പലതും ചിന്തിച്ചുകൊണ്ടു കിടന്നു. ചിന്തയിൽക്കൂടി അറിയാതെ നിദ്രയിലേക്കു നീങ്ങി. അന്തിയിലെ വെളിച്ചം ഇരുട്ടിൽ ലയിച്ചു ലയിച്ച് ഇരുട്ടു മാത്രമായി അവശേഷിക്കുന്ന മാതിരി ഒരറിവുമില്ലാതെ ഉറക്കം ദേവകിയെ ആവരണം ചെയ്തു.

പതിനൊന്ന്

പിറേറന്നു പുലച്ചയായി. പതിവുപോലെ നേരത്തെ ഉണർന്നു ദേവകി നാരായണ ജപിച്ചുകഴിഞ്ഞശേഷം മകളെ വിളിച്ചുണർത്താൻ അവളുടെ മുറിയുടെ വാതിലിൽ ചെന്നു തട്ടി. ലക്ഷ്മി ഇനിയും ഉണർന്നിട്ടില്ല.

"ലക്ഷ്മീ! ലക്ഷ്മീ! മോളേ!" ദേവകി വളരെ സാവധാനത്തിൽ സ്നേഹപൂർവ്വം കതകിൽ തള്ളിക്കൊണ്ടു വിളിച്ചു. അകത്തുനിന്നും മറുപടിയൊന്നും കിട്ടിയില്ല. മകൾ ഉണർന്നിരിക്കുകയില്ലെന്നു കരുതി ദേവകി അടുക്കളയിലേക്കു പോയി. അവിടെ തയ്യാറായിരുന്ന കാപ്പി അരത്തുടം ചൂടോടെ അകത്താക്കി. കൊച്ചുകപ്പിൽ കുറെ പകർന്നെടുത്തുകൊണ്ട് മകളെ വിളിക്കാനായി അവർ ലക്ഷ്മിയുടെ കതകിൽമുട്ടി വിളിച്ചു.

നിശ്ശബ്ദത.

അനുസരണക്കേടിനും ഒരതിരില്ലേ? മനസ്സിൽ ഉണ്ടായ കോപം ദേവകി അടക്കിയെങ്കിലും എന്തോ ചില സംശയങ്ങൾ അവരുടെ മനസ്സിനെ ചഞ്ചലപ്പെടുത്തുവാൻ തുടങ്ങി. ഇന്നലെ നാലുമണിക്കു മുമ്പ് മകളെ കണ്ടതാണ്.

കതക് അകത്തുനിന്നു ബന്ധിച്ചിരിക്കുകയാണ്. ഭദ്രമായി അടച്ചിരിക്കുന്ന കതകിൽ തട്ടിയിട്ടു വലിയ പ്രയോജന

മൊന്നുമില്ല. ദേവകിക്കു് ഒരു പരിഭ്രമം. മുമ്പൊരിക്കലും ഇങ്ങനെയൊരനുഭവം ഉണ്ടായിട്ടില്ല. ഉറങ്ങുന്നവരെ ഉണർത്താം. കള്ളഉറക്കക്കാരനെ ഉണർത്താൻ ഒക്കുകയില്ല എന്നു് അവൾക്കറിയാം. എങ്കിലും ഇങ്ങനെ കതകു് ബന്ധിച്ചിരിക്കുന്നതെന്തിനാണു്?

ദേവകി വേഗം മുററത്തിറങ്ങി മുറിയുടെ പിറകുവശത്തേക്കു നടന്നു. ആ മുറിക്കു് ഒരു കതകു് തെക്കേമുററത്തേക്കുണ്ടു്. അവിടെ ചെന്നു് അവൾ കതകിൽ തള്ളി. തള്ളേററു് ചാരിയിരുന്ന കതകു് വേഗം തുറന്നു. ആവേശത്തോടു് അകത്തു കയറിയ ദേവകി അവിടെ ആരെയും കണ്ടില്ല. കിടക്ക ചുരുട്ടി കട്ടിലിൽ വച്ചിരുന്നു.

അവരുടെ തല ചുററി. എന്താണിതു്? ലക്ഷ്മി എവിടെ? ദുഃസ്വപ്നം കണ്ടു പകച്ചു നില്ക്കുന്നതുപോലെ തുറിച്ചുനോക്കിക്കൊണ്ടു് അവൾ നില്ക്കുകയാണു്. കാലുകൾ അനങ്ങുന്നില്ല.

“ലക്ഷ്മീ! മോളേ...?” വല്ലാത്തഒരു വിളിയായിരുന്നു അതു്; ഒരലർച്ചതന്നെ. ദേവകി നിലംപതിച്ചു.

അടുക്കളയിൽ നിന്നിരുന്ന ജോലിക്കാരി ദേവകിയുടെ നിലവിളി കേട്ടു് ഓടിയെത്തി. തടിപോലെ മുറിയിൽ കിടക്കുന്ന ദേവകിയെ കണ്ടു് അവൾ വാവിട്ടു കരഞ്ഞു. അവിടെങ്ങും ആരുമില്ല, ഒരു സഹായത്തിനു്. ജോലിക്കാരി അവരെ കുലുക്കിയും തട്ടിയും വിളിച്ചുകൊണ്ടു് ഉറക്കെ നിലവിളിച്ചു: “അമ്മച്ചീ, അമ്മച്ചീ!”—ചൈതന്യമില്ലാത്ത ശരീരത്തിൽനിന്നു് അവളുടെ വിളിക്കു് ഉത്തരമൊന്നും കിട്ടിയില്ല.

നിലവിളി കേട്ടു് അതുവഴി കടന്നുപോയ ഒരാൾ അവിടെ ഓടിവന്നു. “എന്താ കൊച്ചേ? എന്താ?” അയാൾ തിടുക്കത്തിൽ ചോദിച്ചു.

“അയ്യോ! അമ്മച്ചീ, അമ്മച്ചീ!” അതു മാത്രമായിരുന്നു അയാൾക്കു് അവളുടെ മറുപടി. അകത്തു ശവംപോലെ കമിഴ്ന്നു കിടന്നിരുന്ന ദേവകിയെ അയാൾ വാരിയെടുത്തു് കട്ടിലിൽ കിടത്തി വീശി. “വെള്ളം കൊണ്ടുവാ.” അയാൾ വീശുന്നതിനിടയിൽ ഉത്തരവിട്ടു.

തണുത്ത വെള്ളം ശക്തിയായി മുഖത്തു് എറിഞ്ഞ

പ്പോൾ അല്പനേരം കഴിഞ്ഞു് ദേവകി കണ്ണുതുറന്നു. ദൃഷ്ടി ചുഴ റ്റിനോക്കിയിട്ടു് അവൾ വീണ്ടും കണ്ണുപൂട്ടി.

"അടുത്തുള്ള വല്ലവരേംകൂടൊന്നു വിളി." കണ്ണുനീരൊഴ ക്കിക്കൊണ്ടു നിന്നിരുന്ന പെണ്ണിനോടു് അയാൾ ശബ്ദമടക്കി തിടുക്കമായി പറഞ്ഞു. അയാൾ കാററും വെളിച്ചവും ഏററ വും കൂടുതൽ കയററട്ടെയെന്നു കരുതി മുറിയുടെ വടക്കേ കതകും തുറന്നിട്ടു് അവിടെ കിടന്നിരുന്ന ഒരു പത്രമെടുത്തു വീശി ക്കൊണ്ടിരുന്നു.

നിലവിളിച്ചുകൊണ്ടാണു ജോലിക്കാരി ജാനകി ഓടി യതു്. പുരയിടത്തിൻെറ പടിഞ്ഞാറെ കയ്യാലയിൽ ചെന്നു പണിക്കരുടെ വീട്ടിലേക്കു നോക്കിക്കൊണ്ടു വിളിച്ചുചോ ദിച്ചു:

"ഇവിടാരുമില്ലേ? ഇങ്ങോട്ടൊന്നോടിവരണേ!" ഇറയ ത്തിരുന്നു മുറുക്കാൻ ഇടിക്കുകയായിരുന്നു പണിക്കർ. കൃഷ്ണൻ കുട്ടി വീട്ടിനുള്ളിൽ എന്തോ പണിയിൽ ഏർപ്പെട്ടിരുന്നു. ഈ അവസരത്തിലാണു് കിഴക്കു് ആ പെണ്ണിൻെറ വിളി കേട്ടതു്. കൃഷ്ണൻകുട്ടി പുറത്തിറങ്ങി നോക്കി.

"ഇങ്ങോട്ടൊന്നോടിവരണേ." അവൾ കരഞ്ഞുകൊണ്ടു സഹായാഭ്യർത്ഥന തുടന്നു.

"എന്തെടീ! എന്താ?" കൃഷ്ണൻകുട്ടി പരിഭ്രമത്തോടെ ചോദിച്ചു.

"കൊച്ചമ്മച്ചി അയ്യോ! കൊച്ചമ്മച്ചി!..." അവൾക്കു് അതു പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഇത്രയുമായപ്പോൾ പണി ക്കരും പുറത്തിറങ്ങി. കൃഷ്ണൻകുട്ടി കാത്തുനില്ക്കാതെ കൊച്ചു പുരയിലേക്കു് ഓടി. മകൻെറ ഓട്ടവും പെണ്ണിൻെറ കരച്ചി ലും കണ്ടു് പണിക്കരും അങ്ങോട്ടുതന്നെ നടന്നു.

കൃഷ്ണൻകുട്ടി അവിടെ എത്തിയപ്പോൾ ദേവകി ആലസ്യ ത്തിൽ ആണ്ടുകിടക്കുകയാണു്. നിർജ്ജീവയായി കിടക്കയിൽ നിവന്നുകിടക്കുന്നതു കണ്ടപ്പോൾ അയാൾ ആകപ്പാടെ ഭയന്നു പോയി. അടുത്തു് ഒരു അപരിചിതൻനിന്നു വീശുന്നുണ്ടു്. മുറിക്കുള്ളിൽ ഓടിക്കയറി, അയാൾ ദേവകിയെ കുലുക്കി വിളിച്ചു.

"ഉപദ്രവിക്കരുതു് മോഹാലസ്യമാണു്. കുറച്ചു കഴിഞ്ഞിട്ടു വിളിച്ചാൽ മതി."

കൃഷ്ണൻകുട്ടി അവർ കിടന്നിരുന്ന കട്ടിലിൽത്തന്നെ ഇരുന്നു് അവരുടെ തണുത്ത കാലുകൾ തടവി. അയാൾ ആ മുറിയിലാകെ കണ്ണോടിച്ചു. ലക്ഷ്മി എവിടെ? അയാൾക്കു് ആശങ്ക തോന്നി. എങ്കിലും എല്ലാം അടക്കി പ്രജ്ഞയററവനെപ്പോലെ ഇരുന്നു.

ഓടിക്കിതച്ചു തിരിച്ചുവന്ന ജാനകിയോടു് അയാൾ ചോദിച്ചു: "ലക്ഷ്മി എവിടെ?"

"ഞാൻ കണ്ടില്ല."—അവൾ കണ്ണുനീർ തുടച്ചുകൊണ്ടു് എങ്ങിയതേയുള്ളു.

ഈ സമയംകൊണ്ടു പണിക്കരും അവിടെ എത്തി.

"എന്താ...എന്താ വിശേഷം?..." വേഗം നടന്നതിനാൽ കിതച്ചും വിറച്ചും വടിയിൽ താങ്ങിനിന്നുകൊണ്ടു് അകത്തു കടന്ന പണിക്കർ ചോദിച്ചു. അതിനു് അവിടെ നിന്നിരുന്ന അപരിചിതനാണു് ഉത്തരം പറഞ്ഞതു്.

"ഞാൻ ഇതുവഴി പോകുമ്പോൾ ഒരു നിലവിളി കേട്ടു. ഓടിക്കയറി വന്നപ്പോൾ ഇവരു നിലത്തു കമിഴ്ന്നുകിടക്കുന്നു. അനക്കമില്ല; ഈ പെണ്ണു കുലുക്കി വിളിക്കുന്നുണ്ടു്. ഞാനാ എടുത്തു കട്ടിലിൽ കിടത്തി മുഖത്തു വെള്ളം തളിച്ചതു്. ഒരിക്കൽ കണ്ണുതുറന്നു; ഭയപ്പെടാനൊന്നുമില്ലെന്നു തോന്നുന്നു."

"മുഖത്തു കുറച്ചു വെള്ളംകൂടൊന്നു തളിച്ചിട്ടു വീശ്," പണിക്കർ കാലു തിരുമ്മിക്കൊണ്ടിരുന്ന കൃഷ്ണൻകുട്ടിയോടു പറഞ്ഞു.

"നിങ്ങളൊക്കെ ഉണ്ടല്ലോ. ഞാൻ അങ്ങോട്ടിറങ്ങട്ടെ."—അപരിചിതൻ യാത്രപറഞ്ഞു മുറിക്കു വെളിയിലിറങ്ങി.

പണിക്കരും കൃഷ്ണൻകുട്ടിയും ദേവകിയെ നിശ്ശബ്ദരായി നോക്കിക്കൊണ്ടിരുന്നു. തണുത്ത ജലം മുഖത്തു തളിച്ചിട്ടു് അല്പം കഴിഞ്ഞപ്പോൾ അവർ കണ്ണുതുറന്നു. പ്രജ്ഞയില്ലാത്ത നോട്ടം. ചുററുപാടു ബോധ്യമായെന്നു ചേഷ്ടകളിൽനിന്നു മനസ്സിലാക്കാം. അവരുടെ കണ്ണുകൾ നിറഞ്ഞു. ക്ഷീണിച്ചു് ഒരുവശത്തു കിടന്നിരുന്ന കൈയ് പൊക്കി കണ്ണുനീർ തുടച്ചു്

എന്തോ പറയാൻ അവർ പണിപ്പെടുകയാണ്—''എന്റെ... ലക്ഷ്മി...എവിടെ?''

വളരെ പതിഞ്ഞ മട്ടിൽ ക്ഷീണിച്ച സ്വരത്തിൽ അത്രയും അവർ പറഞ്ഞു.

ദേവകിയുടെ ദൃഷ്ടികൾ അടഞ്ഞു. നിദ്രയിൽ അമന്നമാതിരി നിശ്ചേതനയായി അവർ നിവന്നുകിടന്നു.

''അല്പനേരം ഉറങ്ങട്ടെ,'' പണിക്കർ വെളിയിലിറങ്ങി പൂമുഖത്തേയ്ക്കു നടന്നു.

കൃഷ്ണൻകുട്ടി അവരുടെ സമീപത്തുതന്നെ ഇരിക്കുകയാണ്. കുറച്ചുകഴിഞ്ഞു കട്ടിലിൽനിന്നെഴുന്നേററ് അയാൾ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

''ലക്ഷ്മി എവിടെ?'' അതായിരുന്നു അയാളെ അലട്ടിയിരുന്ന പ്രശ്നം.

മുറിയുടെ കോണിൽ പുസ്തകങ്ങൾ അടുക്കിവച്ചിരുന്ന ചെറിയ ഷെൽഫിൽ അയാളുടെ ശ്രദ്ധ പതിഞ്ഞു. അങ്ങോട്ട് അറിയാതെ നടന്നു. അവിടെ ഒരു കഷണം കടലാസ് മടക്കിവച്ചിരുന്നതു കൈയിലെടുത്തു. ആവേശത്തോടെ അയാൾ അതു വായിച്ചു:

''എന്നെ ആരും തിരക്കരുത്. ഞാൻ ഇവിടം വിടുന്നു. എന്റെ ആശയമനുസരിച്ചുള്ള ജീവിതം നയിക്കാൻ ഞാൻ തീരുമാനിച്ചു. ഞാനൊന്നും മറക്കുന്നില്ല. ഞാൻ ജനതാ നാടക അക്കാഡമിയിൽ ചേരുകയാണ്. ഇന്നലെ സോമന്റെ കത്തും കിട്ടിയിട്ടുണ്ട്. ഇന്നു രാവിലെ പുറപ്പെടുന്ന ഞാൻ നാളെ രാവിലെ സുഖമായി കോട്ടയത്തെത്തും. ലക്ഷ്മി.''

കൃഷ്ണൻകുട്ടി ആ വാചകങ്ങൾ എത്ര ആവൃത്തി വായിച്ചെന്നു തിട്ടമില്ല. ദീർഘമായ ഒരു നെടുവീർപ്പിട്ട് അയാൾ കട്ടിലിൽ കിടക്കുന്ന ദേവകിയെ നോക്കി. ആരെയും അറിയിക്കാതെ ലക്ഷ്മി നാടുവിട്ടതാണ്. ഇന്നലെ അതിനുതക്ക സന്ദർഭം കിട്ടി. ജോലിക്കാരി പറഞ്ഞ വിവരങ്ങളും എല്ലാംകൂടി കൂട്ടിച്ചേർത്തു സംഭവങ്ങളുടെ ഗതി ശരിക്കു മനസ്സിലാക്കി. അന്തിക്ക് അവർതമ്മിൽ കണ്ടതിനുശേഷം ലക്ഷ്മി വീടുവിട്ടിരിക്കും. സംശയിക്കരുതെന്നു കരുതി ജോലിക്കാരിയെ തെററിദ്ധരിപ്പിച്ചിട്ടായിരിക്കും പോയതു്.

ഇതുപോലെ സംഭവിക്കുമെന്നു കരുതിയില്ല കൃഷ്ണൻകുട്ടി. അമ്മയും മകളും തമ്മിൽ പൊരുത്തപ്പെടാത്ത ഭിന്നതയുണ്ടായിരിക്കുമെന്നു് അയാൾ ഊഹിച്ചു. പഴയതും പുതിയതും തലമുറകൾ തമ്മിലുണ്ടായ സംഘട്ടനത്തിൽ പഴയതു തിരസ്കൃതമായി. അവരുടെ ആദർശങ്ങൾ ഒന്നിച്ചു പോകുന്നവയല്ല. ആഭിജാത്യമുള്ള കുടുംബത്തിലെ പെൺകുട്ടി നാടകക്കാരിയായിപ്പോകുന്നതിനു പഴയവരാരും സമ്മതിക്കുകയില്ല. നാടകക്കാരുടെ ജീവിതത്തിൻെറ തിളക്കത്തെ അഭികാമ്യമായി കരുതിയിട്ടുള്ള പുതിയ തലമുറ അതു സഹിക്കുമോ?

കൃഷ്ണൻകുട്ടിയുടെ ബുദ്ധിയിൽക്കൂടി എന്തൊക്കെയാണു കടന്നു പൊയ്ക്കൊണ്ടിരുന്നതു്? അസ്വസ്ഥനായി അവൻ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

ഏതാണ്ടു് അരമണിക്കൂറോളം കഴിഞ്ഞപ്പോൾ ദേവകി ഉണർന്നു. അപ്പോഴേക്കു് അടുക്കളക്കാരി കാപ്പി തയ്യാറാക്കി അവിടെ കൊണ്ടുവച്ചിരുന്നു. ദേവകിയെ താങ്ങിയിരുത്തി അയാൾ കുറെ ചൂടുകാപ്പി പിടിച്ചുകൊടുത്തു.

''ഒന്നും വിഷമിക്കേണ്ട. ലക്ഷ്മി സുഖമായിട്ടു് ഇരിക്കുന്നുണ്ടു്.'' കാപ്പി കുടിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ പറഞ്ഞു് അവരെ ആശ്വസിപ്പിച്ചു. ''സോമൻെറക്കൂടെ നാടകത്തിൽചേരാൻ പോയതാണ്.''

ദേവകിയുടെ കണ്ണിൽനിന്നു ധാരധാരയായി കണ്ണുനീർ ഒഴുകി. ഒരു കൊല്ലമായി രോഗശയ്യയിൽ കിടന്നിരുന്നാലുള്ള ക്ഷീണം അവരുടെ മുഖത്തു തോന്നിച്ചു. എത്ര പെട്ടെന്നു് അവർ ഉടഞ്ഞുപോയി. ചിന്നിച്ചിതറി കിടന്നിരുന്ന നരച്ച തലമുടി അവരുടെ ദയനീയഭാവത്തെ വളരെ വർദ്ധിപ്പിച്ചു.

''എങ്ങനെയെങ്കിലും എൻെറ മോളെ വരുത്തണം.'' ഗൽഗദത്തോടെയാണ് അവർ സംസാരിച്ചതു്. അവരെ നോക്കിയിരിക്കാനുള്ള കരുത്തു കൃഷ്ണൻകുട്ടിക്കില്ലായിരുന്നു. അയാൾ വെളിയിലേക്കു നോക്കിക്കൊണ്ടിരുന്നതേയുള്ളു.

സംസാരം കേട്ടുകൊണ്ടു് പണിക്കർ മുറിയിലേക്കു കടന്നുവന്നു. എന്തു പറയണമെന്നോ ചോദിക്കണമെന്നോ അയാൾക്കു് ഒരു തിട്ടവുമില്ല. പണിക്കരെ കണ്ടപ്പോൾ ദേവകിയുടെ ദീനഭാവം പതിന്മടങ്ങു വർദ്ധിച്ചു.

"എന്തെല്ലാമനുഭവിച്ചാലൊക്കം!" ആരോടെന്നില്ലാതെ അവർ പറഞ്ഞു.

പൂമുഖത്തിരുന്നപ്പോൾ കാപ്പികൊണ്ടുചെന്നു കൊടുത്ത ജാനകിയിൽനിന്നു പണിക്കർ വിവരങ്ങളൊക്കെ മനസ്സിലാക്കിയിരുന്നു.

ദേവകി മുഖം താഴ്ത്തി കിടക്കയിൽ ഇരിക്കുകയാണ്. നിശ്ശബ്ദത അവിടെ നിലനിന്നു.

"എന്തെങ്കിലും അത്യാവശ്യമുണ്ടായാൽ ആളു പറഞ്ഞയക്കു! ഞാനങ്ങോട്ടു ചെല്ലട്ടെ. കൊച്ചുകല്യാണിക്കും സുഖമില്ലാതിരിക്കുവാ." പണിക്കർ പതുക്കെ മുറിക്കു വെളിയിലിറങ്ങി. അയാളുടെ കാലൊച്ച കേൾക്കാതായപ്പോൾ ദേവകി കൃഷ്ണൻകുട്ടിയോടു പറഞ്ഞു:

"എന്റെ ലക്ഷ്മിയെ എങ്ങനെങ്കിലും വരുത്തു."

"ഇപ്പോൾതന്നെ ഞാൻ എഴുതെഴുതാം."

"അതെന്നു കിട്ടും?"

"നാളെ രാവിലെ."

"തീർച്ചയാണോ?"

"അതെ."

"അവളിങ്ങു തിരിച്ചുവരണം." ദേവകി കരഞ്ഞുതുടങ്ങി.

"അമ്മ വിഷമിക്കാതെ കിടക്കു."

അവരെ താങ്ങിക്കിടത്തി. അവരുടെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞു് ഇരുവശത്തേയ്ക്കും ഒലിച്ചുകൊണ്ടിരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ അറിയാതെ മയങ്ങി. കൃഷ്ണൻകുട്ടി കടലാസ് എടുത്തു ലക്ഷ്മിക്കു് എഴുതെഴുതി.

പന്ത്രണ്ടു്

നാടുവിട്ടു പട്ടണത്തിലെത്തിയ കൊച്ചുരാമൻ തൊഴിലന്വേഷിച്ചു് അലഞ്ഞുതിരിഞ്ഞു. എല്ലാവരും അപരിചിതരായ ഒരു നാട്ടിൽ ഒന്നുമറിവില്ലാത്ത ഒരു യുവാവിനു് എന്തുചെയ്യാൻ കഴിയും? ഏതാണ്ടു രണ്ടാഴ്ച കഴിഞ്ഞപ്പോൾ കൈയിലുണ്ടായിരുന്ന പണമെല്ലാം തീർന്നു. എന്തെങ്കിലും ഒരു തൊഴിലു

കണ്ടുപിടിക്കാതെ തിരിച്ചു വീട്ടിലേക്ക് ഇല്ലെന്നു ദൃഢനിശ്ചയം ചെയ്തിരുന്നതുകൊണ്ടു് അവൻ മടക്കത്തെക്കുറിച്ചൊന്നും മനസ്സിൽ കണ്ടതുപോലുമില്ല.

അപരിചിതരെക്കൊണ്ടു നിറഞ്ഞിരുന്ന നാട്ടിൽ വേല ചെയ്യാൻ മടിയില്ലാത്തവനു് എങ്ങനെയും ജീവിച്ചുപോകാൻ വഴികളുണ്ടു്. ദുരഭിമാനവും പഴയ പ്രതാപത്തിന്റെ പേരിൽ ഉള്ള മുഴപ്പും കൊച്ചുരാമനു് ഒട്ടുമില്ല. അവൻ തിരുവനന്തപുരത്തു് എത്തിയശേഷം ദിവസവും ആഹാരത്തിനു ചെല്ലാറുള്ളതു് ഒരു ഹോട്ടലിൽ മാത്രമായിരുന്നു. അവിടെനിന്നു മാത്രമേ എന്തെങ്കിലും കഴിച്ചിട്ടുള്ളു. രാത്രിയിലത്തെ സമയം ഒട്ടുമുക്കാലും പാർക്കിലും മററുമായി കഴിച്ചുകൂട്ടും. ഉറക്കം റയിൽവേസ്റ്റേഷനിലെ ഒഴിവുള്ള ഏതെങ്കിലും ഒരു ബഞ്ചിലും.

അവിടത്തെ അനുഭവത്തിൽ ഒരു കാര്യം അവനു സ്പഷ്ടമായി. അവനെപ്പോലെ അല്ലലിൽ അകപ്പെട്ടു് അലയുന്നവർ കുറവല്ല. പുറമോടിയിൽ കാണുന്നതൊന്നും വാസ്തവമല്ല. ജീവൽപ്രശ്നങ്ങളിൽക്കിടന്നു നട്ടംതിരിയുന്നവരാണു ഭൂരിഭാഗവും.

ഉണ്ണുന്ന ഹോട്ടലിൽ കൊച്ചുരാമൻ അന്നു വൈകുന്നേരം ചെന്നുകയറിയതു് ഒരു നിശ്ചയത്തോടുകൂടിയായിരുന്നു. ജോലി തിരക്കി നടന്നിരുന്നെങ്കിലും അവൻ ആരോടും അതുവരെ യാചിച്ചിട്ടില്ല. അവൻ ഊണുകഴിഞ്ഞു മാനേജരെ സമീപിച്ചു. ശാന്തശീലനായ ഒരാളായിട്ടാണു് അയാളെ അവനു തോന്നിയിട്ടുള്ളതു്. അവൻ അടുത്തുചെന്നു് അല്പനേരം നിശ്ശബ്ദനായി നിന്നു. മനസ്സിൽ തോന്നുന്ന വിചാരം പുറത്തറിയിക്കാൻ ഒരു വിമ്മിഷ്ടം ആദ്യമായിട്ടാണു് അവനു തോന്നുക. ആളുകളുടെ ബഹളം തീരുന്നതുവരെ അവൻ കാത്തുനിന്നു.

"എന്താ?" അവനെനോക്കി മാനേജർ ചോദിച്ചു.

"ഒരു കാര്യം പറയാനാണു്."

"പറഞ്ഞോളു."

"എനിക്കൊരു തൊഴിലെന്തെങ്കിലും..."

"ഇവിടെ കൂടെക്കൂടെ കാണാറുണ്ടല്ലോ."

"ഞാൻ വന്നിട്ടു് ഒന്നരമാസത്തോളമായി."

"എവിടെയാ നാട്ടു്?"

"വടക്കാണു്."

"എന്തിനാ തിരുവനന്തപുരത്തു വന്നതു്?"

"സ്കൂൾഫൈനൽ കഴിഞ്ഞപ്പോൾ ഇങ്ങോട്ടു പോന്നു."

"കാരണം?"

"ജീവിക്കാനൊരു വഴി കണ്ടെത്താൻ."

മാനേജർ ചിരിച്ചു. "നിലയുള്ളിടത്തുനിന്നു ചുഴിയിലേക്കാണോ ചാടേണ്ടതു്."

"അല്ല."

"പിന്നെ?"

"എന്തെങ്കിലും കണ്ടുപിടിക്കാമെന്നു കരുതി ഇറങ്ങിയതാണു്."

"ആകട്ടെ. ഞാനെന്തുവേണം?"

"ഒരുപകാരം ചെയ്യണം."

"പറഞ്ഞോളൂ."

"ഒരു വഴി കണ്ടെത്തുന്നതുവരെ ഇവിടെ എന്തെങ്കിലും..."

"എന്തു ചെയ്യാം?"

"എന്തും. എനിക്കു മടിയില്ല." കൊച്ചുരാമന്റെ ഉറച്ച വിശ്വാസത്തോടുകൂടിയുള്ള സംസാരം മാനേജർക്കു വളരെ പിടിച്ചു. "ഇവിടെ ഒഴിവൊന്നുമില്ല."

"എന്നെ മനഃപൂർവ്വം സഹായിക്കണം. മുഖപരിചയം പോലും ഇല്ലാത്തവരേയുള്ളൂ. ഇവിടെനിന്നുകൊണ്ടു് ഞാൻ എന്തെങ്കിലും നേടിക്കൊള്ളാം."

"എനിക്കു് ഒരു പരിചയവും ഇല്ലല്ലോ."

"എന്നെ വിശ്വസിക്കുക."

"ശരി." മാനേജരുടെ പെരുമാററം വളരെ സഹായകമായി കൊച്ചുരാമനു തോന്നി.

"ഞാൻ വിശ്വസിച്ചാൽ...?"

"അതൊരിക്കലും ആപത്തായിത്തീരുകയില്ല."

"നിങ്ങളുടെ സംസാരത്തിൽ എനിക്കു മതിപ്പു തോന്നുന്നു."

"ഒന്നു ശ്രമിച്ചാൽ..."

"ശ്രമിക്കാം." അയാൾ അല്പനേരം ആലോചനയിൽ

ഇരുന്നു. അകത്തു വന്നുകൊണ്ടിരുന്നവരെ ഉപചരിച്ചിരുത്താനും മററും ജോലിക്കാരോട്ട് ഇടയ്ക്കിടെ ഉത്തരവു നൽകുന്നുമുണ്ട്.

"ബില്ലെഴുതുന്ന ജോലിയിൽ ഇരുന്നുകൊള്ളൂ," മാനേജർ കൊച്ചുരാമനോട്ട തിരിഞ്ഞു പറഞ്ഞു.

അങ്ങനെയാണ് കൊച്ചുരാമൻ അപ്രതീക്ഷിതമായി ഒരു ജോലിയിൽ പ്രവേശിച്ചത്. ചെലവും കഴിഞ്ഞ് പത്തുരൂപയായിരുന്നു ശമ്പളം. അഭിമാനിയായ അച്ഛനെ അവൻ വിവരം അറിയിച്ചില്ല. എഴുതാറുള്ള എഴുത്തുകളിൽ ജോലിയന്വേഷണം തുടരുകയാണെന്നു സൂചിപ്പിക്കും. ആവശ്യത്തിനു പണംവേണമെന്നു പറയാറുമില്ല.

കൊച്ചുരാമൻ പോയതിൽപ്പിന്നെ പണിക്കർക്കു വല്ലാത്ത കുണ്ഠിതം തോന്നാറുണ്ട്. അവനായിരുന്നു അയാളുടെ ഏററവും ഇളയ മകൻ. അവനോട്ട വല്ലാത്ത വാത്സല്യവും അയാൾക്കു തോന്നിയിട്ടുണ്ട്. ആരു വന്നാലും കൊച്ചുരാമനെക്കുറിച്ചായിരിക്കും സംസാരം. അവന്റെ ഗുണവിശേഷങ്ങളും സ്നേഹവും അവരുടെയെല്ലാം മുൻപിൽ അതിരില്ലാതെ വർണ്ണിച്ചു കേൾപ്പിക്കും.

ഹോട്ടലിൽ ജോലിക്കുനിന്നിരുന്ന കാലമത്രയും വർത്തമാനപ്പത്രങ്ങൾ കൊച്ചുരാമൻ മുടങ്ങാതെ വായിച്ചുവന്നു. ഔദ്യോഗികപ്രഖ്യാപനങ്ങളും അറിയിപ്പുകളും അതിൽ കാണുന്നവ കൂടാതെ അവിടെ വരാറുള്ളവരിൽനിന്നും അവൻ മനസ്സിലാക്കിവന്നു. ഏതാണ്ട രണ്ടാഴ്ച കഴിഞ്ഞപ്പോഴേയ്ക്കു തിരുവനന്തപുരത്തെ ഒട്ടുമുക്കാലും ആഫീസുകളിൽ അവനു പരിചയക്കാരെ സമ്പാദിക്കാൻ സാധിച്ചു.

അധികം താമസിയാതെ മാനേജർ അവനെ ഹോട്ടലിന്റെ പ്രധാന ശാഖയിലേക്കു മാററി. അവിടെയാണ് ആളുകൾക്കു താമസത്തിനുള്ള ഏർപ്പാട്ടുകൾ ചെയ്തിരിക്കുന്നത്. അതിന്റെ മേൽനോട്ടച്ചുമതലയാണ് അവൻ ഏറെറടുത്തത്. ആയിടയ്ക്ക് സർക്കാർസർവ്വീസിൽ ക്ലാക്കന്മാരായി നിയമനം നടത്തുന്നതിലേക്ക് ഉണ്ടായിരുന്ന അറിയിപ്പനുസരിച്ച് അതിനപേക്ഷിക്കുകയും ചെയ്തു.

അന്നൊരിക്കൽ കൊച്ചുരാമൻ ഹോട്ടലിൽ ഇരിക്കുമ്പോൾ അവന്റെ മുൻപിൽക്കൂടി സോമനും ഒരു സ്ത്രീയുംകൂടി കടന്നു

പോയി. സോമൻ നേരത്തെ മുറി റിസർവ്വു ചെയ്തിരുന്നു. അന്ന് അയാൾ അവിടെ എത്തുമെന്നും അറിയിച്ചിട്ടുണ്ട്. പ്രശസ്ത നടനായ സോമനെ നേരത്തെ പലപ്പോഴും കൊച്ചുരാമൻ കണ്ടിട്ടുണ്ട്. എന്നല്ലാതെ നേരിട്ടു പരിചയമുണ്ടായിരുന്നില്ല. അയാളുടെ കൂടെയുണ്ടായിരുന്ന സ്ത്രീയെ കൊച്ചുരാമനു വളരെ പരിചയമുള്ളതായി തോന്നി. കൊച്ചുപുരയ്ക്കലെ ലക്ഷ്മിയെപ്പോലെതന്നെ മുഖം. ആഡംബരമേറിയ ആടയാഭരണങ്ങൾ അവൾ അണിഞ്ഞിട്ടുണ്ട്. നല്ല പരിഷ്കാരിയുടെ കെട്ടുംമട്ടും. അപ്പോൾമുതൽ കൊച്ചുരാമൻ ആലോചിക്കുകയാണ്, അതാരെന്ന്. ഒരെത്തും പിടിയുമില്ല.

ലക്ഷ്മി നാടകത്തിനിറങ്ങിത്തിരിച്ച വിവരങ്ങളൊക്കെ കൊച്ചുരാമൻ വിശദമായറിഞ്ഞിരുന്നില്ല. അവനു നാട്ടിൽനിന്നു കിട്ടിയ എഴുത്തുകളിൽ അതിനെക്കുറിച്ചു ചില സൂചനകൾ മാത്രമെ ഉണ്ടായിരുന്നുള്ളു. സോമൻെറ കൂടെയാണെന്നും മററും അറിഞ്ഞിരുന്നില്ലതാനും. സോമൻെറക്കൂടെ അവളെ കാണാനെന്താണു സാദ്ധ്യത? ആലോചിച്ചിട്ടു വഴിയൊന്നുമില്ല. ലക്ഷ്മി കൊച്ചുരാമനെ നല്ലവണ്ണം അറിയും. ഏതായാലും ആ സ്ത്രീ ആരാണെന്നു മനസ്സിലാക്കാൻതന്നെ കൊച്ചുരാമൻ ഉറച്ചു. അവിടെ ഉണ്ടായിരുന്ന ഒരു ജോലിക്കാരനെ വിളിച്ച് അവൻ ചോദിച്ചു: ''സോമൻെറക്കൂടെയുള്ള സ്ത്രീ ആരാണ്?''

''സാറ് അറിയില്ലേ? അവരുടെ കമ്പനിയിലെ നായിക..''

''ഓഹോ! അതാരാ?''

''അടുത്തകാലത്തു കമ്പനിയിൽ ചേർന്നതാ.''

''പേരറിയാമോ?''

''ഓഹോ! ഇതാ വന്നേച്ചു.'' ജോലിക്കാരൻ പോയി ഒരു നോട്ടീസ് എടുത്തുകൊണ്ടുവന്ന് കൊച്ചുരാമൻെറ കൈയിൽ കൊടുത്തു. ''ഇതാ ഇതവരുടെ പടമാ. നാളെ ഇവിടൊരു നാടകമുണ്ട്.''

കൊച്ചുരാമൻ നോട്ടീസിലുള്ള പടം സൂക്ഷിച്ചുനോക്കി. അവരെത്തന്നെയാണു സോമനോടൊത്ത് അല്പംമുമ്പു കണ്ടത്. നോട്ടീസു വായിച്ചു, ''നായകൻ...സോമൻ, നായിക കുമാരി ലക്ഷ്മി.''

"ലക്ഷ്മി!" അയാളുടെ ഹൃദയാന്തർഭാഗത്തുനിന്നു പ്രതിദ്ധ്വനിച്ചതുപോലെ അയാൾ പതുക്കെ പറഞ്ഞു. "നീ പൊയ്ക്കോളു." ജോലിക്കാരനെ അയാൾ പറഞ്ഞയച്ചു.

കൊച്ചുരാമൻ കസേരയിൽ ഇരുന്നു. "കൊച്ചുപുരയ്ക്കലെ ലക്ഷ്മിതന്നെ ആയിരിക്കണം." അയാൾക്കു തീരെ വിശ്വാസം വരുന്നില്ല.

കൊച്ചുരാമൻ പാസാകുന്നതിനു് ഒരുകൊല്ലംമുമ്പു ലക്ഷ്മി സ്കൂളിൽനിന്നു് ജയിച്ചു പോയി. പഠിച്ചുകൊണ്ടിരിക്കുമ്പോൾ വിനോദപ്രകടനങ്ങളിൽ അസാമാന്യമായ ഭ്രമം അവൾ പ്രദർശിപ്പിച്ചിരുന്നു. കാളേജിൽ ചേർന്നതിൽ പിന്നെ അവളെ അപൂർവ്വമായിട്ടേ കണ്ടുമുട്ടാറുള്ളു എങ്കിലും അയൽക്കാരായ അവർ പരസ്പരം നല്ലതുപോലെ അറിയും.

ഒരുപക്ഷേ, അവളുടെ നാടകഭ്രമം ഈ നിലയിൽ കൊണ്ടുചെന്നെത്തിച്ചിരിക്കും.

ഇങ്ങനെ ചിന്തിച്ചുകൊണ്ടു് ഇരിക്കുമ്പോൾ സോമൻ തനിച്ചു പുറത്തേക്കു പോകുന്നതു കൊച്ചുരാമൻ കണ്ടു. സായാഹ്നസവാരിക്കുള്ള പുറപ്പാടായിരിക്കണം. ലക്ഷ്മിയെ തനിച്ചിരുത്തിയിട്ടായിരിക്കും പോകുന്നതു്. പെട്ടെന്നു് അവന്റെ ബുദ്ധിയിൽ ഒരു യുക്തിതോന്നി. താമസക്കാരുടെ വിവരങ്ങളും മററും എഴുതാറുള്ള തടിച്ച ബുക്കു തുറന്നുവച്ചു് പരിശോധന തുടങ്ങി. "റൂം നമ്പർ 22" അവൻ പതുക്കെ പിറുപിറുത്തുകൊണ്ടു് ബുക്കു മടക്കി. ഇരുന്ന കസേര കാലുകൊണ്ടു പിറകോട്ടു മാററിയിട്ടു് അവൻ എഴുന്നേററുനടന്നു്, 22-ാംനമ്പർ മുറിയുടെ വാതില്ക്കലെത്തി. അകത്തുനിന്നു് അതിലോലമായ ഒരു മൂളിപ്പാട്ടിന്റെ ശബ്ദം അയാളുടെ കാതുകളിൽ വന്നുവീണു. കതകു് അകത്തുനിന്നു കുററിയിട്ടിരിക്കുകയാണു്. അല്പനിമിഷം ഗാനം ശ്രദ്ധിച്ചുകൊണ്ടു് അവൻ അവിടെ നിന്നു. പതുക്കെ കതകിൽ മുട്ടി.

മൂളിപ്പാട്ടു പെട്ടെന്നു നിലച്ചു.

"ആരു്?" അകത്തു് ഒരു ചോദ്യം.

കൊച്ചുരാമൻ വീണ്ടും കതകിൽ മുട്ടി.

മുടക്കൻ എടുത്തു കതകു തുറന്നു. തുറന്നുവച്ച കതകിന്റെ പാളികളിൽ രണ്ടുകൈയും പിടിച്ചുകൊണ്ടു് ലക്ഷ്മി കൊച്ചു

രാമൻെറ മുമ്പിൽ നില്ക്കുകയായി. അവർ മുഖത്തോടുമുഖം നോക്കി. അല്പമൊന്നു പകച്ചമട്ടിൽ രണ്ടുപേരും അരനിമിഷം നിന്നുപോയി.

"എന്നെ അറിയുമോ?" അവരുടെ മദ്ധ്യത്തിൽ നിലനിന്ന ഉൽക്കണ്ഠയേറിയ നിശ്ശബ്ദത ഭേദിച്ചുകൊണ്ടു കൊച്ചുരാമൻ ചോദിച്ചു.

"അറിയും. ഇങ്ങകത്തുവരു." ലക്ഷ്മി മറുപടിപറഞ്ഞിട്ടു തിരിഞ്ഞുനടന്നു. കൊച്ചുരാമൻ മുറിയിൽ കടന്നു. വാതിൽ ചാരി.

രണ്ടുപേരും ഇരുന്നു. പഴയ സംഭവങ്ങളെല്ലാം കൊച്ചുരാമൻ അറിഞ്ഞിരിക്കുമെന്നു ലക്ഷ്മി അനുമാനിച്ചു. നാട്ടിൽനിന്നു തന്നെ അന്വേഷിച്ചു് അയാളെ വിട്ടിരിക്കുകയായിരിക്കുമെന്നായിരുന്നു അവളുടെ പ്രധാന വിചാരം.

"ഇവിടെ എന്നു വന്നു?" ലക്ഷ്മി സംശയത്തോടെ ചോദിച്ചു.

"കുറച്ചുനാളായി."

"ഓഹോ!" അവൾക്കു തെല്ലൊരാശ്വാസം തോന്നി.

"ഇങ്ങോട്ടു കടന്നുപോയതു കണ്ടപ്പോൾ നല്ല മുഖപരിചയം തോന്നി. അതു ശരിയോ എന്നറിയാൻ വന്നതാണു്."

"സംശയം തീൎന്നില്ലേ?" ലക്ഷ്മി ചിരിച്ചു.

"തീൎന്നു." കൊച്ചുരാമനും ചിരിച്ചു. "സോമൻെറ കമ്പനിയിൽ ചേൎന്നതൊന്നും ഞാനറിഞ്ഞില്ല."

"നേരോ?"

"അതെ."

"ആൎക്കും ഇതത്ര പിടിച്ചില്ല."

"അതിൽ തെറ്റുമില്ല. അമ്മയ്ക്കു സുഖമില്ലാതെ?"

"സുഖക്കേടുവരാൻ വിഷമമില്ലല്ലൊ." അവളുടെ മുഖം മങ്ങി.

"അമ്മയ്ക്കു മകളുടെ പോക്കു രസിക്കാതെവരാൻ വലിയ വിഷമവുമില്ലല്ലൊ."

"അതെന്താണിങ്ങനെ പറയുന്നതു്?"

"മറെറാന്നുംകൊണ്ടല്ല. സാധാരണരീതിയിൽനിന്നു്

അല്പമൊന്നു മാറിയാൽ സകലതും തകരുമെന്നല്ലേ പഴമക്കാരുടെ വിചാരം?''

''മാററം നല്ലതിന്നും ചീത്തയ്ക്കുമാകാം.''

''ആയിക്കൂടെന്നില്ല. ചീത്തയ്ക്കു മാത്രമാണെന്നു മർക്കടമുഷ്ടിപിടിച്ചാലോ?''

''ഒരാളുടെ അഭിപ്രായം അങ്ങനെയാണെങ്കിൽ അതു പറഞ്ഞുകൂടേ?''

''പറയാം. പക്ഷേ, ...''

''തടസ്സപ്പെട്ടുത്തിക്കൂടെ?''

''തടസ്സപ്പെട്ടുത്താനും അവകാശമുണ്ടു്. അതുപോലെ...''

''അതുപോലെ അനുസരിക്കാതിരിക്കാനും അവകാശമുണ്ടെന്നായിരിക്കും.''

''അതെ.''

''ഭാവിയെക്കുറിച്ചു് ആർക്കും ഒന്നും അറിഞ്ഞുകൂടാത്ത സ്ഥിതിക്കു് ആരുടെ തീരുമാനമാണു ശരിയെന്നെങ്ങനെ അറിയും?''

''കാലം തെളിയിക്കും. ഇതിൻെറ ഉത്തരവാദിത്വം എനിക്കു മാത്രമുള്ളതാണു്. ഞാനാരേയും അതിനു പങ്കുപിടിച്ചിട്ടില്ല.''

''അതു നന്നായി. പക്ഷേ, അമ്മ ഇന്നു് അവശനിലയിൽ രോഗശയ്യയിലാണു്.''

''അവിടത്തെ ചാരനായിട്ടായിരിക്കും വരവു്.'' വെറുപ്പോടെ ലക്ഷ്മി നിർഭയമായി ചോദിച്ചു.

''ഞാനോ?''

''അതെ. അമ്മയെക്കുറിച്ചെനിക്കറിയാം. അവരോടുള്ള കത്തവ്യവും നല്ലപോലെ ബോദ്ധ്യമുണ്ടു്.''

''അതൊന്നും ഓമ്മിപ്പിച്ചിട്ടെനിക്കൊരു കാര്യവുമില്ല.''

''ഞാൻ പോന്നതിനുശേഷം എനിക്കു കിട്ടിയിട്ടുള്ള കത്തുകളൊക്കെ അമ്മയുടെ അവശതയെപ്പററിയാണു്. അങ്ങനെ എഴുതിയാൽ, ഞാൻ തിരിച്ചു് ഓടിച്ചെല്ലുമെന്നായിരിക്കും ഇതൊക്കെ എഴുതുന്ന ആളിൻെറ വിചാരം.'' കൃഷ്ണൻകുട്ടിയെ വിചാരിച്ചുകൊണ്ടാണു് ഇത്രയും അവൾ പറഞ്ഞതു്.

"അമ്മ അവശനിലയിലാണെങ്കിൽ മകളെ അറിയിക്കേണ്ടേ?"

"തീർച്ചയായും വേണം. പക്ഷേ, ഈ വിദ്യകളൊന്നും ഫലിക്കാൻ പോകുന്നില്ല."

"വിദ്യകളോ?" കൊച്ചുരാമനു് ഒന്നും മനസ്സിലായില്ല.

"അതെ, ഇതൊക്കെ കള്ളമാണു്. ഞാനവിടെ തിരിച്ചെത്താൻവേണ്ടി കെട്ടിച്ചമച്ചിട്ടുള്ള കാര്യങ്ങൾ. എന്നെ ഇതിൽനിന്നു പിൻമാററാനുള്ള ശ്രമങ്ങളാണിതെല്ലാം."

"ആണെങ്കിൽത്തന്നെ..."

"അതു തെററാണു്. എൻെറ സ്വപ്നങ്ങൾ തകക്കാൻ ആരും ശ്രമിക്കരുതു്." ലക്ഷ്മിയുടെ മുഖം ചുവന്നു. "വിശേഷങ്ങളറിയാൻ ഞാൻ ചോദിച്ചെന്നേയുള്ളു."—കൂടുതൽ സംസാരിക്കുന്നതു് ഉചിതമായിരിക്കയില്ലെന്നു കൊച്ചുരാമനു തോന്നി. "നാളെയല്ലേ നാടകം?" അവൻ വിഷയം മാററി.

"അതെ! നാളത്തെ നാടകത്തിനു വന്നതാണു്. കൊച്ചുരാമൻ വരണം." ആ ക്ഷണം വെറും ഉപചാരപ്രധാനം മാത്രമായിരുന്നെന്നു ലക്ഷ്മിയുടെ സംസാരം തെളിയിച്ചിരുന്നു.

"എനിക്കു സൗകര്യപ്പെടുമോയെന്നു തോന്നുന്നില്ല. ഇവിടന്നു അതിനൊന്നിനും പോകാൻ സൗകര്യമില്ല." ലക്ഷ്മിയുടെ ക്ഷണം നിരസിക്കാനുള്ള ഉദ്ദേശത്തോടുകൂടിയാണു് അതു പറഞ്ഞതു്. "നാടകം കഴിഞ്ഞാൽ ഉടൻ പോകുമോ?"

"ഇല്ല."

"സൗകര്യപ്പെട്ടാൽ പിന്നെ കണ്ടുകൊള്ളാം." കൊച്ചുരാമൻ യാത്രപറഞ്ഞു് എഴുന്നേററു കതകു തുറന്നു പുറത്തുപോയി.

സാധാരണയിൽക്കവിഞ്ഞ തൻേറടവും തന്നിഷ്ടവും കാണിക്കുന്ന പ്രകൃതമായിരുന്നു ലക്ഷ്മിയുടേതെന്നു കൊച്ചുരാമനു നേരത്തെ അറിയാമായിരുന്നു. എന്നാൽ ഇത്രയും അതു വളന്നു വിളയുമെന്നു് അവൻ വിചാരിച്ചിരുന്നില്ല. കെട്ടിലും മട്ടിലും സംഭാഷണരീതിയിലുമെല്ലാം ഇതു സ്പഷ്ടമായിരുന്നു.

നാലഞ്ചുദിവസം മുമ്പു പണിക്കർ അവനയച്ച എഴുത്തിൽ ദേവകിക്കു് അസുഖം കൂടുതലാണെന്നു സൂചിപ്പിച്ചിരുന്നു. നാട്ടുവിശേഷങ്ങൾ എഴുതിയിരുന്നകൂട്ടത്തിൽ ഒന്നു്

അതായിരുന്നു. അതുകൊണ്ടാണു പ്രധാനമായി അവൻ ലക്ഷ്മിയോടു് അക്കാര്യം ചോദിച്ചതു്.

കൊച്ചുരാമൻ മുറിവിട്ടിറങ്ങിയപ്പോൾ അവൾക്കു് ആശ്വാസം തോന്നി. ദിവസംതോറും കിട്ടിക്കൊണ്ടിരുന്ന എഴുത്തുകൾ ഫലമില്ലാതായതുകൊണ്ടു തന്നെ തിരിച്ചുകൊണ്ടുപോകാൻ വന്നിരിക്കുകയായിരിക്കും കൊച്ചുരാമനെന്നാണു് ആദ്യം അവൾ ഭയന്നതു്. പിന്നീടു നടന്ന സംഭാഷണം അതിനു് അയവുവരുത്തി.

വീട്ടിൽനിന്നു കിട്ടിക്കൊണ്ടിരുന്ന കത്തുകൾ അവൾ വിശ്വസിച്ചില്ല. തന്നെ തിരിച്ചുവിളിക്കുന്നതിനായുള്ള ഒരുപായമെന്നവിധത്തിലാണു് അമ്മയുടെ സുഖക്കേടു് വ്യാഖ്യാനിച്ചതു്. അതുകൊണ്ടു് എത്ര കൂടുതൽ ഗൗരവമുള്ളതാണെന്നു് എഴുതിയിരുന്നോ അത്രയും ഗൗരവമായി അതു കപടമാണെന്നു ലക്ഷ്മി വിശ്വസിച്ചു. പൊടിപ്പും തൊങ്ങലുംകൂട്ടി എഴുതിയാൽമാത്രമല്ലേ അവൾ മടങ്ങിയെത്തുകയുള്ളു. അതുവരെ അധികം അനാരോഗ്യതയൊന്നുമില്ലാതിരുന്ന അമ്മയുടെ ഇന്നത്തെ നിലയെപ്പററി വായിക്കുമ്പോൾ അവൾ ഒരു വിലയും നല്കിയില്ല. അങ്ങനെ കഴിഞ്ഞുകൂടുകയായിരുന്നു ഈ രണ്ടു മാസക്കാലമെല്ലാം. തന്നെയുമല്ല, എഴുത്തുകൾ എഴുതിയിരുന്നതു കൃഷ്ണൻകുട്ടിയുമാണു്. അവളുടെ മടക്കത്തിൽ അയാൾക്കു പ്രത്യേക താല്പര്യവുമുണ്ടു്. അങ്ങനെ രണ്ടുപേരേയും അവൾ തല്പരകക്ഷിക്കാരായി മുദ്രയടിച്ചു.

ഇന്നലെ കിട്ടിയ എഴുത്തിൽ അമ്മയുടെ നില ആശങ്കാജനകമാണെന്നാണു ലക്ഷ്മി വായിച്ചതു്. കുറച്ചു ചഞ്ചലത ഹൃദയത്തിനു തോന്നിയെങ്കിലും അവളതൊതുക്കി. മനഃപൂർവ്വം അമത്തിക്കളഞ്ഞു.

ഈ സമയത്തു സായാഹ്നസവാരി കഴിഞ്ഞു സോമൻ മടങ്ങിയെത്തി. അവൾ അതുവരെ ചിന്തിച്ചുവന്ന സംഗതികൾ മറന്നു് അയാളുമായി സംഭാഷണത്തിലേർപ്പെട്ടു.

THE ... MADRAS-31. 62, SRINIVASANAGAR.

പതിമൂന്നു്

കൊച്ചുകല്യാണിയുടെ കടിഞ്ഞൂൽപ്രസവം യാതൊരു അരിഷ്ടതകളും ഇല്ലാതെ കഴിഞ്ഞു. പണിക്കരും ഉമ്മിണിയമ്മയും പ്രത്യേകം പ്രത്യേകം നേർച്ചകൾ നടത്തിയിട്ടുണ്ടു്. ആൺകുട്ടിയാണു്. അതിനാൽ കൂടുതൽ സന്തോഷവും തോന്നി. കൊച്ചുകുഞ്ഞുമാപ്പിളയ്ക്കു പുരയിടത്തിൽ നിന്നിരുന്ന കുരുമുളക് അടക്കം കൊടുത്തു കിട്ടിയ പണം പ്രസവച്ചെലവിനു് ഉപകാരപ്പെടുകയും ചെയ്തു.

ദേവകി കിടപ്പിലായതിൻെറ മൂന്നാംദിവസമാണു കൊച്ചുകല്യാണിയുടെ പ്രസവം. സമയത്തു പണിക്കരു മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു പുരുഷനായിട്ടു്. കൃഷ്ണൻകുട്ടി മിക്കവാറും ദേവകിയുടെ ശുശ്രൂഷയിൽ ഏർപ്പെട്ടുകഴിയുകയാണു്. അത്യാവശ്യങ്ങൾക്കു മാത്രമേ അയാൾ വീട്ടിൽ വരികയുള്ളു. പാട്ടമേററ വസ്തുക്കളിൽ കൂടെക്കൂടെ ഒരു മേൽനോട്ടം നടത്തുന്നുണ്ടു്. തനിക്കൊരു കൊച്ചനന്തിരവൻ പിറന്നെന്നറിഞ്ഞു് അവിടെയെത്തിയെങ്കിലും അവശയായിക്കഴിയുന്ന ദേവകിയുടെ സന്നിധിയിൽ അമാന്തിക്കാതെ തിരിച്ചെത്തി.

ഭാര്യയുടെ പ്രസവവൃത്താന്തം അറിഞ്ഞ ഗോപാലപിള്ള അടുത്തദിവസം അവിടെ എത്തി. അത്യാവശ്യങ്ങളുള്ളതിനാൽ അയാൾ അന്നുതന്നെ മടങ്ങുകയും ചെയ്തു. പണിക്കർ മകളുടെ പ്രസവവിവരം കാണിച്ചു കൊച്ചുരാമനു് ഒരു കാർഡു് എഴുതിയിടുകയും ചെയ്തു.

കുട്ടിയുടെ പേരിടീലിനാണു പിന്നെ ഗോപാലപിള്ള വന്നതു്. ചടങ്ങുകളെല്ലാം മംഗളമായിക്കഴിഞ്ഞു. കൊച്ചുരാമനൊഴിച്ചു മറ്റെല്ലാവരും അന്നു് ആ വീട്ടിൽ ഒന്നിച്ചു സമ്മേളിച്ചു. പണിക്കർക്കു് എന്തെന്നില്ലാത്ത ആനന്ദം അന്നു് അനുഭവപ്പെട്ടു. തന്റെ കുടുംബവും വളരുകയാണു്. വിഷമങ്ങളും വേദനകളും വഴിമുടക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവരുടെ കൊച്ചുജീവിതം വികസിക്കുകയാണു്. കെട്ടുപാടിലുള്ളവരെല്ലാം ഒത്തുകൂടുമ്പോൾ അതിനുത്തരവാദികളായവർ പുളകം അണിയുന്നതു മററുള്ളവർ അറിയാറില്ല. അതുപോലെതന്നെയായിരുന്നു പണിക്കരുടെ അവസ്ഥയും.

അന്നു് അത്താഴം കഴിഞ്ഞു പണിക്കരും ഗോപാലപിള്ളയും മാത്രം ഇറയത്തു നിലവിളക്കിൻെറ അടുത്തിരിക്കുകയായിരുന്നു. വെററയിടിച്ചു വായിലിട്ടുകഴിഞ്ഞപ്പോൾ പണിക്കരോടായി ഗോപാലപിള്ള പറഞ്ഞു: "പണ്ടു പറഞ്ഞിരുന്ന കാര്യത്തെപ്പററി പിന്നൊന്നും കേട്ടില്ല."

"എന്തു കാര്യം?"

"ഞാൻ പറഞ്ഞിരുന്ന പണത്തിൻെറ കാര്യംതന്നെ."

വൈദ്യുതാഘാതം ഏററപോലൊരനുഭവം പണിക്കർക്കുണ്ടായി. "കുറച്ചൊന്നു കഴിഞ്ഞോട്ടെ."

"അങ്ങനെ നീട്ടിക്കൊണ്ടുപോയാൽ?"

"നിവൃത്തിയില്ലാഞ്ഞല്ലേ."

"അതുകൊണ്ടു കാര്യം നടക്കുമോ? എൻെറ കടക്കാരോടു് അങ്ങനെ പറഞ്ഞാൽ ആരും സമ്മതിക്കുകയില്ല."

"കൊച്ചുരാമൻ ഒരു നിലയിലെത്തിയാൽ..."

"അതെന്നാണു്?"

"എന്നെന്നു് എനിക്കു പറയാനൊക്കുമോ?" പണിക്കർക്കു് ഗോപാലപിള്ളയുടെ മനോഭാവത്തെപ്പററി അല്പം നീരസം തോന്നി. "അവർ നേരായവഴിയിൽക്കൂടി പോകുന്ന ലക്ഷണമേയുള്ളു. കൃഷ്ണൻകുട്ടിയാണെങ്കിൽ ചില്ലറപാട്ടവും മററും പിടിച്ചു രക്ഷപ്പെടാൻ ശ്രമിക്കുന്നുണ്ടു്. ഇതൊക്കെക്കൊണ്ടു ദൈവാനുകൂല്യം നമുക്കൊണ്ടെന്നു വിചാരിച്ചുകൂടെ?"

"അതൊക്കെ ശരിയായിരിക്കും. പക്ഷേ, ഫലമൊന്നും ഇല്ലെങ്കിൽപ്പിന്നെ എന്തു പ്രയോജനം?" ഗോപാലപിള്ളയ്ക്കും അല്പം അസുഖം തോന്നിയെന്നു് അയാളുടെ സംസാരത്തിൽ നിന്നു സ്പഷ്ടമായി.

"ഞാനെന്തു ചെയ്യാനൊക്കും ഗോപാലപിള്ളേ? ആകപ്പാടെ എനിക്കുള്ളതു നിങ്ങളൊക്കെത്തന്നെ. പിന്നെ ഉണ്ടെന്നു പറയാൻ, ഈ പുരയും ഇതു നില്ക്കുന്ന പുരയിടവും ഉണ്ടു്. ഇതൊക്കെ എന്നും നിങ്ങൾക്കുള്ളതുതന്നെ." പണിക്കർ വായിൽക്കിടന്ന മുറുക്കാൻ ചവച്ചുകൊണ്ടു മിണ്ടാതിരുന്നു.

"ഇങ്ങനെയൊന്നും ആരെയും അലട്ടുന്നവനല്ല ഞാനെന്നറിയരുതോ. അത്രയ്ക്കു ബദ്ധപ്പാടുള്ളതുകൊണ്ടു പറയുന്നതാ."

"നിങ്ങൾക്കു ബദ്ധപ്പാടും വിഷമവും ഇല്ലെന്നാരും പറ

ഞ്ഞില്ല. മററുള്ളവരുടെ വിഷമങ്ങൾക്കൂടി കാണണമെന്നേ ഞാൻ പറഞ്ഞുള്ളു. പിള്ളേരൊക്കെയൊന്നു നന്നാകട്ടെ. അവരാരും കൂറില്ലാത്തവരല്ല.''

''അതുവരെ കാത്തിരുന്നിട്ടും ഫലമില്ല. മൂവായിരത്തഞ്ഞൂറു രൂപയുടെ അത്യാവശ്യമുണ്ട്. വല്ലവിധവും ഞാനഞ്ഞൂറൊണ്ടാക്കിക്കൊള്ളാം. ബാക്കിയേ ഞാൻ ചോദിക്കുന്നുള്ളു.''

''മൂവായിരം രൂപാ. ഞാൻ വിചാരിച്ചാൽ മുപ്പതു രൂപാ എടുക്കുവാനൊക്കുമോ?'' പണിക്കർ ആത്മഗതംപോലെ പറഞ്ഞു.

''വിവാഹത്തിനുപോലും ഞാൻ പണം ചോദിച്ചിട്ടില്ല.'' ''അന്നു ചോദിച്ചിരുന്നെങ്കിൽ...സാധിച്ചിരുന്നില്ലെങ്കിൽ പെണ്ണു വെറുതെ നില്ക്കുമെന്നേയുള്ളു.'' ''അതു തെറ്റായിപ്പോയിയെന്നാണോ?''

''എന്നല്ല.''

''വിവാഹം കഴിഞ്ഞു കുഞ്ഞും ഒന്നായി, ഇനി പണം വേണമെന്നു പറയുമ്പോൾ ചുററുപാട്ടുകൂടി അറിയേണ്ടേ?''

''ഇവിടല്ലാതെ മററൊരിടവും ചോദിക്കാൻ കാണുന്നില്ല,'' നിസ്സഹായത അയാളുടെ സംസാരത്തിൽ നിഴലിച്ചുനിന്നിരുന്നു.

''ഞാനാരോടു ചോദിക്കും?'' പണിക്കർ വെളിയിലേക്കു നോക്കിക്കൊണ്ടു പറഞ്ഞു. പിന്നെ അവർ ഒന്നും സംസാരിച്ചില്ല. ഗോപാലപിള്ള ഉറങ്ങാൻ എഴുന്നേററുപോയി.

പണിക്കക്ക് അന്നുണ്ടായ സുഖമെല്ലാം നഷ്ടപ്പെട്ടതുപോലെ തോന്നി. മനസ്സിനാകപ്പാടെ ഒരു വല്ലായ്മ. പണം ആവശ്യപ്പെട്ടുകൊണ്ടു മുമ്പ് ഒന്നുരണ്ടു പ്രാവശ്യം ഗോപാലപിള്ള നിർബന്ധിച്ചിട്ടുള്ളതാണ്. കൊച്ചുരാമൻെറ പഠിത്തം പറഞ്ഞു് അതു നീക്കിനീക്കിവെച്ചു. ഇന്നു് ഇതാ ആ കീറാമുട്ടി തന്നെ അയാളുടെ മുമ്പിൽ വീണിരിക്കുന്നു.

അയാൾ പായ് നിവർത്തിയിട്ടു കിടന്നു.

അടുത്തദിവസം പ്രഭാതത്തിൽ ഗോപാലപിള്ള യാത്രയായി. പോകുന്നതായി പണിക്കരോടു് അയാൾ പറഞ്ഞില്ല. ഭാര്യ മാത്രം അറിഞ്ഞു. അത്ര പെട്ടെന്നു മടങ്ങുമെന്നു് പണിക്കരും പ്രതീക്ഷിച്ചില്ല. അവധി നാലു ദിവസത്തേക്കുകൂടെയുണ്ടായിരുന്നിട്ടു

ണ്ടെന്നാണു നേരത്തെ പറഞ്ഞതു്. എല്ലാം ഓൎമ്മിച്ചു നോക്കിയപ്പോൾ പണിക്കൎക്കു വല്ലായ്മ തോന്നി. തലേന്നു രാത്രിയിലെ സംഭാഷണവും പെട്ടെന്നുള്ള തിരിച്ചുപോക്കും തമ്മിൽ ശരിയായ ബന്ധമുണ്ടായിരിക്കുമെന്നു് അനുമാനിച്ചു.

പണിക്കൎക്കു് എന്തു ചെയ്യാനൊക്കും? ഉണ്ടായിട്ടു കൊടുക്കാത്തതാണോ? വിവരങ്ങളെല്ലാം നല്ലതുപോലെ അറിയാവുന്ന ഗോപാലപിള്ള എന്തിനു് ഇങ്ങനെ പിണങ്ങുന്നു? സ്വതേ ശുദ്ധഗതിക്കാരനെന്നു കരുതിയിരുന്നയാൾ ഇത്ര പെട്ടെന്നെങ്ങനെ മാറി? അയാൾ അങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ കൃഷ്ണൻകുട്ടി അവിടെ കയറിവന്നു.

"ഗോപാലപിള്ളയെ നീ കണ്ടോ മോനേ?" പണിക്കർ പതുക്കെ ചോദിച്ചു.

"പോകുന്നതിനുമുമ്പു് അവിടെ വന്നിരുന്നു. പത്തുമണിക്കു പോകുമെന്നു പറഞ്ഞു."

"വല്ലതും പറഞ്ഞോ?"

"എല്ലാം പറഞ്ഞു. അയാളെ പിണക്കേണ്ടതില്ലായിരുന്നു."

"നീയെന്താ അങ്ങനെ പറയുന്നെ?"

"വല്ല വഴിയും നോക്കട്ടെയെന്നു് ആശ്വസിപ്പിച്ചാൽ പോരായിരുന്നോ?"

"ഞാനൊന്നും കടന്നു സംസാരിച്ചില്ലല്ലോ."

"ഇല്ലായിരിക്കും. പക്ഷേ, അയാൾക്കു് അങ്ങനെ ഒരു ധാരണയുള്ളതുപോലെ എനിക്കു തോന്നി."

"മൂവായിരം രൂപായ്ക്കു് ഇപ്പോഴെവിടെ പോകും?"

"അതു നേരുതന്നെ."

"ദാനം സ്വീകരിച്ചിട്ടു പിന്നെ ആരെങ്കിലും വില പേശുമോ?"

"അതും ശരിതന്നെ. പക്ഷേ, അയാൾ ഇങ്ങോട്ടെന്നി തിരിഞ്ഞുനോക്കിയില്ലെങ്കിൽ...?"

"അത്രയ്ക്കു് അന്തസ്സുകേടു്?..."

"എന്നൊന്നും എനിക്കു വിചാരമില്ല. കൊച്ചുകല്യാണിയുടെ കാൎയ്യമാ നമുക്കു പ്രധാനം."

"അയാളെന്തുപറഞ്ഞു?..."

"ഒന്നും വെട്ടിമുറിച്ചു പറഞ്ഞില്ല. പിണക്കമാണു്."
പണിക്കർ ചിന്താവിഷ്ടനായിരുന്നു. കൃഷ്ണൻകുട്ടി അകത്തേക്കു പോയി.

പതിനാലു്

കൊച്ചുരാമൻ എഴുത്തു് രണ്ടുപ്രാവശ്യം വായിച്ചു. തീരെ പ്രതീക്ഷിച്ചിരുന്നതല്ല ആ എഴുത്തു്. ഒന്നാമതു്, അല്പം നീരസത്തോടെയാണു് അന്നു് അവർ പിരിഞ്ഞതു്. രണ്ടാമതു്, സഹായിക്കാനുള്ള സന്മനോഭാവം എങ്ങനെയുണ്ടാകുമെന്നു വിചാരിക്കും? ലക്ഷ്മി മടങ്ങിപ്പോകുന്നതിനുമുമ്പു് ഒന്നു കണ്ടാൽക്കൊള്ളാമെന്നു പറഞ്ഞതു് ഇതുദ്ദേശിച്ചായിരുന്നിരിക്കണം. അയാൾ വീണ്ടും വായിച്ചു—

"സ്നേഹിതാ,

"തിരുവനന്തപുരത്തുനിന്നു കന്യാകുമാരിയിൽ പോയി വിശ്രമിച്ചിട്ടു മടങ്ങുമ്പോൾ നിങ്ങളെ അന്വേഷിച്ചെങ്കിലും തമ്മിൽ കാണാൻ സൗകര്യമുണ്ടായില്ല. അതുകൊണ്ടു കോട്ടയത്തേക്കു പോകുന്നവഴിക്കു തിരുവല്ലായിൽ കുറച്ചുസമയം വിശ്രമിക്കുമ്പോഴാണു് ഇതെഴുതുന്നതു്.

"നിങ്ങൾ ആ ഹോട്ടലിൽ ജോലിയിൽ പ്രവേശിച്ചതു മറ്റൊരു വഴിയും ഇല്ലാഞ്ഞിട്ടാണെന്നു കരുതുന്നു. ഞങ്ങളുടെ കമ്പനിയിൽ എഴുത്തുകുത്തുകൾ നടത്താനും മററുമായി ഒരാളെ നിയമിക്കണമെന്നുണ്ടു്; മാനേജരെന്ന നിലയിൽ. കോട്ടയത്തായിരിക്കും ജോലിസ്ഥലം. കമ്പനിയുടെ പ്രധാന കേന്ദ്രം അവിടെ ആയതുകൊണ്ടു് അങ്ങനെ നിശ്ചയിച്ചിരിക്കുന്നതാണു്. ഈ ജോലിക്കു താങ്കളെ നിയമിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ സോമനോടു പറഞ്ഞിട്ടുണ്ടു്. വിരോധമില്ലെങ്കിൽ വരിക. മറുപടി കിട്ടിയശേഷമേ ഇതിനെപ്പററി എന്തെങ്കിലും തീരുമാനം എടുക്കൂ. നിങ്ങളെ സഹായിക്കുന്നതിനു് ഒരു ടൈപ്പിസ്റ്റിനെക്കൂടി നിയമിക്കുന്നുണ്ടു്. അതിനു നിങ്ങൾക്കു് അറിവുള്ളവർ, സഹായം അർഹിക്കുന്നവർ, ഉണ്ടെങ്കിൽ ഏർപ്പാടു ചെയ്യാം. രണ്ടിനും സാമാന്യം നല്ല ശമ്പളം

ഉണ്ടായിരിക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ. അതൊക്കെ അഭിമാനകരമായ വിധത്തിൽ ഏർപ്പാടുചെയ്യുന്നതുമാണു്. എനിക്കു് അക്കാര്യത്തിൽ സ്വാധീനം ചെലുത്താൻ സാധിക്കുകയും ചെയ്യും. വിവരം താമസിയാതെ കോട്ടയത്തെ മേൽവിലാസത്തിൽ എഴുതുക.

എന്നു്, കുമാരി ലക്ഷ്മി."

കൊച്ചുരാമൻ വളരെനേരം അതിനെക്കുറിച്ചു ചിന്തിച്ചു. തിരുവനന്തപുരം വിടുന്നതു നല്ലതാണോ? പോരെങ്കിൽ സർക്കാർജോലിക്കു് അയാൾ അപേക്ഷിച്ചിട്ടുമുണ്ടു്. അതു കിട്ടാതിരിക്കാൻ വഴിയൊന്നുമില്ല. കുറച്ചു് അമാന്തിക്കുമായിരിക്കും. അതിനുവേണ്ടി കാത്തിരിക്കുന്നതു് അനുചിതമാണോ? ഹോട്ടലിൽ ജോലിയാണെങ്കിലും അയാളോടു് മാനേജർ പെരുമാറുന്നതു വളരെ മര്യാദയ്ക്കും സ്നേഹത്തോടുമല്ലേ? പലരേയും പരിചയപ്പെടാനും പല സംഗതികൾ പഠിക്കാനും ഇപ്പോഴത്തെ തൊഴിൽ നല്ലതല്ലേ? ശമ്പളത്തിന്റെ കാര്യത്തിൽ ഒരുപക്ഷേ, ഇപ്പോഴുള്ളതിനെ അപേക്ഷിച്ചു പുതിയതു മെച്ചമേറിയതായിരിക്കും. ലക്ഷ്മിയോടൊത്തുള്ള ജീവിതം—അതും അവരെ ആശ്രയിച്ചുള്ള ജീവിതം കാമ്യമാണോ? അയൽക്കാരനാണു്. അതുകൊണ്ടു കൂടുതൽ വിഷമങ്ങളേ ഉണ്ടാകാനിടയുള്ളു. പ്രത്യേകിച്ചും ലക്ഷ്മിയെപ്പോലെയുള്ള ഒരാളുടെ കീഴിലുള്ള തൊഴിലിൽ. എന്നുതന്നെയുമല്ല വീടുവിട്ടു സകലപേരുടേയും അവഹേളനപാത്രമായിത്തീർന്നിരിക്കുന്ന അവളുടെകൂടെ ചേരുന്നതു് അച്ഛൻ അനുകൂലിക്കുമോ? ഇന്നു പരാധീനതകളിൽ കിടന്നു പതുങ്ങുന്ന കുടുംബമാണെങ്കിലും ലക്ഷ്മിയെ ആശ്രയിക്കുന്നതു തീർച്ചയായും എല്ലാപേരും എതിർക്കുകയില്ലേ? ജ്യേഷ്ഠനും ഇതിനു വിരോധം പറയും. ഈ നിലയിൽ ഇതു സ്വീകരിക്കുന്നതു് ഉചിതമാകുമോ?

കൊച്ചുരാമൻ അതിനെക്കുറിച്ചു വളരെ ഗൗരവമായി ചിന്തിച്ചു് അവസാനം അതു വേണ്ടെന്നുവച്ചു. ലാഭമായാലും നഷ്ടമായാലും അതിൽനിന്നു കിട്ടുന്ന ഫലത്തെപ്പറ്റി വിചാരിക്കേണ്ടതില്ല.

അയാൾ കടലാസു് എടുത്തു കുറെ എഴുതി. അത്രയുമായപ്പോൾ ഒരു സംഗതി മനസ്സിൽ കടന്നുവന്നു. ഹോട്ടലിൽ

ജോലിയിലിരിക്കവേ തന്നെ ടൈപ്പ്റൈറ്റിംഗ് അയാൾ അഭ്യസിച്ചു വന്നു. അതു പഠിക്കാൻ പോകാറുള്ളപ്പോൾ അവിടെ വച്ചു കണ്ടിട്ടുള്ള ഒരു പെൺകുട്ടിയുടെ മുഖം അയാൾ ഓർമ്മിച്ചു. ഒരിക്കലും തെളിയാറില്ലാത്ത ഒരു മുഖം. അതു് അയാളെ നിരന്തരം പിൻതുടരാറുണ്ടു്.... ആ മുഖത്തിലെ ശോകച്ഛായ...

കൊച്ചുരാമന്റെ കൂടെയുണ്ടായിരുന്നവരാരോ ആണു് ഗോമതിയുടെ കഥ അവനെ അറിയിച്ചതു്. അവൾ ഒരു അഗതിയാണു്. ലോകത്തിലാർക്കും അവളോടും അവൾക്കു് ലോകത്തിലാരോടും ഒരു കെട്ടുപാടുമില്ല. മഹിളാസദനക്കാർ അവളെ ഈ നിലയിൽ എത്തിച്ചു.

കൊച്ചുരാമൻ ഒരു സൈക്കിളുമെടുത്തുകൊണ്ടു മഹിളാസദനത്തിലേക്കു പോയി. അവിടെ ചെന്നു വിവരം അറിഞ്ഞതിനുശേഷമാകാം എഴുത്തു പൂർത്തിയാക്കുന്നതെന്നയാൾ വിചാരിച്ചു.

സദനത്തിൽ എത്തിയപ്പോൾ സമയം ഏതാണ്ടു് അഞ്ചരമണിയോളമായിരുന്നു. അവിടെ നിന്നിരുന്ന ശിപായിയോടു് ഗോമതിയെ ഒരാൾ അന്വേഷിക്കുന്നെന്നു പറയാൻ പറഞ്ഞയച്ചു.

വരാന്തയിൽ അവൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണു്. ഗോമതിയെ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടിൽവച്ചുള്ള പരിചയമേ ഉള്ളു. എന്തിനാണു് ഇത്ര ബദ്ധപ്പെട്ടു് അവൻ ഇവിടെ എത്തിയതു്. അഗതിയായയാലുള്ള വിഷമം എത്രമാത്രമുണ്ടെന്നു് അറിയാൻ അവനു വിഷമമില്ല. അവൻ നിമിത്തം അവൾക്കൊരു ഉയർച്ച ഉണ്ടാകുമെങ്കിൽ...

"ആരാണു വന്നതു്..." ശോകത്തിന്റെ മൂർത്തീഭാവം സംസാരിച്ചുകൊണ്ടു് വരാന്തയിലേക്കു വന്നു.

"ഞാനാണു്"—കൊച്ചുരാമൻ പറഞ്ഞു.

"എന്താണു്?"

"ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടിൽവച്ചു്...കണ്ടിട്ടുണ്ടു്...കൊച്ചുരാമൻ എന്നാണു പേരു്..."

"എനിക്കു മനസ്സിലായി...."

കൊച്ചുരാമൻ ആശ്ചര്യപ്പെട്ടു ചോദിച്ചു:

"എങ്ങനെ?"

"അവിടത്തെ സാറ് എന്നോടു പറഞ്ഞിട്ടുണ്ട്."

"ഓഹോ!" വാസ്തവമായിരിക്കും. അവളെക്കുറിച്ചും അ ദ്ധ്യാപകൻ കൊച്ചുരാമനോടു പറഞ്ഞിട്ടുണ്ട്.

"ആ ബെഞ്ചിൽ ഇരിക്കാമല്ലൊ." അവിടെ കിടന്നിരു ന്ന ബെഞ്ച് ചൂണ്ടിക്കാണിച്ചുകൊണ്ട് ഗോമതി പറഞ്ഞു.

"ഞാൻ വന്നതു്...ഒരു കാര്യം ചോദിക്കാനാണ്."

"പറയാമല്ലൊ."

"ഇന്നലെ എനിക്കൊരു എഴുത്തു കിട്ടി; ടൈപ്പിസ്റ്റായി ഒരാളിനെ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത്. എന്റെ മറുപടി കിട്ടിയിട്ടേ അവരെന്തെങ്കിലും ചെയ്യൂ. അതിനു വിരോധമി ല്ലെങ്കിൽ...ഞാൻ എഴുതി അയയ്ക്കാം."

"ഞാൻ ഒരു പകരംജോലി നോക്കുകയാണ്..."

"ഇതു വളരെ പ്രസിദ്ധിയുള്ള..."

"കമ്പനിയാണോ?"

"കമ്പനി എന്നുതന്നെ പറയാം."

"അതെന്താ അങ്ങനെ?"

"നാടകക്കമ്പനിയാണ്."

"ഓഹോ." അവളുടെ മുഖം അല്പമൊന്നു മങ്ങിയതുപോ ലെ തോന്നി.

"സോമൻെറ ജനതാനാടക അക്കാഡമി കേട്ടിരിക്കും?"

"കേട്ടിട്ടുണ്ട്."

"സാമാന്യം നല്ല ശമ്പളം കിട്ടുകയും ചെയ്യും. പകരം നോക്കുകയാണെങ്കിൽ..."

"ഇല്ല. അതിന്നലെ തീൎന്നു. പക്ഷേ, തുടൎന്ന് ആ ജോലി നോക്കാൻ സൗകൎയ്യം കിട്ടുമെന്നാണു തോന്നുന്നതു്."

"തരക്കേടില്ല, ഇഷ്ടംപോലെ ചെയ്യുക. അനുകൂലമാണെ ങ്കിൽ മാത്രം പറഞ്ഞാൽ മതി."

"എനിക്കൊന്ന് ആലോചിക്കാൻ സമയം...എല്ലാരോ ടും ചോദിക്കുകയും വേണം."

"നാളെ പറഞ്ഞാൽ മതി. ഈ സമയത്തു് ഞാൻ ഇവി ടെ വരാം."

കൊച്ചുരാമൻ യാത്രപറഞ്ഞു പിരിഞ്ഞു. സോമന്റെ നാട കക്കമ്പനിയാണെന്നറിഞ്ഞപ്പോൾ ഗോമതിക്ക് ഒരു പ്രത്യേക

താല്പര്യം തോന്നി. അതിനു കാരണവും ഉണ്ടായിരുന്നു. അതിലുള്ള രാമചന്ദ്രനെ അവൾ നല്ലതുപോലെ അറിയും. അവർ ഒന്നിച്ചു സ്കൂളിൽ പഠിച്ചിട്ടുള്ളവരാണു്. പഠിക്കാൻ മഠയനായിരുന്നെങ്കിലും വിനോദപ്രകടനങ്ങൾക്കു് അവൻ എന്നും ഒന്നാംസ്ഥാനം നേടിവന്നു. ക്ലാസ്സിൽവച്ചു് ഏററവും അധികംപ്രായം അവനായിരുന്നു. അദ്ധ്യാപകന്മാർ 'കാരണവർ' എന്നാണു വിളിച്ചിരുന്നതു്. അവനെ കളിയാക്കി പെൺകുട്ടികൾ എത്രമാത്രമാണു ചിരിക്കാറുണ്ടായിരുന്നതു്? അന്നൊക്കെ ഗോമതിമാത്രം അതിൽ പങ്കുകൊള്ളാറില്ല. ഒരു പക്ഷേ, അതുമൂലമായിരിക്കും അവൻ അവളോടു് ഒരു വല്ലാത്ത പ്രത്യേകത കാണിച്ചിരുന്നതു്. സ്കൂൾ വിട്ടതിനുശേഷം രാമചന്ദ്രൻ അവളെ അന്വേഷിച്ചു് എത്രപ്രാവശ്യം സദനത്തിൽ വന്നിട്ടുണ്ടു്! പലരും പലതും പറഞ്ഞുതുടങ്ങിയപ്പോൾ സദനത്തിലെ സിക്രട്ടറിയാണു വിലക്കി അതിനു വിരാമമിട്ടതു്. എങ്കിലും അന്നു തിരുവനന്തപുരത്തു നാടകത്തിനു വന്നപ്പോൾ അവൻ അവളെ അന്വേഷിച്ചു സദനത്തിൽ വന്നിരുന്നെന്നു് അവളറിഞ്ഞു. ആ സമയം ഗോമതി ആഫീസിലായിരുന്നു.

ഇങ്ങനെ പലതും ഗോമതിയുടെ ഓർമ്മയിൽ വന്നു. ഒരു പക്ഷേ, അവൾക്കു് ആശിക്കത്തക്ക ജീവിതം നയിക്കുവാൻ ഈ വന്നിരിക്കുന്ന സന്ദർഭം സൗകര്യം ഉണ്ടാക്കുകയില്ലെന്നു് ആരു കണ്ടു? അപ്രതീക്ഷിതമായിട്ടായിരിക്കും ചിലപ്പോൾ ഭാവിയുടെ കവാടങ്ങൾ തുറക്കപ്പെടുന്നതു്.

ആ ഉദ്യോഗം സ്വീകരിക്കാൻതന്നെ ഗോമതി തീരുമാനിച്ചു. പിറേറന്നു വൈകുന്നേരം കൊച്ചുരാമൻ അവിടെ വന്നപ്പോൾ അവളുടെ സമ്മതം അറിയിച്ചു.

അഗതിയായ ഒരാളിനു ജീവിക്കാനൊരു മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കാൻ സന്ദർഭം സിദ്ധിച്ചതിൽ കൊച്ചുരാമൻ സന്തോഷിച്ചു. അതു ചെയ്തുകൊടുക്കുവാൻ കഴിഞ്ഞതു് അഭിമാനകരമായി അവൻ കരുതി.

തിരുവനന്തപുരം വിട്ടുപോകാൻ തനിക്കു തല്ക്കാലം നിവൃത്തിയില്ലാതാണിരിക്കുന്നതെന്നും അതുകൊണ്ടു തൻെറ നേർക്കു നീട്ടിയ സഹായഹസ്തം സ്വീകരിക്കുവാൻ സാധിക്കയില്ലെന്നു

റിയിക്കുന്നെന്നും, ടൈപ്പിസ്റ്റായി അർഹതയുള്ള ഒരാളിനെ ശുപാർശചെയ്യുന്നെന്നും കാണിച്ച് അന്നുതന്നെ കൊച്ചുരാമൻ ലക്ഷ്മിക്ക് എഴുതി. എഴുത്തിൽ ഗോമതിയെക്കുറിച്ചു പൂർണ്ണമായ ഒരു വിവരണവും ഉൾക്കൊള്ളിച്ചിരുന്നു. ഗോമതിയെപ്പോലുള്ള ആളുകളെ സഹായിക്കുന്നതു് ഒരു സമുദായസേവനം കൂടി ആയിരിക്കുമെന്നും കൊച്ചുരാമൻ സൂചിപ്പിച്ചു.

നാലാംദിവസം ഗോമതി കോട്ടയത്തെത്തി ജോലിയിൽ പ്രവേശിച്ചു. ദിവസങ്ങൾ കഴിയുന്തോറും അവൾക്കു് അവിടത്തെ ജീവിതം വെറുത്തുതുടങ്ങി. അതിനു പ്രധാന കാരണം രാമചന്ദ്രൻ അവളോടു കാണിച്ചുതുടങ്ങിയ പ്രത്യേകതയാണു്. അവൻ കാണിച്ചുവന്നിരുന്ന പ്രത്യേകപെരുമാററങ്ങൾ തികഞ്ഞ മാംസദാഹംകൊണ്ടുള്ള ചേഷ്ടകളാണെന്നും ആത്മാർത്ഥതയുടെ കണികപോലും അതിൽ കാണാനില്ലെന്നും ഗോമതിക്കു ബോദ്ധ്യമാകാൻ അധികദിവസങ്ങൾ വേണ്ടിവന്നില്ല. പലപ്പോഴും അനാവശ്യമായ പെരുമാറ്റങ്ങൾ തടയാൻതന്നെ കഴിയാതെയായി. ശരീരരക്ഷതന്നെ അപകടത്തിലാകുമെന്നു് അവൾ ശങ്കിച്ചു. എങ്കിലും പ്രതിഷേധങ്ങളൊന്നും വകവയ്ക്കാതെ അയാളുടെ മുട്ടാളത്തരം വളർന്നുകൊണ്ടുതന്നേയിരുന്നു. ആരും തടസ്സം പറയാനും തടഞ്ഞുനിറുത്താനും ഇല്ലാത്തതുകൊണ്ടു് ആയിരിക്കും തോന്ന്യാസങ്ങൾ ഇത്ര പ്രകടമായി കാണിക്കുന്നതു്. തന്നെ സമീപിക്കുന്നതും ഇതുകൊണ്ടു മാത്രമായിരിക്കും. സദുദ്ദേശത്തിൻെറ ഒരു കണികപോലും അവൾക്കു കാണാൻ കഴിഞ്ഞില്ല.

കുറെ ദിവസം ഇതൊക്കെ അവൾ മനഃപൂർവ്വം സഹിച്ചുനോക്കി. ഒടുവിൽ ഗത്യന്തരമില്ലാതെ ലക്ഷ്മിയോടു പരാതി പറഞ്ഞു. രാമചന്ദ്രൻെറ പെരുമാററത്തെപ്പററിയായിരുന്നു അവളുടെ പ്രധാനമായ ആവലാതി. എന്നാൽ തണുത്തമട്ടിലുള്ള ലക്ഷ്മിയുടെ മനോഭാവം ഗോമതിക്കു വല്ലാതെ ഞെട്ടലുണ്ടാക്കി. "അത്ര നാണക്കേടൊന്നും വിചാരിക്കാനില്ല. എല്ലാം തന്നത്താനെ നോക്കണം. അല്ലാതാരും സഹായത്തിനു വരില്ല!" ലക്ഷ്മിയുടെ ആ മറുപടി ഗോമതിയുടെ കർണ്ണങ്ങളിൽ മുഴങ്ങുകയാണു്. തന്നെപ്പോലുള്ള അഗതികൾക്കു് ഇതൊന്നും അത്ര ലഘുവായി സ്വീകരിക്കുവാൻ സാധിക്കുന്നതല്ല.

ഇതിൽനിന്നൊക്കെ ഗോമതി ഒന്നു പഠിച്ചു. ദുഷിച്ച പെരുമാററങ്ങളും ജീവിതവും അവിടെ ആരും അത്ര കാര്യമായി കരുതാറില്ല. ഈ അന്തരീക്ഷത്തിൽനിന്നു് ഓടി രക്ഷപ്പെടണമെന്നു് അവൾക്കു തോന്നി. അതിനൊരു സന്ദർഭം നോക്കി കാത്തിരുന്നു.

പതിനഞ്ചു്

ലക്ഷ്മിക്കു് അയച്ച കത്തുകൾക്കു യാതൊരു മറുപടിയും ദേവകിക്കു കിട്ടിയിട്ടില്ല. ഒരിക്കൽമാത്രം ഒരു കാർഡു് ദേവകിയുടെ പേരിൽ വന്നു. അതു് ലക്ഷ്മി പോയി രണ്ടാഴ്ച കഴിഞ്ഞപ്പോഴാണു്. അതിൽ ഒരൊററ വാചകം മാത്രമുണ്ടായിരുന്നു: ''ഞാൻ സുഖമായിട്ടിരിക്കുന്നു.''

കിടക്കയിൽ കിടന്നുകൊണ്ടു് ആയിരംവട്ടം ആ വാചകം ദേവകി വായിച്ചിരിക്കും. അതു് ഇന്നും അവരുടെ തലയ്ക്കൽ ഇരിക്കുകയുമാണു്. ലക്ഷ്മിയെപ്പററി വിചാരിച്ചു മനസ്സു് വിമ്മിഷ്ടപ്പെട്ടുമ്പോൾ കാർഡു് എടുത്തു് ആ വൃദ്ധ നോക്കിക്കൊണ്ടിരിക്കും. ''ഞാൻ സുഖമായിട്ടിരിക്കുന്നു.'' മകൾ സുഖമായിട്ടിരിക്കുന്നു എന്നുള്ളതിൽക്കവിഞ്ഞെന്തൊരാനന്ദമാണു് മാതാവിനു വേണ്ടതു്? വേദനകൊണ്ടു ഹൃദയം പൊട്ടാറായി വിങ്ങിനില്ക്കുമ്പോൾ നിറകണ്ണുകൾ കവിഞ്ഞു കണ്ണുനീർ കവിളിലേക്കൊഴുകുമ്പോൾ, തപ്പിത്തടഞ്ഞു് ആ കാർഡു് ദേവകി കയ്യിലെടുത്തു നോക്കിക്കൊണ്ടിരിക്കും.

എത്രപ്രാവശ്യം മകൾക്കെഴുതിയതാണു്? അവളെന്തുകൊണ്ടു വരുന്നില്ല? എന്തിനു് ഈ വൈരാഗ്യം? ഒരിക്കൽ വന്നിട്ടു പിന്നെ ഇഷ്ടംപോലെ പോകട്ടെ. ആശ്വാസത്തിനു് അതു മതിയല്ലോ. ദേവകിയുടെ എഴുത്തുകളിലെ യാചന അതുമാത്രമായിത്തീർന്നു. എങ്കിലും ലക്ഷ്മി എത്തിയില്ല. ഒരു മാതാവിനോടുള്ള കടപ്പാടുകൾ ഇത്ര വേഗം അവൾ വിസ്മരിച്ചോ?

ദിവസം ചെല്ലുന്തോറും ദേവകിയുടെ ശരീരം ക്ഷീണിച്ചുകൊണ്ടിരുന്നു. അവളുടെ അടുത്തിരുന്നു് ആശ്വസിപ്പിച്ചതു് കൃഷ്ണൻകുട്ടി മാത്രമാണു്. ഇത്രമാത്രം സ്നേഹം അവനു തന്നോടു

തോന്നാൻ കാരണമൊന്നുമില്ല. ഇതുപോലെ ശുദ്ധഹൃദയനായ അവനെ ആദ്യം തന്റെ മകൾക്കു് അയോഗ്യനെന്നു വിധിച്ചതു് എത്ര മഠയിയായിട്ടാണു്. മനുഷ്യനെ മനുഷ്യനു് അറിയാൻ തീരെ വയ്യ. അതാണു് ഈ കുഴപ്പങ്ങൾക്കൊക്കെ കാരണം. സ്വന്തം മകളെക്കാൾ കൂടുതൽ ശ്രദ്ധയോടെ തന്നെ പരിചരിക്കുന്ന കൃഷ്ണൻകുട്ടിയെ നോക്കി അവൾ ചിന്തിച്ചുപോയിട്ടുണ്ടു്. വൈദ്യൻെറ വീട്ടിൽ പോയി വിവരങ്ങൾ യഥാസമയം അറിയിക്കുന്നതും, മരുന്നുകൾ ശേഖരിക്കുന്നതും, അതു് തയ്യാറാക്കിക്കൊടുക്കുന്നതും എല്ലാം അവൻ തന്നെ. അന്ത്യനിമിഷത്തിൽ ആരുമില്ലാതെ അല്ലലിൽ അകപ്പെട്ടു നട്ടം തിരിയുന്ന അവൾക്കു് അവൻെറ നിർല്ലോഭമായ ആത്മാർത്ഥതയും സഹായവും ഇല്ലായിരുന്നെങ്കിൽ...?

ലക്ഷ്മിയെക്കുറിച്ചു് ഒരു വാക്കും കൃഷ്ണൻകുട്ടി പറയാറില്ല. എന്നാൽ അവളെപ്പററി മാത്രമാണു് അധികം ചിന്തിച്ചിരുന്നതു്. വല്ലപ്പോഴുമൊരിക്കൽ പണിക്കർ അവിടെ വരും. അധികം സംസാരിക്കുകയില്ല. അന്വേഷണം കഴിഞ്ഞാൽ ഉടനെ യാത്രയാകുകയും ചെയ്യും.

ലക്ഷ്മിയെക്കുറിച്ചുള്ള വിവരങ്ങളൊക്കെ പണിക്കക്കു് മനസ്സിലായപ്പോൾ ദേവകിയോടു വെറുപ്പും വൈരാഗ്യവും തോന്നി. അവൾ അന്നു കൊണ്ടുവന്ന വിവാഹാലോചനയുടെ പൊരുൾ ശരിയായ വെളിച്ചത്തിൽ അയാൾ കണ്ടു. സോമൻെറ വരവും വശീകരണവും ആയിരുന്നു ദേവകിയെ അതിനു പ്രേരിപ്പിച്ചതു്. അസാധാരണമായ വൈരാഗ്യബുദ്ധിയായിരുന്നു അയാളെങ്കിലും ആപൽസന്ധിയിൽ അതൊന്നും ദേവകിയോടു് പ്രകടമാക്കിയില്ല. മകൻെറ പെരുമാററങ്ങൾ മനുഷ്യസ്നേഹത്തിൻെറ പേരിൽ അയാൾ തടഞ്ഞുമില്ല. കൃഷ്ണൻകുട്ടിയോടു് ആ വിവാഹാലോചനയെപ്പറ്റി പറയാതിരുന്നതു ഭാഗ്യമായി അയാൾ വിചാരിച്ചു. ഒരുപക്ഷേ, ഇതൊക്കെ സംഭവിച്ചതു് കൃഷ്ണൻകുട്ടിയെ അറിയിച്ചിട്ടായിരുന്നെങ്കിലോ?

പുത്തരിച്ചുണ്ടവേരു കഴുകി വൃത്തിയാക്കിയശേഷം അതും കയ്യിൽ പിടിച്ചുകൊണ്ടു് ദേവകി കിടന്നിരുന്ന മുറിയിലേക്കു് കൃഷ്ണൻകുട്ടി കടന്നുവന്നു. സമയം സായാഹ്നമാണു്. അവൻ അകത്തു വന്നതു് ദേവകി അറിഞ്ഞില്ല. മുറിയിലെ അരണ്ട

വെളിച്ചത്തിൽ അവർ ആ കാർഡ് കയ്യിൽ എടുത്തു വായിക്കുകയാണ്. "ഞാൻ സുഖമായിട്ടിരിക്കുന്നു." ആ കിടപ്പുകണ്ടു് കൃഷ്ണൻകുട്ടിയുടെ മനസ്സു വേദനിച്ചു. ലക്ഷ്മിയുടെ മുഖത്തു നോക്കിക്കൊണ്ടു കിടക്കുകയാണെന്നുതോന്നും ദേവകിയുടെ നോട്ടവും ഭാവവും കണ്ടാൽ! പ്രതിരൂപം ആ കാർഡിൻെറ പിൻപിൽ ദേവകി ദർശിക്കുന്നുണ്ടാകും. അല്പനേരം അനങ്ങാതെ നിന്നു. ദേവകി സ്വപ്നലോകത്തിൽനിന്നു നിലത്തുവീണു.

"ഒരാൾ സുഖിക്കുമ്പോൾ അതേ കാര്യത്തിനുതന്നെ മറ്റൊരാൾ ദുഃഖിക്കുന്നതെന്തുകൊണ്ടു്?" വളരെ പതിഞ്ഞ സ്വരത്തിൽ ദേവകി ചോദിച്ചു: "ഒന്നിൽത്തന്നെ സുഖവും ദുഃഖവും ഒന്നിച്ചു നില്ക്കുന്നതെന്തുകൊണ്ടു്?"

വല്ലാത്ത ചോദ്യങ്ങൾ. കൃഷ്ണൻകുട്ടി അതു കേട്ടു പകച്ചു നിന്നുപോയി.

"ആശയുടെ വ്യത്യാസമായിരിക്കും." അവർതന്നെ പതുക്കെ പറഞ്ഞു സമാധാനിച്ചു. അവരുടെ ക്ഷീണിച്ച കണ്ണുകൾ നിറഞ്ഞു. കുഴിയിൽ താണുനിൽക്കുന്ന കൺമണികൾ ചെറുതായെങ്കിലും പ്രകാശിക്കുന്നുണ്ടു്. പാഴ്ക്കിണററിൽ നോക്കുമ്പോൾ ആകാശം പ്രതിബിംബിച്ചുകാണുന്നതുപോലെ ആ വൃദ്ധയുടെ കുഴിഞ്ഞ കണ്ണുകളിൽ നോക്കിയപ്പോൾ കൃഷ്ണൻകുട്ടിക്കു തോന്നി. അവരുടെ മുഖത്തെ മാംസപേശികൾ ശുഷ്കിച്ചു കഴിഞ്ഞിരുന്നു. അസ്ഥികൾ എഴുന്നുനില്ക്കുകയാണ്. കവിളുകൾ ഒട്ടി ജരകൾ പതിന്മടങ്ങു വ്യാപിച്ചിട്ടുണ്ടു്. എത്ര വെട്ടെന്നാണ് ആളുകൾക്കു് അവശതയും പ്രായവും വർദ്ധിക്കുന്നതു്?

കൃഷ്ണൻകുട്ടി ഇതൊക്കെ ആലോചിച്ചുകൊണ്ടു് ചുണ്ടവേരു് അരിയുകയാണ്. വടിയിടിക്കുന്ന ശബ്ദംകേട്ടു് അയാൾ പുറത്തേക്കു നോക്കി. പണിക്കർ പതുക്കെ മുറിയിലേക്കു വരികയാണ്. എന്തെന്നില്ലാത്ത ഒരു പരിഭ്രമവും വ്യാകുലതയും പണിക്കരുടെ മുഖത്തു സ്പഷ്ടമായിട്ടുണ്ടു്.

"ഇതാ മകനെ ഒരെഴുത്തു്." അയാൾ ഒരു കടലാസ് കൃഷ്ണൻകുട്ടിയുടെ കൈയിൽ കൊടുത്തു. "നീയുമൊന്നു വായിക്കു്." വന്നതുപോലെതന്നെ പണിക്കർ ആ രംഗത്തുനിന്നു നിഷ്ക്രമിച്ചു.

കൃഷ്ണൻകുട്ടി ഇറയത്തു് വെളിച്ചമുള്ളിടത്തേക്കു നീങ്ങി നിന്നു് എഴുത്തു വായിച്ചു:

"കൊച്ചുകല്യാണിക്കു്.

"ഞാൻ ഈ എഴുത്തെഴുതുന്നതു് നിനക്കായിട്ടു മാത്രമല്ല. എല്ലാവർക്കുംകൂടിയാണു്. ഇതു വായിക്കുമ്പോൾ എന്നെ നിങ്ങൾ ശപിക്കുന്നുണ്ടായിരിക്കും. നിർദ്ദയനെന്നും നിഷ്ഠുരനെന്നും സ്നേഹമില്ലാത്തവനെന്നും വിധിക്കുമായിരിക്കും. എങ്കിലും എനിക്കു പറയാനുള്ളതു പറയാതിരിക്കുന്നതും നിങ്ങൾ എല്ലാം അറിയാതിരിക്കുന്നതും തികച്ചും തെററായിരിക്കും. അതുകൊണ്ടു്, ഈ നിർദ്ദയങ്ങളായ വാക്കുകൾ കുത്തിക്കുറിച്ചു് അയക്കുകയാണു്. ക്ഷമിക്കാൻ ശേഷിയുള്ളവർ ക്ഷമിക്കട്ടെ. ശപിക്കുകയാണെങ്കിൽ അതും ശിരസ്സുനമിച്ചു ഞാനേല്ക്കുന്നു.

ഞാൻ ഒരു ഗ്രാൻറ്സ്കൂൾ അദ്ധ്യാപകനാണല്ലോ. എൻെറ നിലവിട്ടുള്ള ആദർശദീക്ഷയാണു് എന്നെ വിവാഹത്തിനു പ്രേരിപ്പിച്ചതു്. കുടുംബം പുലർത്താനുള്ള ശേഷി എനിക്കു് ഉണ്ടായിരിക്കുമെന്നു ഞാൻ തെററിദ്ധരിച്ചു. വിവാഹച്ചെലവെല്ലാം ഞാൻതന്നെ വഹിച്ചു. അല്പംപോലും സഹായം നിൻെറ വീട്ടുകാരിൽനിന്നു ഞാൻ സ്വീകരിച്ചില്ല. എൻെറ ആദർശം എന്നെ അതു പാടില്ലെന്നു വിലക്കി. ഞാൻ വിവാഹം ചെയ്തു. അതൊരു വലിയ തെററായിരുന്നെന്നു് ഇന്നു ഞാൻ മനസ്സിലാക്കുന്നു. എൻെറ നിലയിൽക്കഴിയുന്ന ഏതൊരാളും ഇങ്ങനെയൊരു തീരുമാനത്തിലെത്താമെന്നാണു് എൻെറ വിശ്വാസം. ഒരുപക്ഷേ, നിന്നെ വിവാഹം ചെയ്യുന്നതിനു മുമ്പു സാമ്പത്തികമായ സുരക്ഷിതത്വം നേടുന്നതിലേക്കു് ഒരു തുക ഞാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിൽ നമ്മുടെ വിവാഹം നടക്കുകയില്ലായിരുന്നു. അങ്ങനെ ആയിരുന്നെങ്കിൽ എന്തുകൊണ്ടും നന്നായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. നീയും ഞാനും വിവാഹബന്ധത്തിലേർപ്പെട്ടു. ഏററവും ഹൃദയൈക്യത്തോടെയാണു നാം ജീവിച്ചതു്. അതേനിലയിലാണു് എന്നും പെരുമാറിയിരുന്നതും. നിന്നെപ്പോലെ ഒരു ഭാര്യയെ ലഭിക്കുന്നതു പുണ്യംചെയ്തവനു മാത്രമാണു്. എൻെറ വിഷമത്തിലും വിമ്മിഷ്ടത്തിലും നീ തികച്ചും പങ്കുകൊണ്ടിട്ടുണ്ടു്. അതുകൊണ്ടാണു ഞാനിത്രമാത്രം വേദനിക്കുന്നതും. അഹങ്കാ

രിയും ഭർത്താവിനെ അനുസരിക്കാത്തവളും ആയിരുന്നു നീയെ ങ്കിൽ നിന്നെ കൈവിടുന്നതിന് എനിക്കു വിഷമവും വേദന യുമുണ്ടാകുമായിരുന്നില്ല. എന്നാൽ നിന്നോട് ഇത്രയും പറയു മ്പോൾ ഞാൻ ഞാനല്ലാതായിത്തീരുകയാണ്. എൻെറ കണ്ണു കൾ ഒന്നു തുടച്ചുകൊള്ളട്ടെ!

"നമ്മുടെ വിവാഹജീവിതം ഒന്നിലൊഴിച്ചു മററെല്ലാ ററിലും അങ്ങേയററം വിജയമാണ്. ഞാൻ പറയുന്നതു സാമ്പ ത്തികപരാധീനതയെക്കുറിച്ചു മാത്രം. സാമ്പത്തികസൗഭാഗ്യം ഇല്ലാതെ വിവാഹജീവിതം വിജയിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ അനുഭവത്തിൽനിന്നുണ്ടായ വിശ്വാ സമാണതു്. ഇതിൻെറ വെളിച്ചത്തിൽ ഞാൻ എൻെറ പഴയ വിശ്വാസങ്ങൾ സകലതും അഴിച്ചുപണിയുകയാണ്. അതു കൊണ്ടു ഞാൻ അറിയിക്കുന്നതിതുമാത്രമാണ്. ഞാൻ നിന്നെ തിരിച്ചുവിളിക്കുവാൻ വരികയാണെങ്കിൽ... വരികയാണെ ങ്കിൽ—അതേതുകാലത്തു സാധിക്കുമെന്ന് എനിക്കറിഞ്ഞുകൂ ടാ—ഇതിനൊരു പോംവഴി കണ്ടെത്തിയിട്ടായിരിക്കും. അതു വരെ നീ അവിടെത്തന്നെ താമസിക്കുക.

"നമ്മുടെ കഴിഞ്ഞ മൂന്നുകൊല്ലത്തെ ദാമ്പത്യത്തിൻെറ ഫലം എന്താണ്? സകലയിടത്തും കടം. കടം! കടം...! അ തൊക്കെയൊന്നു നേരെയാക്കുവാൻ സാധിക്കുമോയെന്നു നോ ക്കട്ടെ. ഏതായാലും എന്നെ നീ പ്രതീക്ഷിച്ചിരിക്കരുതു്. ഈ ശ്വരൻ സഹായിച്ചാൽ ഞാനും നീയും വീണ്ടും ഒന്നിച്ചുകഴി യാൻ ഇടവരും.

"നിൻെറ കണ്ണുകൾ നിറഞ്ഞിരിക്കും ഇത്രയും വായിച്ച പ്പോൾ. നേരിട്ടു പറയാൻ ശക്തിയില്ലാഞ്ഞിട്ടാണിതൊക്കെ എഴുതുന്നതു്. എന്റെ ഹൃദയം പൊട്ടിത്തകർന്നിരിക്കുകയാണ്. അതു നിൻെറ തലോടലും ശുശ്രൂഷയും ഏററു മാത്രമേ പഴയ നിലയിൽ എത്തുകയുള്ളു. അതിനായി ഞാൻ കാത്തിരിക്കും.

"എൻെറ കൊച്ചുകല്യാണിയും ഓമനമകനും അവിടെ സുഖമായി ജീവിക്കുക. വീട്ടുകാരുടെ താങ്ങും തണലും നിങ്ങൾ ക്കെങ്കിലും ആശ്വാസം അരുളട്ടെ!

എന്ന്, നിന്റേതുമാത്രമായ ഗോപാലപിള്ള."

നിരുന്മേഷനായി കൃഷ്ണൻകുട്ടി ആ കടലാസിൽ നോക്കി

ക്കൊണ്ടു് ഇരുന്നു. ഒരു ദാമ്പത്യം തകരുകയാണു്. താങ്ങാനാവാത്ത വൈഷമ്യങ്ങളിൽ അതു മുങ്ങിമരിക്കുകയാണു്. അതു കണ്ടുകൊണ്ടു് നിരാലംബരായി, നിസ്സഹായരായി, അവർ ഇരിക്കുകയാണു്...

"മകനേ!" ദേവകിയുടെ പതിഞ്ഞ ശബ്ദത്തിലുള്ള വിളിയാണു കൃഷ്ണൻകുട്ടിയെ ഉണർത്തിയതു്. കുറച്ചുനേരം കാണാഞ്ഞിട്ടു വിളിച്ചതാണു്. അവൻ മുറിക്കകത്തേക്കു കയറിച്ചെന്നു. സന്ധ്യാവേളയിൽ ദേവകിക്കു വല്ലാത്ത ഭയമാണു്. ആ സമയമത്രയും കൃഷ്ണൻകുട്ടി അവരുടെ സമീപത്തുണ്ടായിരിക്കണം.

മുറിക്കകത്തേക്കു കയറിച്ചെന്ന കൃഷ്ണൻകുട്ടിയുടെ മുഖം മുമ്പൊരിക്കലും ഇങ്ങനെ മ്ലാനമായി ദേവകി കണ്ടിട്ടില്ല. കണ്ണുകൾ കലങ്ങിച്ചുവന്നും പോളകൾ തടിച്ചും കാണപ്പെട്ടു. ദേവകിയുടെ ക്ഷീണിച്ച ദൃഷ്ടികൾക്കുപോലും അതൊക്കെ കാണാൻ വിഷമം ഉണ്ടായിരുന്നില്ല.

"എന്താ മോനേ! എന്താ?" അവർ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു. "എന്താ വിശേഷം?"

"ഒന്നുമില്ലമ്മേ!" ഗൽഗദം അമർത്താൻ കൃഷ്ണൻകുട്ടി ശ്രമിച്ചിരുന്നെന്നു് അവന്റെ വാക്കുകൾ വ്യക്തമാക്കി.

"പറയൂ." നിർബ്ബന്ധബുദ്ധിയോടെ ദേവകി ചോദിച്ചു. പെട്ടെന്നു കൃഷ്ണൻകുട്ടിയുടെ മനസ്സിൽ ഒരു കാര്യംതോന്നി. വിവരങ്ങൾ മറയ്ക്കുവാൻ ശ്രമിക്കുന്തോറും ദേവകിയുടെ സംശയം വർദ്ധിക്കുകയേ ഉള്ളു. ലക്ഷ്മിയുടെ എഴുത്തായിരിക്കുമതെന്നും പറയാൻപാടില്ലാത്ത വിപത്തിൽ അവൾ കുടുങ്ങിയിരിക്കുകയായിരിക്കുമെന്നും അവൻ അതു മനഃപൂർവ്വം മറച്ചുപിടിക്കുകയാണെന്നും വിചാരിക്കും. ഈ നിലയിൽ അതു് ഏററവും ആപൽക്കരമായിരിക്കും. അതുകൊണ്ടു് അവൻ അവിടെ ഇരുന്നു വിശദമായി വിവരങ്ങൾ ദേവകിയെ അറിയിച്ചു. നിശ്ശബ്ദയായി അതെല്ലാം ശ്രദ്ധിച്ചുകൊണ്ടു് അവർ കട്ടിലിൽ കിടന്നു.

ആഴ്ചകൾ പലതു കടന്നുപോയി. ദേവകിയുടെ നില വഷളായിക്കൊണ്ടുതന്നെയിരുന്നു. അവരുടെ അന്ത്യം അത്യാസന്നമായിരിക്കുകയാണെന്നു് എല്ലാവരും വിശ്വസിച്ചു. കൃഷ്ണൻ

കുട്ടി വിവരങ്ങൾ കാണിച്ച് എല്ലാദിവസവും ലക്ഷ്മിക്ക് എഴുതി അയച്ചു. ഉടനെ അമാന്തിക്കാതെ വന്നുചേരണമെന്ന് എല്ലാ എഴുത്തിലും പറഞ്ഞിരുന്നു.

ലക്ഷ്മിയുടെ പേരു പറഞ്ഞുകൊണ്ടു് രണ്ടുദിവസം ദേവകി കിടന്നു. മറെറാന്നും അവരുടെ ബുദ്ധിയിൽ നില്ക്കുന്നില്ല. മോഹാലസ്യമൊഴിഞ്ഞുള്ള വേളകളിൽ ലക്ഷ്മിയുടെ നാമം പറഞ്ഞുകൊണ്ടാണ് ആസന്നമരണയായി ശയ്യയിൽ കിടന്നിരുന്നതു്.

ദേവകിയുടെ മരണസമയത്തു് അവരുടെ സമീപത്തു കൃഷ്ണൻകുട്ടിയും പണിക്കരും അയലത്തുള്ള ഒന്നുരണ്ടാളുകളും മാത്രമാണുണ്ടായിരുന്നതു്. പണിക്കർ കിടക്കയുടെ തലയ്ക്കൽ ഇരുന്നു് അവരെ പതുക്കെ തലോടിക്കൊണ്ടിരുന്നു. കൃഷ്ണൻകുട്ടി അവസാനത്തെ തുള്ളി വെള്ളം അവരുടെ ചുണ്ടുവിടർത്തി വായിലേക്കു പകന്നുകൊടുത്തു.

മരിക്കുമ്പോൾ അവ്യക്തമായി എന്തൊക്കെയോ അവർ പറഞ്ഞുകൊണ്ടിരുന്നു. അതിനെ തുടന്നു ദീർഘനിദ്രയിൽ ലയിച്ചു. മുഖത്തെ ജീവചൈതന്യം അസ്തമിച്ചപ്പോൾ പുതച്ചിരുന്ന തുണി പതുക്കെ വലിച്ചു മുഖം മൂടിയിട്ടു് പണിക്കർ മുറിവിട്ടു പുറത്തിറങ്ങി.

ദേവകിയുടെ മരണവൃത്താന്തം അറിയിച്ചുകൊണ്ടു് ലക്ഷ്മിക്കു് അന്നുതന്നെ കോട്ടയത്തേക്കു കമ്പി അടിക്കുന്നതിനു കൃഷ്ണൻകുട്ടി വേണ്ട ഏർപ്പാട്ടുകളും ചെയ്തു.

പതിനാറ്

ലക്ഷ്മിയും കൂട്ടരും തിരുവനന്തപുരത്തു് എത്തിയ ദിവസമാണു് ആ അത്യാഹിതം—ദേവകിയുടെ മരണം നടന്നതു്. കൃഷ്ണൻകുട്ടി കോട്ടയത്തേക്കു് അടിച്ചിരുന്ന കമ്പി നാടകക്കമ്പനി ആഫീസിൽ യഥാസമയം കിട്ടുകയും ചെയ്തു. അപ്പോൾ അവിടെ ഒരു ശിപായി ഒഴിച്ചു് മററാരുമുണ്ടായിരുന്നില്ല. അയാൾ അതു വാങ്ങി അവിടെ സൂക്ഷിച്ചു. നാടകസംബന്ധ

മായ വല്ല കാര്യവും ആയിരിക്കുമെന്നു കരുതിയാണ് അങ്ങനെ അതു ചെയ്തതു്.

തിരുവനന്തപുരത്തെ നാടകം കഴിഞ്ഞശേഷം വിശ്രമത്തിനുവേണ്ടി സോമനും ലക്ഷ്മിയുംകൂടി കന്യാകുമാരിക്കു പോയി. ഉല്ലാസകരമായ ഒരു വ്യതിയാനം മുറുകിയ ജീവിതം നയിക്കുന്നവൎക്ക് എന്നും ആവശ്യമാണല്ലോ.

സോമനും ലക്ഷ്മിയുംതമ്മിൽ ഇക്കാലംകൊണ്ടു വളരെ അടുത്തു. നാടകലോകത്തു് സോമനു സിദ്ധിച്ചിട്ടുള്ള അസൂയാവഹമായ അംഗീകാരം ലക്ഷ്മിയെ വല്ലാതെ ആകർഷിച്ചു. സരസമായി സംഭാഷണം ചെയ്യാനുള്ള അയാളുടെ കഴിവ് ആരേയും മയക്കിക്കളയും. ആരാധകന്മാർ അന്തമില്ലാതെ അയാളുള്ളിടത്തു തടിച്ചുകൂടാറുണ്ടു്. ഏതു സ്ഥലത്തും സുഹൃത്സംഘം ഉണ്ടുതാനും. ഇത്രമാത്രം പ്രശസ്തി സമ്പാദിക്കാൻ കഴിയുമെങ്കിൽ അതൊരു വമ്പിച്ച നേട്ടമല്ലേ? കലാകാരന്മാരോടുള്ള മതിപ്പ് ദിനംപ്രതി ജനങ്ങളുടെ ഇടയിൽ വർദ്ധിക്കുകയാണ് എന്നു ലക്ഷ്മി വിശ്വസിച്ചു. സോമനോടൊത്തുള്ള നാടകജീവിതം വിജയമാണെന്ന് അവൾ മനസ്സിൽ കരുതി. ആ മണ്ഡലത്തിലെ അംഗീകരിക്കപ്പെട്ടിട്ടുള്ള ആളുമായി ഒന്നിച്ചു രംഗത്തുവരുന്നതുതന്നെ ഒരു ഭാഗ്യമെന്നല്ലാതെ എന്തു പറയാൻ! കുറെക്കാലമായി കാത്തിരുന്ന കമനീയമായ ഭാവി അവളെ മാടിവിളിക്കുകയാണ്. അതിനെ സ്വാഗതംചെയ്തു സ്വീകരിക്കുകമാത്രമാണ് അവളുടെ കർത്തവ്യം.

സോമനെ ലക്ഷ്മി ആരാധിച്ചു. അയാളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും എല്ലാം ശിരസാവഹിച്ചു. അയാളുടെ സന്തതസഹചാരിയായി അവൾ വിരാജിക്കുകയാണ്. അയാളോടൊത്തുകൂടുമ്പോൾ ലക്ഷ്മിയുടെ നില നാടകക്കമ്പനിയിലെ മററു് ആരും ചോദ്യംചെയ്തിട്ടില്ല. അവിടെ നേരത്തെ ഉണ്ടായിരുന്ന നടികളെല്ലാം ജീവസന്ധാരണത്തിനുവേണ്ടി അടുത്തുകൂടിയിട്ടുള്ളവർ മാത്രമായിരുന്നു. ധനസമ്പാദനത്തിനുള്ള ഒരുപാധി എന്ന നിലയിൽക്കവിഞ്ഞു കലയോടു് അവൎക്കു താല്പൎയ്യവും ഉണ്ടായിട്ടില്ല. കലോപാസകരെന്ന കാമ്യപദവി അവർ കണക്കാക്കിയിട്ടില്ല. ഇതു സോമനു നല്ലവണ്ണം അറിയുകയും ചെയ്യാമായിരുന്നു.

ഈ സന്ദർഭത്തിലാണു ലക്ഷ്മിയുടെ വരവ്. സോമൻ നാടകത്തിലേക്ക് അവളെ ക്ഷണിച്ചെങ്കിലും ഇത്ര പെട്ടെന്നു ലക്ഷ്മി അതു സ്വീകരിക്കുമെന്നു കരുതിയില്ല. സകലതും ത്യജിച്ചു തന്നോടു ചേർന്ന അവളുടെ മനോഭാവത്തെപ്പററി സോമൻ സന്തോഷിച്ചു. അവളുടെ അമ്മയും നാട്ടുകാരും എല്ലാം എതിരായിരുന്നിട്ടും, അതെല്ലാം നിസ്സാരമായിക്കരുതി നാടകരംഗത്തിലേക്ക് അവൾ കടന്നുവന്നതു കലയോടുള്ള ക്രമാതീതമായ പ്രേമംകൊണ്ടാണെന്നു സോമൻ വിശ്വസിക്കുകയുണ്ടായി.

പരസ്പരം ബഹുമാനിച്ചിരുന്നവർ തമ്മിൽ അറിയാതെ അടുത്തുപോകുക സ്വാഭാവികം മാത്രമാണ്. തൻെറ നാടകരംഗത്തെ സ്ഥാനം സ്ഥിരമാക്കുവാൻ ലക്ഷ്മിയുടെ സഹകരണം വേണ്ടവണ്ണം പ്രയോജനപ്പെട്ടുമെന്നു സോമൻ കണ്ടു. ആ നിലയിലാണ് അവളെ അയാൾ സ്വീകരിച്ചതു്.

തിരുവനന്തപുരത്തെ നാടകാഭിനയം കഴിഞ്ഞു കന്യാകുമാരിയിൽ എത്തിയിരിക്കയാണവർ. ഇളകിമറിയുന്ന ആഴിവീചികൾ നോക്കി അവർ ഒന്നിച്ചു സായാഹ്നത്തിൽ കടലിലേക്ക് ഉന്തിനില്ക്കുന്ന പാറക്കെട്ടിൽ ഇരിക്കുകയാണ്.

സോമൻെറ വിചാരം നടന്നുകൊണ്ടിരിക്കുന്ന നാടകത്തിൽ വരുത്തേണ്ട മാററങ്ങളെക്കുറിച്ചായിരുന്നു. പൊതുജനസമ്മതി ആജ്ജിക്കുവാൻ പുതിയ രീതികൾ ഒഴിച്ചുകൂടാൻ പാടില്ലെന്ന് അയാൾ വിചാരിച്ചു. ഇപ്പോഴത്തെ നാടകത്തിൽ അല്പം ചില വ്യതിയാനങ്ങൾ വരുത്തിയാൽ നന്നായിരിക്കുമെന്ന് ഇത്രയുംനാളത്തെ അനുഭവംകൊണ്ടു സോമനു തോന്നി. ആ പാറമേൽ ഇരിക്കുമ്പോൾ അയാൾക്കൊരു പുതിയ വെളിച്ചം കിട്ടി.

"ഒരു നൃത്തരംഗം ചേർത്താൽ ഭേഷായിരിക്കും," സോമൻ അല്പം ഉറക്കെ ചിന്തിച്ചു.

"എവിടെ? ആ തിരമാലകളുടെ പുറത്തോ?—" ലക്ഷ്മി കളിയാക്കിച്ചിരിച്ചു.

"ഞാൻ നാടകത്തെ സംബന്ധിച്ചു വിചാരിക്കുകയായിരുന്നു."

"ഓഹോ!" അവൾ വീണ്ടും ചിരിച്ചു.

"ലക്ഷ്മി എന്തു പറയുന്നു? ഒരു നൃത്തരംഗം ഉത്തമമായിരിക്കയില്ലേ?"

"തീച്ച്യയായും. പക്ഷേ, അതിനു്...?"

"ആളെ കണ്ടുപിടിക്കാം."

"ആ രംഗം കഥാഘടനയുമായി ഭംഗിയായി ഘടിപ്പിക്കേണ്ടേ?"

"വേണം. വിഷമമില്ല." അവർ അതിൻെറ നാനാവശങ്ങളെപ്പററി വിശദമായി ചച്ചചെയ്തു.

ലക്ഷ്മിയും സോമനും രണ്ടുദിവസത്തെ താമസത്തിനുശേഷം മടക്കയാത്രയിൽ തിരുവനന്തപുരത്തെത്തി. അവർ നേരത്തെ ചച്ചചെയ്തിരുന്ന രംഗം നാടകത്തിൽ ഉൾക്കൊള്ളിക്കുന്നതിൻെറ സാദ്ധ്യതകളെ സംബന്ധിച്ചു തീരുമാനമെടുക്കുവാൻ നൃത്തകലയിൽ ഏപ്പെട്ടിരുന്ന ചിലരുമായി സംസാരിച്ചു. അതിനായി അന്നു് അവിടെ താമസിക്കുകയും ചെയ്തു. പല നൃത്തകേന്ദ്രങ്ങളും അവർ അന്നുതന്നെ സന്ദശിച്ചു. പലരേയും നേരിട്ടു കണ്ടു സംസാരിച്ചു. സോമൻെറ ഭാവനയിൽ ഉള്ള നൃത്തരംഗത്തിനു് അനുയോജ്യമായ ഒരാളിനെ കണ്ടുപിടിക്കാനുള്ള ശ്രമമായി പിന്നീടു്.

ശ്യാമളയുമായി കണ്ടുമുട്ടാൻ ഈ അന്വേഷണം അവസരം സൃഷ്ടിച്ചു. അധികം പ്രസിദ്ധി ആജ്ജിച്ചുകഴിഞ്ഞിട്ടില്ലാത്ത ഒരു നത്തകിയായിരുന്നു അവൾ. കാഴ്ചയ്ക്കു സുന്ദരിയാണു്. നല്ല യോജിപ്പുള്ള അവയവങ്ങൾ. കലാബോധവും മനോധമ്മവും ഉള്ളവളാണെന്നു സംസാരത്തിൽനിന്നു സോമനു തോന്നി.

നത്തകിയായ ശ്യാമളയെക്കൊണ്ടു പല സാദ്ധ്യതകളും ഉള്ളതായി സോമൻ കരുതി. അങ്ങനെ ഒരാൾകൂടി അയാളുടെ കൂട്ടത്തിലുണ്ടായിരുന്നാൽ പല പുതുമകളും രംഗത്തു് അവതരിപ്പിച്ചു പൊതുജനങ്ങളുടെ പ്രീതി സമ്പാദിക്കുവാൻ സാധിക്കും. കോട്ടയത്തു തിരിച്ചെത്തിയശേഷം വിവരങ്ങൾ എഴുതി അയയ്ക്കാമെന്ന വ്യവസ്ഥയിൽ സോമനും ലക്ഷ്മിയും ശ്യാമളയുമായി പിരിഞ്ഞു.

അടുത്തദിവസം ഉച്ചയോടുകൂടിയാണു് അവർ കോട്ടയത്തെത്തിയതു്. ഊണുകഴിഞ്ഞു വിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അവരവക്കുള്ള കത്തുകളും മററും ശിപായി കൊണ്ടു

ചെന്നുകൊടുത്തു. സാധാരണ രീതിയും അതുതന്നെയായിരുന്നു. ലക്ഷ്മി അവളുടെ സ്വകാര്യമുറിയിൽ ഇരിക്കുകയാണ്. രണ്ടുമൂന്നു കത്തുകളും കമ്പിയും ഒന്നിച്ചു മേശപ്പുറത്തു വച്ചിട്ടു ശിപായി പോയി. സ്വാഭാവികമായി എഴുത്തുകൾക്കു മുമ്പു കമ്പിയാണ് അവളെടുത്തു പൊട്ടിച്ചതു്. "ദേവകി ഇന്നു വെളുപ്പിനു മരിച്ചു. കൃഷ്ണൻകുട്ടി." ജീവിതത്തിലൊരിക്കലും ലക്ഷ്മി ഇങ്ങനെ ഞെട്ടിയിട്ടില്ല. പ്രജ്ഞയററു് അവൾ അവിടെ കിടക്കയിൽ ഇരുന്നു. ഒന്നിനും ശേഷിയില്ല; കരയാൻകൂടി. ആ കടലാസിലേക്കു് അവൾ തുറിച്ചുനോക്കിക്കൊണ്ടിരിക്കുകയാണ്. ഞെട്ടലിൽനിന്നു് അല്പം വെളിവു വന്നപ്പോൾ അവൾ കൈകൾകൊണ്ടു മുഖം പൊത്തി പൊട്ടിക്കരഞ്ഞു.

ലക്ഷ്മിയുടെ നിലവിളി കേട്ടു സോമൻ അവിടെ ഓടിയെത്തി. കിടക്കയിൽക്കിടന്നു് അവൾ കരയുന്നതു കണ്ടപ്പോൾ അയാൾക്കു് ഒന്നും മനസ്സിലായില്ല. കാരണമെന്തെന്നു് അയാൾ ആവർത്തിച്ചാവർത്തിച്ചു ചോദിച്ചു. ലക്ഷ്മിയുടെ കരച്ചിലിൻെറ ശക്തി വർദ്ധിച്ചതല്ലാതെ മറുപടിയൊന്നും കിട്ടിയില്ല. അടുത്തു കിടന്നിരുന്ന കടലാസ് എടുത്തു നോക്കിയപ്പോഴാണ് സോമനു വിവരം ബോദ്ധ്യമായതു്. അയാൾ വായിച്ചു: "ദേവകി ഇന്നു വെളുപ്പിനു മരിച്ചു—കൃഷ്ണൻകുട്ടി." തീയതി നോക്കി. ആറു ദിവസം കഴിഞ്ഞിരിക്കുന്നു. ദേവകിയുടെ ഗ്രാമത്തിൽനിന്നു് ആറു മൈൽ ദൂരെയാണു കമ്പിയാപ്പീസ്. എങ്കിലും മരണദിവസംതന്നെ കമ്പി അയച്ചിരിക്കും.

കിടക്കയിൽ കമിഴ്ന്നുകിടന്നു കരയുന്ന ലക്ഷ്മിയുടെ പുറം തലോടിക്കൊണ്ടു് ആശ്വസിപ്പിക്കാൻ അയാൾ വളരെ ശ്രമിച്ചു. കുറേനേരം കഴിഞ്ഞു് അവൾ നിശ്ശബ്ദയായി നിദ്രയിൽ ലയിച്ചു. സോമൻ പുറത്തു പോയി.

ലക്ഷ്മി അല്പം കഴിഞ്ഞു് ഉണർന്നു. അവൾക്കു വല്ലാത്ത ക്ഷീണം തോന്നി. അന്നുവരെ കിട്ടിക്കൊണ്ടിരുന്ന കത്തുകളെല്ലാം പരമാർത്ഥങ്ങളായിരുന്നെന്നാണല്ലോ ഈ സംഭവം തെളിയിക്കുന്നതു്. അവ തന്നെ തിരിച്ചുകൊണ്ടുപോകാനുള്ള ഉപായങ്ങളായിരുന്നില്ല എന്നു ലക്ഷ്മിക്കു ഇപ്പോൾ വിശ്വാസമായി. വാസ്തവത്തിൽ തൻെറ മാതാവു് ഇക്കഴിഞ്ഞ ദിവസങ്ങ

ളിലെല്ലാം അന്തമില്ലാത്ത വേദനകൾ അനുഭവിക്കുകയായിരുന്നിരിക്കണം. തന്നെപ്പററിയല്ലാതെ മററാരെക്കുറിച്ച് അവൾക്ക് ആശിക്കാനുണ്ടു്? അതു നഷ്ടപ്പെട്ടപ്പോൾ ആ മാതാവു് തകന്നു. തൻെറ തിരിച്ചുവരവും കാത്തു കഴിഞ്ഞുകൂടിയിരിക്കും. തൻെറ കടപ്പാട്ടുകളൊന്നും നിറവേററപ്പെട്ടിട്ടില്ല. പിതാവിൻെറ മരണശേഷം ഇന്നുവരെ തന്നെ തങ്കത്തെപ്പോലെ താലോലിച്ചു വളത്തിയ മാതാവിനോട്ടു് എന്തു കട്ടംകൈയാണു കാണിച്ചതു്! തൻെറ തെററിൻെറ ഭീമസ്വഭാവം അവളുടെ മുൻപിൽ രൂപംപ്രാപിക്കുകയാണു്. രാക്ഷസീയമായി അനുക്ഷണം വളൻുപൊങ്ങുകയാണു് അതു്.

ലക്ഷ്മി വീണ്ടും വിങ്ങിവിങ്ങിക്കരഞ്ഞു.

ഈ കരച്ചിലിൽ എത്ര ആത്മാത്ഥത കാണും? അതുകൊണ്ടു് ഇനി പ്രയോജനമുണ്ടോ? സുഖവും ദുഃഖവും തിരിച്ചറിയാറായ നാൾതൊട്ടു വേദനമാത്രം അനുഭവിച്ച ദേവകിക്കു സുഖത്തിൻെറ വെളിച്ചം കിട്ടിയതു മകളുടെ ജനനത്തോടുകൂടിയല്ലേ? മകളുടെ കൃതഘ്നതമൂലം അന്ത്യനിമിഷത്തിലും ആശ്വാസമറിയാതെ ആ മാതാവു് മറഞ്ഞിരിക്കുന്നു.

ഇനി ലക്ഷ്മി എന്തിനു് അങ്ങോട്ടു പോകണം? ആ ഗ്രാമത്തിൽ കാലുകുത്താൻ അവൾക്കെന്തവകാശമാണുള്ളതു്? അവളെ കാണുമ്പോൾ ആളുകൾ തുപ്പുകയില്ലേ? അടങ്ങാത്ത അമഷത്തോടെ അവർ മുഖം തിരിച്ചുകളയും. ആ ഗ്രാമത്തിൻെറ ചരിത്രത്തിൽ ഇങ്ങനെ ഒരു കൃതഘ്നത സംഭവിച്ചിട്ടുണ്ടോ? പവിത്രമായ ആ പുണ്യദേശത്തു പാപിയായ പരിഷ്കാരി പ്രവേശിച്ചുകൂടാ.

ലക്ഷ്മി മെത്തയിൽ മുഖം അമത്തി കണ്ണുനീർ വാത്തു.

പതിനേഴു്

കൊച്ചുരാമൻ സക്കാരുദ്യോഗത്തിനു് അപേക്ഷിച്ചതു സഫലമായി. ഒരു ക്ലാക്കായി അയാളെ തിരഞ്ഞെടുത്തു നിയമിച്ചു. തിരുവനന്തപുരത്തുതന്നെയാണു ജോലിസ്ഥലം.

പുതിയ ജോലിയിൽ പ്രവേശിച്ചിട്ടു് ഇന്നേതാണ്ടു് ഒരു

സംവത്സരത്തോളമായി. "ഇതൊക്കെ സാധിച്ചതു് അവന്റെ ഗുരുത്വംകൊണ്ടാണു്" എന്നത്രേ പണിക്കർ പറയാറുള്ളതു്. അക്കൊല്ലം ഓണത്തിനു് അവൻ ആദ്യമായി നാട്ടിലെത്തി.

കൊച്ചുകല്യാണിയെ പ്രസവം കഴിഞ്ഞു് ഗോപാലപിള്ള വിളിച്ചുകൊണ്ടുപോയിട്ടില്ല. വല്ലാത്ത മനോവിഷമം അവൾക്കെല്ലാവക്കുമുണ്ടു്. അധികമൊന്നും പഠിച്ചിട്ടില്ലാത്ത സാധുവായ ഒരു ഗ്രാമീണയാണു് കൊച്ചുകല്യാണി. ഭർത്താവിനെ പരദൈവമായി പൂജിക്കുന്നവൾ. എന്തും സമചിത്തതയോടും ശാന്തതയോടും അവൾ സ്വീകരിച്ചിരുന്നു. ഇന്നു് ഏതു സമയത്തും ശോകഭാവമല്ലാതെ മറ്റൊന്നും അവളുടെ മുഖത്തു നിഴലിക്കുന്നില്ല. അധികമൊന്നും ആരോടും ഉരിയാടാറുമില്ല. എല്ലാ ജോലികളും നിശ്ശബ്ദമായി നടത്തും.

ഉമ്മിണിയമ്മ നന്നേ ക്ഷീണിച്ചുപോയി. അവക്കു ചുറ്റുമുണ്ടായിക്കൊണ്ടിരുന്ന ദുരിതങ്ങൾ അവരെ വല്ലാതെ ബാധിച്ചു. ഇന്നു് ഒന്നിനും ശേഷിയില്ലാതായെന്നു മാത്രമല്ല, നല്ല ഓർമ്മശക്തിയുമില്ല. അർത്ഥമില്ലാത്ത ഒരു നോട്ടം എപ്പോഴുമുണ്ടു്. ആരെങ്കിലും സംസാരിച്ചുകൊണ്ടിരുന്നാൽ അവരുടെ സമീപം എന്തോ അത്യത്ഭുതം കണ്ട കൊച്ചുകുഞ്ഞിനെപ്പോലെ നോക്കിനില്ക്കും. ഒന്നും സംസാരിക്കുകയുമില്ല. പറയുന്നതു മനസ്സിൽ പതിയുന്നുണ്ടെന്നു് ഒരു ലക്ഷണവും മുഖത്തു പ്രകടമാകാറില്ല. തികച്ചും അപ്രതീക്ഷിതമായി രംഗം വിട്ടെഴുന്നേറ്റുപോകുകയും ചെയ്യും.

കൊച്ചുരാമൻ ഓണത്തിനു ചെന്നപ്പോൾ ഉമ്മിണിയമ്മക്കു് പ്രത്യേകതയൊന്നും തോന്നിച്ചമട്ടുണ്ടായിരുന്നില്ല. അവനു് അല്പം അത്ഭുതം അതുകൊണ്ടു തോന്നിയെങ്കിലും പുറത്തു പ്രകടിപ്പിച്ചില്ല.

ഉമ്മിണിയമ്മ ആഹാരം കഴിക്കുന്നതു നന്നേ കുറവാണു്. സമയത്തിനൊന്നും അടുക്കളയിൽ എത്താറുമില്ല. തോന്നുമ്പോൾ അവിടെ ചെന്നു വല്ലതും വിളമ്പിക്കഴിക്കും. വന്നമാതിരിതന്നെ പോകുകയും ചെയ്യും. അത്രമാത്രം. കൊച്ചുകല്യാണിയുടെ കൊച്ചുമകനെപ്പോലും അവർ തിരിഞ്ഞുനോക്കാറില്ല. കുട്ടി കരയുകയാണെങ്കിൽ, അതിൻെറ സമീപം ഉണ്ടാ

യാൽ എന്തു ചെയ്യണമെന്നറിവില്ലാത്ത മട്ടിൽ അവർ അവിടെ നോക്കിക്കൊണ്ടിരിക്കുകയേയുള്ളു.

ഇറയത്തിരുന്നു കൊച്ചുരാമനും പണിക്കരും തമ്മിൽ സംഭാഷണം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഉമ്മിണിയമ്മ അവിടെ വന്നു് ഇരുന്നു. അവരുടെ സംസാരത്തിൽ അവർ പങ്കുകൊണ്ടില്ല. ഒരത്യത്ഭുതസംഭവം കണ്ടപോലെ അതു മിഴിച്ചുനോക്കിക്കൊണ്ടിരുന്നതേയുള്ളു.

"അമ്മയെന്താണൊന്നും മിണ്ടാത്തതു്." കൊച്ചുരാമൻ അവരെ നോക്കി ചോദിച്ചു. മുറുക്കാൻ ഇടിച്ചുകൊണ്ടിരുന്ന പണിക്കരാണു് അതിനുത്തരം പറഞ്ഞതു്. "അവളിപ്പോഴങ്ങനാ. ഒന്നും മിണ്ടാറില്ല." വല്ലാത്ത ശോകം ആ വാക്കുകളിൽ കലന്നിരുന്നു. കുനിഞ്ഞിരുന്നു മുറുക്കാൻ ഇടിക്കുകയാണു പണിക്കർ. അയാൾ തല ഉയത്തിയില്ല. ഉമ്മിണിയമ്മയെ നേരിട്ടൊന്നു നോക്കാൻ അയാൾക്കു ആവുകയില്ല. "അയാൾക്കൊന്നിനെക്കുറിച്ചും ഒരു പ്രത്യേകതയില്ല. ഓമ്മയുമില്ല." പണിക്കർ പതുക്കെ പറഞ്ഞു. ഒരു ദീർഘനിശ്വാസം വിട്ടു് അയാൾ അകലത്തേക്കുനോക്കി ഇരിപ്പായി.

കൃഷ്ണൻകുട്ടിയുടെ പരിശ്രമംകൊണ്ടു മാത്രമാണു് ആ കുടുംബം ഇന്നു പുലരുന്നതു്. ആ ഗ്രാമത്തിലെ പല പുരയിടങ്ങളിലേയും മേലാദായം അയാൾ പാട്ടം പിടിച്ചിട്ടുണ്ടു്. കൃഷി ചെയ്യാൻ കുറച്ചു നെൽപ്പാടവും. തികഞ്ഞ ഉത്തരവാദിത്വത്തോടെ ആ കുടുംബത്തെ അയാൾ സംരക്ഷിച്ചുവന്നു.

നാലുദിവസത്തെ താമസം കഴിഞ്ഞു് കൊച്ചുരാമൻ തിരിച്ചുപോയി. അതിനുശേഷം എല്ലാ മാസവും അവൻ പണിക്കരുടെ പേക്കു് പതിനഞ്ചുരൂപാവീതം അയച്ചുകൊടുത്തു. പണിക്കരോ കൃഷ്ണൻകുട്ടിയോ പണത്തെപ്പററി ഒന്നും പറഞ്ഞിട്ടില്ല. അവൻ സ്വമേധയാ ചെയ്യുന്നതാണു്. ആരും ആശ്രയമില്ലാതെ കഴിയുന്ന, ജീവിതാശകളെല്ലാം ഏതാണ്ടസ്തമിച്ച പിതാവും, നിരാശകളാൽ തകന്നുനില്ക്കുന്ന ജ്യേഷ്ഠനും വിവരമില്ലാതായിത്തീന്ന മാതാവും—അങ്ങനെയുള്ള ഒരു കുടുംബം. ഭാവിയെക്കുറിച്ചു പ്രതീക്ഷിക്കുവാനൊന്നുമില്ല അവക്കു്. മടങ്ങിയപ്പോൾ കൊച്ചുരാമൻ ഇതൊക്കെ ഓമ്മിച്ചു വളരെ വേദനിച്ചു. സ്വന്തം സുഖങ്ങൾ മാററിവച്ചും അവരെ സഹായി

ക്കേണ്ടതു് ഒരു കത്തവ്യമായി അവൻ കരുതി. അതിന്റെ ഒര ടയാളമെന്ന നിലയിലാണു് അവൻ മാസംതോറും അത്രയുമെ ങ്കിലും പണം പണിക്കരുടെ പേക്കു് അയച്ചുകൊടുത്തുതുടങ്ങി യതു്.

ജീവിതം എല്ലാപേക്കും ഇങ്ങനെ വിഷമമേറിയതാ ണോ? ആയിരിക്കാം. പക്ഷേ, ആരും അതു പുറത്തു പ്രസ്താ വിക്കാറില്ല. ഇടത്തരക്കാരായ അവരെപ്പോലുള്ളവർ അനുഭ വിക്കുന്ന വിഷമങ്ങളും വിമ്മിഷ്ടങ്ങളും ആരും അറിയാറില്ല. താഴ്ന്നവരെക്കുറിച്ചു ശ്രദ്ധിക്കാൻ ആളുണ്ടു്. സമ്പന്നന്മാരെ പ്പററി വേണ്ടതു സൂക്ഷിക്കാൻ താല്പര്യങ്ങളുണ്ടു്. എന്നാൽ ഈ ഇടത്തരക്കാരോ? അവക്കുവേണ്ടി ആരും ഉരിയാടാത്തതെന്തു്? വാദിക്കാത്തതെന്തു്? സകലതും സഹിച്ചു നിശ്ശബ്ദരായി കഴി ഞ്ഞുകൂടുന്ന ഈ കൂട്ടരുടെ ദയനീയനില ആരുടേയും കണ്ണിൽ പെടാത്തതെന്തുകൊണ്ടു്? ഇങ്ങനെയൊക്കെ കൊച്ചുരാമൻ ഇരുന്നു ചിന്തിക്കാറുണ്ടു്. ഈ ചിന്തകൾമൂലം അവൻെറ ജീ വിതത്തോടുള്ള മനോഭാവം കൂടുതൽ കൂടുതൽ ശോകമൂകമാകു കയുമാണു്. ചിലപ്പോൾ അവൻ വിചാരിക്കും—ഇടത്തരക്കാ രുടെ കണ്ണുനീർ ആരും കാണാത്തതു് ഇക്കൂട്ടർ കരയുന്നതു് ആ രും അറിയാതെ ആയതുകൊണ്ടാണെന്നു്. ആരോടും അവർ കയക്കാത്തതുകൊണ്ടാണെന്നു്. അന്യരെ അഭിമാനത്തിൻെറ പേരിൽ ഇവർ ആശ്രയിക്കുന്നില്ല. ഈ വർഗ്ഗം ഇല്ലാതായെ ങ്കിൽ! കൊച്ചുരാമനു് ഈ സാമൂഹ്യവ്യവസ്ഥിതിയോടു വല്ലാ ത്ത അറപ്പും വെറുപ്പും ഉണ്ടായി. അതു് ഉടച്ചുവാക്കുവാൻ വ ല്ലാത്ത ഒരാവേശം. "ഈ നിലയൊന്നു മാററിയെങ്കിൽ!"— അവൻ ഇരുന്നയിരുപ്പിൽ കുനിഞ്ഞിരുന്നുകൊണ്ടു പതുക്കെ പറഞ്ഞു.

"അതെ! ഇതൊന്നു മാറിയെങ്കിൽ..." പ്രതിധ്വനിപോ ലെ ആരോ അതാവത്തിച്ചതുകേട്ടു് കൊച്ചുരാമൻ ഒന്നു ഞെട്ടി തല ഉയത്തി. അയാളുടെ മേശയ്ക്കുസമീപം ഗോമതി നില്ക്കുന്നു.

അല്പമൊന്നു പകച്ചു് അയാൾ അവളെ സൂക്ഷിച്ചുനോ ക്കി. മെലിഞ്ഞ ശരീരം. ഇരുണ്ടനിറം. അസ്ഥിമാത്രമായ നീണ്ട കൈകൾ. ഒട്ടും ശ്രദ്ധിക്കാത്തതുകൊണ്ടു് ഒതുക്കമില്ലാ തായിത്തീന്ന തലമുടി. കണ്ണുകൾക്കു ചുററും വല്ലാതെ ഇരുണ്ട

നിറം. അതിൻെറ പശ്ചാത്തലത്തിൽ തിളങ്ങുന്ന കൺമണികൾ. ആ കണ്ണുകളിൽ എപ്പോഴും കണ്ണുനീർ നിറഞ്ഞു നില്ക്കുന്നതുപോലെ തോന്നും. അവളെ കണ്ടാൽ ആരും നോക്കിപ്പോകും. അഴകുകൊണ്ടല്ല. അവളെ ആവരണം ചെയ്തു നില്ക്കുന്ന ആകുലഭാവംകൊണ്ട്.

"സാറു വെളിയിൽ പോയില്ലേ?" ഗോമതി സാവധാനത്തിൽ ചോദിച്ചു.

"ഇല്ല." കൊച്ചുരാമൻെറ ചുണ്ടുകൾ അനങ്ങി.

"എന്താ?"

"പോകാൻ തോന്നിയില്ല."

"നാട്ടിൽപ്പോയിട്ടു വന്നതിൽപ്പിന്നെ ഒരു വല്ലായ്മ...?"

"ഒന്നുമില്ല."

"അതു കള്ളമാണ്. കണ്ടാൽ അറിയരുതോ?"

"വിഷമങ്ങൾ ഓരോന്നു വന്നുകേറുകയാണ്."

"നിങ്ങൾക്കൊക്കെ എന്തു വിഷമം?"

"ഓരോരുത്തനും അവനവനൊഴിച്ചു മറെറല്ലാക്കും സുഖമാണെന്നാണു വിചാരം."

"നേരാണ്. എല്ലാവക്കും അവനവനെപ്പററി മാത്രമാണു ശ്രദ്ധ. അതുകൊണ്ടായിരിക്കും."

"ആയിരിക്കാം." കൊച്ചുരാമൻ നെടുവീപ്പിട്ടു. അയാളുടെ കണ്ണുകൾ ചുവന്നു തുടുത്തിരുന്നു.

"എന്നെപ്പോലുള്ളവക്ക് എന്നും നിത്യദുരിതമാണു വിധിച്ചിട്ടുള്ളതു്." ഗോമതി വെളിയിലേക്കു നോക്കിക്കൊണ്ടു പതുക്കെ സംസാരിച്ചു.

"ഇങ്ങനെയാണു നിസ്സഹായർ എന്നും പറയുന്നതു്." കൊച്ചുരാമൻ പല്ലിറുമ്മി.

"അതിനൊരു പോംവഴിയുമില്ലേ?"

"അതു തന്നത്താനെ ഒരായിരം വട്ടം ചോദിക്കു. മുട്ടുന്നവക്കു വാതിൽ തുറക്കപ്പെട്ടുമെന്നാണു പറയപ്പെട്ടുന്നതു്."

"മുട്ടുന്നവരെ മുമ്പോട്ടുവിടാത്ത ലോകത്തിൽ, ആശ്വാസത്തിനു ചില അപ്പക്കഷണങ്ങൾ എറിഞ്ഞുകൊടുത്തിട്ടുണ്ട്."

"ഭീരുത്വംകൊണ്ടാണതു പറയുന്നതു്." സമരരംഗത്തു

മുന്നോട്ടു ചീറിയടുക്കുന്ന പോരാളിയുടെപോലെ അയാളുടെ സിരകൾ ചലിച്ചു.

"അല്ല. അനുഭവംകൊണ്ടു്."

"ഓഹോ?"

"ഞാനെത്രനാളായിട്ടിവിടെ വന്നു കൈ നീട്ടി നില്ക്കുകയാണു്." കൊച്ചുരാമൻ ആ വാക്കുകൾകേട്ടു ഞെട്ടി. മുഖത്തു് അടികിട്ടിയമാതിരി അയാൾ ചുരുണ്ടു. അവളുടെ മുഖത്തു് അയാൾ തുറിച്ചുനോക്കി. ശോകഭാവത്തിൻെറ പ്രതീകംപോലെ അവൾ അയാളെ ദയനീയമായി നോക്കി.

"സ്നേഹത്തോടെ, ആശ്വാസത്തോടെ, രണ്ടു വാക്കുകൾ പറയുന്നവരെ ആരെയും ഞാൻ ഇതുവരെ കണ്ടെത്തിയില്ല. സാറിനുമാത്രം എന്നോടു സഹതാപമുള്ളതായി ഞാൻ കണ്ടു. അതുകൊണ്ടു ഞാൻ സർവ്വവും സമർപ്പിച്ചതാണു്."

"ഞാൻ നിസ്സഹായനാണു്. എനിക്കൊന്നിനും കെല്പില്ല."

"എൻേറതെന്നു് ഒന്നു പറയാൻ ഹൃദയമുള്ളവരാരെങ്കിലും എനിക്കുണ്ടായാൽ മതി."

കൊച്ചുരാമൻ കുനിഞ്ഞിരുന്നു് അവളുടെ സംസാരം ശ്രദ്ധിക്കുകയാണു്.

"എൻെറ ശമ്പളംകൊണ്ടു് ഞാൻ ജീവിച്ചുകൊള്ളാം. ഞാനൊരിക്കലും ഒരു ഭാരമായിത്തീരുകയില്ല. എൻേറതെന്നു പറഞ്ഞു് അഭിമാനിക്കാൻ ഒരാളുണ്ടായാൽ മാത്രം മതി."

കൊച്ചുരാമൻ അവളുടെ ആവേശപൂർണ്ണമായ വാക്കുകൾ കേട്ടു് ദീർഘമായി നിശ്വസിച്ചു.

ഗോമതിയുടെ കണ്ണുകളിൽനിന്നു് രണ്ടു കണ്ണുനീർത്തുള്ളികൾ ആ മേശപ്പുറത്തു വീണു.

"ഓടയിൽക്കിടന്ന എന്നെ ഉയർത്തിയതുകൊണ്ടല്ലേ എനിക്കീ വേദനകൾ അനുഭവിക്കേണ്ടിവന്നതു്? ഞാൻ അവിടെത്തന്നെ കിടന്നിരുന്നെങ്കിൽ പട്ടിണിയിൽ കഴിയേണ്ടി വന്നേനെ. ഒരുപക്ഷേ, അതായിരുന്നു പതിന്മടങ്ങു ഭേദം. ഇന്നെൻെറ ആത്മാവു പട്ടിണി കിടക്കുകയാണു്. ശരീരത്തിൻെറ പട്ടിണി യാചനകൊണ്ടു പരിഹരിക്കാം. എന്നാൽ ഇതോ? ഇതൊന്നു തീർക്കാൻ ആരു പിച്ച തരും? ശരീരം നന്നാ

ക്കിയിട്ട് ആത്മാവിനെ പട്ടിണിക്കിടുകയാണ് ഇന്നത്തെ സാമൂഹ്യസേവകർ. വേണ്ടാ. എനിക്കിതു ദുസ്സഹമാണ്.''

''ഇങ്ങനെ നിരാശപ്പെടരുത്.''

''ഞാൻ ഇന്നും സമുദായത്തിൻെറ ദൃഷ്ടിയിൽ നിരാധാരയാണ്. കുലമില്ലാത്തവളാണ്. ആഭിജാത്യമില്ലാത്തവളാണ്. എന്നെ ആർക്കും വേണ്ടാ. എൻെറ പ്രശ്നങ്ങൾ ഗണനീയങ്ങളല്ല. ഞാൻ ഉണ്ണാനും ഉടുക്കാനും ഉള്ളതുകൊണ്ടു തൃപ്തയായിക്കൊള്ളണം. അതുകൊണ്ടുമാത്രം ജീവിതം പൂർണ്ണമായോ? ആകുമോ?—'' അവളുടെ വാദം തടഞ്ഞുനിത്തി സമാധാനം പറയാൻ കൊച്ചുരാമൻ തുനിഞ്ഞില്ല. ഒരഗ്നിപർവ്വതം പുകഞ്ഞു പൊട്ടാൻ തുടങ്ങുകയാണ്. അതു നോക്കിക്കൊണ്ടു നിൽക്കുവാനല്ലാതെ, തടയാനെങ്ങനെ സാധിക്കും? ''എന്തുകൊണ്ട് ഈ സമുദായാഭിമാനികൾ ഒരു ഭാര്യയായി എന്നെ സ്വീകരിക്കുന്നില്ല?'' ഗോമതിക്ക് ശ്വാസം മുട്ടി. വികാരത്തള്ളലിൽ അവൾ വിമ്മിഷ്ടപ്പെട്ടു. ''സാമൂഹ്യസേവനം ഇന്നൊരാഡംബരമായിട്ടേ ഇവരൊക്കെ കരുതിയിട്ടുള്ളു. മാനുഷികപ്രശ്നമായി നേരിട്ടിട്ടില്ല. അങ്ങനെ ആയിരുന്നെങ്കിൽ എന്നെപ്പോലുള്ളവരെ എന്തുകൊണ്ട് അഭിജാതരാരും സ്വീകരിക്കുന്നില്ല?'' അവൾ അവിടെനിന്നു വിറച്ചു.

''ഞാനും നിന്നെപ്പോലെതന്നെ നിസ്സഹായനാണ്. നീ എല്ലാം പുറത്തു പറയുന്നു. ഞാൻ അതു പറയാൻ ദുരഭിമാനം കൊണ്ട് ഭയപ്പെടുന്നു; അത്രമാത്രം,'' കൊച്ചുരാമൻ പതുക്കെ പറഞ്ഞു.

''സഹതാപമുള്ള ഒരാളെ കാണാൻ ഞാൻ എത്ര ദാഹിച്ചു നടന്നതാണ്. എൻെറ ആത്മാവ് ഉണങ്ങിവരളുന്നു.'' അവളുടെ ആവേശം കണ്ട് കൊച്ചുരാമൻ ഭയപ്പെട്ടു. അവളെന്തിനിങ്ങനെ ജ്വലിക്കുന്നു?

''ഞാനെൻെറ പ്രശ്നങ്ങളെപ്പററി പറഞ്ഞാൽ, ആളുകൾ എൻെറ മാംസത്തിനു വിലപേശിത്തുടങ്ങും. ഈ ആഫീസിൽ എത്രപേരുണ്ട് അങ്ങനെയുള്ള യോഗ്യന്മാർ? എനിക്കു പണം വേണ്ടാ, സ്നേഹം മതി. സ്നേഹം...സ്നേഹം മാത്രം.''

''എനിക്കതിനു കെല്പില്ല. വിവാഹം എനിക്കു വിധി

ച്ചിട്ടില്ല.'' കൊച്ചുരാമൻ ജനാലയിൽക്കൂടി വെളിയിലേക്കു നോക്കിക്കൊണ്ടിരുന്നു.

ഒരു നിശ്ശബ്ദത...

"വേണ്ടാ, ഞാനിങ്ങനെ യാചിച്ചതു തെററായിപ്പോയി. ഇന്നുവരെ എന്നോട്ട് സഹതാപമുള്ള ഒരു വ്യക്തി ആയിരുന്നതുകൊണ്ടു പറഞ്ഞുപോയതാണു്. ഞാൻ പോകട്ടെ...'' അവൾ വിങ്ങിവിങ്ങി കരഞ്ഞുകൊണ്ടു് അകലത്തുള്ള ഇരിപ്പിടത്തിലേക്കു പോയി. മേശമേൽ കമിഴ്ന്നുകിടന്നു് കണ്ണുനീർ വാത്തു.

അവളുടെ ആ ഇരിപ്പു നോക്കിക്കൊണ്ടു് കൊച്ചുരാമൻ അങ്ങനെ ഇരിക്കുകയാണു്. അയാൾ ഉദ്യോഗത്തിൽ പ്രവേശിച്ചു രണ്ടുമാസത്തോളം കഴിഞ്ഞപ്പോഴാണു് ഗോമതിക്കു് അവിടെ ജോലികിട്ടിയതു്. കോട്ടയത്തെ ജീവിതം പെട്ടെന്നു വിരാമമിട്ടു് അവൾ ഓടിപ്പോന്നു. അവിടത്തെ ദയനീയങ്ങളായ അനുഭവങ്ങൾ കൊച്ചുരാമനെ വിവരിച്ചു കേൾപ്പിച്ചു. അവൾ അവിടെനിന്നു തിരിച്ചെത്തി രണ്ടാഴ്ച കഴിഞ്ഞപ്പോൾ ആ ആഫീസിൽ ടൈപ്പിസ്റ്റായി നിയമിച്ചു് ഉത്തരവും കിട്ടി.

അവളുടെ ദീനഭാവം ഇന്നിരട്ടിച്ചിട്ടുണ്ടെന്നു കൊച്ചുരാമനു തോന്നി. കദനഭാരം താങ്ങിക്കൊണ്ടു നടക്കുന്ന വിധവയെപ്പോലെയാണു് ആക്കും തോന്നുക. ഇന്നു കൊച്ചുരാമൻ ഇതുപോലെ മറെറാരു സ്ത്രീയെക്കൂടി അറിയും. വീട്ടിൽ എത്തിയപ്പോൾ അവിടെ കണ്ട അയാളുടെ ജ്യേഷ്ഠത്തി.

ആഫീസിൽ സാധാരണയായി മദ്ധ്യാഹ്നസമയത്തു് അവർ തനിച്ചായിത്തീരുകയാണു പതിവു്. പരസ്പരം പലതും പറയാനുള്ള സന്ദർഭം അവക്കു് അങ്ങനെ ധാരാളം കിട്ടി. ഗോമതിയുടെ ശോകപൂർണ്ണമായ ജീവിതകഥ അവൾതന്നെ അയാളെ പറഞ്ഞുകേൾപ്പിച്ചിട്ടുണ്ടു്.

ആരോരുമുടമസ്ഥരില്ലാതെ തെരുവിൽ തെണ്ടിനടന്നിരുന്ന ഒരു ബാലികയായിരുന്നു അവൾ. മഹിളാസദനക്കാർ അവളെ അവിടെനിന്നെടുത്തു വളത്തി. അമ്മയും അച്ഛനും ആരെന്നു് അവൾക്കും ആക്കും അറിഞ്ഞുകൂടാ. പുതിയ ചുററുപാടിൽ അവൾക്കു വിദ്യാഭ്യാസത്തിനുള്ള സൗകയ്യം ലഭിച്ചു. അതു ഗോമതി പ്രയോജനപ്പെടുത്തുകയും ചെയ്തു. അവൾ

സ്കൂൾഫൈനൽ പാസ്സായതിനുശേഷം കുറേനാൾ ടൈപ്പ് റൈറ്റിംഗ് പഠിച്ചു. അതും പാസ്സായി. കുറേനാൾ പകരം ടൈപ്പിസ്റ്റായി ജോലിനോക്കുകയും ചെയ്തു. അന്നാണ് കൊച്ചു രാമൻെറ ശുപാർശപ്രകാരം കോട്ടയത്തു സോമൻെറ കമ്പനിയിൽ ഉദ്യോഗത്തിൽ പ്രവേശിച്ചതു്. അവൾ അവിടെ കഷ്ടിച്ചു് ഇരുപത്തെട്ടു ദിവസമേ ഇരുന്നുള്ളു.

ഇന്നു് അവൾ താമസിക്കുന്നതു് മഹിളാസദനത്തിലാണ്. സമയം കിട്ടുമ്പോഴൊക്കെ ആ സ്ഥാപനത്തിനുവേണ്ടി അവൾ വേലചെയ്യും. അവരോടുള്ള കടപ്പാടിൻെറ ഓർമ്മയ്ക്കായി ഇന്നും അവൾ ശമ്പളത്തിൻെറ ഒരോഹരി അവിടെ കൊടുത്തുവരുന്നു.

ജീവിതത്തിലെ ചില പ്രശ്നങ്ങൾ അവൾ വിജയപൂർവ്വം നേരിട്ടിട്ടുണ്ടു്. ഇന്നു മററു് ആവശ്യങ്ങളാണ് അവളെ അലട്ടുന്നതു്. സമുദായത്തിലെ മററുള്ള എല്ലാവരേയുംപോലെ അവൾക്കും ജീവിക്കണം. പട്ടിണികൂടാതെ കഴിയാനുള്ള സൗകര്യം അവൾക്കുണ്ടു്. പക്ഷേ, സമുദായം സമ്പൂർണ്ണമായി അവളെ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടോ? കുലവും കുടുംബവും ഇല്ലാത്തവരെ സമുദായം ഇങ്ങനെ നിത്യദുരിതത്തിലേക്കു് നീക്കിയിട്ടിരിക്കുകയാണോ?

ഗോമതിയുടെ കഥകൾ കേൾക്കാൻ ആഫീസിലെ ആരും കൂട്ടാക്കിയിട്ടില്ല. എന്നാൽ ചിലരൊക്കെ ഒരു താല്പര്യം കാണിച്ചിട്ടുണ്ടു്. അവളെ സ്വാർത്ഥലാഭത്തിനായി ഉപയോഗിക്കുന്നതിനുവേണ്ടി. ദുഷിച്ച ജീവിതത്തിലേക്കുള്ള ക്ഷണമാണധികവും. വിവാഹത്തെക്കുറിച്ചു സംസാരിക്കാൻ ഇവർക്കാർക്കും ഇഷ്ടമല്ല. പുച്ഛമാണ്.

വല്ലാത്ത അറപ്പും വെറുപ്പുമാണ് അവൾക്കു് ഇതുകൊണ്ടൊക്കെത്തോന്നിയതു്. ലോകം ഇത്ര അധഃപതിച്ചതാണോ? അവളുമായി ദുർന്നടത്തയ്ക്കു് ഒരുക്കമുള്ളവർ, അവളുടെ ശരീരം വിലയ്ക്കുവാങ്ങാൻ തയാറുള്ളവർ അവളെ നേരായമട്ടിൽ മാനിക്കണമെന്നു വരുമ്പോൾ തെററിമാറുകയാണ്. വിവാഹം അവരൊക്കെ വെറുക്കുന്നത്രെ. അവളുമായി രമിക്കാം, രസിക്കാം, അതൊന്നും അഭിമാനക്ഷതം വരുത്തുകയില്ല. പക്ഷേ, വിവാഹം...അതു് ഗൗരവമേറിയ സംഗതിയാണ്. അവരെ

യെല്ലാം പിച്ചിച്ചീന്തി പൊടിയിലെറിയണമെന്ന് അവൾക്കു തോന്നി.

കൊച്ചുരാമൻ സഹതാപപൂർവ്വം അവളുടെ കദനകഥകൾ കേട്ടപ്പോൾ, അവൾക്ക് ജീവിതത്തിൻെറ ഒരു പുതിയ കവാടം തുറക്കപ്പെട്ട പ്രതീതിയുണ്ടായി. സഹതപിക്കുന്നവരും വേദന അറിയുന്നവരും ലോകത്തിലുണ്ട്. തൻെറ മനസ്സിലെ സകല ഭാരങ്ങളും അവൾ കൊച്ചുരാമന്റെ സന്നിധിയിൽ സമർപ്പിച്ചു. അവളുടെ ആശയങ്ങളെല്ലാം അയാളെ അറിയിച്ചു.

കൊച്ചുരാമൻ സഹാനുഭൂതിയോടെ അതൊക്കെ ശ്രവിച്ചിരുന്നെങ്കിലും വിവാഹോദ്ദേശം അയാൾ തീരെ പ്രതീക്ഷിച്ചതല്ല. അവളെ എങ്ങനെ വിവാഹം ചെയ്യാനൊക്കും? അവനെ അലട്ടുന്ന അനവധി വിഷമപ്രശ്നങ്ങൾ ഇന്നുണ്ട്. അതൊക്കെ നേരിടാതെ ഒഴിഞ്ഞുമാറുവാൻ തീരെ സാധ്യമല്ല. അതിൻെറ കൂടെ വിവാഹംകൂടി ആയാൽ? അതിനൊക്കെ ഭാരം കൂട്ടുകയില്ലേ അതു്? ഇല്ല. അതു സാധ്യമല്ല. വിവാഹം എല്ലാററിനും ഒരു വിലങ്ങുതടിയാകും. ആരുടേയും കുററംകൊണ്ടല്ല. അതങ്ങനെ പരിണമിച്ചുപോകും.

അവൻ അവിടെയിരുന്നുകൊണ്ട് നിരാലംബയായ ഗോമതിയെ നോക്കി. അവളോടു സഹതപിക്കുവാനല്ലാതെ മറ്റൊരുവഴിയും അവനില്ല. ഗോമതിയെപ്പോലെ എത്രയെത്ര നിരാധാരർ ഇന്നീലോകത്തിലുണ്ട്!

ആഫീസ് സമയമായി. ഉദ്യോഗസ്ഥന്മാരും മററും ഓരോരുത്തരായി വന്നുതുടങ്ങി. കൊച്ചുരാമൻ അവൻെറ കർത്തവ്യങ്ങളിൽ വ്യാപൃതനായി.

പതിനെട്ട്

പണിക്കരുടെ ആരോഗ്യം നിരന്തരം ക്ഷയിച്ചുവന്നു. അയാൾ ഈയിടെ വെളിയിലെങ്ങും ഇറങ്ങാറില്ല. വളരെ നാളുകളായി വീട്ടിലെ തിണ്ണയും കട്ടിലും മാത്രമാണ് അയാളുടെ ആശ്രയസങ്കേതങ്ങൾ. ജീവച്ഛവംപോലെ അവിടൊക്കെ

അലഞ്ഞുനടക്കുകയാണു് സഹധർമ്മിണി. കണ്ണീരും കയ്യുമായി കൊച്ചുകുട്ടിയെ പുലർത്തിക്കൊണ്ടു്, നിസ്സഹായയായി കഴിയുന്ന മകൾ, അവരെയെല്ലാം പോററാൻ പാടുപെടുന്ന മകൻ—അയാളുടെ ചുററുമുള്ള ജീവികളെല്ലാം ജീവിതത്തിൽ പരാജയപ്പെട്ടവരാണു്. അവരുടെ നിയന്ത്രണത്തിനു് അതീതമായ ശക്തികൊണ്ടു വിഷമിച്ചു വേദനിക്കുന്നവരാണു്. അല്പമെങ്കിലും ആശാപ്രകാശം വീശുന്നതു കൊച്ചുരാമൻ മാത്രം. അവൻ അവരുടെ ജീവിതച്ചുഴിയിൽ നിന്നകന്നുപോയതു് ഒരു അനുഗ്രഹമായി. അവനെങ്കിലും ഒന്നുയർന്നെങ്കിൽ!

വീട്ടുവേലകളെല്ലാം കഴിഞ്ഞാൽ കൊച്ചുമകനെയും മടിയിലിരുത്തി അടുക്കളത്തിണ്ണയിൽ ഇരിക്കാറുള്ള മകളെ പണിക്കർ പലതവണ കണ്ടിട്ടുണ്ടു്. ഒന്നും അറിവില്ലാത്ത ആ കുസൃതിക്കുട്ടിയുടെ കൊഞ്ചൽ പണിക്കർ കേട്ടിട്ടുണ്ടു്—"അമ്മയെന്തിനാ കരേന്നെ?" മടിയിൽ തലവെച്ചു കിടക്കുന്ന കുട്ടിയുടെ നിടിലത്തിൽ ചൂടുള്ള കണ്ണുനീർക്കണങ്ങൾ അടർന്നുവീഴുമ്പോൾ അവൻ ചോദിക്കുന്നതാണു് ആ ചോദ്യം. പണിക്കർ അതു നിത്യമെന്നോണം കേൾക്കാറുണ്ടു്. ദിവസംതോറും അവൻ അതാവർത്തിക്കുന്നുണ്ടാകും.

മദ്ധ്യാഹ്നം കഴിഞ്ഞ നേരം. വല്ലാത്ത ദാഹമുണ്ടു് പണിക്കർക്കു്. അടുത്തെങ്ങും ആരേയും കാണുന്നില്ല. അയാൾ പതുക്കെ കട്ടിലിൽനിന്നു് എഴുന്നേററു് നൊമ്പരമുള്ള മുട്ടുകൾ പതുക്കെ തടവിത്താങ്ങി അടുക്കളയിലേക്കു നടന്നുചെന്നു. അവിടെയും ആരുമില്ല. അടുക്കളയുടെ കതകു് തുറന്നുകിടക്കുകയാണു്. അയാൾ അല്പനേരം നിസ്സഹായനായി അവിടെനിന്നു് ചുററുപാടെല്ലാം കണ്ണോടിച്ചു. നോവുന്ന കാലുകൾ പതുക്കെത്തിരുമ്മിക്കൊണ്ടു് അടുക്കളയുടെ പുറംതിണ്ണയിലേക്കു നടന്നു. കൊച്ചുമിടുക്കന്റെ സംസാരം അവിടെ കേട്ടു. "അമ്മേ അമ്മയെന്തിനാ കരേന്നെ?" എന്നും കേൾക്കാറുള്ള ചോദ്യം. പണിക്കരുടെ കുഴിഞ്ഞ കണ്ണുകളിൽ വെള്ളംനിറഞ്ഞു.

"നിനക്കറിയാറായിട്ടില്ലമോനേ," കൊച്ചുകല്യാണിയുടെ ദയനീയമായ വാക്കുകളായിരുന്നു അതു്.

"പറേമ്മേ! പറ," ചിണുങ്ങിക്കൊണ്ടു് കുട്ടി നിർബ്ബന്ധിച്ചു.

"നീയില്ലായിരുന്നെങ്കിൽ......ഞാൻ എന്നേ ചത്തേനെ..." കുട്ടിയെ വാരിയെടുത്ത് അവൾ ഉമ്മവെച്ചു.

പണിക്കർ തുറന്നു കിടന്നിരുന്ന അടുക്കള വാതിലിൽക്കൂടി തലമാത്രം പുറത്തിട്ടു നോക്കി. അമ്മയും മകനും അങ്ങനെ അവിടെ ഇരിക്കുന്നതാണ് അയാൾ കണ്ടത്. അയാൾക്ക് ഒന്നുംതോന്നിയില്ല. വെള്ളം എടുത്തു കുടിക്കാതെ അയാൾ തിരിച്ചു നടന്നു. "ഇവിടത്തെ കിണറ്റിൽ വെള്ളമല്ല കണ്ണുനീരാണ് ഊറുന്നത്." അയാൾ കിടക്കയിൽ കിടന്നുകൊണ്ടു പതുക്കെ ആത്മഗതംപോലെ പറഞ്ഞു.

അയാൾ കട്ടിലിൽ മലന്നു കിടക്കുകയാണ്. ഓലകെട്ടിയ വാരിയിൽ അർത്ഥമില്ലാതെ നോക്കുകയാണ്. അവിടെ പട്ടികയിൽ ഒരു വേട്ടാവെളിയൻ കൂടുണ്ടാക്കുന്നു. അതിശയത്തോടും ആശയോടും പണിക്കരുടെ ദൃഷ്ടികൾ അതിൽ ഉറച്ചു. കൂടുകെട്ടി ആ കീടം അതിൽ മുട്ടയിടും. മുട്ടവിരിച്ച് കുഞ്ഞിനെ പുറത്തിറക്കും. തീറ്റിപ്പോറ്റി അതിനെ അതു വളർത്തും. പറക്കമുറ്റിയാൽ കുഞ്ഞുങ്ങളെല്ലാം പറന്നുപോകും. അതിൻെറ ജീവിതം എത്ര ലഘുവാണ്. വളർന്നു പറന്നുമാറിയാൽ കുഞ്ഞും തള്ളയും തന്തയും എല്ലാം ഒരുപോലെ. തമ്മിൽ ഒരു കെട്ടുപാടുമില്ല. എല്ലാം സ്വതന്ത്രർ. പണിക്കർ തൻെറ ജീവിതത്തെ ആ ജന്തുവിൻേറതുമായി താരതമ്യപ്പെടുത്തുകയാണ്. താനും ഒരു വീടുവച്ചു. തനിക്കും ഒരു കുടുംബമുണ്ടായി. മക്കളും കാലാകാലങ്ങളിൽ പിറന്നു. അവരൊക്കെ വളർന്നു. പക്ഷേ, ഒന്നും പറന്നു മാറിയിട്ടില്ല. മാറിയാൽത്തന്നെ കെട്ടുവിടുന്നില്ല. ആ കെട്ടുമൂലമല്ലേ തൻെറ ജീവിതം ഇങ്ങനെ സങ്കീർണ്ണമായിത്തീർന്നിരിക്കുന്നത്? അതേ. കടപ്പാടുകൊണ്ടുള്ള കെട്ടുപാട്. അതോരോരുത്തരും അവകാശപ്പെടുന്നു. അതിൽ കിടന്നു കറങ്ങുമ്പോൾ കുരുക്കുകൾ കൂടുന്നു. വേദനയാണു ഫലം...പണിക്കരുടെ ചിന്ത ഇത്രയുമായപ്പോൾ ഉണ്ണിണിയമ്മ ഇറയത്തുവന്ന് എങ്ങോട്ടെന്നില്ലാതെ നോക്കിക്കൊണ്ടിരിപ്പായി. അർത്ഥമില്ലാത്ത ആ ഇരിപ്പുകണ്ട് പണിക്കരുടെ ഹൃദയം നൊന്തു. തൻെറ ജീവിതകാലമത്രയും തന്നോടൊത്തു സകല സുഖദുഃഖങ്ങളിലും പങ്കുകൊണ്ടവരല്ലേ അവിടെ ഇരിക്കുന്നത്? എത്ര പെട്ടെന്നാണ് മനുഷ്യനിങ്ങനെ അർത്ഥമില്ലാത്ത

ജീവിയായി മാറുന്നതു്. അയാൾക്കു് അവിടംവിട്ടു് ഓടിപ്പോകണമെന്നു തോന്നി. അവിടെനിന്നൊന്നു രക്ഷപ്പെട്ടെങ്കിൽ... അയാൾ തിരിഞ്ഞു കിടന്നു.

പണിക്കർ ഉണർന്നപ്പോൾ അയാളുടെ ചുററിലും ചില നിഴലുകൾ നില്ക്കുകയാണു്. ക്ഷീണിച്ച കണ്ണുകളിൽ ഒന്നും തെളിയുന്നില്ല. നേരം ഇരുട്ടിയിരിക്കുന്നു. അടുത്തൊരു നിലവിളക്കു്. അവിടെയിരുന്നു അയൽക്കാരൻ പപ്പുവമ്മാവൻ എന്തോ വായിക്കുകയാണു്. നീട്ടി പതിഞ്ഞമട്ടിൽ ശോകപൂർണ്ണമായി വായിക്കുന്ന വരികൾ പണിക്കർ ചെറുതായി കേട്ടു. രാമായണം! അയാളുടെ സമീപത്തു് കട്ടിലിൽ കൃഷ്ണൻകുട്ടിയിരുന്നു് പതുക്കെ കൈയിൽ തലോടുന്നുണ്ടു്. എന്തെന്നില്ലാത്ത ക്ഷീണം. ആരെങ്കിലും ഒന്നു വീശിയെങ്കിൽ...അതൊന്നുറക്കെ പറയാൻ അയാൾ പണിപ്പെട്ടു. ഇല്ല. വാക്കുകൾ പുറത്തുവരുന്നില്ല. അവ വല്ലാത്ത ചേഷ്ടകളായി മാറുകയാണു്. വരണ്ട തൊണ്ട അനക്കാൻ അയാൾ വിമ്മിഷ്ടപ്പെട്ടു. കൃഷ്ണൻകുട്ടി ഒരു വെള്ളത്തിരി നനച്ചു് കുറച്ചു വെള്ളം അയാളുടെ വരണ്ട ചുണ്ടുകളിലേക്കു് ഇററിയൊഴിച്ചു. അയാൾ ആർത്തിയോടെ അതിറക്കി.

ആ കിടപ്പിൽ പണിക്കർ രണ്ടു ദിവസം കിടന്നു. കൊച്ചുരാമനും വിവരം അറിഞ്ഞു് അടുത്തെത്തിയിട്ടുണ്ടു്. അയലത്തുകാരും വൈദ്യനും അയാളെ എന്നും വന്നു നോക്കിക്കൊണ്ടിരുന്നു. മൂന്നാംദിവസം രാത്രിയിൽ പണിക്കർ മരിച്ചു.

ജീവിതത്തിലെ കുരുക്കുകൾ വിടർത്താനുള്ള നിരന്തരശ്രമത്തിൽ കൂടുതൽ കുരുക്കിലകപ്പെട്ട ഒരാത്മാവു് ശാശ്വതമായി അതിൽനിന്നു രക്ഷപ്പെട്ടു.

പത്തൊൻപതു്

പുതിയ പരിഷ്കാരങ്ങളോടുകൂടി അവതരിപ്പിക്കപ്പെട്ട സോമൻെറ നാടകം പൊതുജനങ്ങൾ എല്ലായിടത്തും ഹർഷാരവത്തോടെ സ്വീകരിച്ചു. നാടുതോറും അതു് അഭിനയിക്കുകയുണ്ടായി. പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ ആളു

കൾ അതു കാണാൻ തടിച്ചുകൂടി. സോമനു് ഈ വിജയത്തിൽ വളരെ സന്തോഷംതോന്നി.

കഥയുമായി കോമളമായി കോർത്തിണക്കിയിരുന്ന നൃത്തരംഗം കലാബോധത്തിൻെറ കമനീയമായ തെളിവാണെന്നു നിരൂപകന്മാർ വിധി എഴുതി. നൃത്തരംഗത്തിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം ശ്യാമളയ്ക്കുള്ളതായിരുന്നു. അതു ഭാവന ചെയ്തതും രൂപംകൊള്ളിച്ചതും വിജയപൂർവ്വം അവതരിപ്പിച്ചതും അവൾതന്നെ. സോമൻ ചില നിർദ്ദേശങ്ങൾ നൽകി എന്നുമാത്രം. ഇതോടുകൂടി നാടകത്തിലെ മററു നടീനടന്മാർ നിഷ്പ്രഭരായിത്തീൎന്നു. തൻെറ നാടകരംഗത്തെ സ്ഥാനം സുരക്ഷിതമാക്കുവാൻ ശ്യാമള കൂടുതൽ ഉപകരിക്കുമെന്നു സോമൻ കണ്ടു. അയാൾ അവളിലേക്കു അടുക്കുകയാണു്. തൻെറ അനിഷേധ്യതയ്ക്കു് ഉടവുതട്ടുന്നതായി ലക്ഷ്മിക്കു് അനുഭവപ്പെട്ടുതുടങ്ങി. സോമൻ മനഃപൂർവ്വം അവളെ വിഗണിക്കുകയാണു്. അവളുടെ ഹൃദയത്തിലെ അസ്വാസ്ഥ്യത വർദ്ധിച്ചു. സോമൻെറ ഈ മനോഭാവത്തിനു് ഒരു വിരാമമിട്ടില്ലെങ്കിൽ താൻ പുറംതള്ളപ്പെട്ടുപോകുമെന്നു് അവൾ ഭയന്നു. ശ്യാമളയെ അവൾ വീറോടെ വെറുത്തു.

സോമൻെറ കണ്ണുകൾക്കു് ഇതൊക്കെ കാണാൻ വിഷമമില്ലായിരുന്നു. ശ്യാമളയും ലക്ഷ്മിയും തമ്മിലുള്ള മത്സരം വളത്താനല്ലാതെ അതു നശിപ്പിക്കുവാൻ ശ്രമിച്ചില്ല. അയാളുടെ ദൃഷ്ടിയിൽ ഉയരാൻ അവർ രണ്ടുപേരും കെണിഞ്ഞു പരിശ്രമിച്ചു. ഈ മൽസരം നാടകത്തിൻെറ മേന്മ വദ്ധിപ്പിക്കുവാൻ ഉപകരിക്കുമെന്നു് അയാൾ മനസ്സിലാക്കി. ആ മത്സരം ഇന്നു് ഒരു മൂർച്ഛിതാവസ്ഥയിലെത്തിയിരിക്കുകയാണു്.

ജീവിതത്തിൽ വിലയേറിയതൊക്കെ തിരസ്കരിച്ചാണു് ലക്ഷ്മി സോമൻെറകൂടെ ചേൎന്നതു്. എന്നിട്ടുപോലും സോമനു തന്നോടുള്ള പ്രത്യേകത ക്ഷയിച്ചുവരികയാണെന്നു തെളിഞ്ഞപ്പോൾ ലക്ഷ്മിക്കു് അതിരില്ലാത്ത സങ്കടം തോന്നി. നാട്ടും വീട്ടുംവിട്ടു് തനിച്ചിറങ്ങിത്തിരിച്ചതിനുള്ള പ്രതിഫലം ഇതാണോ? അവളുടെ ആദർശങ്ങളെല്ലാം അടിമുടി ആടുന്നതു കണ്ടുകൊണ്ടു് അവൾ എങ്ങനെ അടങ്ങിയിരിക്കും?

അവൾ ഓരോന്നു് ഓർമ്മിക്കുകയാണു്. മുമ്പു തന്നെക്കു

ടാതെ ഒരിടത്തും ഒന്നിനും പോകാത്ത സോമൻ ഇന്നു ശ്യാമളയെയാണു് അതിനൊക്കെ കൂട്ടുപിടിക്കുന്നതു്. സായാഹ്നസവാരിക്കു പോകുമ്പോൾ ഒരു വാക്കുപോലും പറയാറില്ല. സർവ്വാഭരണവിഭൂഷിതയായ ശ്യാമളയുമൊത്തു് അയാൾ ഇറങ്ങിപ്പോകുന്നതു കണ്ടുകൊണ്ടു് ജനാലയ്ക്കരികിൽ അവൾ എത്രദിവസം തനിച്ചു നിന്നിരിക്കുന്നു. തന്റെ സുഖസൗകര്യങ്ങളെക്കുറിച്ചു നിമിഷംതോറും അന്വേഷിക്കാറുള്ള സോമൻ അങ്ങനെയൊരു കാര്യത്തെപ്പററി സംസാരിച്ചിട്ടുതന്നെ എത്ര നാളുകളായി? അവൾ ദാഹത്തോടെ കാത്തിരിക്കുന്ന മുഖസ്തുതികൾ ഇനി കേൾക്കുകയില്ലായിരിക്കാം. തന്റെ മുമ്പിൽവച്ചുപോലും ശ്യാമളയെ ഇക്കിളിയിടാൻ എന്തൊക്കെ കളികളാണു് അയാൾ പറയാറുള്ളതു്! ഇന്നു് അവൾ വെറും ഒരു ശമ്പളക്കാരി മാത്രമായിത്തീർന്നിരിക്കുന്നു.

നിശീഥിനിയുടെ നിശ്ശബ്ദയാമങ്ങളിൽ ഏകാകിനിയായി കിടക്കയിൽ എഴുന്നേററിരുന്നു് അവൾ ഏങ്ങിയേങ്ങിക്കരയാറുണ്ടു്. നാലുകൊല്ലംമുമ്പു താൻ കണ്ടുകൊണ്ടിരുന്ന സുന്ദരമായ ഭാവി എവിടെ? സ്വപ്നങ്ങൾ ഇങ്ങനെ പൊലിഞ്ഞുപോകുന്നതെന്തുകൊണ്ടു്? മനുഷ്യൻ ഇത്രമാത്രം നന്ദിയില്ലാത്തവനോ? അവൾക്കു് ഉറക്കെ നിലവിളിക്കണമെന്നു തോന്നി.

അടുത്ത മുറിയിലെ വളകിലുക്കം ലക്ഷ്മിയുടെ കർണ്ണങ്ങളിൽ പതിച്ചു. അടക്കിയൊതുക്കിയുള്ള ഇക്കിളിച്ചിരികളും. അവർ മേളിക്കുകയാണു്. സോമനും ശ്യാമളയും...ലക്ഷ്മി ഭിത്തിയിൽ ചെവിചേർത്തുപിടിച്ചു. അതെ, അവർതന്നെ ആയിരിക്കും. അവർ നേരമ്പോക്കുകൾ പറഞ്ഞു രസിക്കുകയാണു്. ഇവിടെ ഈ മുറിയിൽ നെടുവീർപ്പുകൾ തിങ്ങിനില്ക്കുന്നു. അതിൽ വീർപ്പുമുട്ടി നിൽക്കുകയാണവൾ. മുമ്പു് ഈ മുറിയിൽ പ്രതിധ്വനിച്ചിരുന്ന അലകൾ ഇന്നു മറെറാന്നിലേക്കു മാറിയിരിക്കുന്നു.

ലക്ഷ്മി മുഖം കൈപ്പടങ്ങളിൽ ഒതുക്കി ഇരുന്നു കരഞ്ഞു. അവളുടെ കരച്ചിൽ ആരു കാണാൻ? കണ്ടാൽത്തന്നെ ആരു ഗൗനിക്കാൻ?

അവൾ എഴുന്നേററു് ജനാലയ്ക്കു സമീപത്തേക്കു നടന്നു. ശ്യാമള അതാ വെളിയിലേക്കു് ഇറങ്ങുന്നു. വെളിയിൽ അവ

ളെക്കാത്തു സോമന്റെ കാർ നില്ക്കുന്നുണ്ട്. സായാഹ്നസവാരിക്കായിരിക്കും. "അഭിസാരിണി!" പല്ലിറുമ്മിക്കൊണ്ടു ലക്ഷ്മി അറിയാതെ പറഞ്ഞു. അതാ കാർ വിട്ടുപോയിക്കഴിഞ്ഞു.

ലക്ഷ്മി ഒരു തീരുമാനം എടുത്തുകൊണ്ടു തിരിഞ്ഞു നടന്നു. അവൾ മുറിക്കു പുറത്തെത്തി. സോമന്റെ സ്വകാര്യമുറിയിൽ നിന്നു ലോലമായി റേഡിയോഗാനം ഉയരുന്നുണ്ട്. അവൾ കതകു മെല്ലെ തുറന്നു് ഉള്ളിലേക്കു നോക്കി.

"വരൂ! അകത്തുവരൂ." നിലക്കണ്ണാടിയിൽ അവളുടെ പ്രതിച്ഛായ കണ്ടിട്ടു സോമൻ സംസാരിച്ചതാണു്. അയാൾ അതിന്റെ മുമ്പിലിരുന്നു് എന്തോ എഴുതുകയാണു്.

"ഇരിക്കൂ." എഴുത്തു നിത്തിയിട്ടു സോമൻ കറക്കുകസേരയിൽ തിരിഞ്ഞു ലക്ഷ്മിയുടെനേക്കു് ഇരുന്നു. "എന്താ മുഖത്തു് ഒരു വാട്ടം?" നാടകീയമായി സോമൻ ചോദിച്ചു. അയാൾ ചെറുതായി പുഞ്ചിരിക്കുന്നുണ്ടായിരുന്നു.

"ഒന്നുമില്ല." ലക്ഷ്മി പറഞ്ഞു.

"എയ്! അതല്ല. കണ്ണു കലങ്ങിയിരിക്കുന്നല്ലോ."

"അല്ല, കണ്ണു തെളിയുകയാണു്."

"അതു നന്നായി."

"പലതും ഞാൻ കണ്ടു."

"തെളിച്ചമുള്ളപ്പോൾ നല്ലതുപോലെ കാഴ്ചകാണും."

"എനിക്കിതു സഹിച്ചുകൂടാ."

"ഓഹോ! എന്തു്?"

"ഈ വഞ്ചന."

"വഞ്ചനയോ?"

"അതെ. വഞ്ചനതന്നെ." അവൾ ഉറപ്പിച്ചു പറഞ്ഞു.

"കളി..."

"ഇക്കളി മതിയാക്കണം."

"കളികൊണ്ടാണു ഞാൻ ജീവിക്കുന്നതു്. അതെങ്ങനെ നിത്താനൊക്കും?" സോമൻ ലഘുവായി ചിരിച്ചു.

"എന്റെ ജീവിതം തകക്കരുതു്."

"അതു ഞാനെങ്ങനെ തകക്കും?"

"ഞാൻ സകലതും ത്യജിച്ചാണു് ഇവിടെ വന്നതു്."

"അതിനു് ആദായം കിട്ടിയില്ലേ, കിട്ടുന്നില്ലേ?"

"ഈ വഞ്ചനയാണോ പ്രതിഫലം?"

"വഞ്ചന വഞ്ചന എന്നിങ്ങനെ എന്തിനു പുലമ്പുന്നു?" സോമനു കോപംവന്നു.

"എന്നെ വിവാഹംചെയ്യാമെന്നു്..."

"വിവാഹമോ?"

"അതെ. വിവാഹം."

"നിന്നെയോ? ഞാനോ?"

"എന്തിത്ര സംശയം?"

"ഞാനറിഞ്ഞിട്ടില്ല."

"കള്ളം..."

"ഞാൻ എന്നു പറഞ്ഞു?"

"ആയിരംതവണ."

"പറഞ്ഞിട്ടുണ്ടെങ്കിൽ നീയതു വിശ്വസിച്ചോ?"

"പറഞ്ഞിട്ടുമുണ്ടു്, വിശ്വസിച്ചിട്ടുമുണ്ടു്."

"വിവാഹം നിസ്സാരമായ സംഗതിയല്ല." അയാൾ കസേരയിൽനിന്നെഴുനേററു് മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

"അതുതന്നെ ഞാനും ഓർമ്മിപ്പിക്കുന്നു."

"ഞാനൊരു നാടകക്കാരിയെ വിവാഹംചെയ്യുമോ?" ഹാസ്യരസത്തോടുകൂടിയാണു സോമൻ അതു പറഞ്ഞതു്. ലക്ഷ്മി ഞെട്ടിപ്പോയി. അയാൾ തുടന്നു:

"നാടകക്കാരികളെ നല്ലവണ്ണം അറിയാവുന്ന ഞാൻ അവരിൽ ഒരുത്തിയെ ഭാര്യയായി സ്വീകരിക്കുമോ?"

"ഇതു നിങ്ങൾ പറയുന്നതിലാണത്ഭുതം!"

"അനുഭവത്തിന്റെ വെളിച്ചത്തിൽനിന്നുകൊണ്ടാണു ഞാൻ സംസാരിക്കുന്നതു്."

"അനുഭവം! അനുഭവം!..."

"നാടകക്കാരി അഭിനയിക്കും; വേഷം കെട്ടും. പക്ഷേ, ഒരു ഗൃഹലക്ഷ്മി ആകുകയില്ല. ഭാര്യ ഒരു കുടുംബത്തിലെ കെടാവിളക്കാണു്."

"എന്തിനെന്നെ ഇതിലേക്കു വലിച്ചിഴച്ചു?"

"വലിച്ചിഴച്ചില്ല. നീ വലിഞ്ഞുകയറിയതാണു്."

"ഞാനോ?" അവൾ പൊട്ടിക്കരഞ്ഞു.

"അതെ! കരഞ്ഞിട്ടു കാര്യമില്ല."

"ഞാൻ തകന്നു." മുഖം പൊത്തി അവൾ കരഞ്ഞു.

"ആരും തകർത്തതല്ല; സ്വയം തകർത്തതാണ്."

"എന്തിനെന്നെ പറഞ്ഞു വിശ്വസിപ്പിച്ചു?"

"ഞാൻ പറഞ്ഞു, വിശ്വസിച്ചതു നിൻെറ തെററ്."

"തെറേറാ?"

"അതെ; കേൾക്കുന്നതൊക്കെ വിശ്വസിക്കരുത്. അതൊരു ബാലപാഠമാണ്."

"അവൾ വന്നതിൻെറ ഫലമാണിതു്," ലക്ഷ്മി പല്ലു കടിച്ചു.

"ആര്?"

"ആര്? നിങ്ങളുടെ ഇപ്പോഴത്തെ വെപ്പാട്ടി."

"ശ്യാമളയോടെന്തിനു കോപിക്കുന്നു? നീ വന്നപ്പോൾ നിൻെറ മുമ്പുണ്ടായിരുന്നവൾ ഒരുപക്ഷേ, ഇതുതന്നെ പറഞ്ഞിരിക്കും. നിന്നെ എടുത്തതുപോലെ എനിക്കു ശ്യാമളയെ സ്വീകരിച്ചുകൂടെ?"

"ഈ ദുരന്തനാടകം എവിടെ അവസാനിക്കും?"

"എവിടെയെങ്കിലുമാകട്ടെ! അതിനെക്കുറിച്ചു നീ ഖേദിക്കേണ്ട." സോമൻ വളരെ അസ്വസ്ഥനായി. അയാളുടെ മുഖം ചുവന്നു.

"ഞാനിനി എന്തു ചെയ്യും?" ലക്ഷ്മി ഹൃദയം പൊട്ടിയതുപോലെ കരഞ്ഞുകൊണ്ടിരുന്നു. "എങ്ങോട്ടു പോകണമെന്നു പറയൂ."

"വിനോദം പറയരുത്. നിൻെറ ഭാവി ഞാനെങ്ങനെ ചൂണ്ടിക്കാണിച്ചുതരും?"

"വിനോദം പോലും! ഹൃദയം പൊട്ടിക്കരയുന്നതാണ് വിനോദം."

"മതി. എനിക്കൊന്നും കാണേണ്ട കാര്യമില്ല," അയാൾ തിരിഞ്ഞുനിന്നു രൂക്ഷമായി ശാസിച്ചു.

ലക്ഷ്മി എഴുന്നേററു മുഖം പൊത്തി വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടു് പുറത്തിറങ്ങി. അവളുടെ പുറകിൽ കതകു് ശക്തിയായി അടയുന്ന ശബ്ദം കേട്ടു.

ഇരുപത്

കൊച്ചുകല്യാണിയുടെ മകൻ രാജൻെറ അഞ്ചാം പിറന്നാൾ അന്നാണ്. അതിരാവിലെ അമ്മയും മകനും പുതിയകാവിൽ ഭഗവതിയെ തൊഴാൻ പോകുകയാണ്. കൃഷ്ണൻകുട്ടി രാജനെ വിളിച്ച് അവൻെറ കയ്യിൽ ഒരു രൂപാ കൊടുത്തു; "ഇതു ഭഗവതിസേവയ്ക്കാണെന്നു പറഞ്ഞ് അമ്മയുടെ കയ്യിൽ കൊടുത്തേക്കു്."

അമ്മയും മകനുംകൂടി പടിക്കലേക്കു നടന്നുപോകുന്നത് ഇറയത്തു നിന്നുകൊണ്ട് കൃഷ്ണൻകുട്ടി നോക്കുകയാണ്.

കൊച്ചുകല്യാണി എത്ര മാറിയിരിക്കുന്നു. കൃഷ്ണൻകുട്ടിയെക്കാൾ നാലു വയസ്സിന് ഇളയവളാണ്. എങ്കിലും ഇന്ന് അവൾക്കു വല്ലാതെ വയസ്സു തോന്നിക്കും. കവിള് ഒട്ടിത്തുടങ്ങിയിട്ടുണ്ട്. തലമുടിയിൽ വെള്ളിരേഖകൾ വീണുതുടങ്ങിയിരിക്കുന്നു. കണ്ണിൻെറ പ്രകാശം കുറഞ്ഞു. മാറത്തിട്ടിരിക്കുന്നതു് വെറുമൊരു ചുട്ടിത്തോർത്ത്. ഉടുത്തിരിക്കുന്നതു സാധാരണ പുടവ. ആഭരണങ്ങളൊന്നുമില്ല. കറുത്ത നൂലിൽ കെട്ടുതാലി മാത്രമേ അവൾ അണിഞ്ഞിട്ടുള്ളു. മുമ്പൊരിക്കലും ഈ രീതിയിൽ അവൾ അമ്പലത്തിൽ പോകുന്നതു് കൃഷ്ണൻകുട്ടി കണ്ടിട്ടില്ല. പ്രസവത്തിനു വന്നശേഷം ഇന്നവളാദ്യമായിട്ടാണു ദേവീദർശനത്തിനു പോകുന്നതു്. രാവിലെ എഴുന്നേററാൽ പുതിയകാവിൽ ഭഗവതിയെ ഓർമ്മിച്ചു തൊഴാതെ അവളൊരു പണിയിലും മുമ്പ് പ്രവേശിക്കാറില്ല. എന്നാൽ ഇന്നോ? രാജനേയുംകൊണ്ട് അമ്പലത്തിലേക്കു തിരിച്ചതു് കൃഷ്ണൻകുട്ടി ഇന്നലെ വൈകുന്നേരം അവളെ അതിനു നിർബ്ബന്ധിച്ചതുകൊണ്ടാണ്.

"ഞാനാരോടെന്തു ചെയ്തിട്ടാണ് ഇങ്ങനെയൊക്കെ അനുഭവിക്കുന്നതു്? ഇതൊക്കെയാണു ദേവിയുടെ കളിയെങ്കിൽ എനിക്കാ ദേവിയുടെ കരുണ വേണ്ട." അവൾ ഇന്നലെ കൃഷ്ണൻകുട്ടിയോടു പറഞ്ഞ വാക്കുകളാണ്.

"അനിയത്തിക്കു വേണ്ടി ഒന്നും പറയേണ്ടാ, ചോദിക്കുകയും വേണ്ട. രാജനുവേണ്ടി മാത്രം പോയാൽ മതി. അവനു നല്ലതു വരാൻ പ്രാർത്ഥിച്ചാൽ മതി." കൃഷ്ണൻകുട്ടി അവളെ

പോകാൻ പ്രേരിപ്പിച്ചതു് അതു പറഞ്ഞതാണു്. രാജനുവേണ്ടി അവൾ എവിടെയും പോകും. ഏതു ശത്രുവിനോട്ടം എന്തും യാചിക്കും... അങ്ങനെയാണു് ഇന്നു് അവൾ രാജനുമൊത്തു് അമ്പലത്തിലേക്കു തിരിക്കുന്നതു്.

ഏതൊരു ലളിതഹൃദയത്തിലും വൈരാഗ്യത്തിൻെറ കാഠിന്യം കടന്നുകൂടാവുന്നതാണെന്നു കൃഷ്ണൻകുട്ടി കണ്ടു. അനുഭവങ്ങളുടെ ചവിട്ടുകൊണ്ടു് ഉറച്ചുപോകുന്ന ഒന്നുതന്നെയാണു് മനുഷ്യഹൃദയം. ചവിട്ടിൻെറ ശക്തിയും കൂടുതലും കൊണ്ടു് ഉറപ്പും കാഠിന്യവും അതിനു വന്നുചേരും. കാഠിന്യത്തോടൊത്തു പാരുഷ്യവും ഉണ്ടാകുന്നതു് സഹജവുമാണു്.

കൃഷ്ണൻകുട്ടി ഇറയത്തിരുന്നു് ഇതൊക്കെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ഉമ്മിണിയമ്മ മുററത്തുകൂടി കിഴക്കോട്ടു നടന്നു. അനാഥപ്രേതംപോലെ അവർ കിഴക്കെ മുററത്തെ കൊച്ചുമാവിൻെറ ചുവട്ടിൽ ചെന്നിരുന്നു. ഉദിച്ചുവരുന്ന സൂര്യൻെറ വെയിലേററു് അവർ അവിടെ ഇരിക്കുകയാണു്. ജീവിതത്തിനു വല്ല അർത്ഥവുമുണ്ടോ? നടക്കുന്നതൊന്നും ആദിയും അന്തവുമില്ലാത്ത സംഗതികളാണോ? അതോ ഇതൊക്കെ ആരുടേയോ വിനോദങ്ങളാണോ? ഈ വിനോദങ്ങളിൽ രസിക്കുന്ന ദൈവങ്ങളും ഉണ്ടോ? അയാൾ ചിന്തിച്ചു.

കൊച്ചുപുരയ്ക്കലെ വേലക്കാരി ജാനകി പടികയറി മുററത്തേക്കു വന്നു. കൃഷ്ണൻകുട്ടിക്കു കുറച്ചു് അത്ഭുതം തോന്നി. ദേവകിയുടെ മരണശേഷം പകൽസമയത്തു് വീട്ടുസൂക്ഷിക്കാൻ അവളെ ആണു് അയാൾ ഏർപ്പെടുത്തിയിട്ടുള്ളതു്. സ്വന്തം സ്വത്തിനെക്കാൾ അധികം ഉത്തരവാദിത്വത്തോടെ കൃഷ്ണൻകുട്ടി വീട്ടും പുരയിടവും നിലങ്ങളുമെല്ലാം നോക്കിക്കൊണ്ടിരുന്നു. വേലക്കാരി വന്നു് ഇറയത്തിനു സമീപം നിന്നു. അയാൾ എന്തെങ്കിലും ചോദിക്കുന്നതിനുമുമ്പു് ജാനകി പറഞ്ഞു:

"ലക്ഷ്മിക്കൊച്ചമ്മ വന്നു." ജാനകിയുടെ മുഖം സന്തോഷംകൊണ്ടു പ്രകാശിച്ചു.

"വന്നോ?" ഗൗരവത്തോടെ കൃഷ്ണൻകുട്ടി ചോദിച്ചു.

"ഇപ്പോൾ വന്നുകയറിയതേയുള്ളു."

കൃഷ്ണൻകുട്ടിയുടെ മുഖം ഘനഗംഭീരമായി. അയാൾ അവി

ടെനിന്നെഴുന്നേറ്റു. ജാനകിക്ക് ഒന്നും ഉരിയാടാൻ തോന്നിയില്ല. അവൾ അയാളുടെ പ്രവൃത്തികൾ നോക്കിക്കൊണ്ടുനിന്നു.

"ഇതാ ഈ താക്കോൽക്കൂട്ടം കൊട്ടുത്തേരു്. വലിയപുരയുടേയും മററുമാണു്." കൃഷ്ണൻകുട്ടി ഒരുകൂട്ടം താക്കോൽ ജോലിക്കാരിയുടെ കൈയിൽ കൊടുത്തു. അസ്വസ്ഥനായി അയാൾ ഇറയത്തു് അങ്ങോട്ടുമിങ്ങോട്ടും നടന്നു.

മാഞ്ചുവട്ടിൽ വെയിൽകാഞ്ഞുകൊണ്ടിരുന്ന ഉമ്മിണിയമ്മ ഇറയത്തു വന്നിരുന്നു. കൃഷ്ണൻകുട്ടി അവരുടെ അർത്ഥമില്ലാത്ത ഇരിപ്പും നോട്ടവും ഗണ്യമാക്കിയില്ല. അയാളുടെ മനസ്സിൽ അതിനെക്കാൾ തീക്ഷ്ണമായ ചിന്തകൾ പതഞ്ഞുപൊങ്ങുകയാണു്. അയാളുടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള നടപ്പു് ഏതാണ്ടൊരു വിനോദംപോലെ ഉമ്മിണിയമ്മ നോക്കിരസിച്ചു.

വഴിപാട്ടും ദേവീദർശനവും കഴിഞ്ഞു കൊച്ചുകല്യാണിയും രാജനും തിരിച്ചെത്തി. "അമ്മാവാ! പ്രസാദം," കൈയിലിരുന്ന ഇലപ്പൊതി നീട്ടിക്കൊണ്ടു രാജൻ ഓടിവന്നു കൃഷ്ണൻകുട്ടിയുടെ കൈയിൽ പിടിച്ചു. അയാൾ ഞെട്ടിയുണർന്നു.

"അമ്പോറ്റിയെ തൊഴുതോ രാജാ?" അവനെ രസിപ്പിക്കാനെന്നമട്ടിൽ ഉത്സാഹം അഭിനയിച്ചു കൃഷ്ണൻകുട്ടി ചോദിച്ചു.

"അമ്പലത്തി വട്ടത്തിനടന്നു തൊഴുതമ്മാവാ." അവൻ ആംഗ്യം കാണിച്ചുകൊണ്ടു് അയാളുടെ തുടയിൽ ഉരംചാരിനിന്നു സംസാരിച്ചു. കൃഷ്ണൻകുട്ടി അവന്റെ തലയിൽ തലോടി.

"എന്തൊക്കെക്കണ്ടു?"

"ഭഗവതി എന്നെയിങ്ങനെ നോക്കി." അവൻ കണ്ണുകൊണ്ടു ഭാവം അഭിനയിച്ചു കാണിച്ചു.

"നിന്നെയാണെന്നാരു പറഞ്ഞു? കൊള്ളാം!" കൃഷ്ണൻകുട്ടി ചിരിച്ചു.

"പോററിക്കു് അവിടെക്കേറിപ്പോവാൻ പേടിയില്ലേ അമ്മാവാ?" രാജൻ കുറച്ചു ഭയത്തോടെ ചോദിച്ചു.

"നല്ലവർക്കൊക്കും അവിടെ പേടിക്കാതെ പോകാം."

"എന്നിട്ടെന്താ അമ്മാവനുമമ്മേം അമ്പലത്തിന്റെ ഉള്ളിൽ പോകാത്തെ?"

"പോററിമാക്കേ പാടുള്ളു."

"അതെന്താ?"

"അതങ്ങനാ."

"അമ്മാവൻ പ്രസാദം തൊട്ട്."

"രാജൻ തൊട്ടോ? അമ്മാവൻ കുളിച്ചിട്ട തൊടാം. കൊണ്ട സൂക്ഷിച്ചു വച്ചേക്കണം. ങേ!" രാജൻ കളിച്ചുചിരിച്ചുകൊണ്ട് ഓടിപ്പോയി. അത്രയുംനേരം മരുഭൂമിയിൽ മഴ പെയ്യുകയായിരുന്നെന്നു കൃഷ്ണൻകുട്ടിക്കു തോന്നി.

രാജൻെറ പിറന്നാൾ ആനന്ദത്തോടെ ആഘോഷിക്കണമെന്നായിരുന്നു കൃഷ്ണൻകുട്ടിയുടെ നിർദ്ദേശം. ഉച്ചയ്ക്ക് ഊണുസമയമായി. മൂന്ന് ഇലവച്ച് ഇലയ്ക്കുമുമ്പിൽ കൃഷ്ണൻകുട്ടിയും രാജനും ഇരുന്നു. കൊച്ചുകല്യാണി അവിടെവിടെയോ നടന്നുകൊണ്ടിരുന്ന ഉമ്മിണിയമ്മയേയും പിടിച്ചുകൊണ്ട് ഒരു ഇലയുടെ മുമ്പിലിരുത്തി. നിലവിളക്കുകൊളുത്തി അതിൻെറ മുമ്പിലും ഒരിലയിൽ വിളമ്പിയിട്ടുണ്ട്. എല്ലാവരും ഊണു തുടങ്ങി. രാജൻെറ കളിപറച്ചിലല്ലാതെ മറെറാരു ശബ്ദവും അവിടെ ഉയർന്നില്ല. കൊച്ചുകല്യാണി നിശ്ശബ്ദയായി വിഭവങ്ങളൊക്കെ വിളമ്പിക്കൊടുത്തു.

ഊണു കഴിഞ്ഞു കൃഷ്ണൻകുട്ടി കൈ കഴുകാൻ അടുക്കളത്തിണ്ണയിലേക്കിറങ്ങി. കിഴക്കേമുററത്ത് ആരുടെയോ കാൽപ്പെരുമാററം കേട്ട രാജൻ അങ്ങോട്ട ചെന്നു. വാതിലിൽ പിടിച്ചുകൊണ്ട് അവൻ വിളിച്ചുപറഞ്ഞു: "അമ്മേ ഒരു ധർമ്മക്കാരൻ!" ഇടത്തെ കൈയിൽ ഒതുക്കിവച്ചിരുന്ന ഉപ്പേരിക്കഷണങ്ങൾ വായിലിട്ട ചവച്ചുകൊണ്ട് അടുക്കളയിലേക്കുതന്നെ രാജൻ ഓടി.

കൃഷ്ണൻകുട്ടി കൈ കഴുകിയിട്ട കിഴക്കുവശത്തേക്കു ചെന്നു. അവിടെ ഇരുന്നിരുന്ന ആളിനെക്കണ്ട് അയാൾ അല്പമൊന്നു പകച്ചുപോയി. പെട്ടെന്നു തോന്നിയ ഒരു ഞെട്ടൽ അടക്കിക്കൊണ്ട് അയാൾ മുമ്പോട്ട നടന്നു.

കൃഷ്ണൻകുട്ടിയും ഗോപാലപിള്ളയും പരസ്പരം തുറിച്ചു നോക്കി.

ഗോപാലപിള്ള—അയാൾ വളരെ മെലിഞ്ഞുപോയി. മുഖത്തെ എല്ലുകൾ ഉന്തിനില്ക്കുന്നു. നീണ്ടുവളൻ താടി. വെള്ളിരോമങ്ങൾ അതിൽ ധാരാളം. വെട്ടിനിർത്താത്ത തലമുടി

ഒതുക്കമില്ലാതെ അലങ്കോലപ്പെട്ടുകിടക്കുകയാണ്. ആകപ്പാടെ വല്ലാത്ത ശോകഭാവം.

"ഒരു ധർമ്മക്കാരൻതന്നെ"—ഗോപാലപിള്ള പതുക്കെ സംസാരിച്ചു. അയാളുടെ ശബ്ദംതന്നെ വ്യത്യാസപ്പെട്ടിട്ടുണ്ട്. അയാൾ കുനിഞ്ഞിരുന്നു. കണ്ണുകൾ നിറഞ്ഞിട്ടായിരിക്കും. കൃഷ്ണൻകുട്ടിക്ക് അടക്കാൻവയ്യാത്ത വെറുപ്പുതോന്നി. എങ്കിലും അയാൾ ഒന്നും പുറത്തു കാണിച്ചില്ല.

"എനിക്കിനി ഇതു സഹിക്കാൻ മേലാ"—ഗോപാലപിള്ള പറഞ്ഞു. ഈ വേദന. അതു മാററാൻ ഇവിടുള്ളവർക്കേ സാധിക്കൂ. എന്റെ കുറ്റംകൈകൾ പൊറുക്കണം." അയാൾ യാചിക്കുന്നമട്ടിൽ ദയനീയമായി അവിടെ ഇരുന്നു.

"എന്നോടിതൊന്നും പറയേണ്ട," കടുത്ത അവജ്ഞയോടെ കൃഷ്ണൻകുട്ടി പറഞ്ഞു.

"എത്ര ശാസിച്ചാലും എനിക്കു പരിഭവമില്ല."

"ശാസനയല്ല, ശിക്ഷയാണു വേണ്ടതു്. എനിക്കതിനധികാരമുണ്ടായിരുന്നെങ്കിൽ നിങ്ങൾ ഇന്നു ജീവിക്കുകയില്ല." കൃഷ്ണൻകുട്ടി ശ്രമിച്ചിട്ടും അടങ്ങാത്ത കോപം പൊട്ടിപ്പുറത്തു വന്നു.

"ഞാൻ ജീവിക്കണോ മരിക്കണോ എന്നു നിശ്ചയിക്കേണ്ടതു് ഇന്നു് ഇവിടെയാണു്."

"മനുഷ്യത്വമില്ലാത്ത..."

"മഹാപാപി. ഇന്നെന്റെ കുഞ്ഞിന്റെ അഞ്ചാം പിറന്നാളല്ലേ. ഞാനവനെ വാരിയെടുത്തു് ഒന്നുമ്മവച്ചുകൊള്ളട്ടെ."

"ഇത്രയുംനാൾ ഈ പുത്രസ്നേഹം എവിടെയായിരുന്നു?"

"എരിതീയിൽ പൊരിയുന്ന എന്റെ മനസ്സിനു് അതു മാത്രമായിരുന്നു ഒരാശ്വാസം."

അകത്തെ മുറിയിൽനിന്നു് ഒരു വിതുമ്മലിന്റെ ശബ്ദം അവിടെ പ്രതിധ്വനിച്ചു. അകത്തേക്കു ചൂണ്ടിക്കൊണ്ടു രൂക്ഷമായി കൃഷ്ണൻകുട്ടി ഗോപാലപിള്ളയെ നോക്കി പറഞ്ഞു— "അതുമാത്രമാണു് ഈ വീട്ടിൽ പ്രതിധ്വനിക്കാറുള്ളതു്. ഈ നശിച്ച വീട്ടിൽ." ഉമ്മിണിയമ്മ ഊണുകഴിഞ്ഞു് ആ രംഗ

ത്തുവന്നു. അർത്ഥമില്ലാതെ രണ്ടുപേരേയും അവർ നോക്കി. അ നാഥപ്രേതം മാതിരി അവർ മുററത്തേക്കു് ഇറങ്ങി.

"ഈ ജീവിതവും ഇങ്ങനെ ആയതിനു നിങ്ങളും ഉത്തര വാദിയാണു്," വിരൽ ചൂണ്ടിക്കൊണ്ടു് കൃഷ്ണൻകുട്ടി അതു പറ ഞ്ഞപ്പോൾ ഗോപാലപിള്ള ചൂളിപ്പോയി. "എനിക്കു് ഇ തൊന്നും ക്ഷമിക്കാനുള്ള ശേഷിയില്ല...നിങ്ങൾ തമ്മിൽ ക ണക്കുതീക്കുവിൻ." കൃഷ്ണൻകുട്ടി അവിടംവിട്ടു് മുറിയിലേക്കു പോയി.

"കൊച്ചുകല്യാണി." ഗോപാലപിള്ള വിതുമ്മൽകേട്ട മുറിയിലേക്കു നോക്കി വിളിച്ചു. അകത്തു കരച്ചിലിൻെറ ശ ക്തികൂടി. "നിനക്കു മാത്രമേ എന്നോടു ക്ഷമിക്കാൻ കഴിയൂ. എൻെറ തെററാക്കെ പൊറുക്കണം. മറക്കണം."

"എന്തു തെററു്? എല്ലാം എൻെറ തലേവിധി." ഗൽ ഗദത്തോടെ മുറിയിൽ നിന്നുകൊണ്ടു് കൊച്ചുകല്യാണി പറഞ്ഞു.

"ഞാനെൻെറ ജോലി രാജിവച്ചിട്ടാണു വന്നതു്. ഇവി ടെ നമുക്കൊന്നിച്ചു പണിചെയ്തു ജീവിക്കാം. എന്നെ വെറു ക്കരുതു്."

"ഞാൻ ആരെയും വെറുത്തിട്ടില്ല," ദയനീയമായി അ വൾ പറഞ്ഞു. "സഹിക്കുകമാത്രമാണെൻെറ ചുമതല."

ഗോപാലപിള്ള എഴുന്നേററു് കൊച്ചുകല്യാണിയുടെ സമീപത്തെത്തി. "നിന്നെ ഞാൻ ഇനി കരയിക്കുകയില്ല."

"ഇനി എനിക്കു വീഴ്ത്താൻ കണ്ണുനീരില്ല. അതു് വററി പ്പോയി."

ഗോപാലപിള്ളയുടെ നെഞ്ചിലേക്കു ചേന്നുനിന്നു് അ വൾ കരഞ്ഞു.

"എല്ലാം എൻെറ തെററു്"—അയാൾ അവളുടെ പുറം തലോടിക്കൊണ്ടു പറഞ്ഞു. "എൻെറ തങ്കം എത്ര വേദനിച്ചു കാണും." അയാളുടെ കണ്ണിൽനിന്നു കണ്ണുനീർ അവളുടെ നെ ററിയിൽ വീണു.

ഇരുപത്തൊന്നു്

പൂമുഖത്തു് നിലവിളക്കിൻെറ വെളിച്ചം മാത്രമേയുള്ളൂ. നിശ്ശബ്ദത അവിടെ മുററിനില്ക്കുകയാണു്. ലക്ഷ്മിയും കൃഷ്ണൻകുട്ടിയും പരസ്പരം നോക്കി. രണ്ടുപേരുടെയും ഹൃദയത്തിൽ തങ്ങിനില്ക്കുന്ന വികാരങ്ങൾ മറയ്ക്കാൻ അവർ രണ്ടും വെളിയിലേക്കു നോക്കി.

അല്പനിമിഷങ്ങൾ അങ്ങനെ കഴിഞ്ഞു.

കൃഷ്ണൻകുട്ടി തിരിഞ്ഞു ലക്ഷ്മിയുടെ മുഖത്തുനോക്കി. നിലവിളക്കിലെ തിരിയുടെ വെളിച്ചത്തിൽ അവളുടെ കണ്ണുകളിൽനിന്നു കവിളിലൂടെ ഒഴുകുന്ന കണ്ണുനീർച്ചാലുകൾ തിളങ്ങുന്നു. അവളുടെ അധരങ്ങൾ വിറയ്ക്കുന്നുണ്ടു്. അകത്തു് അലതല്ലിത്തകരുന്ന വികാരങ്ങൾ വെളിയിൽ വിടാതിരിക്കുവാൻ അവൾ വിമ്മിഷ്ടപ്പെട്ടുകയാണു്.

"ഞാൻ വന്നതു്...വന്നതു്..." കൃഷ്ണൻകുട്ടി പതുക്കെ പറഞ്ഞു. ദൃഢത ആ വാക്കുകൾക്കു ഘനംകൂട്ടി. ലക്ഷ്മി തല തിരിച്ചു് അയാളെ നോക്കി. നിറഞ്ഞു് ഒഴുകുന്ന കണ്ണുകൾ കലങ്ങിയിരുന്നു.

"ഇതെല്ലാം തിരിച്ചേല്പിക്കാനാണു്." കൃഷ്ണൻകുട്ടി ഒട്ടും സങ്കോചമില്ലാതെ തൻെറടത്തോടെ തുടൻന്നു പറഞ്ഞു.

"ഞാൻ വന്നിട്ടു് ഇന്നു നാലുദിവസങ്ങളായി." ലക്ഷ്മിയുടെ അധരങ്ങൾ ചലിച്ചു.

"ഞാനറിഞ്ഞു."

"എനിക്കീലോകത്തിൽ ആരുമില്ല."

"ഉണ്ടായിരുന്നവരെയൊക്കെ നശിപ്പിച്ചിട്ടു് ഇങ്ങനെ പറയുന്നതിലത്ഥമില്ല." കടുത്ത വൈരാഗ്യത്തോടെയാണു് അയാൾ അതു പറഞ്ഞതു്. അടിമുടി വിറയ്ക്കുന്നതായി അയാൾക്കു തോന്നി. "ഇതൊക്കെ അങ്ങോട്ടു് ഏറവാങ്ങിക്കൊള്ളൂ." ഒരു ചെറിയ കടലാസ്സു്കെട്ടു് അയാൾ അവളുടെ നേക്കുനീട്ടി.

"എന്താണിതു്?"

"നിങ്ങളുടെ അമ്മ എന്നെ ഏല്പിച്ചിരുന്നവ..."

"അമ്മ...എന്റെ അമ്മ," അവൾ പൊട്ടിക്കരഞ്ഞു.

"അവരുടെ മരണശേഷം കിട്ടിയിട്ടുള്ള ആദായവും എല്ലാം ഇതിലുണ്ട്. ഇതൊക്കെ നിങ്ങളുടെ മുതലാണ്. പാരമ്പര്യസ്വത്ത്."

"ഞാൻ... ഞാൻ..."

"മരിക്കുമ്പോൾ മുന്നൂറുവട്ടമെങ്കിലും നിങ്ങളെ നിങ്ങളുടെ അമ്മ ചോദിച്ചുകാണും."

കൃഷ്ണൻകുട്ടിയുടെ കണ്ണുകൾ നിറഞ്ഞു. "സാധു സ്ത്രീ."

"ഞാൻ പാപിയാണ്. എന്റെ തെററുകൾ ആരു പൊറുക്കും?"

"അതാ ആ വരിക്കപ്ലാവിന്റെ ചുവട്ടിലാണ് അവരുടെ അസ്ഥിമാടം. അവിടെച്ചെന്ന് സാഷ്ടാംഗം വീണു കരഞ്ഞുനോക്കു. ഒരമ്മയല്ലേ. ഒരുവേള ക്ഷമിച്ചെന്നിരിക്കും."

ഹൃദയം തകരുന്ന മാതിരി ലക്ഷ്മി കരഞ്ഞു.

"മരണശയ്യയിൽവച്ച് എന്നെ ഏല്പിച്ചതാണിതെല്ലാം, മകളെ ഏല്പിക്കുന്നതിന്. ആ കത്തവ്യം ഞാൻ നിറവേറ്റുന്നു."

കൃഷ്ണൻകുട്ടി കടലാസ്കെട്ട് ലക്ഷ്മിയുടെ സമീപത്തേക്കു നീക്കിവച്ചു. "ഞാൻ ഇറങ്ങട്ടെ," അയാൾ എഴുന്നേററു.

"പോകരുത്. എന്നെ വിട്ടുപോകരുത്," അവൾ കേണുവീണപേക്ഷിച്ചു.

"ആ അസ്ഥിത്തറയിൽ തിരികൊളുത്തേണ്ടത് ഇനി നീയാണ്. ഇതുവരെ മുടങ്ങാതെ ഞാനതു ചെയ്തു. അതെങ്കിലും മുടങ്ങാതിരിപ്പാൻ ശ്രദ്ധിക്കണേ," അയാൾ മുററത്തിറങ്ങി.

"എന്നെ വിട്ടുപോകരുത്. ഞാൻ നിരാധാരയാണ്. എന്റെ തെററുകളെല്ലാം ക്ഷമിക്കണം."

"നിന്റെ ജീവിതവുമായി ബന്ധപ്പെട്ടതുകൊണ്ട് ഞാനും തകന്നുനില്ക്കുകയാണ്." അയാൾ ശോകഭാരത്തോടെ പറഞ്ഞു.

കൃഷ്ണൻകുട്ടി നടന്നു. വെളിയിലെങ്ങും അന്ധകാരമാണ്. അയാൾ നടന്നു നടന്ന് ഇരുളിൽ മറഞ്ഞു.

പൂമുഖത്തു് കത്തിക്കൊണ്ടിരുന്ന നിലവിളക്കിന്റെ മുമ്പിൽ ലക്ഷ്മി വീണു് കമഴ്ന്നുകിടന്നു കരഞ്ഞു.

വിളക്കിലെ തിരി എരിഞ്ഞുതീൎന്നു. അപ്പോഴും അവൾ അതിന്റെ മുമ്പിൽ കിടന്നു് കരയുകയാണു്. അന്ധകാരത്തിൽ അവളുടെ വിതുമ്മലുകൾമാത്രം അവിടെ പ്രതിധ്വനിച്ചു.

★

THE MALAYALEE CLUB, MADRAS-31. SRINIVASANAGAR.
A/1020